# പുസ്തകം 2: സർഗ്ഗസാഹിതി (I)

## പുസ്തക പരിചയം

ആധുനിക മലയാളഭാഷയ്ക്ക് അടിസ്ഥാനമിട്ട തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ കൃതികളിൽത്തുടങ്ങി വർത്തമാനകാലഘട്ടംവരെ യുള്ള മലയാളത്തിലെ സർഗ്ഗസാഹിത്യശാഖയുടെ വിവിധ ഘട്ടങ്ങൾ പ്രാതിനിധ്യസ്വഭാവം പ്രകടിപ്പിക്കുന്ന കൃതികളിലൂടെ പഠിതാക്കൾക്ക് പരിചയപ്പെടുത്തുക എന്ന രീതിയിലാണ് രണ്ടാമത്തെ പുസ്തകമായ 'സർഗ്ഗസാഹിതി(I)'യും മൂന്നാമത്തെ പുസ്തകമായ 'സർഗ്ഗസാഹിതി (II)'യും ചിട്ടപ്പെടുത്തിയിരിക്കുന്നത്.

സർഗ്ഗസാഹിതി ഒന്നാം ഭാഗത്തിൽ മലയാളകവിത, ചെറുകഥ, നോവൽ, നാടകം, തിരക്കഥ എന്നീ സർഗ്ഗസാഹിത്യരൂപങ്ങളെ പ്രതി നിധീകരിക്കുന്ന പാഠഭാഗങ്ങൾ പ്രത്യേകം യൂണിറ്റുകളായി അവതരി പ്പിക്കുന്നു. ഓരോ യൂണിറ്റിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രത്യേകം പ്രത്യേകമായി പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ? മലയാള ത്തിലെ വൈവിദ്ധ്യമാർന്ന സർഗ്ഗസാഹിത്യപ്രപഞ്ചത്തെ പരിചയപ്പെ ടുത്തുന്നതോടൊപ്പം മലയാളസാഹിത്യപന്ഥാവിലെ നാഴികക്കല്ലുക ളായ കൃതികളെയും ഗ്രന്ഥകാരന്മാരെയും പരിചയപ്പെടുത്തുക എന്ന തും ഈ പുസ്തകത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

## പാഠ ക്രമീകരണ രീതി

പഠിതാക്കളുടെ സൗകര്യാർത്ഥം ഓരോ പുസ്തകത്തേയും യൂണിറ്റു കളായി തിരിച്ചിരിക്കുന്നു. ഓരോ യൂണിറ്റിനുള്ളിലും ഒന്നിലധികം പാഠങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. താഴെക്കാണുന്ന രീതിയിലാണ് പാഠ ങ്ങൾ വിഭാഗങ്ങളായും ഉപവിഭാഗങ്ങളായും ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## യൂണിറ്റ്: X ..............................

(X - യൂണിറ്റിന്റെ ക്രമസംഖ്യ സൂചിപ്പിക്കുന്നു)

**ഉള്ളടക്കം**

X.0. : ഉദ്ദേശ്യലക്ഷ്യങ്ങൾ

X.1 : യൂണിറ്റിലെ ഒന്നാമത്തെ പ്രധാനവിഭാഗം

X.1.-1. : പ്രധാന വിഭാഗത്തിലെ ഉപവിഭാഗം

X.2 : യൂണിറ്റിലെ രണ്ടാമത്തെ വിഭാഗം

X.2.-1 : രണ്ടാം വിഭാഗത്തിലെ ഒന്നാം ഉപവിഭാഗം

X.2.-2 : രണ്ടാം വിഭാഗത്തിലെ രണ്ടാം ഉപവിഭാഗം

X.3 : പുരോഗതി സ്വയം പരിശോധിക്കുക.

(ചോദ്യങ്ങൾ)

.............................................

..............................................

..............................................

X.4. : യൂണിറ്റിലെ മൂന്നാമത്തെ വിഭാഗം

X.4.-1 : മൂന്നാം വിഭാഗത്തിലെ ഒന്നാം ഉപവിഭാഗം

X.4.-2 : മൂന്നാം വിഭാഗത്തിലെ രണ്ടാം ഉപവിഭാഗം

X.5. : പുരോഗതി സ്വയം പരിശോധിക്കുക

(ചോദ്യങ്ങൾ)

## അഭ്യാസഭാഗം (Assignment)

പഠനത്തിന്റെ ഭാഗമായി നിങ്ങൾ എഴുതി അയയ്ക്കേണ്ട ഓരോ അഭ്യാസവും വ്യക്തമായ നിർദ്ദേശത്തോടെ നിങ്ങൾക്ക് അയച്ചുതരുന്നതാണ്. ഓരോ പാഠത്തിൽനിന്നും നിങ്ങൾ എന്തെല്ലാം ഗ്രഹിച്ചുവെന്ന് ഗ്രഹിച്ച കാര്യങ്ങൾ എങ്ങനെ മറ്റൊരാൾക്ക് ഗ്രഹിക്കാൻപറ്റും വിധം നിങ്ങൾ അവതരിപ്പിക്കുന്നുവെന്നും മനസ്സിലാക്കാനാണ് അഭ്യാസങ്ങൾ അയച്ചുതരുന്നത്. തരംതിരിച്ചുള്ള ചോദ്യങ്ങൾ അവയിൽ ചേർത്തിരിക്കുന്നു.

സംക്ഷേപിക്കാനും, വിപുലീകരിക്കാനും, കൃത്യമായി പറയാനുമുള്ള കഴിവാണ് പരിശോധിക്കപ്പെടുന്നത്. ഇത് രണ്ടും അദ്ധ്യാപകന്റെ മൂല്യനിർണ്ണയനത്തിന് വിധേയമായിട്ടുള്ളവയാണ്.

### അഭ്യാസം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

* നിങ്ങളുടെ ക്രമനമ്പർ വ്യക്തമായി എഴുതുക.
* സ്വന്തം കൈയക്ഷരത്തിൽ ഉത്തരമെഴുതുക
* വായിക്കാൻ എളുപ്പമാകുന്ന വിധം വ്യക്തമായും വൃത്തിയായും എഴുതുക.
* പാഠത്തിലെ പ്രസക്തഭാഗങ്ങൾ ആവർത്തിച്ച് വായിച്ച് മനസ്സിലാക്കിയതിനുശേഷമേ അഭ്യാസത്തിലെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ പാടുള്ളൂ.
* സഹായഗ്രന്ഥങ്ങൾ ലഭ്യമാണെങ്കിൽ അവയും വായിച്ചിരിക്കണം.
* അഭ്യാസങ്ങൾ നിശ്ചിത തീയതിക്കുള്ളിൽ ബന്ധപ്പെട്ട അധികാരിക്ക് അയച്ചുകൊടുത്തിരിക്കണം. (വൈകിയെത്തുന്ന ഉത്തരം പരിശോധിക്കുന്നതല്ല.)

**പുസ്തകം 2**

# സർഗസാഹിതി (ഭാഗം-1)

**യൂണിറ്റ് 6**

**കവിത**

ഗാന്ധാരിവിലാപം - എഴുത്തച്ഛൻ
നളചരിതം (രണ്ടാം ദിവസം) - ഉണ്ണായിവാര്യർ
ദുരവസ്ഥ - കുമാരനാശാൻ
പഥികന്റെ പാട്ട് - ജി.ശങ്കരക്കുറുപ്പ്
ഉപ്പ് - ഒ.എൻ.വി കുറുപ്പ്
ഒരു പാട്ട് പിന്നെയും - സുഗതകുമാരി
മൊബൈൽ ഫോൺ - റഫീക്ക് അഹമ്മദ്

**യൂണിറ്റ് 7**

**ചെറുകഥ**

തഹസിൽദാരുടെ അച്ഛൻ - തകഴി ശിവശങ്കരപ്പിള്ള
കോലാട് - മാധവികുട്ടി
പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി - ടി. പത്മനാഭൻ

**യൂണിറ്റ് 8**

**നോവൽ**

ഇന്ദുലേഖ (ഒരു ഭാഗം) - ഒ.ചന്തുമേനോൻ
മയ്യഴിപുഴയുടെ തീരങ്ങളിൽ (ഒരു ഭാഗം) - എം. മുകുന്ദൻ

**യൂണിറ്റ് 9**

**നാടകം**

സബർമതി ദൂരെയാണ് (നാടകം) - ജി. ശങ്കരപ്പിള്ള
ഒരു വടക്കൻ വീരഗാഥ(തിരക്കഥ) - എം.ടി വാസുദേവൻനായർ

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് – 6
# കവിത

**ഉള്ളടക്കം**


6.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
6.1 വിഷയാവതരണവും പാഠഭാഗവും

**പാഠം 1 : ഗാന്ധാരീവിലാപം**
6.2 പദബോധനം
6.3 ആശയസംഗ്രഹം
6.4 കവിപരിചയം
6.5 പുരോഗതി സ്വയം പരിശോധിക്കുക
6.6 വിഷയാവതരണവും പാഠഭാഗവും

**പാഠം 2 : നളചരിതം (രണ്ടാംദിവസം)**
6.7 പദബോധനം
6.8 ആശയസംഗ്രഹം
6.9 കവിപരിചയം
6.10 പുരോഗതി സ്വയം പരിശോധിക്കുക
6.11 വിഷയാവതരണവും പാഠഭാഗവും

**പാഠം 3 : ദുരവസ്ഥ**
6.12 പദബോധനം
6.13 ആശയസംഗ്രഹം
6.14 കവി പരിചയം
6.15 പുരോഗതി സ്വയം പരിശോധിക്കുക
6.16 വിഷയാവതരണവും പാഠഭാഗവും

**പാഠം 4 : പഥികന്റെ പാട്ട്**
6.17 പദബോധനം
6.18 ആശയസംഗ്രഹം
6.19 കവി പരിചയം
6.20 പുരോഗതി സ്വയം പരിശോധിക്കുക
6.21 വിഷയാവതരണവും പാഠഭാഗവും

**പാഠം 5 : ഉപ്പ്**
6.22 പദബോധനം
6.23 ആശയസംഗ്രഹം
6.24 കവിപരിചയം
6.25 പുരോഗതി സ്വയം പരിശോധിക്കുക
6.26 വിഷയാവതരണവും പാഠഭാഗവും

**പാഠം 6 : ഒരു പാട്ട് പിന്നെയും**
6.27 പദബോധനം
6.28 ആശയസംഗ്രഹം
6.29 കവിപരിചയം


ignou
THE PEOPLE'S
UNIVERSITY

6.30 പുരോഗതി സ്വയം പരിശോധിക്കുക
6.31 വിഷയാവതരണവും പാഠഭാഗവും

**പാഠം 7 : മൊബൈൽ ഫോൺ**

6.32 പദബോധനം
6.33 ആശയസംഗ്രഹം
6.34 കവിപരിചയം
6.35 പുരോഗതി സ്വയം പരിശോധിക്കുക

## 6.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

മലയാളസാഹിത്യത്തെ പൊതുവെ രൂപപരമായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ 'ഗദ്യ'മെന്നും 'പദ്യ'മെന്നും രണ്ടായി തിരിക്കാം. ഛന്ദോമുക്തമായ സാഹിത്യരൂപത്തിന് ഗദ്യമെന്നും ഛന്ദോബദ്ധമായ രൂപത്തിന് പദ്യമെന്നും സാമാന്യേന പറയാം. അനുഭൂതിയുടെ അതിസൂക്ഷ്മതലങ്ങളിലേക്ക് അനുവാചകനെ നയിക്കുന്ന സംക്ഷിപ്തമായ സാഹിത്യരൂപമാണല്ലോ കവിത. രൂപപരമായി കവിത പദ്യത്തോടു സമാനമാണെങ്കിലും കവി കേവലം ഒരു പദ്യമെഴുത്തുകാരനല്ല. ഗദ്യത്തിലോ പദ്യത്തിലോ കവിത എഴുതാവുന്നതാണ്. ഗദ്യരൂപത്തിൽ എഴുതപ്പെട്ട ഒരു ചെറുകഥ അപൂർവ്വമായിട്ടെങ്കിലും കവിതയെക്കാൾ ഭാവോദ്ദീപകമായി അനുഭവപ്പെട്ടുകൂടായ്കയില്ല. കവിതയെ സംബന്ധിച്ചിടത്തോളം കാവ്യഗുണത്തിനാണ് രൂപത്തെക്കാൾ പ്രാധാന്യം.

ക്രിസ്തുവർഷം 8-ാം നൂറ്റാണ്ടോടുകൂടി എഴുതപ്പെട്ടതെന്നു കരുതുന്ന 'രാമചരിതം' എന്ന അതിപ്രാചീന പാട്ടുകൃതി മുതൽ ആരംഭിക്കുന്ന മലയാളകാവ്യശാഖ, കണ്ണശ്ശകവികൾ, ചെറുശ്ശേരി, തുഞ്ചത്ത് എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ആധുനിക കവിത്രയമായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ; ഗാനഗന്ധർവ്വനായ ചങ്ങമ്പുഴ കൃഷ്ണപിള്ള എന്നിവരിലൂടെ വളർന്നു പന്തലിച്ച് വർത്തമാനകാലത്തെ അത്യന്താധുനിക കവികൾ വരെ എത്തിനിൽക്കുന്നു. ഇവരിൽ ആധുനിക മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ തന്റെ കാവ്യകലയിലൂടെ മലയാളഭാഷയെ പൊതുവായും മലയാള കാവ്യശാഖയെ പ്രത്യേകിച്ചും അഭൂതപൂർവ്വമായ ഒരു സാംസ്കാരികോജസ്സിനും ഉന്നമനത്തിനും വിധേയമാക്കി. ഡോ. എം. ലീലാവതിയുടെ നിരീക്ഷണത്തിൽ, സാംസ്കാരികമായ ഉപരിതല ജീർണതയിലും ആത്മീയമായ അന്തസ്തല ജീർണതയിലും ആണ്ടുപോയ അന്നത്തെ കേരളജനതയെ എഴുത്തച്ഛൻ തന്റേതുമാത്രമായ കാവ്യശൈലിയിലൂടെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ ഔന്നത്യത്തിലേക്ക് സമുദ്ധരിച്ചു. "രണ്ട് എവറസ്റ്റുകൾ ഉള്ള ഹിമാലയം പോലെ" എഴുത്തച്ഛൻ ഇന്നും മലയാളികളുടെ മനസ്സിൽ അത്ഭുതാത്മകവും അസാധാരണവുമായ ഒരു പ്രതിഭാസമായി ഉയർന്നുനില്ക്കുന്നു.

എഴുത്തച്ഛന്റെ കാലം മുതൽ ഇന്നോളം മലയാളകാവ്യശാഖയിലുണ്ടായ വിവിധങ്ങളായ പരിണാമദശകളെ പ്രാതിനിധ്യസ്വഭാവത്തോടുകൂടി പഠിക്കാനുതകുന്ന പാഠഭാഗങ്ങളാണ് ഇവിടെ ചേർത്തിരിക്കു

ന്നത്. വിദ്യാർത്ഥികൾ മലയാളകവിതാസാഹിത്യശാഖയുടെ വികാസപരിണാമങ്ങളെക്കുറിച്ചുള്ള ഏകദേശ ജ്ഞാനം നേടുന്നതോടൊപ്പം കാവ്യഭാഷാപ്രയോഗങ്ങൾ, കല്പനാവൈചിത്ര്യം, കാവ്യമാതൃകകൾ, ബിംബകല്പനകൾ, കാവ്യശൈലീവൈവിദ്ധ്യങ്ങൾ, കാവ്യാനുഭൂതിയിലൂടെ അനുഭവവേദ്യമാകുന്ന സൗന്ദര്യാസ്വാദനം എന്നിവകൂടി ശ്രദ്ധിച്ചു മനസ്സിലാക്കേണ്ടതുണ്ട് എന്നതും പഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

## 6.1 വിഷയാവതരണവും പാഠഭാഗവും

അനിവാര്യമായിരുന്ന കുരുക്ഷേത്രയുദ്ധവും കഴിഞ്ഞു. ഇരുപക്ഷത്തും നിരവധിപേർ നിഷ്കരുണം കൊലചെയ്യപ്പെട്ടു. കൗരവർ ഒന്നടങ്കം യുദ്ധഭൂമിയിൽ മരിച്ചുവീണു. ഇതറിഞ്ഞ കൗരവമാതാവ് തന്റെ മക്കളെയും മറ്റ് പ്രിയജനങ്ങളെയും അവസാനമായി ഒരു നോക്കു കാണുന്നതിനായി (മൃതശരീരങ്ങളാണെങ്കിൽപ്പോലും) ആഗ്രഹിച്ചു. അതിനായി അവർ സഞ്ജയനോടൊപ്പം കുരുക്ഷേത്രത്തിലെത്തി. ഭർത്താവിനില്ലാത്ത കാഴ്ച തനിക്കും വേണ്ട എന്നു തീരുമാനിച്ച് വിവാഹദിവസംതന്നെ തന്റെ കണ്ണുകൾ മൂടിക്കെട്ടിയ സ്ത്രീയാണ് ഗാന്ധാരി. കുരുക്ഷേത്രത്തിലെ കാഴ്ചകൾ തന്റെ നഗ്നനേത്രങ്ങളാൽ കാണണമെന്ന ശക്തമായ തോന്നലിൽ അവരാദ്യമായി തന്റെ കണ്ണിലെ കെട്ടഴിച്ചു. മുന്നിലെ ദാരുണ കാഴ്ചകൾ കണ്ട് ഹൃദയം പൊട്ടി വിലപിക്കുന്നതാണ് പാഠസന്ദർഭം.

## പാഠം 1 : ഗാന്ധാരീവിലാപം

കണ്ടീലയോ നീ മുകുന്ദാ! ധരണിയി-
ലുണ്ടായ മന്നരിൽ മുമ്പൻ ഭഗദത്തൻ
തൻകരിവീരനരികേ ധനുസ്സുമായ്
സംക്രന്ദനാത്മജനെയ്ത ശരത്തിനാൽ
വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ!
നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ
ചൊല്ലെഴുമർജ്ജുനൻ തന്റെ തിരുമകൻ
വല്ലവീവല്ലഭ! നിന്റെ മരുമകൻ.
കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻതന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ!
അല്ലലാകുന്നിതേ കണ്ടതോറുമിനി-
ക്കൊല്ലായ്കിലും പൊളിയല്ലിതു ദൈവമേ!
മന്ദസ്മിതം പൂണ്ടു സുന്ദരമാം മുഖ-
മിന്ദീവരേക്ഷണാ! കണ്ടാൽ പൊറുക്കുമോ?
എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ.

സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനം ചെയ്തുരുളുന്നതു കാൺക നീ.
അല്ലൽ പൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി-
ലില്ലയോ ഖേദം ചെറുതു നിന്മാനസേ?
കല്ലുകൊണ്ടോ മനം താവകമാകില-
ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ.
അല്ലേ! ഘടോത്ക്കചനായ ഭീമാത്മജ-
നല്ലോ കിടക്കുന്നതങ്ങതിനപ്പുറം.
നീലമലപോലെ കർണ്ണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലൻപുരി പുക്കാൻ.
കണ്ഠം മുറിഞ്ഞു ജയദ്രഥൻ തന്നുടൽ
കണ്ടാലുമർജ്ജുനനെയ്ത ശരത്തിനാൽ
എന്മകൾ ദുശ്ശള കേഴുന്നതോർത്തുള്ളി-
ലെന്മനം വെന്തുരുകുന്നു ശിവ! ശിവ!
ദ്രോണരെ സംസ്കരിച്ചോരു നിലമതാ
കാണായതാരണനായതതല്ലയോ?
ധൃഷ്ടതയുള്ള ധൃഷ്ടദ്യുമ്നനേറ്റവും
ശിഷ്ടനായോരു ഗുരുവിനെക്കൊല്ലുവാൻ
മറ്റൊരുത്തന്നു തോന്നീടുമോ മാനസേ
മുറ്റുമിവനൊഴിഞ്ഞോർക്കിൽ മഹാമതേ!
അയ്യോ! പുനരതിനങ്ങേപ്പുറത്തതാ
മെയ്യഴകുള്ള ദുശ്ശാസനനെന്മകൻ!
നീയെന്തിവണ്ണമെൻ മാധവാ! കാട്ടുവാൻ?
തീയതു കത്തുന്നിതെന്നുള്ളിലീശ്വരാ!
മാരുതി കീറിപ്പിളർന്നു കുടിച്ചോരു
മാറിടം കണ്ടാൽ പൊറുക്കുമോ പൈതലേ!
മാറുമോ കണ്ണുനീരിന്നെനിക്കുണ്ടായ-
താറുമോ ശോകമെന്മാനസേ ഗോപതേ!
എന്റെ മകൻ ദുരിയോധനൻതന്മകൻ-
തന്റെ ശരീരമതല്ലോ ദയാനിധേ!
ലക്ഷണമുള്ളൊരു പൈതലാമെന്നുടെ
ലക്ഷണാ നീയും ചതിച്ചിതോ ഞങ്ങളെ?
കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-
മുണ്ണികളെ,യെനിക്കെന്തിതു തോന്നുവാൻ?
കർണ്ണനാമംഗനരാധിപനെന്നുടെ-
യുണ്ണികൾക്കേറ്റം പ്രധാനനായുള്ളവൻ
കുണ്ഡലമറ്റതാ വേറേ കിടക്കുന്നു
ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു.
വില്ലാളികൾ മുമ്പനായവൻ തന്നുടെ

വില്ലിതാ! വേറേ കിടക്കുന്നതീശ്വരാ!
കണ്ടാൽ മനോഹരനാമവൻ തന്നുടൽ
കണ്ടാലുമമ്പോടു നായും നരികളും
ചെന്നു കടിച്ചുവലിക്കുന്നതിങ്ങനെ-
വന്നതിനെന്തൊരു കാരണം ദൈവമേ!
പൂരിച്ച ഖേദാൽ കരം മടിയിൽ ചേർത്തു
ഭൂരിശ്രവാവിൻ പ്രണയിനി കേഴുന്നോൾ.
ഉന്മൂലനാശനകാരണനാകിയ-
ദുർമ്മതിവീരൻ ശകുനിയുടെയുടൽ
പക്ഷികൾ തങ്ങൾക്കു ഭക്ഷണമാക്കിനാൻ
പക്ഷമായുള്ളതു കണ്ടീലയോ ഹരേ!
ഉണ്ണീ! മകനേ! ദുരിയോധന! തവ
പൊന്നിൻകിരീടവും ഭൂഷണജാലവും
ഉമ്പർകോനൊത്തൊരു വമ്പും പ്രതാപവും
ഗംഭീരമായൊരു ഭാവവും ഭംഗിയും
ഇട്ടും കളഞ്ഞുടനെന്നെയുമെത്രയു-
മിഷ്ടനായീടും പിതാവിനെത്തന്നെയും
പെട്ടെന്നുപേക്ഷിച്ചു പൊയ്ക്കൊണ്ടതെങ്ങു നീ?
പൊട്ടുന്നിതെന്മനം കണ്ടിതെല്ലാമഹോ!
പട്ടുകിടക്ക മേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ!
പുഷ്ടകോപത്തോടു മാരുതി തച്ചുടൻ
പൊട്ടിച്ചു കാലുമൊടിച്ചുകൊണ്ടിങ്ങനെ
കണ്ടുകൂടായെനിക്കെന്നു ഗാന്ധാരിയും
മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ.
പിന്നെ മോഹിച്ചുണർന്നാൾ പൊടുക്കനെ
ഖിന്നത പൂണ്ടു കരഞ്ഞവൾ ചൊല്ലിനാൾ:
ഇത്ര കുടിലതയുണ്ടായൊരുത്തനെ-
പ്പൃത്ഥ്വിയിലിങ്ങനെ കണ്ടീല കേശവ!
പാങ്ങായൊരുപുറം നിന്നു നീ പോരതിൽ
നീങ്ങാതഭിമാനികളായ ഭൂപരെ
രണ്ടുപുറത്തുമുള്ളോർകളെക്കൊല്ലിച്ചു-
കൊണ്ടതു മറ്റാരുമല്ല നീയെന്നിയേ.
എന്തിന്നു മറ്റുള്ളവരെപ്പറയുന്നു
ചിന്തിക്കിൽ നിൻ മറിമായമിതൊക്കെയും
ഗാന്ധാരി പിന്നെയും ചൊന്നാൾ മുകുന്ദനോ-
ടാന്തരമിത്രയുള്ളോരു നീയും തവ
വംശവും കൂടെ മുടിഞ്ഞുപോമില്ലൊരു-
സംശയം മൂന്നു പന്തീരാണ്ടു ചെല്ലുമ്പോൾ

## 6.2 പദബോധനം

| | | |
|---|---|---|
| മുകുന്ദൻ | - | ശ്രീകൃഷ്ണൻ |
| ധരണി | - | ഭൂമി |
| മന്നൻ | - | രാജാവ് |
| കരി | - | ആന |
| കരിവീരൻ | - | ആനകളിൽ ശ്രേഷ്ഠൻ |
| അരികെ | - | സമീപത്ത് |
| ധനുസ്സ് | - | വില്ല് |
| സംക്രന്ദനൻ | - | ഇന്ദ്രൻ |
| ആത്മജൻ | - | പുത്രൻ |
| സംക്രന്ദനാത്മജൻ | - | ഇന്ദ്രപുത്രൻ (അർജ്ജുനൻ) |
| ശരം | - | അമ്പ് |
| ശോണിതം | - | രക്തം |
| മരതകം | - | നവരത്നങ്ങളിലൊന്ന് (നിറം പച്ച) |
| കല്യാണരൂപൻ | - | സുന്ദരൻ |
| കുമാരൻ | - | കൗമാരപ്രായത്തിലുള്ളവൻ |
| ചൊല്ലെഴും | - | കീർത്തികേട്ട |
| വല്ലവി | - | ഗോപസ്ത്രീ |
| വല്ലഭൻ | - | ഭർത്താവ് |
| വല്ലവീവല്ലഭൻ | - | ഗോപസ്ത്രീകൾക്ക് പ്രിയപ്പെട്ടവൻ (ശ്രീകൃഷ്ണൻ) |
| കൊള്ളുക | - | സ്വീകരിക്കുക |
| അല്ലൽ | - | ദുഃഖം |
| പൊളി | - | കള്ളം |
| മന്ദസ്മിതം | - | പുഞ്ചിരി |
| ക്രന്ദനം ചെയ്ത് | - | കരഞ്ഞ് |
| ഇന്ദീവരം | - | കരിങ്കൂവളം |
| ഇന്ദീവരേക്ഷണൻ | - | ശ്രീകൃഷ്ണൻ |
| ബാല | - | ഇളം പ്രായത്തിലുള്ളവൾ |
| മേവുക | - | വസിക്കുക/സ്ഥിതിചെയ്യുക |
| ചിത്തം | - | മനസ്സ് |
| അല്ലൽപൂണ്ട് | - | ദുഃഖിച്ച് |
| കേഴുക | - | കരയുക |
| ഖേദം | - | ദുഃഖം |
| മാനസേ | - | മനസ്സിൽ |
| താവകം | - | അങ്ങയുടെ |
| ആർദ്രത | - | അലിവ് |
| ഭീമാത്മജൻ | - | ഭീമപുത്രൻ (ഘടോൽക്കചൻ) |

| | | |
|---|---|---|
| വേല് | - | അമ്പ് |
| പുരി | - | പട്ടണം |
| പുക്കാൻ | - | അവൻ പ്രവേശിച്ചു |
| കണ്ഠം | - | കഴുത്ത് |
| ഉടൽ | - | ശരീരം |
| എന്മകൾ | - | എന്റെ മകൾ |
| കേഴുക | - | കരയുക |
| സംസ്കരിക്കുക | - | അടക്കംചെയ്യുക |
| ആരണൻ | - | ബ്രാഹ്മണൻ |
| മെയ്യഴക് | - | ശരീരഭംഗി |
| ഇവണ്ണം | - | ഇപ്രകാരം |
| മാധവൻ | - | ശ്രീകൃഷ്ണൻ |
| ഉള്ള് | - | മനസ്സ് |
| മാരുതി | - | മരുത്തിന്റെ പുത്രൻ/വായുപുത്രൻ/ഭീമസേനൻ |
| മാറിടം | - | നെഞ്ച് |
| പൊറുക്കുക | - | ക്ഷമിക്കുക |
| ആറുക | - | ശമിക്കുക/ഇല്ലാതാവുക |
| ശോകം | - | ദുഃഖം |
| എന്മാനസേ | - | എന്റെ മനസ്സിൽ |
| ഗോപതി | - | പശുപാലൻ/ശ്രീകൃഷ്ണൻ |
| ദയാനിധേ | - | ദയയ്ക്ക് ഇരിപ്പിടമായിട്ടുള്ളവനേ |
| പൈതൽ | - | കുട്ടി |
| ധൃഷ്ടത | - | ധാർഷ്ട്യം/അഹങ്കാരം |
| അംഗനരാധിപൻ | - | അംഗരാജ്യത്തെ രാജാവ് |
| കുണ്ഡലം | - | കർണാഭരണം |
| ഗണ്ഡസ്ഥലം | - | കവിൾത്തടം |
| മുമ്പനായവൻ | - | സമർത്ഥനായവൻ |
| അമ്പോട് | - | സന്തോഷത്തോടെ |
| പൂരിച്ച | - | നിറഞ്ഞ |
| കരം | - | കൈ |
| പ്രണയിനി | - | പ്രിയപ്പെട്ടവൾ |
| ഉന്മൂലനാശനം | - | വേരോടെ നശിക്കൽ/പൂർണമായ നാശം |
| ദുർമ്മതി | - | ദുർബുദ്ധി |
| ഭൂഷണജാലം | - | ആഭരണങ്ങളുടെ കൂട്ടം |
| പക്ഷമായുള്ളത് | - | ഇഷ്ടപ്പെടുന്നത് |
| ഉമ്പർ | - | ദേവന്മാർ |
| കോൻ | - | രാജാവ് |

| | | |
|---|---|---|
| ഉമ്പർകോൻ | - | ദേവേന്ദ്രൻ |
| പട്ടുകിടക്കുക | - | മരിച്ചുകിടക്കുക |
| ചോര | - | രക്തം |
| പുഷ്ടകോപം | - | വർദ്ധിച്ച കോപം |
| മണ്ടിനാൾ | - | അവൾ ഓടി |
| വീണാൾ | - | അവൾ വീണു |
| ഉരുണ്ടാൾ | - | അവൾ ഉരുണ്ടു |
| തെരുതെരെ | - | വീണ്ടും വീണ്ടും |
| മോഹിച്ചുണർന്നാൾ | - | അവൾ മോഹത്തിൽനിന്നുണർന്നു |
| പൊടുക്കനെ | - | പെട്ടെന്ന് |
| ഖിന്നത | - | ദുഃഖം |
| കുടിലത | - | വക്രത |
| പൃഥ്വി | - | ഭൂമി |
| പാങ്ങ് | - | ഭാഗം |
| പോര് | - | യുദ്ധം |
| ചിന്തിക്കിൽ | - | ചിന്തിക്കുകയാണെങ്കിൽ |
| ചൊന്നാൾ | - | അവൾ പറഞ്ഞു |
| മുടിഞ്ഞുപോവുക | - | നശിച്ചുപോവുക |
| പന്തീരാണ്ട് | - | പന്ത്രണ്ട് വത്സരം |

## 6.3 ആശയസംഗ്രഹം

അല്ലയോ മുകുന്ദാ, ഭൂമിയിലുണ്ടായിട്ടുള്ള രാജാക്കന്മാരിൽ ശ്രേഷ്ഠനായ ഭഗദത്തൻ ഇന്ദ്രപുത്രനായ അർജ്ജുനൻ എയ്ത ശരംകൊണ്ട് രക്തത്തിൽ കുളിച്ച് തന്റെ കൊമ്പനാനയുടെ അരികിൽ വില്ലുമായി ഭൂമിയിൽ വീണുകിടക്കുന്നത് നീ കാണുന്നില്ലേ? കഷ്ടം! കഷ്ടം! മരതകക്കല്ലുപോലെ ശോഭിക്കുന്നവനും സുന്ദരനും മംഗളരൂപനുമായ കീർത്തികേട്ട അഭിമന്യു, അർജ്ജുനന്റെ പുത്രനും ഗോപികമാരുടെ പ്രിയപ്പെട്ടവനുമായ നിന്റെ മരുമകനുമാണ്. അവനെ നീ എന്തുകൊണ്ടാണ് കൊലയ്ക്കുകൊടുക്കാതെ രക്ഷിക്കാഞ്ഞത്? നിനക്കു കൊല്ലിക്കലിലാണല്ലോ രസം. ഇതൊക്കെകണ്ടിട്ട് സത്യമായും എനിക്ക് സങ്കടം സഹിക്കാൻ കഴിയുന്നില്ല. മരണത്തിലും ചെറുപുഞ്ചിരിയോടെ കിടക്കുന്ന സുന്ദരമായ ആ മുഖം കണ്ടാൽ കരിങ്കൂവളപ്പൂവിന്റെ മിഴിയോടുകൂടിയവനേ (കൃഷ്ണാ) ആർക്കാണ് സഹിക്കാനാവുന്നത്? ഭർത്തൃവിയോഗത്താൽ ഇളംപ്രായക്കാരിയായ ഉത്തര ചങ്കുപൊട്ടിക്കരയുന്നത് നീ കാണുക. പുത്രവിയോഗംപൂണ്ട സുഭദ്ര സങ്കടത്താൽ ഭൂമിയിൽക്കിടന്നുരുണ്ട് കരയുന്നതും നീ തന്നെ കാണുക. ഞങ്ങൾ സ്ത്രീകൾ ഇങ്ങനെ സങ്കടത്താൽ പൊട്ടിക്കരയുന്നതിന് ഒരല്പംപോലും ദുഃഖം നിന്റെ മനസ്സിലില്ലയോ? നിന്റെ മനസ്സെന്താണ് കല്ലുകൊണ്ടാണോ നിർമ്മിച്ചിരിക്കുന്നത്. ഇനി അങ്ങനെയാണെങ്കിൽത്തന്നെ ആ കല്ലിനുപോലും ഈ കാഴ്ച കാണുമ്പോൾ അലിവുണ്ടാകുമെന്നത് തീർച്ചയാണ്.

അല്ലേ, ഭീമപുത്രനായ ഘടോൽക്കചനാണല്ലോ അതിനുമപ്പുറത്ത് കിടക്കുന്നത്. കർണ്ണൻ പ്രയോഗിച്ച അമ്പേറ്റ് കാലപുരിയിൽ പ്രവേശിച്ച അവന്റെ ശരീരം നീലമലപോലെ അതാ കിടക്കുന്നു. അർജ്ജുനന്റെ അമ്പേറ്റ് കഴുത്ത് മുറിഞ്ഞ് കിടക്കുന്ന ജയദ്രഥന്റെ ശരീരം നീ കണ്ടാലും. എന്റെ മകൾ ദുശ്ശള തന്റെ ഭർത്താവായ ജയദ്രഥന്റെ വേർപാടോർത്ത് കരയുന്ന രംഗം ഓർക്കുമ്പോൾപോലും എന്റെ മനസ്സ് വെന്തുരുകുകയാണ്. കഷ്ടം! കഷ്ടം!

ആ കാണുന്നത് മഹാബ്രാഹ്മണനായ ദ്രോണരെ സംസ്കരിച്ച നിലം തന്നെയാണല്ലോ അല്ലേ? ഗർവ്വിഷ്ഠനായ (അഹങ്കാരിയായ) ധൃഷ്ടദ്യുമ്നനല്ലാതെ ഏറ്റവും ആദരണീയനായ ആ ഗുരുവിനെ കൊല്ലാൻ മറ്റാർക്കെങ്കിലും മനസ്സിൽപോലും ഓർക്കാൻ കഴിയുമോ മഹാത്മാവേ.

അയ്യോ, അതിനുമപ്പുറത്ത് എന്റെ സുന്ദരനായ മകൻ ദുശ്ശാസനനാണല്ലോ കിടക്കുന്നത്. എന്താണ് മാധവാ നീ ഇപ്രകാരം ചെയ്തത്. എന്റെ ഉള്ളിലിതാ തീയാണു കത്തുന്നത്. ഭീമൻ കീറിപ്പിളർന്നു ചോരകുടിച്ച ആ മാറിടം കണ്ടാൽ സഹിക്കാനാവുമോ കുഞ്ഞേ. ഇന്ന് എനിക്കുണ്ടായിരിക്കുന്ന ഈ കണ്ണുനീർ (ദുഃഖം) എന്നെങ്കിലും മാറുമോ, എനിക്കിന്നുണ്ടായിരിക്കുന്ന ഈ ദുഃഖം എന്നെങ്കിലും തീരുമോ? അല്ലയോ പശുപാലാ (ശ്രീകൃഷ്ണാ) എന്റെ മകനായ ദുര്യോധനന്റെ മകന്റെ ശരീരമാണല്ലോ ആ കിടക്കുന്നത്. അല്ലയോ ദയാനിധേ (ശ്രീകൃഷ്ണാ) നീയിത് കാണുന്നില്ലേ. ഗുണം തികഞ്ഞവനായ എന്റെ കുട്ടീ, ലക്ഷണാ (ദുര്യോധനന്റെ പുത്രൻ) നീയും ഞങ്ങളെ ചതിച്ചുവോ? (ദുഃഖത്തിലാക്കിയോ?) എന്തുകൊണ്ടാണു മക്കളേ ഇതൊക്കെ കണ്ണുകൊണ്ടു കാണണമെന്നു എനിക്കിന്ന് തോന്നിയത്?

അംഗരാജ്യത്തെ രാജാവും എന്റെ മക്കൾക്ക് ഏറെ പ്രധാനപ്പെട്ടവനുമായ കർണ്ണൻ അതാ മരിച്ചുകിടക്കുന്നു. കുണ്ഡലം വേർപെട്ടു കിടക്കുന്നു. മൃതനായിട്ടുമവന്റെ കവിൾത്തടം ഇപ്പോഴും ശോഭയാർന്നിരിക്കുന്നു. വില്ലാളിവീരനായ അവന്റെ വില്ലിതാ വേറിട്ടു കിടക്കുന്നു. കാഴ്ചയ്ക്ക് സുന്ദരനായ അവന്റെ ശരീരത്തെ നായും നരികളും കടിച്ചുവലിക്കുന്നു. ദൈവമേ ഇങ്ങനെയൊക്കെ അവന് സംഭവിക്കാൻ എന്താണ് കാരണം? വർദ്ധിച്ച സങ്കടംകൊണ്ട് ഭർത്താവിന്റെ കൈകൾ മടിയിൽ ചേർത്ത് ഭൂരിശ്രാവവിന്റെ പ്രണയിനി കരയുന്നു. എല്ലാ നാശത്തിനും കാരണക്കാരനും ദുർബുദ്ധിയുമായ ശകുനിയുടെ ശരീരം പക്ഷികൾ ഭക്ഷണമാക്കിയിരിക്കുന്നു. നിനക്ക് ഇഷ്ടപ്പെട്ട ആ കാഴ്ച കാണുന്നില്ലേ കൃഷ്ണാ. മകനേ ദുര്യോധനാ നിന്റെ പൊന്നുകൊണ്ടുള്ള കിരീടവും സ്വർണ്ണാഭരണങ്ങളും ദേവേന്ദ്രനോടൊത്ത കേമത്തവും പ്രതാപവും ഗാംഭീര്യമാർന്ന ഭാവവും ഭംഗിയുമെല്ലാം ഇട്ട് കളഞ്ഞുകൊണ്ടും എന്നെയും നിനക്ക് വളരെയധികം ഇഷ്ടമുണ്ടായിരുന്ന പിതാവിനെപ്പോലും ഉപേക്ഷിച്ചുകൊണ്ട് പെട്ടെന്ന് നീ എങ്ങാണ് പൊയ്ക്കളഞ്ഞത്? ഇതു കണ്ടിട്ട് എന്റെ മനസ്സ് പൊട്ടിത്തകർന്നു പോവുകയാണ്. പട്ടുകിടക്കയിൽ മാത്രം കിടന്നിരുന്ന നീ വർദ്ധിച്ച കോപത്താൽ ഭീമൻ അടിച്ചുപൊട്ടിച്ച്

ഒടിച്ച കാലുമായി ചോരയിൽ കുതിർന്ന് വെറും തറയിലിങ്ങനെ മരിച്ചു കിടക്കുകയാണല്ലോ. എനിക്കിതൊന്നും കാണാൻ വയ്യാ യെന്ന് പറഞ്ഞ് അവിടെനിന്നുമോടിയ ഗാന്ധാരി വീണ്ടും വീണ്ടും മണ്ണിൽ വീണുരുണ്ടു.

പിന്നെ മോഹനിദ്രയിൽനിന്ന് പെട്ടെന്നുണർന്ന ഗാന്ധാരി ദുഃഖ ത്തോടെ കരഞ്ഞു. എന്നിട്ടവൾ ഇപ്രകാരം പറഞ്ഞു: അല്ലയോ കേശവാ ഇത്രയും വക്രബുദ്ധിയായിട്ടുള്ള ഒരുത്തനെ ഈ ഭൂമിയിൽ ഞാൻ വേറെ കണ്ടിട്ടില്ല. ഈ കുരുക്ഷേത്രയുദ്ധത്തിൽ നീ ഒരു ഭാഗം (പാണ്ഡവരുടെ ഭാഗം) ചേർന്ന് ഉറച്ചുനിന്നു. ആ നീതന്നെ യാണ് രണ്ടുഭാഗത്തുമുള്ള രാജാക്കന്മാരെ കൊല്ലിച്ചതിനു കാരണം. മറ്റാരെയും അതിൽ കുറ്റംപറയാനാവില്ല. ഓർത്താൽ ഇതെല്ലാം നിന്റെ മറിമായം തന്നെയാണ്. ഗാന്ധാരി പിന്നെയും ശ്രീകൃഷ്ണ നോട് പറഞ്ഞു. ഇത്രയും ദുഷ്ടമനസ്കനായ നീയും നിന്റെ വംശവും മുപ്പത്താറ് കൊല്ലം കഴിയുമ്പോൾ മുടിഞ്ഞുപോകും എന്ന തിന് യാതൊരു സംശയവുമില്ല.

മക്കളും മരുമക്കളും ചെറുമക്കളും ഗുരുശ്രേഷ്ഠന്മാരുമെല്ലാം ദാരുണ മായി കൊലചെയ്യപ്പെട്ടുകിടക്കുന്ന ദയനീയ കാഴ്ചയാണ് കുരുക്ഷേ ത്രഭൂമിയിൽ ഗാന്ധാരിക്കുണ്ടായത്. ഇതിനെല്ലാറ്റിനും കാരണക്കാര നായിരിക്കുന്നത് സാക്ഷാൽ ശ്രീകൃഷ്ണനാണെന്നും അവർക്കറി യാം. അതിനാലാണ് മനം നടുക്കുന്ന ഓരോ കാഴ്ചയിലും അവർ കൃഷ്ണനോട് മനംനൊന്ത് കേഴുന്നത്. മുകുന്ദാ, ഇന്ദീവരേക്ഷണാ, വല്ലവീവല്ലഭാ, ദൈവമേ, മഹാമതേ, ഈശ്വരാ, മാധവാ, ഗോപതേ, ദയാനിധേ, ഹരേ, കേശവാ എന്നിങ്ങനെ സന്ദർഭോചിതമായ നിര വധി പേരുകളിലാണ് കൃഷ്ണനെ സംബോധനചെയ്യുന്നത്. ആശ്രയ ത്തിനായി മാത്രമല്ല കുറ്റപ്പെടുത്താനും വിമർശിക്കാനുമെല്ലാം അവർ കൃഷ്ണനെത്തന്നെയാണ് കൂട്ടുപിടിക്കുന്നത്. ഒടുവിൽ എല്ലാ വേർപാടുകളുടെയും ഉത്തരവാദിത്വം കൃഷ്ണനിലാണെന്ന് പറഞ്ഞ് കൃഷ്ണനും അദ്ദേഹത്തിന്റെ യദുവംശവും മുപ്പത്താറു സംവത്സരം കഴിയുമ്പോൾ മുടിഞ്ഞുപോകുമെന്ന് (തീർത്തും നശി ച്ചുപോകുമെന്ന്) ഗാന്ധാരി മനംനൊന്ത് ശപിക്കുന്നു. മാതാവ്, മുത്ത ശ്ശി, അമ്മായി, ശിഷ്യ, രാജ്ഞി എന്നീ അവസ്ഥകളിലെല്ലാംതന്നെ അവർക്ക് സഹിക്കേണ്ടിവന്ന വേർപാട് വളരെ വലുതാണ്. അതിലു മുപരിയായി ഈ യുദ്ധംകൊണ്ട് സങ്കടക്കടലിൽ വീണുപോയ സകല സ്ത്രീകളുടെയും പ്രതിനിധിയെന്ന നിലയിൽ നിന്നാണ് ഗാന്ധാരി സ്വയം വിലപിക്കുന്നതും ശ്രീകൃഷ്ണനെ ശപിക്കുന്നതും.

## 6.4 കവിപരിചയം

എഴുത്തച്ഛൻ : ആധുനികമലയാളഭാഷയുടെ പിതാവായി കണക്കാ ക്കുന്നു. മലയാളഭാഷയെയും സാഹിത്യത്തെയും കേരളസംസ്കാര ത്തെയും രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിച്ചു. 16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി കണക്കാക്കുന്നു. അദ്ധ്യാത്മരാമായ ണം, മഹാഭാരതം എന്നീ കിളിപ്പാട്ടു കൃതികളിലൂടെ ജനഹൃദയങ്ങ ളിൽ ചിരപ്രതിഷ്ഠനേടി. മലപ്പുറം ജില്ലയിലെ തിരൂർ തുഞ്ചൻപറ മ്പിൽ ജീവിച്ചിരുന്നു എന്നാണ് കരുതുന്നത്.

കൃതികൾ : അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട്, ഹരിനാമകീർത്തനം, ഇരുപത്തിനാല് വൃത്തം, ചിന്താരത്നം, കൈവല്യനവനീതം തുടങ്ങിയവ

## 6.5 പുരോഗതി സ്വയം പരിശോധിക്കുക

1. "കല്ലുകൊണ്ടോ മനം താവകമാകില-
   ക്കല്ലിന്നുമാർദ്രതയുണ്ടിതു കാണുമ്പോൾ"
   - ഏതെല്ലാം കാഴ്ചകളാണ് ഗാന്ധാരി സൂചിപ്പിക്കുന്നത്?

2. ദുശ്ശാസനന്റെ മൃതശരീരം കണ്ട ഗാന്ധാരിയുടെ ദുഃഖത്തിന്റെ തീവ്രത എന്തായിരിന്നു?

3. "ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു" -
   ആരുടെ? അയാളുടെ ദാരുണമായ കിടപ്പിനെ സ്വന്തം വാകൃത്തിൽ വർണ്ണിക്കുക.

4. ദുരോധനന്റെ അന്ത്യത്തെക്കുറിച്ചുള്ള ഗാന്ധാരിയുടെ വിലാപം സംക്ഷിപ്തമായി വിവരിക്കുക.

## 6.6 വിഷയാവതരണവും പാഠഭാഗവും

വീരസേന പുത്രനായ നളൻ പ്രതാപിയായി രാജ്യം ഭരിക്കുന്ന കാലം സമ്പത്തും സൈന്യവും സകല രാജകീയപ്രൗഢിയും നളന് സ്വന്തമായതിൽ സഹോദരനായ പുഷ്ക്കരന് തികഞ്ഞ അസൂയയുണ്ട്. ലോകസുന്ദരിയായ ദമയന്തിയെ സ്വയംവരം ചെയ്യാൻ ആഗ്രഹിച്ചെങ്കിലും കലിക്ക് അതിന് കഴിഞ്ഞില്ല. ഇതിൽ കുപിതനായ കലി നളദമയന്തിമാരെ തമ്മിൽ അകറ്റാൻ തക്കംപാർത്തുകഴിയവെയാണ് നളന്റെ രാജകീയ പ്രൗഢിയിലും ദമയന്തീ ലബ്ധിയിലും അസഹിഷ്ണുവായ സഹോദരൻ പുഷ്ക്കരനെ പാട്ടിലാക്കാൻ ശ്രമിക്കുന്നത്. രണ്ടുപേരും കണ്ടുമുട്ടുന്ന രംഗമാണ് താഴെയുള്ള പാഠഭാഗത്തിൽ വർണ്ണിച്ചിരിക്കുന്നത്. കഥാപാത്രസൃഷ്ടിയിലും അവരുടെ അന്തർഗ്ഗതങ്ങളെ സസൂക്ഷ്മം വിശകലനം ചെയ്ത് സംഭാഷണങ്ങളിലൂടെ രംഗത്ത് പ്രയോഗിക്കാനുള്ള ഉണ്ണായിവാര്യരുടെ വൈഭവത്തിനുമുദാഹരണമാണ് ഈ പാഠഭാഗം.

## പാഠം 2 : നളചരിതം (രണ്ടാംദിവസം)

കഥകളി എന്ന ദൃശ്യകലയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. മഹാഭാരതം വനപർവ്വത്തിൽ 52 മുതൽ 70 വരെയുള്ള അദ്ധ്യായങ്ങളിൽ നളചരിതം കഥ വിവരിച്ചിരിക്കുന്നു. നാലുദിവസങ്ങളിലായി ഉണ്ണായി വാര്യർ രചിച്ചിരിക്കുന്ന നളചരിതം ആട്ടക്കഥയെ കേരളത്തിലെ ശാകുന്തളം എന്ന് വിശേഷിപ്പിക്കുന്നു. വിദർഭ രാജാവായ ഭീമന്റെ പുത്രിയാണ് ദമയന്തി. നിഷധ രാജാവായ വീരസേനന്റെ പുത്രനാണ് നളൻ. ഭരണകാര്യങ്ങളിൽ സമർത്ഥനും സത്യസന്ധനുമായ നളന്റെയും ദമയന്തിയുടെയും ഗുണഗണങ്ങളെല്ലാം എല്ലാ ദിക്കിലും പ്രചരിച്ചു. പരസ്പരം കണ്ടിട്ടില്ലെങ്കിലും അവരിൽ പ്രണയമുദിച്ചു.

നളന്റെ ഉദ്യാനത്തിൽനിന്നും സ്വർണ്ണവർണ്ണമാർന്ന ഒരു അരയന്നം ദമയന്തിയുടെ അന്തപുരത്തിനുസമീപം എത്തി രാജാവിന്റെ ഗുണഗണങ്ങൾ വാഴ്ത്തി. ഭീമരാജാവ് ദമയന്തീ സ്വയംവരം നിശ്ചയിച്ചു. നാരദനിൽ നിന്നും ദമയന്തിയുടെ സൗന്ദര്യത്തെക്കുറിച്ചും സ്വയംവരത്തെക്കുറിച്ചും അറിഞ്ഞ ഇന്ദ്രൻ, അഗ്നി, വരുണൻ, യമൻ എന്നീ ദേവന്മാർ സ്വയംവരത്തിൽ പങ്കെടുക്കുവാനെത്തി. വഴിയിൽവെച്ച് നളനെ കണ്ട ദേവന്മാർ തങ്ങളിൽ ആരെയെങ്കിലും വേൾക്കണമെന്ന ദൂതുമായി നളനെ ദമയന്തിക്കരികിലേയ്ക്ക് അയച്ചു. പക്ഷേ ദമയന്തി സാക്ഷാൽ നളനെ വരിച്ചു. കലി ദ്വാപരന്മാർ ദമയന്തീസ്വയംവരത്തിൽ പങ്കെടുക്കാൻ വന്നെങ്കിലും അവർ എത്തിച്ചേരുംമുമ്പേ സ്വയംവരം കഴിഞ്ഞിരുന്നു. അതിൽ കോപംപൂണ്ട കലി ദ്വാപരന്മാർ നളന്റെ സഹോദരനായ പുഷ്കരനെ ആയുധമാക്കി നളനെയും ദമയന്തിയെയും വേർപിരിക്കാൻ തീരുമാനിച്ചു. അതിനായി കലി പുഷ്ക്കരനെ സമീപിക്കുന്നതാണ് പാഠഭാഗം.

പുഷ്കര - കലി സംവാദം

പദം 7 പുഷ്കരൻ :

പ. അരികിൽ വന്നുനിന്നതാരെന്തഭിമതം?
അഖിലമാശു ചൊല്ക.

അ. അറികയില്ലെങ്കിലും അഭിമുഖന്മാരെക്കണ്ടെൻ
മനതാരിലുണ്ടൊന്നുന്മിഷിതം ഝടിതി... (അരി.)

1 ധരണിയിലുള്ളൊരു പരിഷകൾ നളനെച്ചെന്നു കാണും
അവർക്കുവേണ്ടും കാര്യം നളനും സാധിപ്പിക്കും
ദൂരത്തൂന്നാരും വരികയില്ല നമ്മെക്കാൺമാൻ.... (അരി.)

2 നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും,
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളു മുറ്റും... (അരി.)

3 പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നൂ
നളനു വേറെ കർമ്മം നമുക്കു കർമ്മം വേറെ,
നമ്മെക്കൊണ്ടുപകാരം നിങ്ങൾക്കെന്തോന്നു വേണ്ടൂ?... (അരി.)

പദം 8 കലി :

പ. പുഷ്കരാ! നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ!

അ. ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും
നളനും നീയും ഭേദമെന്തിവിടെ?
നാടുവാഴ്ക നളനെവെന്നു സംപ്രതി.... (പുഷ്ക...)

1 നേരെ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം,
പാരിലെന്നെയിന്നാരറിയാതവർ?
വൈരി വൈരസേനിക്കിഹ ഞാൻ കലി,

തവ ഞാൻ മിത്രം, തസ്യ നാടു ഞാൻ
തേ തരുന്നു, ചൂതുപൊരുക, പോരിക... (പുഷ്ക.)

2 നിൽക്ക മദീയമതേ, വിജയം നിശ്ചിതമാമിഹ തേ,
വിക്രയമില്ലെന്നാകിലെന്തെടോ?
വയ്ക്ക ചൂതിനായെന്നെപ്പണയം,
ധനവും ധാന്യം നാടുമൊക്കെയും
കൈക്കലാക്കിയവനെ വിടുക വനഭുവി... (പുഷ്ക.)

## 6.7 പദബോധനം

അരികിൽ - സമീപത്ത്
അഭിമതം - ആഗ്രഹം
അഖിലം - എല്ലാം
ആശു - വേഗത്തിൽ
ചൊൽക - പറയുക
അറികയില്ല - അറിയുകയില്ല
അഭിമുഖൻ - മുമ്പിൽ വന്നു നില്ക്കുന്നവൻ
മനതാര് - മനസ്സ്
ഒന്നുന്മിഷിതം - ഒരു മിന്നലാട്ടം
ഝടിതി - പെട്ടെന്ന്
ധരണി - ഭൂമി
പരിഷകൾ - കൂട്ടർ (ജനങ്ങളെ പുച്ഛത്തിൽ പറയുന്നത്)
ദൂരത്തൂന്നാരും - ദൂരത്തുനിന്ന് ആരും
നമ്മെ - എന്നെ
കാണ്മാൻ - കാണുവാൻ
അമിത്രവീരന്മാരെ - വീരന്മാരായ ശത്രുക്കളെ
അമർക്കും - അമർത്തുന്ന/ഇല്ലാതാക്കുന്ന
വൻപട - വലിയ യുദ്ധസന്നാഹം
ബാഹുജൻ - ക്ഷത്രിയൻ
മുറ്റും - ആകപ്പാടെ
പഴുതേ - വെറുതേ
പലവക - പലകാര്യങ്ങൾ
കർമ്മം - വിധി
നിഷ്ഫലം - ഫലമില്ലാത്ത/പ്രയോജനമില്ലാത്ത
ദുഷ്കരം - ചെയ്യാൻ പ്രയാസമുള്ളത്
കേൾ - കേൾക്കുക
മത്സഹായം - എന്റെ സഹായം
ഭേദം - വ്യത്യാസം
നാടുവാഴുക - രാജ്യംഭരിക്കുക

ignou
THE PEOPLE'S
UNIVERSITY

| | | |
|---|---|---|
| വെന്ന് | - | ജയിച്ച് |
| സമ്പ്രതി | - | ഇപ്പോൾത്തന്നെ |
| പാര് | - | ഭൂമി |
| വൈരി | - | ശത്രു |
| വൈരസേനി | - | വീരസേനന്റെ പുത്രൻ (നളൻ) |
| തവ | - | നിനക്ക്/അങ്ങേക്ക് |
| മിത്രം | - | കൂട്ടുകാരൻ |
| തസ്യ | - | അവന്റെ |
| ചൂതുപൊരുക | - | ചൂതു പൊരുതുക/ചൂതു കളിക്കുക |
| പോരിക | - | വരിക |
| മദീയമതേ | - | എന്റെ അഭിപ്രായത്തിൽ |
| മതം | - | അഭിപ്രായം |
| വിജയംനിശ്ചിതം | - | വിജയം ഉറപ്പാണ് |
| വിക്രയം | - | ധനം/പണയവസ്തു |
| വനഭൂമി | - | വനത്തിൽ |

## 6.8 ആശയസംഗ്രഹം

പുഷ്കരൻ: "അരികിൽ വന്നു നിന്നതാരാണ്? എന്താണ് നിങ്ങളുടെ ആഗ്രഹം? എല്ലാം പെട്ടെന്ന് പറയുക. ഞാൻ നിങ്ങളെ അറിയുക യില്ല എങ്കിലും നിങ്ങളെ കണ്ടിട്ട് എന്നെ ഏതോ കാര്യത്തിന് തേടിവന്നതാണെന്ന് ഒരു തോന്നൽ പെട്ടെന്ന് എനിക്കുണ്ടായി.

ഭൂലോകവാസികളെല്ലാം അവരുടെ കാര്യം സാധിപ്പിക്കാൻ നളനെ യാണ് ചെന്നുകാണുന്നത്. അവർക്കു വേണ്ടതെല്ലാം നളൻ സാധിപ്പി ച്ചുകൊടുക്കുകയും ചെയ്യും. ഈ എന്നെക്കാണാൻ ദൂരസ്ഥലങ്ങ ളിൽനിന്ന് ആരും വരികയില്ല. നാടും നഗരവും രാജത്വചിഹ്നങ്ങളായ കുടയും ചാമരവുമൊന്നും നമുക്കില്ല. ശത്രുരാജാക്കന്മാരെ അമർച്ച ചെയ്യുവാൻ വേണ്ട വൻസൈന്യവുമില്ല. ആകെക്കൂടി നമുക്കുള്ളത് ക്ഷത്രിയനാണെന്ന മേന്മ മാത്രമാണ്. വെറുതെ ഞാനെന്തിനാണ് പലവക കാര്യങ്ങൾ പറഞ്ഞുകേൾപ്പിക്കുന്നത്. നളന്റെ വിധി വേറെ; എന്റെ വിധി വേറെ. പറയൂ നമ്മെക്കൊണ്ട് എന്തുപകാരമാണ് നിങ്ങൾക്കു വേണ്ടത്?"

കലി : "പുഷ്കരാ നീ നിന്റെ ജീവിതം വെറുതെ നിഷ്ഫലമാക്കരു ത്. ആഗ്രഹവും ഉത്സാഹവുമുണ്ടായാൽ നമുക്ക് ദുഷ്കരമായി ഒന്നു മില്ലതന്നെ. എന്റെ സഹായമുണ്ടായാൽ എല്ലാം നേടിയെടുക്കാം. നീയും നളനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. നീ നളനെ ജയിച്ച് പെട്ടെന്ന് രാജാവാകുക. ഞാനെന്നെ പരിചയപ്പെടുത്താം. ഈ ലോകത്ത് എന്നെ അറിയാത്തവർ ആരുമില്ല. വീരസേനന്റെ പുത്രനായ നളന്റെ ശത്രുവാണ് ഞാൻ. നിന്റെ മിത്രം. നളൻ ഭരി ക്കുന്ന ഈ രാജ്യം നളനോട് ചൂതുകളിച്ച് നേടിയെടുക്കുക. ചൂതിൽ നിനക്ക് എന്നെ പണയംവയ്ക്കാം. എന്റെ സഹായമുണ്ടെങ്കിൽ നിശ്ച യമായും നീ ചൂതിൽ ജയിക്കും, നിനക്കു നഷ്ടമായ നാടും നഗ

രവും രാജപ്രതാപങ്ങളും നേടിയെടുക്കാം. നളനെ കാട്ടിലേക്ക് അയ യ്ക്കാം."

പുഷ്കരന്റെ അല്പത്വം, നളന്റെ പ്രശസ്തിയിലും ബലത്തിലുമുള്ള അസഹിഷ്ണുത, അധികാരമില്ലാത്തതിലുള്ള അമർഷം എല്ലാം അയാളുടെ വാക്കുകളിൽ തെളിയുന്നു. ഇത്തരത്തിലൊരു അധികാര മോഹിയെയും രാജ്യലോഭിയെയുമാണ് കലിദ്വാപരന്മാർക്ക് വേണ്ട തും. തന്നെക്കാണാനും ഒരാൾ വന്നിരിക്കുന്നു എന്ന സന്തോഷം കൊണ്ട് പുഷ്കരൻ ഉള്ളിലുള്ള ചില വിചാരങ്ങൾ പറഞ്ഞുപോയ താണ്. പക്ഷേ വളരെവേഗം യാഥാർത്ഥ്യബോധം വീണ്ടെടുത്ത് തന്റെ അവസ്ഥ മനസ്സിലാക്കിക്കൊണ്ടാണ് തുടർന്ന് പറയുന്നത്. സ്വാഭാവികവും സസൂക്ഷ്മവുമായ വിശകലനമാണിത്. ദമയന്തിയെ വരിക്കാൻ കഴിയാത്തതിൽ കുപിതനായ കലി നളദമയന്തിമാരെ തമ്മിലകറ്റി രാജ്യത്തിന് പുറത്താക്കുമെന്ന് ശപഥം ചെയ്യുന്നു. അതി നായി നളന്റെ അനുജനായ പുഷ്കരനെ സ്വാധീനിക്കാനാണ് ശ്രമി ക്കുന്നത്. അനേകം വാഗ്ദാനങ്ങളും പ്രലോഭനങ്ങളും നല്കി പുഷ്കരനെ വലയിലാക്കാനുള്ള ശ്രമം കലി നടത്തുന്നു. ഒടുവിൽ പുഷ്കരൻ കലിയുടെ വാക്കുകളിൽ മയങ്ങി, അയാൾക്ക് വശംവദ നാകുന്നു. നളന് രാജ്യം ലഭ്യമായതിലും അദ്ദേഹം ദമയന്തിയെ വിവാഹം ചെയ്തതിലും പുഷ്കരൻ അതീവ ദുഃഖിതനാണ്. ധനധാ ന്യാദികളും സൈന്യങ്ങളും രാജചിഹ്നങ്ങളുമെല്ലാം നളന് മാത്രം സ്വന്തമായെന്ന് പുഷ്കരൻ പരിതപിക്കുന്നു. കലി ഈ അവസരം മുതലെടുക്കുന്നു. നളദമയന്തിമാരെ തമ്മിലകറ്റി രാജ്യത്തുനിന്ന് പുറ ത്താക്കുമെന്ന വാശിയോടെ കലി ചൂതിലൂടെ നളന്റെ നാടും നഗ രവും സർവ്വൈശ്വര്യങ്ങളും പിടിച്ചെടുക്കാമെന്ന് വാഗ്ദാനം ചെയ്യു ന്നു. കലിയുടെ പ്രലോഭനങ്ങൾക്ക് പുഷ്കരൻ വശംവദനാകുന്നു. പദവിയോടും സ്വത്തിനോടുമുള്ള ആർത്തിയിൽ നളൻ സ്വന്തം സഹോദരനാണ് എന്നതു മറന്നുകൊണ്ടാണ് പുഷ്കരൻ കലിയോ ടൊപ്പം നിൽക്കുന്നത്. ധനാന്ധത മനുഷ്യനെ ഏതു ദുഷ്പ്രവൃ ത്തിക്കും പ്രേരിപ്പിക്കുമെന്ന് ഈ പാഠഭാഗം വ്യക്തമാക്കുന്നു.

## 6.9 കവിപരിചയം

ഉണ്ണായിവാര്യർ (18-ാം നൂറ്റാണ്ട്) : ആട്ടക്കഥാസാഹിത്യത്തിലെ നിസ്തുലപ്രതിഭ. തൃശൂർജില്ലയിലെ ഇരിങ്ങാലക്കുടയിൽ ജനനം. വേദാന്തം, വൈദ്യം, സംഗീതം എന്നിവയിൽ നിപുണൻ. തിരുവിതാം കൂറിലെ മാർത്താണ്ഡവർമ്മ മഹാരാജാവ്, കൊച്ചീരാജാവ് എന്നിവ രുടെ ആശ്രിതൻ. കുഞ്ചൻനമ്പ്യാരുടെയും രാമപുരത്തുവാര്യരു ടെയും സമകാലികൻ. നളചരിതം ആട്ടക്കഥ ഒന്നുകൊണ്ടു മാത്രം മലയാളസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠ നേടി. ഗിരിജാകല്യാണം, രാമപഞ്ചശതി എന്നിവ ഉണ്ണായിവാര്യരുടേതാണെന്ന് അഭിപ്രായ മുണ്ട്.

## 6.10 പുരോഗതി സ്വയം പരിശോധിക്കുക.

1. "നളനുവേറെ കർമ്മം നമുക്കു കർമ്മം വേറെ"

   ആരാണിതു പറയുന്നത്? എന്താണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

2. പുഷ്ക്കരനെ പ്രലോഭിപ്പിക്കുവാൻ കലി പറയുന്ന വാക്കുകളുടെ ഉദ്ദേശ്യം വിശദമാക്കുക.

3. കലിയും പുഷ്ക്കരനും തമ്മിലുള്ള യോജിപ്പിന് അടിസ്ഥാനമായ ഘടകങ്ങൾ എന്തൊക്കെയാണ് ? പരിശോധിക്കുക.

## 6.11 വിഷയാവതരണവും പാഠഭാഗവും

ദുരവസ്ഥ ഒരു ഖണ്ഡകാവ്യമാണ്. പ്രബോധനപരമായ ഒന്ന്. 1921 -ലെ ചരിത്രസംഭവമായ മാപ്പിളലഹള അഥവാ മലബാർകലാപമാണ് ഇതിന്റെ പശ്ചാത്തലം. സാവിത്രി എന്ന അന്തർജ്ജനം അന്നത്തെ സാമൂഹികസാഹചര്യങ്ങളിൽ അസംഭവ്യം എന്നു വിശേഷിപ്പിക്കാവുന്നതരത്തിൽ ചാത്തൻ എന്ന പുലയക്കിടാത്തന്റെ കുടിലിൽ അഭയംപ്രാപിക്കുന്നതും അവനെ ജീവിതസഖാവാക്കി മാറ്റുന്നതുമാണ് ഇതിലെ ഇതിവൃത്തം. മാനുഷികമായ നന്മ ഏതെങ്കിലും ഒരു ജനവിഭാഗത്തിന്റെ കുത്തകയല്ല എന്ന് ഈ കൃതി പറഞ്ഞുവയ്ക്കുന്നു. ഒപ്പം കവി വിഭാവനംചെയ്യുന്ന ആദർശസമൂഹത്തിന്റെ ആദ്യത്തെ ചുവടുവയ്പുകാരായി ചാത്തനെയും സാവിത്രി എന്ന നമ്പൂതിരി പെൺകിടാവിനെയും മാറ്റുകയും ചെയ്യുന്നു. ജാതിമതഭേദം, സാമ്പത്തികമായ ഉച്ചനീചത്വം, സാമൂഹികപദവിഭേദം എന്നിവയ്ക്കുമപ്പുറമാണ് യഥാർത്ഥ സ്ത്രീ-പുരുഷബന്ധം എന്ന കാഴ്ചപ്പാടാണ് ഈ കാവ്യം അനുവാചകനോട് പങ്കുവയ്ക്കുന്നത്.

## പാഠം 3 : ദുരവസ്ഥ

ഉദ്യാനപാലകരേ! ഭവാന്മാരുണർ-
ന്നുദ്യമിപ്പിൻ പുഷ്പകാലമായി.
ഉച്ചാവചങ്ങളാമോമൽസുമങ്ങളാൽ
മെച്ചമേറീടുമീയാരാമത്തിൽ
ദേവൻ വനമാലിക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നതോർത്തുകൊൾവിൻ.
എല്ലാസ്സുമവുമവന്റെയിച്ഛയ്ക്കൊത്തു
മെല്ലെ വളർന്നു തൻ പൂർണതയിൽ
ചെല്ലാനുഴറുകയാണക്ഷതിയാരും
തല്ലി നിർത്താതെ സൂക്ഷിച്ചുകൊൾവിൻ.
ഭവ്യമാം തെന്നലും ഭാനുമരീചിയും
ദിവ്യമാം തൂമഴനീരും നിത്യം
നവ്യരസമാർന്നു നല്കുന്നല്ലോയിവയ്-
ക്കവ്യത്യയം ദേവനൊന്നുപോലെ.
എല്ലാം വിടർന്നു പരിമളം തൂവട്ടേ-
യെല്ലാം ചിതറട്ടേ വർണശോഭ.
എല്ലാമിതളുകൾ നീട്ടി വലിപ്പമാർ-
ന്നുല്ലാഘഭാവമിയന്നിടട്ടേ.

തമ്മിൽ കലർന്നാൽ ഗുണമേറും പൂക്കളെ
സമ്മേളിപ്പിപ്പിൻ സരസമായി.
സമ്മോദമാമതദ്ദേവനായാശ്ചര്യ-
നിർമാപകന്റെ നയമതല്ലോ.
സമ്മർദ്ദമാർന്നു നശിക്കാതെ രക്ഷിപ്പിൻ
ദുർമ്മത്സരം ദ്വേഷമാദിയായ
മർമ്മം കരളും ഹൃദയകീടങ്ങളെ
നിർമ്മൂലനം ചെയ്‌വാൻ നിഷ്കർഷിപ്പിൻ
സ്നേഹത്താൽ നിത്യം തടം നനപ്പിൻ ദയാ-
ദോഹളം നല്കുവിൻ പൂവിനെല്ലാം.
സാഹസമറ്റ കാലോചിതധർമ്മമാം
മോഹനപ്പൊൻനൂലാൽ വേലി കെട്ടിൻ.
ഇങ്ങനെ നിങ്ങൾ വളർത്തുമിപ്പൂവനം
തിങ്ങും ഗുണങ്ങൾതൻ ധാടിയാലെ
നന്ദനത്തിൻ മെച്ചം നേടും പരമഭി-
നന്ദിക്കും കണ്ടതു ദേവദേവൻ.
പൂജ്യരാം വൈദികന്മാരേ, തുനിഞ്ഞിവൻ
യോജ്യമല്ലെങ്കിലുമൊന്നോതുന്നേൻ;
രാജ്യത്തെയോർത്തും മതത്തെയോർത്തും പിന്നെ
പ്രാജ്യരാം നിങ്ങളെത്തന്നെയോർത്തും!
കാലം വൈകിപ്പോയി, കേവലമാചാര-
നൂലുകളെല്ലാം പഴകിപ്പോയി,
കെട്ടി നിറുത്താൻ കഴിയാതെ ദുർബ്ബല-
പ്പെട്ട ചരടിൽ ജനത നിൽക്കാ.
മാറ്റുവിൻ ചട്ടങ്ങളെ സ്വയ,മല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ.
മാറ്റൊലിക്കൊണ്ടീ മൊഴിതന്നെ സർവദാ
കാറ്റിരമ്പുന്നിന്നു കേരളത്തിൽ.

## 6.12 പദബോധനം

| | | |
|---|---|---|
| ഉദ്യാനം | - | പൂന്തോട്ടം |
| ഉദ്യാനപാലകൻ | - | പൂന്തോട്ടം സൂക്ഷിക്കുന്നവൻ (ഇവിടെ ഈശ്വരൻ എന്ന സാമാന്യാർത്ഥത്തിൽ) |
| ഭവാന്മാർ | - | നിങ്ങൾ (ബഹുമാനസൂചകം) |
| ഉണർന്നുദ്യമിപ്പിൻ | - | ഉണർന്നെഴുന്നേൽപ്പിൻ |
| പുഷ്പകാലം | - | വസന്തകാലം |
| ഉച്ചം | - | ഉയർന്നത് |
| അവചം | - | താഴ്ന്നത് |

| | | |
|---|---|---|
| ഓമൽ | - | മനോഹരമായ |
| സുമം | - | പൂവ് |
| മെച്ചം | - | ഗുണം |
| ഏറുക | - | വർദ്ധിക്കുക |
| ആരാമം | - | പൂന്തോട്ടം |
| വനമാലി | - | വനമാലധരിച്ചവൻ (ഈശ്വരനെ ഉദ്ദേശിച്ച് പറയുന്നത്) |
| ആനന്ദം | - | സന്തോഷം |
| ഏകുക | - | നല്കുക |
| ഇച്ഛ | - | ആഗ്രഹം |
| ഇച്ഛയ്ക്കൊത്ത് | - | ആഗ്രഹത്തിനനുസരിച്ച് |
| ഉഴറുക | - | കഷ്ടപ്പെടുക |
| ഗതി | - | മാർഗം |
| ഭവ്യം | - | ആദരവുള്ള |
| തെന്നൽ | - | ഇളംകാറ്റ് |
| ഭാനു | - | സൂര്യൻ |
| മരീചി | - | രശ്മി |
| ദിവ്യമാം | - | ശ്രേഷ്ഠമായ |
| തൂമഴ | - | മനോഹരമായ മഴ |
| നീര് | - | ജലം |
| നിത്യം | - | എല്ലാ ദിവസവും/ദിവസവും |
| നവ്യം | - | പുതിയത് |
| വ്യത്യയം | - | തടസ്സം/വ്യത്യാസം |
| അവ്യത്യയം | - | തടസ്സമില്ലാതെ/വ്യത്യാസമില്ലാതെ |
| പരിമളം | - | സുഗന്ധം |
| തൂവുക | - | പൊഴിക്കുക |
| ചിതറുക | - | പരക്കുക |
| ശോഭ | - | ഭംഗി |
| വർണ്ണം | - | നിറം |
| ലാഘവം | - | ഉന്മേഷം |
| ഏറുക | - | വർദ്ധിക്കുക |
| സമ്മേളിക്കുക | - | ഒരുമിച്ചുകൂടുക |
| സമ്മോദം | - | വർദ്ധിച്ച സന്തോഷം |
| നിർമാപകൻ | - | സ്രഷ്ടാവ്/ജഗദീശ്വരൻ |
| ദ്വേഷം | - | വെറുപ്പ് |
| മർമ്മം | - | ഹൃദയഭാഗം |
| നിർമ്മൂലനം | - | ഇല്ലായ്മചെയ്യുക |
| നിഷ്കർഷിപ്പിൻ | - | നല്ലപോലെ ശ്രദ്ധിക്കുക |
| ദോഹളം | - | വളം |

| | | |
|---|---|---|
| സാഹസം | - | അഹങ്കാരം |
| സാഹസമറ്റ | - | അഹങ്കാരമില്ലാത്ത |
| കാലോചിതം | - | കാലത്തിന് ഉചിതമായത് |
| മോഹനം | - | മനോഹരം |
| പൊൻനൂൽ | - | സ്വർണ്ണച്ചരട് |
| പൂവനം | - | പൂന്തോട്ടം |
| തിങ്ങുക | - | വർദ്ധിക്കുക |
| ധാടി | - | ധാരാളിത്തം |
| നന്ദനം | - | സ്വർഗ്ഗത്തിലെ പൂന്തോട്ടം |
| നന്ദനം | - | ദേവേന്ദ്രന്റെ പൂന്തോട്ടം |
| ദേവദേവൻ | - | ഇന്ദ്രൻ (ഇവിടെ ഈശ്വരൻ എന്ന സാമാന്യാർത്ഥത്തിൽ) |
| പൂജ്യൻ | - | ബഹുമാനിക്കേണ്ടവൻ |
| യോജ്യം | - | യോജിക്കുന്ന |
| പ്രാജ്യർ | - | ശ്രേഷ്ഠർ |
| കേവലം | - | നിസ്സാരം |
| ദുർബലം | - | ബലമില്ലാത്ത |
| ചരട് | - | നൂല് |
| നിൽക്കാ | - | നിൽക്കുകയില്ല (നിഷേധപ്രയോഗം) |
| മാറ്റൊലി | - | അനുരണനം/മുഴങ്ങൽ |
| സർവദാ | - | എല്ലായിടവും |
| മൊഴി | - | വാക്ക് |
| ഇരമ്പുക | - | ആഞ്ഞുവീശുക |

## 6.13 ആശയസംഗ്രഹം

പൂന്തോട്ടത്തിന്റെ പരിപാലകരായിരിക്കുന്നവരേ! നിങ്ങൾ ഉണർന്നെണീക്കുക. ഇതാ വസന്തകാലം വന്നെത്തിയിരിക്കുന്നു. ചെറുതും വലുതുമായ മനോഹരമായ പൂക്കൾകൊണ്ട് ഭംഗിയേറിയിരിക്കുന്ന ഈ പൂന്തോട്ടത്തിൽ തോട്ടക്കാരനായ ദേവന് സന്തോഷം നൽകാത്ത ഒരു പൂവുപോലുമില്ല എന്നത് നിങ്ങൾ ഓർമ്മിച്ചുകൊള്ളുക. ആ ദേവന്റെ ഇഷ്ടത്തിനനുസരിച്ച് പതിയെ വളർന്ന് പൂർണതയിലേക്കെത്താനാണ് എല്ലാ പൂക്കളുടെയും ശ്രമം. ആ മാർഗത്തെ (ശ്രമത്തെ) ആരും തല്ലിക്കെടുത്താതെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. മെല്ലെ വീശുന്ന ഇളംകാറ്റും സൂര്യരശ്മികളും പരിപാവനമായ മഴവെള്ളവുമെല്ലാം യാതൊരു തടസ്സവുമില്ലാതെ ദേവൻ സന്തോഷത്തോടെ ഇവയ്ക്കെല്ലാം നൽകുന്നുണ്ടല്ലോ. എല്ലാ പൂക്കളും വിടർന്ന് സുഗന്ധംപൊഴിക്കട്ടെ. അവയിൽനിന്നും നിറങ്ങളുടെ ഭംഗി എല്ലായിടവും പരക്കട്ടെ. ഇതളുകൾ നീട്ടി എളുപ്പത്തിൽ എല്ലാ പൂക്കളും വിരിയട്ടെ. തമ്മിൽ കലരുമ്പോൾ ഗുണം കൂടുന്ന പൂക്കളേ, നിങ്ങൾ ഭംഗിയായി ഒരുമിച്ചു ചേരുക. അത് ആ ദേവന്

വളരെ സന്തോഷം നൽകും. അത്ഭുതപ്പെടുത്തുക എന്നതാണല്ലോ ആ സ്രഷ്ടാവിന്റെ നയം.

ആ നയത്തിനെ സമ്മർദ്ദങ്ങൾക്കടിപ്പെട്ട് നശിക്കാതെ രക്ഷിക്കുക. ദുർമത്സരം, വെറുപ്പ് തുടങ്ങി ഹൃദയത്തെ കരണ്ടുതിന്നുന്ന പ്രാണികളെ ഇല്ലായ്മചെയ്വാൻ നല്ലതുപോലെ ശ്രദ്ധിക്കുക. സ്നേഹം കൊണ്ട് നിത്യവും ആ തോട്ടത്തിന്റെ തടം നനയ്ക്കുക. ആ പൂക്കൾക്കെല്ലാം ദയയാകുന്ന വളം നൽകുക. അഹങ്കാരമില്ലാതെ കാലത്തിനനുഗുണമായിട്ടുള്ള ധർമ്മമാകുന്ന ഭംഗിയേറിയ സ്വർണ നൂലുകൊണ്ട് വേലികെട്ടുക. ഇങ്ങനെയൊക്കെ നിങ്ങൾ വളർത്തുന്ന ഈ പൂന്തോട്ടം പൂക്കളുടെ ധാരാളിത്തം നിറഞ്ഞ് സ്വർലോകത്തിലെ പൂന്തോട്ടമായ നന്ദനോദ്യാനംപോലെ വിളങ്ങും. അതുകൊണ്ട് ആ ദേവന്മാരുടെ ദേവൻ സാക്ഷാൽ ഈശ്വരൻ അഭിനന്ദിക്കുകതന്നെ ചെയ്യും.

ആദരണീയരായ വൈദികന്മാരേ, രാജ്യത്തിലെയും മതത്തിലെയും വലിയവരായ നിങ്ങളെ ഒക്കെത്തന്നെ ഓർത്തും യോജിച്ചതല്ലെങ്കിലും ഞാനൊന്നു പറയാൻ തുനിയുകയാണ്. കാലം അതിക്രമിച്ചിരിക്കുന്നു. നിസ്സാരമായ (പേരിനു മാത്രമായ) ആചാരമാകുന്ന നൂലുകളെല്ലാം പഴകിപ്പോയി. ജനതയെ കെട്ടിനിറുത്താനുള്ള ബലം ഇന്ന് ആ ചരടിനില്ല. അതിനാൽത്തന്നെ അവകൊണ്ടു കെട്ടിയാൽ ജനം അതിൽ നിൽക്കുകയുമില്ല. ഒന്നുകിൽ നിങ്ങൾ ഈ പഴയ ചട്ടങ്ങളെ (നിയമങ്ങളെ/ആചാരങ്ങളെ) മാറ്റുക; അല്ലെങ്കിൽ അവ നിങ്ങളെത്തന്നെ മാറ്റും. ഈ വാക്കുകൾ എല്ലായിടത്തും മുഴക്കിക്കൊണ്ടുള്ള കാറ്റ് ഇന്ന് കേരളത്തിൽ ഇരമ്പുകയാണ്.

ലോകമാകുന്ന (സമൂഹമാകുന്ന) പൂന്തോട്ടത്തെ പാലിക്കുന്ന നേതാക്കന്മാരേ, നിങ്ങൾ നിദ്രവിട്ട് ജാഗരൂകരാവുക. സമൂഹത്തിലിതാ സമത്വത്തിന്റെ വസന്തം വന്നെത്തിക്കഴിഞ്ഞു. വൈവിധ്യം നിറഞ്ഞ, സർവഗുണങ്ങളോടുകൂടിയ നിരവധി ജനങ്ങൾ നിറഞ്ഞതാണീ ലോകം. ചെറിയവരും വലിയവനും (അവർണനും സവർണനും) ഭംഗിയുള്ള ഈ ലോകത്തിൽ തോട്ടക്കാരനായ ജഗദീശ്വരന് ഇഷ്ടമില്ലാത്തവരായി ഒരു മനുഷ്യൻപോലുമില്ല എന്നതു നിങ്ങൾ ഓർക്കുക. ജനിച്ചുവളർന്ന് പൂർണതയിലേക്കെത്തുവാനാണ് ഓരോ മനുഷ്യന്റെയും ശ്രമം. അതിലേക്കുള്ള വഴിയിൽവച്ച് മർദ്ദിച്ചവശനാക്കി ആരും അവന്റെ വഴി തടയരുത്. കാറ്റും വെളിച്ചവും മഴയുമെല്ലാം ഒരു തടസ്സവുമില്ലാതെ ഈശ്വരൻ സന്തോഷത്തോടെ ലോകത്തിനാകമാനം ഒരേപോലെ നല്കുന്നു. എല്ലാ മനുഷ്യരും വളർന്ന്, അവനിലെ നന്മയും ഗുണങ്ങളുമെല്ലാം സമൂഹത്തിന് ഉപകരിക്കത്തക്കവിധത്തിലാകട്ടെ. അവനിലെ നന്മകൾ വിടർന്നു വിലസട്ടെ. വ്യത്യസ്തരായവർ തമ്മിൽ ചേരുമ്പോഴാണ് ആ സമ്മേളനത്തിന് ഭംഗിയുണ്ടാകുന്നത്. അപ്പോഴാണ് ഈശ്വരൻ സന്തുഷ്ടനാവുക. ആശ്ചര്യപ്പെടുത്തുക എന്ന സ്രഷ്ടാവിന്റെ നയത്തെ ജാതിവ്യവസ്ഥ, ഉച്ചനീചത്വം തുടങ്ങിയ സമ്മർദ്ദങ്ങൾക്ക് അടിപ്പെട്ട് നശിക്കാതെ രക്ഷിക്കുക. വെറുപ്പ്, വിദ്വേഷം, ദുർമത്സരം തുടങ്ങിയ ഹൃദയകീടങ്ങളെ പാടെ ഇല്ലായ്മ ചെയ്വാൻ സദാ ശ്രദ്ധിക്കുക. സ്നേഹം, ദയ, കാല

ത്തിനനുഗുണമായ ധർമ്മം എന്നിവ സമൂഹത്തിൽ പരമാവധി പുലർത്തുക. അങ്ങനെയായാൽ ഈ ലോകമാകുന്ന പൂന്തോട്ടം നന്ദനോദ്യാനത്തിന് തുല്യമാകും. ഇവിടുത്തെ മനുഷ്യജീവിതം സ്വർലോകജീവിതത്തിന് തുല്യമാകും. ഈശ്വരൻപോലും നമ്മൾ മർത്യന്മാരെ അഭിനന്ദിക്കും. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ദൃഷ്ടിയിൽപ്പെട്ടാൽ ദോഷമുണ്ടാകലുമൊക്കെ പഴയ ആചാരങ്ങളാണ്. ഇനിയും ഇവയുടെ പേരിൽ മനുഷ്യരെ അടിമകളാക്കി നിർത്താൻ നിങ്ങൾക്കാവില്ല. അതിനാൽ നിങ്ങൾ ഈ പഴകിയ ആചാരങ്ങളെ മാറ്റുക. അല്ലെങ്കിൽ അവ നിങ്ങളെത്തന്നെ മാറ്റും. മാറ്റത്തിന്റെ കാഹളം കേരളമാകെ മുഴങ്ങിക്കഴിഞ്ഞു. മറ്റെല്ലാ വേർതിരിവുകളുടെയും മറ നീക്കി മനുഷ്യർ മനുഷ്യരായി മാത്രം നിലനില്ക്കുന്ന ആ മാറ്റം ഇതാ വരുന്നു. ഒരു വലിയ സാമൂഹികപരിഷ്കരണം. അതിന്റെ കാലമാണിത്.

## 6.14 കവിപരിചയം

എൻ. കുമാരനാശാൻ (1873–1924) : കവി, നിരൂപകൻ, പത്രാധിപർ, സാമൂഹികസേവകൻ എന്നീ നിലകളിൽ പ്രശസ്തൻ. ആധുനിക കവിത്രയാംഗം – മഹാകാവ്യരചന നടത്താതെ മഹാകവി എന്നറിയപ്പെട്ടു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻക്കീഴ് താലൂക്കിലുള്ള കായിക്കരയിലാണ് ജനനം. പിതാവ് പി. നാരായണൻ. കൊച്ച്പെണ്ണ് എന്നറിയപ്പെട്ടിരുന്ന കാളിയമ്മയായിരുന്നു മാതാവ്. കുട്ടിക്കാലത്തുത്തന്നെ സംസ്കൃതം പഠിച്ചു. ശൃംഗാരശ്ലോകങ്ങൾ രചിച്ചിരുന്നു. ശ്രീനാരായണഗുരുവിന്റെ നിർദ്ദേശപ്രകാരം ശൃംഗാരശ്ലോകങ്ങളുടെ രചനമതിയാക്കി. സംസ്കൃതത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. ഇക്കാലത്ത് കുട്ടികളെ സംസ്കൃതം പഠിപ്പിച്ചിരുന്നു. അങ്ങനെയാണ് 'കുമാരു' കുമാരനാശാനായത്.

1902–ൽ എസ്.എൻ.ഡി.പി. സ്ഥാപിതമായതോടെ ആശാൻ അതിന്റെ സെക്രട്ടറിയായി അവരോധിക്കപ്പെട്ടു. 1904–ൽ വിവേകോദയം മാസിക ആരംഭിച്ചു. 1908–ൽ വീണപൂവിന്റെ രചനയോടെ ആശാൻ മലയാളഭാഷാസാഹിത്യത്തിൽ ശ്രദ്ധേയനായി. വീണപൂവിന്റെ രചന മുതൽ മഹാകവിയുടെ ചരമംവരെയുള്ള 16 വർഷത്തിനിടയിലാണ് തന്റെ പ്രധാനപ്പെട്ട കൃതികളെല്ലാം ആശാൻ രചിച്ചത്. ആശാന്റെ സാഹിത്യസേവനത്തെ ബഹുമാനിച്ച് വെയിൽസ് രാജകുമാരൻ 1922 –ൽ പട്ടും വളയും നൽകി ആദരിച്ചു. പ്രത്യേകമായ കാവ്യസന്ദർഭങ്ങളിൽ പ്രസിദ്ധമായ പൊതുതത്ത്വങ്ങൾ പറഞ്ഞുപോകുന്ന രീതി ആശാൻ കവിതയുടെ സ്ഥിരമായ രീതിയാണ്. പരിമിതമായ വാക്കുകളിലൂടെ ഒരാശയ പ്രപഞ്ചം അനാവരണം ചെയ്യാനുള്ള കഴിവ് ആശാന്റെ ഒരു സവിശേഷഗുണമാണ്.

1924–ൽ പല്ലനയാറ്റുലുണ്ടായ ബോട്ടപകടത്തിൽപ്പെട്ട് മഹാകവി അന്തരിച്ചു.

പ്രധാന കൃതികൾ : വീണപൂവ്, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, പ്രരോദനം, ലീല, കരുണ, ചണ്ഡാലഭിക്ഷുകി, നളിനി തുടങ്ങിയ ഖണ്ഡകാവ്യങ്ങൾ. കൂടാതെ നിരവധി കവിതകളും ആശാൻ

രചിച്ചിട്ടുണ്ട്. ഗ്രാമവൃക്ഷത്തിലെ കുയിൽ, പുഷ്പവാടി, ശ്രീബുദ്ധചരിതം, സിംഹപ്രസവം, ബാലരാമായണം എന്നിവ അക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. മണിമാല, വനമാല എന്നീ സമാഹാരങ്ങളും സാഹിത്യനിരൂപണപരങ്ങളായ ഏതാനും പ്രബന്ധങ്ങളും ആശാൻ രചിച്ചിട്ടുണ്ട്. നാടകത്തിലും തന്റെ കഴിവ് ആശാൻ പരീക്ഷിച്ചിട്ടുണ്ട്. വിചിത്രവിജയം നാടകം ആശാന്റേതാണ്. പ്രബോധചന്ദ്രോദയം നാടകം പരിഭാക്ഷപ്പെടുത്തി.

## 6.15 പുരോഗതി സ്വയം പരിശോധിക്കുക

1. ഉദ്യാനപാലകരോടുള്ള കവിയുടെ ആഹ്വാനം എന്താണ്?
2. "പരമഭിനന്ദിക്കും കണ്ടതു ദേവദേവൻ" ഏതുകണ്ട് - വിശദീകരിക്കുക.
3. "മാറ്റുവിൻ ചട്ടങ്ങളെ" - ആരോടാണ് കവിയുടെ മുന്നറിയിപ്പ്? കാരണമെന്ത്?

## 6.16 വിഷയാവതരണവും പാഠഭാഗവും

സ്വാതന്ത്ര്യാനന്തരം നവഖാലിയിൽ പൊട്ടിപ്പുറപ്പെട്ട ഹിന്ദുമുസ്ലീം കലാപമാണ് ഈ കവിതയുടെ രചനാപശ്ചാത്തലം. നവഖാലികലാപത്തിൽ അതീവ ദുഃഖിതനായിരുന്ന ഗാന്ധിജി ഒരു അഭിമുഖത്തിൽ സബർമതികൾ ദൂരെയും നവഖാലികൾ അരികിലുമായിരിക്കുന്ന ഈ അവസ്ഥയിൽ സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് പ്രസക്തിയില്ല എന്ന് പ്രഖ്യാപിക്കുകയുണ്ടായി. സമാധാനത്തിന്റെ പ്രതീകമായി നിലകൊള്ളുന്നതാണ് ഗുജറാത്തിലെ സബർമതി ആശ്രമം. പക്ഷേ ഗർഭിണികൾപോലും ചുട്ടെരിക്കപ്പെടുന്ന നവഖാലിയിൽ നില്ക്കുന്ന ആർക്കും അകലെയുള്ള സബർമതിയെ ഓർത്ത് സമാധാനിക്കാനാവില്ല. ഈ സാമൂഹികാന്തരീക്ഷത്തെ മുൻനിർത്തി ജി. ശങ്കരപ്പിള്ള 'സബർമതി ദൂരെയാണ്' എന്ന നാടകവും 1951-ൽ ജി. ശങ്കരക്കുറുപ്പ് 'പഥികന്റെ പാട്ട്' എന്ന കവിതയും രചിക്കുകയുണ്ടായി. സ്വാതന്ത്ര്യത്തിലേക്ക് യാത്രചെയ്യുന്ന ഒരാളുടെ ആത്മഭാഷണമെന്ന നിലയിലാണ് ഈ കവിത എഴുതിയിരിക്കുന്നത്. സമ്പൂർണസ്വാതന്ത്ര്യത്തിലേക്ക് യാത്രചെയ്യുന്ന ഓരോ ഇന്ത്യക്കാരന്റെയും പ്രതിനിധിയായി ഈ യാത്രക്കാരനെ കണക്കാക്കാം.

## പാഠം 4 : പഥികന്റെ പാട്ട്

മുകളിൽ മിന്നുന്നൊരു താരമേ, ചൊല്ക നീ-
യകലെയെങ്ങാനും പ്രഭാതമുണ്ടോ?
അരിമകോലുന്ന നിന്നാനനമിങ്ങനെ
വിരിവതെന്തത്ഭുതഹർഷവായ്പാൽ?
കുളിർ കോരിയിട്ടിടും നിന്നൊടൊപ്പം കിട-
ന്നിളകുകയാണെന്നുണർന്ന ജീവൻ
തരളമാം നിൻ കണ്ണിലോമനേ, കാണ്മു ഞാൻ
ചിരിയോ തിളങ്ങുന്ന കണ്ണുനീരോ?

ഇരുളിൽനിന്നെന്നുമിരുളിലേക്കും സ്വയം
മരുവിൽനിന്നെന്നും മരുവിലേക്കും
പല യുഗമായിക്കടന്നു ചുറ്റിത്തിരി-
ഞ്ഞലയും മനസ്സിൻ ദുരന്തദാഹം
ഉലകിലെ വേർപ്പും പൊടിയുമേലാതെ മേൽ-
നിലയിൽ നില്ക്കുന്ന നീയറികയില്ല.
അഴലിൻ കഥകളെ വിസ്തരിച്ചീടുന്ന
പഴയകാലത്തിൻ സ്മരണമാത്രം
ഉടനീളമാർന്ന വഴികളിൽക്കാൽ കുഴ-
ഞ്ഞിടറുമെന്നൊട്ടകം നീങ്ങിടുന്നു.
പിറകിലും മുൻപിലും രണ്ടു പാർശ്വത്തിലും
മുറവിളിയല്ലാതെ കേൾപ്പതില്ല!
ചിലരുടെ തൃഷ്ണ കുറയ്ക്കുവാൻ കുത്തുന്നു
പലരുടെ കണ്ണു തണ്ണീരിനായി!
അതിലെഴുമുപ്പിനാൽപ്പിന്നെയും പിന്നെയു-
മവരുടെ തൊണ്ട വരണ്ടിടുന്നു!
കരളിന്റെ സഞ്ചിയിലാർദ്രതതൻ ചെറു-
കണികയുമില്ലാതെയായ്ക്കഴിഞ്ഞു.
കുളിരും മണവും കലർന്നൊരു തെന്നലിൻ
തെളി കൊതിച്ചെരിപൊരിക്കൊൾവു ഞങ്ങൾ.
കൊലനിലത്തിങ്കലെച്ചോരതൻ പാഴ്മണം
കലരുന്ന കാറ്റേ വരുന്നതുള്ളു.
ഒരു മുഖമൂടി വെയ്ക്കാത്ത ചങ്ങാതിയെ-
യരികിലുമകലെയും കാണ്മതില്ല.
നിപുണരാം തസ്കരഘാതകന്മാരുടെ
നിഴലുകളെങ്ങുമനങ്ങിടുന്നു.
അലയുകയാണെന്റെയൊട്ടകമീ വഴി-
ക്കലഘുവാം ജീവിതഭാരമേന്തി.
കൊലവിളി കേൾക്കാതെ, കൊലനിലം കാണാതെ,
കലഹവിദൂരമാം വിൺപരപ്പിൽ
ഇരുൾ ചുഴന്നീടാതെ, കരളുഴന്നീടാതെ,
ദുരിതദുർഗന്ധം ശ്വസിച്ചിടാതെ,
അടിമയാക്കീടാതെ, യടിമയായീടാതെ-
യനുജന്റെ കണ്ണീർ കുടിച്ചിടാതെ
ഉലകിന്റെ സർഗകാലം മുതല്ക്കൊന്നിലു-
മുലയാതെ മേവുന്ന മോഹനാത്മൻ!
ഗഗനകൂടാരം തുറന്നു നീ നോക്കുകൊ-
ന്ന,കലെയെങ്ങാനും പ്രഭാതമുണ്ടോ?

നിരുപമസ്നേഹത്തിൻ ചിറ്റോളമോലുന്ന
നിറവെഴും പൊയ്കയെങ്ങാനുമുണ്ടോ?
തളരുമെന്നൊട്ടകത്തിന്നിളവേകുവാൻ
തഴമരുപ്പച്ചയില്ലെങ്ങുമെന്നോ!

## 6.17 പദബോധനം

| | | |
|---|---|---|
| താരം | - | നക്ഷത്രം |
| ചൊൽക | - | പറയുക |
| അരിമ | - | ഭംഗി |
| കോലുന്ന | - | വഹിക്കുന്ന |
| അരിമകോലുന്ന | - | ഭംഗിയുള്ള |
| ആനനം | - | മുഖം |
| അത്ഭുതം | - | അതിശയം |
| ഹർഷം | - | സന്തോഷം |
| കുളിര് | - | തണുപ്പ് |
| തരളമാം | - | തരളമായ |
| കാണ്മൂ | - | കാണുന്നു |
| മരുവ് | - | മരുഭൂമി |
| ഉലക് | - | ലോകം |
| വേർപ്പ് | - | വിയർപ്പ് |
| ഏലുക | - | എൽക്കുക/പുരളുക |
| അഴൽ | - | ദുഃഖം |
| വിസ്തരിക്കുക | - | വിവരിക്കുക |
| സ്മരണ | - | ഓർമ്മ |
| ഉടനീളമാർന്ന വഴികളിൽ | - | വഴികൾ മുഴുവനായും |
| പാർശ്വം | - | വശം |
| മുറവിളി | - | അലമുറയിട്ടുള്ള കരച്ചിൽ |
| തൃഷ്ണ | - | ആർത്തി |
| ആർദ്രത | - | അലിവ് |
| ചെറുകണിക | - | ചെറിയ ഒരു തുള്ളി |
| തെന്നൽ | - | ഇളംകാറ്റ് |
| കൊലനിലം | - | യുദ്ധഭൂമി |
| ചങ്ങാതി | - | കൂട്ടുകാരൻ |
| കാണ്മതില്ല | - | കാണുന്നില്ല |
| അരികിൽ | - | സമീപത്ത് |
| അകലെ | - | ദൂരെ |
| നിപുണൻ | - | സമർത്ഥൻ |
| തസ്കരൻ | - | കള്ളൻ |

| | | |
|---|---|---|
| ഘാതകൻ | - | കൊലയാളി |
| ലഘു | - | പ്രയാസമില്ലാത്ത/നിസ്സാരമായ |
| അലഘു | - | സാരമായ/പ്രയാസമുള്ള/ഭാരമേറിയ |
| വിണ്ണ് | - | ആകാശം |
| ദുർഗന്ധം | - | നാറ്റം |
| ദുരിതം | - | കഷ്ടപ്പാട് |
| ഗഗനം | - | ആകാശം |
| നിരുപമം | - | ഉപമിക്കാൻ സാധിക്കാത്ത |
| ചിറ്റോളം | - | ചെറിയ ഓളം |
| പൊയ്ക | - | തടാകം/കുളം |

## 6.18 ആശയസംഗ്രഹം

മുകളിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രമേ അകലെയെങ്ങാനും പ്രഭാത മുണ്ടോ എന്ന് പറയുക. സന്തോഷാധിക്യത്താൽ നിന്റെ ഭംഗിയുള്ള മുഖം എന്താണിങ്ങനെ വിരിയുന്നത്? എന്റെ ജീവൻ, കുളിര് കോരി യിടുന്ന നിന്നോടൊപ്പം കിടന്നിളകുകയാണ്. അല്ലയോ ഓമനേ തര ളമായ നിന്റെ കണ്ണിൽ ഞാൻ കാണുന്നത് ചിരിയാണോ അതോ തിളങ്ങുന്ന കണ്ണുനീരാണോ? പതിവായി ഇരുളിൽനിന്നും ഇരുളി ലേക്കും മരുഭൂമിയിൽനിന്നും മരഭൂമിയിലേക്കും പല യുഗമായി മനസ്സ് ചുറ്റിത്തിരിഞ്ഞലയുകയാണ്. ലോകത്തിലെ വിയർപ്പും പൊടി യുമൊന്നുമേല്ക്കാതെ മുകളിൽ നിൽക്കുന്ന നിനക്ക് അതിന്റെ ദുര ന്തദാഹം മനസ്സിലാവുകയില്ല. നീണ്ടുനീണ്ടു പോകുന്ന വഴികളി ലൂടെ കുഴഞ്ഞിടറുന്ന കാലുകളുമായി എന്റെ ഒട്ടകം നീങ്ങുന്നു. ഓർമ്മയിലെ പഴയകാലംപോലും ദുഃഖത്തിന്റെ കഥകൾ വിവരിക്കു കയാണ്. നാലുപാടും മുറവിളി മാത്രമാണ് കേൾക്കാനുള്ളത്. കുറ ച്ചുപേരുടെ ആർത്തി ശമിപ്പിക്കാനുള്ള കണ്ണീരിനായി പലരുടെ കണ്ണു കൾ കുത്തുന്നു. അതിനാൽ ആ ഉപ്പുരസം പുരണ്ട കണ്ണീർ കുടിക്കു കവഴി വീണ്ടും വീണ്ടും അവരുടെ തൊണ്ട വരളുകയാണ്. കരളിന്റെ സഞ്ചിയിൽ അലിവിന്റെ ചെറുതരിപോലുമില്ല. ഈ അവസ്ഥയിൽ മണവുമേന്തിവരുന്ന ഒരു ചെറുകാറ്റിന്റെ കുളിർമ്മ കൊതിച്ച് ഞങ്ങൾ എരിപൊരികൊള്ളുന്നു. ആ ഞങ്ങൾക്ക് കിട്ടുന്നതോ, യുദ്ധഭൂമി യിലെ ചോര നാറുന്ന കാറ്റുമാത്രവും. യഥാർത്ഥസ്നേഹം പേറുന്ന ഒരു ചങ്ങാതിയെ അടുത്തോ ദൂരത്തോ കാണാനാവുന്നില്ല. ചുറ്റു മുള്ള എല്ലാവരും പൊയ്മുഖമണിഞ്ഞവരായിരിക്കുന്നു. സമർത്ഥന്മാ രായ കള്ളന്മാരുടെയും കൊലയാളികളുടെയും നിഴലുകളാണ് എല്ലാ യിടത്തും. എന്റെ ഒട്ടകം പ്രയാസമേറിയ ജീവിതഭാരവും പേറി ഈ വഴിയിലൂടെ അലയുകയാണ്. ലോകമുണ്ടായ കാലം മുതൽ ഒന്നിലു മുലയാതെ സ്ഥിതിചെയ്യുന്ന മോഹനാത്മാവേ, അങ്ങ് കൊലവിളി കേൾക്കുന്നില്ല; കൊലനിലം കാണുന്നില്ല. കലഹങ്ങൾ ദൂരത്താ ക്കിയ വിൺപരപ്പിലാണ് അങ്ങ് വസിക്കുന്നത് അവിടെ ചൂഴ്ന്നു നില്ക്കുന്ന ഇരുളില്ല. ജീവിതത്തിന്റെ ദുർഗന്ധം ശ്വസിക്കേണ്ടതുമില്ല. അടിമയാവുകയോ ആരെയും അടിമയാക്കുകയോ ചെയ്യേണ്ടതില്ല.

അനുജന്റെ കണ്ണീർ കുടിക്കുകയും വേണ്ട. അതുകൊണ്ടുതന്നെ കരളിലെ വേദനയുടെ ഉഴറൽ അവിടേക്ക് അറിയില്ല. ഇങ്ങനെ സ്വസ്ഥനായി മുകളിൽ നില്ക്കുന്ന അങ്ങ് ആകാശമാകുന്ന കൂടാരം തുറന്ന് അകലെ എവിടെയെങ്കിലും പ്രഭാതമുണ്ടോ എന്ന് ഒന്ന് നോക്കുക. ഒന്നിനോടും ഉപമിക്കാനാവാത്ത ഉപാധികളില്ലാത്ത ശാശ്വത സ്നേഹം ഓളംതല്ലുന്ന നിറഞ്ഞ ജലാശയം എവിടെയെങ്കിലും ഉണ്ടോ എന്ന് ഒന്നു നോക്കുക. തളർന്നുപോകുന്ന എന്റെ ഒട്ടകത്തിന് ഒന്നു വിശ്രമിക്കുവാൻ ഒരു മരുപ്പച്ചപോലും എവിടെയും കാണുവാനില്ലയോ.

സിംബോളിസം അഥവാ സിംബലിസം എന്ന കാവ്യസങ്കേതത്തെ സമർത്ഥമായി ഉപയോഗിച്ചിരിക്കുന്ന ഒരു കവിതയാണിത്. സമ്പൂർണസ്വാതന്ത്ര്യമാണ് ഇവിടത്തെ പ്രഭാതം. ഭൂമിയിലെ പാരതന്ത്ര്യത്തിന്റെ കാഠിന്യം ആകാശത്ത് സ്വതന്ത്രമായി മിന്നിത്തിളങ്ങുന്ന നക്ഷത്രത്തിനറിയുകയില്ല. പൂർണസ്വാതന്ത്ര്യത്തിലേക്കുള്ള തന്റെ യാത്രയിൽ പാരതന്ത്ര്യത്തിന്റെ തിക്താനുഭവങ്ങളെ വിവരിക്കുന്ന ഓർമ്മകളാണ് തനിക്ക് കൂട്ട് എന്ന് കവി പരിതപിക്കുന്നു. ഒട്ടകത്തിന്റെ പുറത്തേറിയാണ് അയാളുടെ യാത്ര (ഒട്ടകത്തിന് ഇവിടെ സ്വാതന്ത്ര്യദാഹിയായ കവിമനസ്സ് എന്നും അർത്ഥം കല്പിക്കാം). തന്നെ നയിക്കുന്ന ആ ഒട്ടകത്തിന് കാൽ കുഴഞ്ഞ് ഇടറുന്ന കാൽവയ്പുകളാണിന്നുള്ളത് (മനസ്സ് നിരാശയാൽ ഇടറുന്നതായി മാറിയിരിക്കുന്നു). ചുറ്റിനുമുള്ള മുറവിളി പാരതന്ത്ര്യത്താൽ എരിഞ്ഞമരുന്ന ജനങ്ങളുടേതാണ്. കലാപഭൂമിയിൽ മുറവിളിയല്ലാതെ മറ്റൊന്നും കേൾക്കാൻ കഴിയുകയില്ലല്ലോ. സമൂഹത്തിലെ കുറച്ചുപേരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നിരവധിപേരെ ക്രൂരമായി പീഡിപ്പിക്കുന്നു. നിഷ്കരുണം കൊല്ലുകപോലും ചെയ്യുന്നു. എന്നിട്ടും അവരുടെ ആർത്തിയും സ്വാർത്ഥതയും കൂടുകയാണ് ചെയ്യുന്നത്. അലിവിന്റെ കണികപോലും അസ്തമിച്ച ഈ ലോകത്ത് സ്വാതന്ത്ര്യത്തിന്റെ കുളിർകാറ്റിനായാണ് ജനം എരിപൊരികൊള്ളുന്നത്. കള്ളനും കൊള്ളക്കാരനും പൊയ്മുഖമണിഞ്ഞവരുമാണ് ചുറ്റിനുമുള്ളത്. ബ്രിട്ടീഷുകാരിൽനിന്ന് സ്വാതന്ത്ര്യം ലഭിച്ചിട്ടും മതകലഹങ്ങളാൽ പൂർണസ്വാതന്ത്ര്യം ലഭിക്കാത്ത ഈ ഭൂമിയിലൂടെ എന്റെ ഒട്ടകം (ഞാൻ തന്നെ) അസഹനീയമായ ജീവിതഭാരവുമേന്തി നടക്കുന്നു. അനാദികാലം മുതൽ മുകളിലെ വിൺപരപ്പിൽ നില്ക്കുന്ന മോഹനാത്മാവേ നീ ആ ആകാശകൂടാരം തുറന്നു നോക്കുക. പൂർണസ്വാതന്ത്ര്യമെന്നത് ഞങ്ങൾക്ക്, ഈ ഭൂലോകവാസികൾക്ക്, വിദൂരപ്രതീക്ഷ മാത്രമാണോ. സ്നേഹവും വിശ്വാസവും ശാന്തിയും സമാധാനവും പൂർണസ്വാതന്ത്ര്യവും നിറഞ്ഞ ഒരു ജീവിതം ഈ കലുഷഭൂമിയിൽ നില്ക്കുന്ന ഞങ്ങൾക്ക് പ്രതീക്ഷിക്കാമോ? തളരുന്ന തന്റെ ഒട്ടകത്തിന് (തന്റെ മനസ്സിന്/ഒന്ന് വിശ്രമിക്കുവാൻ പൂർണസ്വാതന്ത്ര്യത്തിന്റെ പൊൻവെളിച്ചം വരികയില്ലേ എന്ന് കവി ആരായുന്നു. പാരതന്ത്ര്യത്തിന്റെ കലാപഭൂമിയിൽ നിരാശനായി നിൽക്കുന്ന കവി അതിവിദൂരമല്ലാത്ത ഭാവിയിൽ പൂർണസ്വാതന്ത്ര്യം കൈവരുമെന്ന് പ്രത്യാശിക്കുന്നു. അങ്ങനെയുണ്ടാകുമോ എന്ന് അദ്ദേഹം നിരന്തരം അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു.

## 6.19 കവിപരിചയം

ജി. ശങ്കരക്കുറുപ്പ് (1901–1978) : അങ്കമാലിക്കടുത്ത് നായത്തോടിൽ ജനനം. കവി, അധ്യാപകൻ, കേരളസാഹിത്യ അക്കാദമി പ്രസിഡന്റ്, രാജ്യസഭാംഗം എന്നീ നിലകളിൽ പ്രശസ്തൻ, വെളിച്ചത്തിലേക്ക് എന്നതായിരുന്നു കവിയുടെ ജീവിതദർശനം. ടാഗോറിന്റെ ഗീതാഞ്ജലിക്ക് മലയാളപരിഭാഷ രചിച്ചു. ഓടക്കുഴൽ എന്ന കവിതാസമാഹാരത്തിന് പ്രഥമ ജ്ഞാനപീഠം അവാർഡ് ലഭിക്കുകയുണ്ടായി. കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡ്, സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ്, പത്മഭൂഷൺ എന്നിങ്ങനെ നിരവധി ബഹുമതികൾ. പ്രധാനകൃതികൾ സാഹിത്യകൗതുകം (4 ഭാഗങ്ങൾ), ഓടക്കുഴൽ, പാഥേയം, അന്തർദാഹം, ചെങ്കതിരുകൾ, നിമിഷം, പഥികന്റെ പാട്ട്, വിശ്വദർശനം, മധുരം സൗമ്യം ദീപ്തം, ജീവനസംഗീതം, വനഗായകൻ, സൂര്യകാന്തി, പെരുന്തച്ചൻ, ചന്ദനക്കട്ടിൽ, ഒരു പുഴയും മൂന്നരുവിയും മുതലായവ.

## 6.20 പുരോഗതി സ്വയം പരിശോധിക്കുക

1. "അലയുകയാണെന്റെ ഒട്ടകമീവഴി" – വഴിയിൽ കവി അനുഭവിക്കുന്ന ദുരന്തക്കാഴ്ചകൾ സംഗ്രഹിക്കുക.
2. മുകളിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രലോകത്തിന്റെ ആകർഷണീയത എന്ത്?
3. നക്ഷത്രത്തിനോടുള്ള സാങ്കല്പിക സംഭാഷണത്തിലൂടെ കവി അർത്ഥമാക്കുന്നതെന്ത്?

## 6.21 വിഷയാവതരണവും പാഠഭാഗവും

മലയാളിയുടെ നാവിലെ രുചിമുകുളങ്ങളെ ഏറെ ഉത്തേജിപ്പിക്കുന്ന ഒന്നാണ് ഉപ്പ്. വെണ്മയുടെ പ്രതീകമായും സ്നേഹത്തിന്റെ ആധിക്യം സൂചിപ്പിക്കുന്നതിനായും പരിശ്രമത്തിന്റെ/അദ്ധ്വാനത്തിന്റെ പ്രതീകമായുമൊക്കെ മലയാളി ഉപ്പിനെ കൂട്ടുപിടിക്കുന്നു. 'ഉപ്പോളം വരുമോ ഉപ്പിലിട്ടത്' എന്ന ചൊല്ല് മലയാളിയുടെ ജീവിതത്തിൽ ഉപ്പിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. സ്വാതന്ത്ര്യത്തിന്റെ നാൾവഴികളിൽ ഗാന്ധിജി കുറുക്കിയ ഉപ്പ്, ഉപ്പിന്റെ രാഷ്ട്രീയമാനം വെളിവാക്കുന്നു. സോഡിയം ക്ലോറൈഡ് (NaCl2) എന്ന് രാസനാമം പേറുന്ന ഉപ്പ് കവിതയ്ക്കും വിഷയീഭവിക്കാം എന്നതിന് തെളിവാണ് ഒ.എൻ.വിയുടെ 'ഉപ്പ്' എന്ന ഈ കവിത.

## പാഠം 5 : ഉപ്പ്

പ്ലാവില കോട്ടിയ കുമ്പിളിൽ തുമ്പതൻ–
പൂവുപോലിത്തിരിയുപ്പുതരിയെടു–
ത്താവിപാറുന്ന പൊടിയരിക്കഞ്ഞിയിൽ
തൂവി പതുക്കെപ്പറയുന്നു മുത്തശ്ശി:
"ഉപ്പു ചേർത്താലേ രുചിയുള്ളൂ! കഞ്ഞിയിൽ
ഉപ്പുതരിവീണലിഞ്ഞു മറഞ്ഞുപോം–

മട്ടിലെന്നുണ്ണീ! നിൻ മുത്തശ്ശിയും നിന്ന-
നില്പിലൊരുനാൾ മറഞ്ഞുപോം! എങ്കിലും,
നിന്നിലെയുപ്പായിരിക്കുമേ മുത്തശ്ശി-
യെന്നും! എന്നുണ്ണിയെവിട്ടെങ്ങുപോകുവാൻ!...."

രണ്ട്

ചില്ലുപാത്രത്തിലിരുന്നു ചിരിക്കുന്നു
നല്ല കറിയുപ്പ് തീൻമേശമേൽ; കടൽ-
വെള്ളത്തിൽനിന്നും കറിയുപ്പു വാറ്റുന്നു-
വെന്ന വിജ്ഞാനപ്പനയോലയിൽ കൊത്തി
എന്റെ നാവിന്നുരംവായ്പിച്ചു പണ്ടു ഞാൻ!
പിന്നെയൊരുനാൾ കടൽ കണ്ടു ഞാൻ! വെറും
മണ്ണിൽ കിടന്നുരുളുന്ന, കാണാതായ
തൻ കുഞ്ഞിനെയോർത്തു നെഞ്ചു ചുരന്ന പാൽ
എങ്ങും നിലയ്ക്കാതൊഴുകിപ്പരന്നതിൽ
മുങ്ങിമരിക്കുന്നൊരമ്മയെക്കണ്ടു ഞാൻ!

## 6.22 പദബോധനം

| | | |
|---|---|---|
| കോട്ടുക | - | തവിയുടെ രൂപത്തിൽ കുത്തുക |
| കുമ്പിൾ | - | ഇല കോട്ടിയുണ്ടാക്കുന്ന തവി |
| തുമ്പ | - | ഒരു നാട്ടുപൂവ്/ ദ്രോണപുഷ്പി |
| വാറ്റുക | - | ഊറ്റുക/തെളിക്കുക |
| ഉരം | - | ഉറപ്പ്/ശക്തി |
| വായ്പിക്കുക | - | വർദ്ധിപ്പിക്കുക |
| ചുരക്കുക | - | ഊറുക/നിറയുക |

## 6.23 ആശയസംഗ്രഹം

പ്ലാവിലയാൽ കോട്ടിയ കുമ്പിളിൽ തുമ്പപ്പൂവുപോലെ വെളുത്ത ഉപ്പ് കോരിയെടുത്ത് ആവിപാറുന്ന പൊടിയരിക്കഞ്ഞിയിലിട്ടിളക്കി മുത്തശ്ശി ഇങ്ങനെ പറയുന്നു: "ഉണ്ണീ കഞ്ഞിയിലുപ്പുചേർത്താലേ അതിന് രുചി ഉണ്ടാവുകയുള്ളൂ. കഞ്ഞിയിൽ വീഴുന്ന ഉപ്പുതരികൾ അതിൽ അലിഞ്ഞുചേർന്ന് കാഴ്ചയിൽനിന്നു മറയുന്നു. ഇതു പോലെ നിന്ന നില്പിൽ ഒരുദിവസം മുത്തശ്ശിയും നിന്റെ കാഴ്ച യിൽനിന്ന് മറഞ്ഞുപോകും. എങ്കിലും എന്റുണ്ണിയെവിട്ട് ഞാൻ എങ്ങോട്ടാണ് പോവുക? അതിനാൽ എന്നും ഞാൻ (മുത്തശ്ശി) നിന്നിലെ (ഉണ്ണിയിലെ) ഉപ്പായിരിക്കും."

വളർന്നു കഴിഞ്ഞപ്പോൾ ഞാൻ കണ്ടത് ചില്ലുപാത്രത്തിൽ തീൻമേ ശമേൽ ഇരിക്കുന്ന കറിയുപ്പിനെയാണ്. കടൽവെള്ളം വറ്റിച്ചാണ് ഉപ്പു കുറുക്കുന്നതെന്ന ശാസ്ത്രസത്യം കൊത്തിവച്ച വിജ്ഞാനപ്പന യോല ഉരുവിട്ടു പഠിച്ചു ഞാൻ എന്റെ നാവിന്ന് ശക്തികൂട്ടി. പിന്നെ ഒരുനാൾ ഞാൻ കടൽ കണ്ടു. കാണാതായ കുഞ്ഞിനെ ഓർത്ത്

മണ്ണിൽ കിടന്നുരുളുന്ന, നെഞ്ചിൽനിന്നും പാൽ ചുരത്തി ആ പാൽപ്പതയെ നിലത്ത് നിലയ്ക്കാതെ ഒഴുകിപ്പരത്തിക്കൊണ്ട് അതിൽ മുങ്ങി മരിക്കുന്ന കടൽ എന്ന അമ്മയെ ഞാൻ കണ്ടു.

പ്ലാവിലയിൽ പച്ച ഈർക്കിൽ കോർത്ത് കുമ്പിളാക്കി ചൂടു പൊടിയരിക്കഞ്ഞി കുടിക്കുന്നത് ഒരുകാലത്ത് മലയാളിയുടെ ഭക്ഷണശീലത്തിന്റെ ഭാഗമായിരുന്നു. അവന്റെ രുചിശീലത്തിന്റെ ഒരു ഭാഗം തന്നെയായിരുന്നു ആ കഞ്ഞിയിൽ ചേർത്തിരുന്ന ഉപ്പും. സത്യത്തിന്റെയും നീതിയുടെയും വിശുദ്ധിയുടെയുമൊക്കെ പ്രതീകമായാണ് നാം വെളുത്ത നിറത്തെ കണക്കാക്കുന്നത്. വെളുത്ത തുമ്പപ്പൂപോലെ വെണ്മയാർന്ന ഉപ്പ് ആവിപറക്കുന്ന കഞ്ഞിയിൽ അലിഞ്ഞുചേർന്ന് അതിന് രുചിയേറ്റുന്നു. ഇവിടെ ഉത്കൃഷ്ടമായ മറ്റെന്തിനെയുംപോലെ സ്വയം അലിഞ്ഞു സ്വന്തം അസ്തിത്വം നഷ്ടപ്പെടുത്തി മറ്റൊന്നിനെ മഹത്തരമാക്കുകയാണ് ഉപ്പ്. അതുപോലെ ഒരുനാൾ പെട്ടെന്ന് മരിച്ച് മണ്ണടിയേണ്ടവളാണ് മുത്തശ്ശി. ഭൗതികമായി മരണത്തെ സ്വീകരിക്കുമ്പോഴും താൻ പകർന്നുനൽകിയ നന്മയും മറ്റു മൂല്യങ്ങളും പേരക്കിടാവിൽ നിലനില്ക്കുമെന്നതിനാൽ കഞ്ഞിയിൽ അലിഞ്ഞ് രുചിയെത്തിയ ഉപ്പിനെപ്പോലെ താനും അവന്റെ ജീവിതത്തിൽ അലിഞ്ഞുചേർന്നിരിക്കും എന്ന് മുത്തശ്ശി പറയുന്നു. അത്രമേൽ അവനെ സ്നേഹിക്കയാൽ  അവനെ വിട്ടുപോകാൻ തനിക്കാവില്ലെന്നും അവർ കൂട്ടിച്ചേർത്തു. താൻ പകർന്നുനൽകിയ ജീവിതപാഠങ്ങളും നന്മയുമൊക്കെ അവന്റെ ജീവിതത്തെ ഉത്കൃഷ്ടമാക്കും എന്നവർ വിശ്വസിക്കുന്നു. ജീവിതത്തിൽ ഒഴിവാക്കാനാവാത്ത ഒന്ന് എന്ന അർത്ഥത്തിലാണ് മുത്തശ്ശി ഇവിടെ ഉപ്പ് എന്ന വാക്ക് പ്രയോഗിക്കുന്നത്.

മാറിമാറി വരുന്ന ഭക്ഷണശീലങ്ങളിൽ, തീൻമേശയിലെ ചില്ലുപാത്രത്തിൽ സൂക്ഷിക്കുന്ന ഒരു വസ്തുവായി മാറി വെറും കറിയുപ്പ്. കടൽവെള്ളം വറ്റിച്ച് കുറുക്കിയെടുക്കുന്ന വെറുമൊരു രാസവസ്തു. വേണ്ടുന്നവർക്ക് തീൻമേശയിൽ അതെടുത്ത് വേണ്ടുന്ന അളവിൽ ഉപയോഗിക്കാം. മുത്തശ്ശി ഉപ്പിൽ കണ്ട ആത്മബന്ധമൊന്നും ഇന്നതിന് ഇല്ല. അതിശയമില്ല; മുത്തശ്ശിമാർ കുടുംബങ്ങളിൽനിന്ന് അന്യമാവുന്ന കാലഘട്ടത്തിലാണല്ലോ ഇന്നവൻ ജീവിക്കുന്നത്. ഉപ്പിനു വന്ന മാറ്റം ജീവിതത്തിലുടനീളം വന്നുകഴിഞ്ഞു; ബന്ധങ്ങളിൽപ്പോലും. ഉപ്പിന്റെ ജന്മരഹസ്യത്തെ അങ്ങനെ അവൻ വിജ്ഞാനപ്പനയോലയിൽ കൊത്തിവച്ചു. കടലാസിൽ എഴുതുന്നത് മാഞ്ഞുപോയേക്കാം. എന്നാൽ പനയോലയിൽ നാരായംകൊണ്ട് കൊത്തിവയ്ക്കുന്നത് ഒരിക്കലും മാഞ്ഞുപോകുന്നില്ല; അത് അഗ്നിക്കിരയാവുംവരെ. പണ്ടുകാലത്ത് പനയോലയിൽ കൊത്തിവച്ചാണ് അറിവുകൾ സൂക്ഷിച്ചിരുന്നത്. ഇവിടെ നായകൻ പനയോലയിലെ കേവലജ്ഞാനത്തെ ഉരുവിട്ടു പഠിച്ചു മനസ്സിൽ ആ അറിവിനെ ഉറപ്പിച്ചു. പിന്നെ ആ അറിവുകൾ തന്റെ വാക്കിന്റെ ശക്തി കൂട്ടിയെന്നും അയാൾ പറയുന്നു.

പിന്നൊരിക്കൽ അയാൾ കടൽ കണ്ടു. വെറുമൊരു ജലാശയം എന്ന നിലയിലായിരുന്നില്ല അവന്റെ കടൽക്കാഴ്ച. കാണാതായ തന്റെ

കുഞ്ഞിനെയോർത്ത് ഒരമ്മ മണ്ണിൽക്കിടന്നുരുളുന്നു. ആ കുഞ്ഞിനെയോർത്ത് അവൾ ചുരത്തുന്ന പാൽ എങ്ങും നില്ക്കാതെ ഒഴുകിപ്പരക്കുന്നു. അവളതിൽ മുങ്ങിമരിക്കുന്നു. ഉപ്പു കുറുക്കാനായി തന്നിൽനിന്ന് എടുത്തുകൊണ്ടുപോകുന്ന ജലമാണ് ആ കടലമ്മയുടെ കുഞ്ഞ്. അവ ഇനി തന്നിലേക്ക് തിരിച്ചുവരില്ല. കാണാതായ ആ കുഞ്ഞിനെയോർത്ത് അവൾ മണ്ണിൽക്കിടന്നുരുളുന്നതാണ് കടൽത്തീരത്തേക്ക് ഉരുണ്ടുരുണ്ടുവരുന്ന തിരമാലകൾ. ആ സമയത്ത് കുഞ്ഞിനെയോർത്ത് അവൾ ചുരത്തുന്ന മുലപ്പാലാണ് തീരത്തൊഴുകിപ്പരക്കുന്ന പാൽപ്പതപോലുള്ള തിരമാലകൾ. തിരയിറങ്ങി വീണ്ടും കടൽജലം കടലിലേക്കു പ്രവഹിക്കുമ്പോൾ കടലാകുന്ന ആ അമ്മ അതിൽ മുങ്ങിമരിക്കുകയാണ്. അതായിരുന്നു അയാളുടെ കടൽക്കാഴ്ച. ഒരുപക്ഷേ മുത്തശ്ശി പകർന്നുകൊടുത്ത നേരറിവുകളാവാം അയാളുടെ ഈ കടൽക്കാഴ്ചയ്ക്കുപിന്നിലെ ചാലകശക്തി.

## 6.24 കവിപരിചയം

ഒ.എൻ.വി.കുറുപ്പ് (1931 - 2016) : കൊല്ലംജില്ലയിലെ ചവറയിൽ ജനിച്ചു. അധ്യാപകൻ, കവി, സാമൂഹികസേവകൻ, കേരളകലാമണ്ഡലം ചെയർമാൻ, ഗാനരചയിതാവ് എന്നിങ്ങനെ അനവധി മേഖലകളിൽ പ്രശസ്തൻ. ജ്ഞാപീഠപുരസ്കാരം, കേന്ദ്ര/കേരള സാഹിത്യ അക്കാദമി അവാർഡുകൾ, എഴുത്തച്ഛൻ പുരസ്കാരം, ഉപ്പ് എന്ന കൃതിക്ക് വയലാർ അവാർഡ്, ഗാനരചയ്ക്ക് ദേശീയ/ സംസ്ഥാന അവാർഡുകൾ. മണ്ണിന്റെയും മനുഷ്യന്റെയും ജീവശക്തി ആവാഹിച്ചെടുത്ത് സ്വന്തം തൂലികയിലൂടെ അവതരിപ്പിച്ച് ജനസമ്മതിനേടിയ വിപ്ലവാശയനായ കവിയാണ് ഒ.എൻ.വി. എന്ന ത്ര്യക്ഷരത്തിൽ സുവിദിതനായ ഒ.എൻ.വേലുക്കുറുപ്പ്.

പ്രധാനകൃതികൾ : ഭൂമിക്കൊരു ചരമഗീതം, അഗ്നിശലഭങ്ങൾ, ഒരു തുള്ളി വെളിച്ചം, അക്ഷരം, മരുഭൂമി, ദാഹിക്കുന്നപാനപാത്രം, അപരാഹ്നം, മൃഗയാ, ഉജ്ജയിനി, സ്വയംവരം, ഭൈരവന്റെതുടി, മയിൽപ്പീലി, ശാർങ്ഗകപക്ഷികൾ, കവിതയിലെ ചില സമാന്തരരേഖകൾ, തോന്ന്യാക്ഷരങ്ങൾ.

## 6.25 പുരോഗതി സ്വയം പരിശോധിക്കുക.

1. മുത്തശ്ശിയുടെ വാക്കിലൂടെ കവി അർത്ഥമാക്കുന്നതെന്ത്?
2. “വിജ്ഞാനപ്പനയോലയിൽ കൊത്തി എന്റെ നാവിന്നുരം വായ്പിച്ചു” - എന്ന വരികളിലൂടെ കവി സൂചിപ്പിക്കുന്ന യാഥാർത്ഥ്യമെന്ത്?
3. കടൽകണ്ട കവിയുടെ അനുഭൂതിയും ഭാവനയും സ്വന്തം വാക്കുകളിൽ വ്യക്തമാക്കുക.

## 6.26 വിഷയാവതരണവും പാഠഭാഗവും

നാടുകളും വീടുകളും നഗരങ്ങളായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. സ്വന്തം നിലനില്പിനെ അപകടപ്പെടുത്തുന്ന തരത്തിലുള്ള

വികസനത്തിനുപിന്നാലെ പായുകയാണ് മനുഷ്യൻ. പരിസ്ഥിതിക്കു വിനാശം വരുത്തുന്ന, വനങ്ങളും പച്ചപ്പുമൊക്കെ നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള വികസനമുന്നേറ്റം ഈ ഭൂമിയെ മനുഷ്യവാസയോഗ്യമല്ലാതാക്കിത്തീർത്തേക്കാവുന്ന കാലം അതിവിദൂരമല്ല. ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ വാസം സാധ്യമല്ലെങ്കിൽ അതിന്റെ ഏക ഉത്തരവാദി മനുഷ്യസമൂഹംതന്നെയാണ്. പ്രകൃതി നൽകുന്ന പാഠങ്ങളിലൂടെ തിരിച്ചറിവു നേടി അവൻ തിരുത്താൻ തയാറാവും എന്ന പ്രത്യാശ പ്രദാനംചെയ്യുന്നൊരു കവിതയാണ് 'ഒരുപാട്ട് പിന്നെയും'. ഈ കവിതയിലെ, വെട്ടിയ കുറ്റിമേൽ ഒറ്റയ്ക്കിരുന്ന് വെട്ടിമാറ്റാത്ത ഒറ്റച്ചിറകിനാൽ താളമിട്ട് മനസ്സ് തെളിഞ്ഞു പാടുന്ന കാട്ടുപക്ഷി മനുഷ്യനെ ഇരുത്തി ചിന്തിപ്പിക്കാൻപോന്ന ഒരു ബിംബമാണ്; അവനെ പ്രചോദിപ്പിക്കാനും.

## പാഠം 6 : ഒരു പാട്ട് പിന്നെയും

"ഒരു പാട്ടു പിന്നെയും പാടിനോക്കുന്നിതാ
ചിറകൊടിഞ്ഞുള്ളൊരിക്കാട്ടുപക്ഷി!
മഴുതിന്ന മാമരക്കൊമ്പിൽ തനിച്ചിരു-
ന്നൊടിയാച്ചിറകു ചെറുതിളക്കി
നോവുമെന്നോർത്തോ? പതുക്കെയനങ്ങാതെ
പാവം പണിപ്പെട്ടു പാടിടുന്നു!
ഇടറുമിഗ്ഗാനമൊന്നേറ്റു പാടാൻ കൂടെ-
യിണയില്ല കൂട്ടിന്നു കിളികളില്ല
പതിവുപോൽ കൊത്തിപ്പിരിഞ്ഞുപോയ് മെയ്ച്ചൂടി-
ലടവെച്ചുണർത്തിയ കൊച്ചുമക്കൾ
ആർക്കുമല്ലാതെ, വെളിച്ചവും ഗാനവും
കാറ്റും മനസ്സിൽ കുടിയിരുത്തി
വരവായൊരന്തിയെക്കണ്ണാലുഴിഞ്ഞുകൊ-
ണ്ടൊരുകൊച്ചുരാപ്പൂവുണർന്ന നേരം
ഒരുപാട്ടുകൂടിപ്പതുക്കെ മൂളുന്നിതാ
ചിറകൊടിഞ്ഞുള്ളൊരിക്കാട്ടുപക്ഷി!
ഇരുളിൽതിളങ്ങുമിപ്പാട്ടു കേൾക്കാൻ കൂടെ
മരമുണ്ടു മഴയുണ്ടു കുളിരുമുണ്ട്!
നിഴലുണ്ടു പുഴയുണ്ടു, തലയാട്ടുവാൻ താഴെ
വഴിമരച്ചോട്ടിലെപ്പുല്ലുമുണ്ട്!...
ആരുമില്ലെങ്കിലെന്തായിരം കൊമ്പത്തു
താരുകളുണ്ടു താരങ്ങളുണ്ട്!
അപ്പാട്ടിലാഹ്ലാദത്തേനുണ്ട്, കനിവെഴും
സ്വപ്നങ്ങളുണ്ട്, കണ്ണീരുമുണ്ട്!...
ഒരു പാട്ടു പിന്നെയും പാടവേ തൻ കൊച്ചു
ചിറകിന്റെ നോവു മറന്നുപോകെ

ഇനിയും പറക്കില്ലയെന്നതോർക്കാതെയാ
വിരിവാനമുള്ളാൽ പുണർന്നുകൊണ്ടേ
വെട്ടിയ കുറ്റിമേൽ ചാഞ്ഞിരുന്നാർദ്രമായ്
ഒറ്റച്ചിറകിന്റെ താളമോടെ
ഒരുപാട്ടുവീണ്ടും തെളിഞ്ഞു പാടുന്നിതാ
ചിറകൊടിഞ്ഞുള്ളൊരിക്കാട്ടുപക്ഷി!...

## 6.27 പദബോധനം

| | | |
|---|---|---|
| പിന്നെയും | - | വീണ്ടും |
| മാമരം | - | വലിയമരം |
| മഴു | - | മരംമുറിക്കാനുള്ള ആയുധം (കോടാലി) |
| തനിച്ച് | - | ഒറ്റയ്ക്ക് |
| കൊമ്പ് | - | ശിഖരം |
| ഇളക്കുക | - | അനക്കുക |
| ഇടറുക | - | പതറുക |
| ഏറ്റുപാടുക | - | കൂടെപ്പാടുക |
| ഇണ | - | ജോഡി |
| പതിവ് | - | എപ്പോഴത്തെയും പോലെ |
| മെയ് | - | ശരീരം |
| ചൂട് | - | താപം |
| മെയ്ച്ചൂട് | - | ശരീരോഷ്മാവ് |
| അടവയ്ക്കുക | - | മുട്ടവിരിയിച്ച് കുഞ്ഞുങ്ങളെ പുറത്തു കൊണ്ടുവരുന്ന പ്രക്രിയ |
| ഗാനം | - | പാട്ട് |
| കുടിയിരുത്തുക | - | പ്രതിഷ്ഠിക്കുക |
| അന്തി | - | സന്ധ്യ |
| കൊച്ച് | - | ചെറുത് |
| രാപ്പൂവ് | - | രാത്രി വിടരുന്ന പൂവ് |
| പൂവുണർന്ന | - | പൂവിരിഞ്ഞ/പൂവ് വിടർന്ന |
| പതുക്കെ മൂളുക | - | ശബ്ദം താഴ്ത്തി മൂളുക |
| താര് | - | പൂമൊട്ട് |
| താരം | - | നക്ഷത്രം |
| ആഹ്ലാദം | - | സന്തോഷം |
| കനിവ് | - | അലിവ്/ദയ |
| നോവ് | - | വേദന |
| ഓർക്കാതെ | - | ഓർമ്മിക്കാതെ |
| വാനം | - | ആകാശം |
| വിരിമാനം | - | വിസ്തൃതമായ ആകാശം |
| ഉള്ള് | - | മനസ്സ് |

പുണരുക - ആലിംഗനം ചെയ്യുക

ആർദ്രമായി - അലിവോടെ

## 6.28 ആശയസംഗ്രഹം

ചിറകൊടിഞ്ഞ ഒരു കാട്ടുപക്ഷി തന്റെ ഒടിയാത്ത ചിറക് ചെറുതായി ഇളക്കിക്കൊണ്ട്, ഒടിയാത്ത ചിറകിന്റെ മുറിവ് നോവിക്കുമെന്നോർത്ത്, അനങ്ങാതെ, പതുക്കെ വലിയ മരത്തിന്റെ കോടാലിക്കയ്യിനാൽ മുറിവേറ്റ കൊമ്പിലിരുന്ന്, പണിപ്പെട്ട് പിന്നെയും ഒരു പാട്ട് പാടിനോക്കുകയാണ്. ഇടറുന്ന ആ ഗാനം ഒന്നേറ്റുപാടാൻ അവളുടെ കൂടെ ഇണയോ കൂട്ടുകാരായ മറ്റു കിളികളോ ഇല്ല. സ്നേഹത്തിന്റെ ചൂടിൽ അടവച്ചു വിരിയിച്ച കൊച്ചുമക്കൾ പതിവുപോലെ കൊത്തിപ്പിരിഞ്ഞുപോയി. ആർക്കുവേണ്ടിയുമല്ലാതെ വെളിച്ചത്തെയും ഗാനത്തെയും കാറ്റിനെയും മനസ്സിൽ കുടിയിരുത്തി വന്നുകൊണ്ടിരിക്കുന്ന സന്ധ്യാനേരത്തിനെ നോക്കിക്കൊണ്ട് ഒരു കൊച്ച് രാപ്പൂവിടർന്ന സന്ധ്യാവേളയിൽ ഒരു പാട്ടുകൂടി അവളിതാ പതുക്കെ മൂളുന്നു.

അവൾ പാടുന്ന ആ പാട്ട് ഇരുളിൽ തിളങ്ങുന്നു. അതുകേൾക്കാൻ മരവും മഴയും കുളിരും നിഴലും പുഴയുമൊക്കെയുണ്ട്. ആ പാട്ട് കേട്ട് തലയാട്ടുവാൻ വഴിമരച്ചോട്ടിലെപ്പുല്ലുണ്ട്. ഇനി ആരുമില്ലെങ്കിൽത്തന്നെ എന്താണ്? ആയിരം കൊമ്പുകളിലെ പൂമൊട്ടുകളുണ്ട്. കൂടാതെ ആകാശത്ത് താരങ്ങളുമുണ്ട്. അവളുടെ ആ പാട്ടിൽ ആഹ്ലാദത്തേനുണ്ട്. കനിവെഴുന്ന സ്വപ്നങ്ങളുണ്ട്; ഒപ്പം കണ്ണുനീരും. ഒരു പാട്ടു പിന്നെയും പാടുമ്പോൾ അവളുടെ കൊച്ചു ചിറകിന്റെ നോവ് അവൾ മറന്നുപോകുന്നു. തനിക്കിനി പറക്കാൻ കഴിയില്ലെന്നത് അവൾ മറന്നുപോകുന്നു. അതിനാൽ അവൾ മുകളിൽ കാണുന്ന വിശാലമായ ആകാശത്തെ ഉള്ളുകൊണ്ട് പുണരുന്നു. എന്നിട്ട് വെട്ടിമാറ്റിയ കുറ്റിയുടെ മേൽ ചാഞ്ഞിരുന്നുകൊണ്ട് ചിറകൊടിഞ്ഞ ആ കാട്ടുപക്ഷി തന്റെ ഒടിയാത്ത ചിറകിനാൽ താളമിട്ടുകൊണ്ട് ഒരു പാട്ട് വീണ്ടും തെളിഞ്ഞുപാടുന്നു.

സുഗതകുമാരിയുടെ പരിസ്ഥിതിക്കവിതകളിലൊന്നാണ് 'ഒരു പാട്ട് പിന്നെയും'. കാടും മേടും കാട്ടുമരങ്ങളും നാട്ടുചോലകളും വെട്ടിനശിപ്പിക്കുന്ന ക്രൂരമായ പരിസ്ഥിതിവിനാശമാണ് ഈ കവിതയുടെ ഇതിവൃത്തം. പക്ഷെ ഈ കൊടിയ വിനാശത്തിലും പ്രത്യാശയുടെ കിരണങ്ങൾ അസ്തമിച്ചിട്ടില്ലെന്ന് കവയിത്രി നമ്മെ ഓർമ്മിപ്പിക്കുന്നു. ഇവിടെ പിന്നെയും പിന്നെയും പാടിനോക്കുന്ന ചിറകൊടിഞ്ഞ ആ കാട്ടുപക്ഷി പ്രകൃതിയുടെ ഓരോ പരുക്കുകളും തന്റെ നെഞ്ചിലേറ്റുവാങ്ങി പരിതപിക്കുന്ന ആ പാവം മാനവഹൃദയം പേറുന്ന കവയിത്രിതന്നെയാണ്. ആർക്കുവേണ്ടിയുമല്ലാതെ മനസ്സിൽ ഗാനവും കാറ്റും വെളിച്ചവും നിറച്ച കവയിത്രി പാടുന്നു/എഴുതുന്നു. ആ കിളിയുടെ പാട്ടുകേൾക്കാൻ മരവും മഴയും കുളിരും നിഴലും പുഴയും പുല്ലും താരുകളും താരങ്ങളും ചേർന്ന പ്രകൃതി കാതോർത്തു നില്ക്കുന്നു. ആ പാട്ടിൽ തന്റെ ഒരു ചിറക് നഷ്ടപ്പെട്ടില്ലല്ലോ എന്ന ആഹ്ലാദവും ഭാവിയുടെ സ്വപ്നത്തിന്റെ കനിവുമുണ്ട്. ഒപ്പം പ്രകൃതി

ചൂഷണത്തെയോർത്ത്, വനനശീകരണത്തെയോർത്തുള്ള വേദന യുടെ കണ്ണീരുമുണ്ട്. എന്നിട്ടും വീണ്ടുമവൾ പാടുന്നു. ആ പാട്ടിൽ തന്റെ നഷ്ടമായ ചിറകിന്റെ വേദന അവൾ മറന്നുപോകുന്നു. ആ വേദന മറക്കാനുള്ള ശ്രമമാണ് അവളുടെ പാട്ട്. ഇല്ലാത്തതിനെക്കുറി ച്ചോർത്ത് വിലപിക്കാതെ ഉള്ളതിനെയോർത്ത് സന്തോഷിക്കുകയും അഭിമാനിക്കുകയുമാണവൾ. ഇനിയും പറക്കാൻ തനിക്കു കഴിയില്ലെ ന്നതു മറന്ന് താൻ പറന്നുനടന്ന അനന്തമായ ആകാശത്തെ ഉള്ളാൽ പുണർന്ന് മനസ്സുതെളിഞ്ഞ് അവൾ ഒറ്റച്ചിറകിന്റെ താള ത്തിൽ വെട്ടിയ കുറ്റിമേൽ ഇരുന്ന് പ്രത്യാശയുടെ പാട്ടുപാടുകയത്രേ. ഇവിടെ മഴുതിന്ന മാമരക്കൊമ്പും വെട്ടിയ കുറ്റിയും പക്ഷിയുടെ ഒടിഞ്ഞ ചിറകും പകർന്നു നൽകുന്ന കല്പനകളുടെ അർത്ഥ വ്യാപ്തി പരിസ്ഥിതിവിനാശത്തിന്റെ ഭീകരത വെളിപ്പെടുത്തുന്നു.

## 6.29 കവിപരിചയം

സുഗതകുമാരി : പ്രസിദ്ധ കവി ബോധേശ്വരന്റെ മകൾ. 1934 ജനുവ രിയിൽ ആറന്മുളയിൽ ജനിച്ചു. കവയിത്രി, പരിസ്ഥിതിപ്രവർത്തക, സാമൂഹികപ്രവർത്തക എന്നീ നിലകളിൽ പ്രശസ്ത. പ്രകൃതി യോടും ജീവജാലങ്ങളോടുമുള്ള സ്നേഹവും അനുകമ്പയും ആ ജീവാത്മാവിന്റെ അംശമാണ്. കേന്ദ്ര/കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് എന്നിവ ഉൾപ്പെടെ നിരവധി പുര സ്കാരങ്ങൾ നേടിയിട്ടുണ്ട്.

പ്രധാനകൃതികൾ : പാതിരാപ്പൂക്കൾ, മുത്തുച്ചിപ്പി, ഇരുൾച്ചിറകുകൾ, പാവം മാനവഹൃദയം, അമ്പലമണി, തുലാവർഷപ്പച്ച, രാത്രിമഴ, രാധയെവിടെ, കൃഷ്ണ കവിതകൾ, കാവുതീണ്ടല്ലേ, ദേവദാസി തുട ങ്ങിയവ.

## 6.30 പുരോഗതി സ്വയം പരിശോധിക്കുക

1. ഒരുപാട്ടുപാടാൻ ശ്രമിക്കുന്ന പക്ഷിയുടെ അവസ്ഥ സ്വന്തം വാക്കുകളിൽ വിവരിക്കുക.
2. പക്ഷിയുടെ പാട്ട് കേൾക്കുന്നവർ ആരൊക്കെയാണ്?
3. ഈ കവിതയിലെ 'പക്ഷി' പരിസ്ഥിതിവിനാശത്തിന്റെ ദുരന്തഫലങ്ങളെ വിളിച്ചറിയിക്കുന്ന പ്രതീകമാണ് - പരിശോധിക്കുക.

## 6.31 വിഷയാവതരണവും പാഠഭാഗവും

ആധുനിക വാർത്താവിനിമയമാധ്യമങ്ങളിൽ പുതുതലമുറയ്ക്ക് ഒഴി വാക്കാൻ പറ്റാത്ത ഒരു ഇലക്ട്രോണിക് മാധ്യമമായി മൊബൈൽഫോൺ മാറിയിരിക്കുന്നു. നിമിഷവേഗത്തിൽ വൻകര കൾ താണ്ടി വിവരങ്ങൾ കൈമാറുന്ന ഈ ഇലക്ട്രോണിക് യന്ത്രം മനസ്സുകൾ തമ്മിലുള്ള അകലത്തെ കുറയ്ക്കുന്നു; ബന്ധങ്ങൾ ഊട്ടി യുറപ്പിക്കുന്നു. എന്തിനേറെ, സാധാരണ ഒരു മനുഷ്യന്റെ ജീവിതം ചിട്ടപ്പെടുത്തുന്നതുതന്നെ ഇന്ന് കൈവെള്ളയിലിരിക്കുന്ന മൊബൈ

ലിന്റെ റിംഗ്ടോണുകൾക്കനുസരിച്ചാണ്. നിഷേധിക്കാനാവാത്ത ഒരു അടിമത്തം മൊബൈൽഫോണിനോട് നമുക്കുണ്ടായിക്കഴിഞ്ഞു. ഏതൊരു വസ്തുതയ്ക്കും നല്ലതും ചീത്തയുമായ രണ്ട് വശങ്ങൾ കണ്ടെത്താൻ കഴിയുന്നു. മൊബൈൽഫോണും ഇതിൽനിന്നു ഭിന്ന മല്ല. മലയാളിയുടെ സന്തതസഹചാരിയായി മാറിയ മൊബൈലിന്റെ ദോഷവശങ്ങളെക്കുറിച്ചാണ് റഫീക്ക് അഹമ്മദിന്റെ ഈ കവിത നമ്മോട് സംവദിക്കുന്നത്.

## പാഠം 7 : മൊബൈൽ ഫോൺ

കാതിലിങ്ങനെ ചേർത്താൽ
കാഞ്ഞുപോയിടാമത്രെ
കാലാന്തരത്തിൽ തല-
ച്ചോറിന്റെയടുക്കുകൾ
നെഞ്ചത്തെ കീശ്യ്ക്കുള്ളിൽ
തഞ്ചത്തിലിട്ടെന്നാലും
ചഞ്ചലമായിത്തീരും
ചങ്കിലെ മിടിപ്പുകൾ
അരയിൽ തിരുകിയാൽ
കുറയും ജീവശ്ശക്തി
പിറകിൽ വെച്ചാൽ കത്തി-
ക്കരിയും പാവം കിഡ്നി.
എവിടെ സൂക്ഷിച്ചാലു-
മാഴത്തിലെത്തിച്ചേർന്നു
മെല്ലവെ ദ്രവിപ്പിക്കു-
മുള്ളറയോരോന്നായി
എങ്കിലുമുടലിൽനി-
ന്നിതു ഞാൻ മാറ്റുന്നീല
എനിക്കു നിന്നോടുള്ള
മാരകപ്രണയംപോൽ

## 6.32 പദബോധനം

| | | |
|---|---|---|
| കാത് | - | ചെവി |
| കാഞ്ഞുപോവുക | - | നശിച്ചുപോവുക |
| കാലാന്തരം | - | കുറെ കാലങ്ങൾക്കുശേഷം |
| കീശ | - | പോക്കറ്റ് |
| ചങ്ക് | - | ഹൃദയം |
| ചഞ്ചലം | - | ക്രമംതെറ്റൽ |
| ജീവശ്ശക്തി | - | പ്രത്യുല്പാദനശേഷി |
| തഞ്ചത്തിൽ | - | സൂത്രത്തിൽ |
| ആഴം | - | താഴ്ച/ഉള്ളിലേക്ക് |

| | | |
|---|---|---|
| ഉള്ളറ | - | അകത്തെ അറ |
| ഉടൽ | - | ശരീരം |
| മാരകം | - | മരിപ്പിക്കുന്നത് |

## 6.33 ആശയസംഗ്രഹം

കാതിൽ ചേർത്തുപിടിച്ച് ഏറെനേരം സംസാരിച്ചാൽ നമ്മൾപോലുമറിയാതെ നമ്മുടെ തലച്ചോറിലെ കോശങ്ങൾ നശിച്ചുപോയേക്കാം.

ഇനി നെഞ്ചിലെ പോക്കറ്റിനുള്ളിൽ (ഷർട്ടിലെ പോക്കറ്റ്) സൂത്രത്തിൽ സൂക്ഷിച്ചുവച്ചാൽ ഹൃദയമിടിപ്പിന്റെ താളം തെറ്റിയേക്കാം.

അപ്പോൾ അരയിലെ പോക്കറ്റിൽ (പാന്റിന്റെ പോക്കറ്റിൽ) തിരുകി സൂക്ഷിച്ചാൽ അത് പ്രത്യുല്പാദനശേഷിയെ കുറച്ചേക്കാം.

ഇനി ഇപ്പോൾ പുറകിലെ പോക്കറ്റിൽ വച്ചാലോ അത് കിഡ്നിയുടെ പ്രവർത്തനത്തെയാകും തകരാറിലാക്കുന്നത്. എവിടെ സൂക്ഷിച്ചാലും മൊബൈൽ ഫോണിന്റെ റേഡിയേഷൻ ഉള്ളിലേക്കിറങ്ങിച്ചെന്ന് അവിടവുമായി ബന്ധപ്പെട്ട അവയവങ്ങളെ പതിയെപ്പതിയെ പ്രവർത്തനരഹിതമാക്കും. ഈ ദോഷങ്ങളൊക്കെ എനിക്കറിയാം എന്നാലും ഞാനിതിനെ കൈവശം സൂക്ഷിക്കുന്നു. എനിക്ക് നിന്നോടുള്ള മാരകപ്രണയം മാറ്റാൻ കഴിയാത്തതുപോലെ അതിനെ എന്റെ ഉടലിൽനിന്ന് എനിക്ക് മാറ്റാൻ കഴിയുന്നില്ല.

(മൊബൈലിന്റെ അമിതോപയോഗം ആയുസ്സിനും ആരോഗ്യത്തിനും ദോഷകരമാണെന്ന് ഉപയോഗിക്കുന്നവർക്ക് അറിയാം. എന്നിട്ടും അവനത് ഉടലിന്റെ ഭാഗമായി കൊണ്ടുനടക്കുന്നു. അതിന് അടിമപ്പെട്ടതായി മാറിയിരിക്കുന്നു അവന്റെ ജീവിതം. അതിൽനിന്ന് പുറത്തുകടക്കാനാവുന്നില്ല. പ്രണയത്തിന്റെ മാസ്മരികതയിലകപ്പെടുന്നവർ അതിലെ ചതിക്കുഴികളെ കാണാറില്ല. വരുംവരായ്കകളെക്കുറിച്ച് ഓർക്കാറില്ല. പ്രണയം ജീവനെയും ജീവിതത്തെയും അപകടപ്പെടുത്തും എന്ന തിരിച്ചറിവ് ലഭിച്ചാലും തന്റെ പ്രണയത്തെ ഉപേക്ഷിക്കാൻ കാമുകീകാമുകന്മാർ സാധാരണ ശ്രമിക്കാറില്ല. പ്രണയം ഉപേക്ഷിക്കാനാവാത്ത മാസ്മരികവലയത്തിലകപ്പെടുത്തുന്നതുപോലെ ഇവിടെ മൊബൈലിന്റെ ഉപഭോഗസംസ്കാരത്തിലകപ്പെട്ട നായകന്/നായികയ്ക്ക് അതിൽനിന്ന് മോചനമില്ല. മൊബൈൽഫോണിന്റെ ഉപയോഗം ഒരു ഊരാക്കുരുക്കായി നമ്മെ കീഴ്പ്പെടുത്തിക്കഴിഞ്ഞു എന്ന തിരിച്ചറിവാണ് ഈ കവിത വായനക്കാരന് നൽകുന്നത്.

## 6.34 കവിപരിചയം

മലയാളസാഹിത്യത്തിലും സിനിമയിലും നിറഞ്ഞുനിൽക്കുന്ന വ്യക്തിത്വമാണ് റഫീക്ക് അഹമ്മദ്. 1961-ൽ തൃശൂരിൽ ജനിച്ചു. കേരളസാഹിത്യ അക്കാദമി അവാർഡ്, ചലച്ചിത്രഗാനരചനയ്ക്കുള്ള സംസ്ഥാന അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. പലപ്പോഴും സമൂഹത്തിലേക്കുറ്റുനോക്കുന്ന സൂക്ഷ്മദർശിനിയായി മാറുന്നു ആ കവിമനസ്സ്. കാഴ്ചയുടെ അടക്കങ്ങളാണ് അദ്ദേഹത്തിന്റെ കവിതയുടെ ശക്തി.

മലയാളത്തിന്റെ കാവ്യപാരമ്പര്യത്തെ പാടേ നിഷേധിക്കാതെ പുതിയ ജീവിതാനുഭവങ്ങൾക്ക് കാവ്യാത്മകമായ രേഖാസാക്ഷ്യം അവതരിപ്പിക്കുകയാണ് റഫീക്ക്.

പ്രധാന കൃതികൾ : പാറയിൽ പണിഞ്ഞത്, ആൾമറ, ഗ്രാമവൃക്ഷത്തിലെ വവ്വാൽ, തോരാമഴ, അഴുക്കില്ലം, ശിവകാമി, ശീട്ടുകളിക്കാർ, സത്യവാങ്മൂലം, റഫീക്ക് അഹമ്മദിന്റെ കവിതകൾ.

## 6.35 പുരോഗതി സ്വയം പരിശോധിക്കുക

1. മൊബൈലിൽ കവി കാണുന്ന ദൂഷ്യഫലങ്ങളെന്തെല്ലാം?

2. പ്രണയവും മൊബൈൽ ഫോണും ജീവിതത്തെ അപകടപ്പെടുത്തുന്ന ആകർഷണീയതയുള്ളവയാണെന്ന് കവി സമർത്ഥിക്കുന്നതെങ്ങനെ?

3. മൊബൈൽ ഫോൺ എന്ന കവിതയിലെ 'ആധുനികത' വിശദമാക്കുക.

ignou
THE PEOPLE'S
UNIVERSITY

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് – 7
# ചെറുകഥ

**ഉള്ളടക്കം**

7.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
7.1 വിഷയാവതരണവും പാഠഭാഗവും

**പാഠം 1 – തഹസിൽദാരുടെ അച്ഛൻ**
7.2 പദാർത്ഥബോധനം
7.3 പാഠസംഗ്രഹം
7.4 പുരോഗതി സ്വയം പരിശോധിക്കുക
7.5 വിഷയാവതരണവും പാഠഭാഗവും

**പാഠം 2 – കോലാട്**
7.6 പദാർത്ഥബോധനം
7.7 പാഠസംഗ്രഹം
7.8 പുരോഗതി സ്വയം പരിശോധിക്കുക
7.9 വിഷയാവതരണവും പാഠഭാഗവും

**പാഠം 3 – പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി**
7.10 പദാർത്ഥബോധനം
7.11 പാഠസംഗ്രഹം
7.12 പുരോഗതി സ്വയം പരിശോധിക്കുക

## 7.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

ആധുനികകാലത്തിന്റെ സാഹിത്യരൂപമാണ് ചെറുകഥ. ബാഹ്യമോ ആന്തരമോ ആയ ഒരൊറ്റ സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാവനാസൃഷ്ടി എന്ന സോമർസെറ്റ്മോമും ഒരാൾമാറ്റങ്ങളോടു ചെയ്യുന്നനാതീദീർഘമായ സംവാദം എന്ന് വില്യം നാരോയനും ചെറുകഥയെ നിർവചിച്ചിട്ടുണ്ട്. വ്യവസായവത്കരണത്തന്റെയും നഗരവത്കരണത്തിന്റെയും സഞ്ചാരങ്ങളുടെയും കാലത്ത് വായിക്കപ്പെടാവുന്നതാണ് കഥയുടെ ഘടന. ഒരു എപ്പിസോഡ് പോലെ അര മണിക്കൂർ നീളുന്ന വായനാകാലമാണ് കഥയ്ക്കുള്ളത് എന്നു ലളിതമായി പറയാം. മൃഗകഥകൾ, സാരോപദേശകഥകൾ, അത്ഭുതകഥകൾ, കെട്ടുകഥകൾ, പക്ഷിക്കഥകൾ, ദൃഷ്ടാന്തകഥകൾ, പഞ്ചതന്ത്രം കഥകൾ, ഈസോപ്പുകഥകൾ എന്നിവയിലെക്കെ ചെറുകഥയുടെ പ്രാഗ്രൂപം കാണാം. ഒർത്ഥത്തിൽ കഥ പറയുകയും കേൾക്കുകയും മനുശ്യന്റെ ഭാഷാവ്യാവഹാരത്തോളം പഴക്കമുള്ളതാണ്. 'കഥതന്നെ ജിവീതം' എന്ന വിചാരത്തിൽ നിന്നാണ് 'കഥയില്ലാത്തവർ' 'കഥ കഴിഞ്ഞു' എന്നീ ശൈലികൾ പോലും രൂപപ്പെട്ടത്. ആയിരത്തൊന്നു രാവുകൾ കഥ പറഞ്ഞ അറേബ്യൻ രാവുകളിലെ ഷെഹർസാദ എന്ന പെൺകുട്ടി കഥ കൊണ്ട് മരണത്തെ തോല്പിച്ചവളാണ് എന്നു പറയാം.

ഭാവഗീതത്തിന്റെ സാന്ദ്രത/മുറുക്കം ആണ് കഥകളുടെ ശക്തിയും സൗന്ദര്യവും. എന്നാൽ പുതിയകാലത്ത് കഥ കരകൗശലത്തിന്റെ

വ്യത്യസ്തമാതൃകകൾ കാട്ടിത്തരുന്നുണ്ട്. കഥാകാരനെ വായിക്കുന്ന തിൽനിന്ന് മാറ്റി കഥയെ വായിക്കുക, കഥയെയും കഥാകാരനെയും ചേർത്ത് വായിക്കുക എന്നിങ്ങനെ വ്യത്യസ്തമായ കഥാരചനാവഴി കൾ ഉള്ളതുപോലെ വ്യത്യസ്തതയാർന്ന കഥാവായനാസങ്കേതങ്ങ ളുമുണ്ട്. 'ഒരിക്കലും കാഥികനെ വിശ്വസിക്കരുത്' കഥയെ വിശ്വസി ക്കുക' എന്ന് പറഞ്ഞ ഡി.എച്ച്.ലോറൻസ് കഥയുടെ സ്വയം പര്യാ പ്തതയെക്കുറിച്ചാണ് പറയുന്നത്.

എന്നാലും അതാത് കാലത്തിന്റെ സാമൂഹ്യസാംസ്കാരിക സന്ദേഹ ങ്ങൾ കഥകളിൽ കാണാം. പൊന്തക്കാട്ടിൽനിന്ന് പുറത്തേക്കു തല നീട്ടുന്ന പൂമൊട്ടുകളെപ്പോലുള്ള പ്രമേയങ്ങളെയാണ് കഥാകാരന്മാർ കഥയ്ക്ക് വിഷയമാക്കുന്നത്. 'കാഥികന്റെ പണിപ്പുര' എന്ന കൃതി യിൽ കഥയും ജീവിതവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എം. ടി. പലവുരു പറഞ്ഞിട്ടുണ്ട്. 'അലസതയും ആതിഥ്യം സ്വീകരിക്കലുമാ ണ്' കസേരയിൽ വളഞ്ഞൊടിഞ്ഞു കിടക്കുമ്പോൾ' ഉദിക്കുന്ന ഒരാ ശയത്തെ കഥയാക്കി രൂപപ്പെടുത്തുന്നതിനുപിന്നിൽ ധ്യാനമനനങ്ങ ളുടെ വലിയൊരു മുന്നൊരുക്കം ഉണ്ട്. ഭാഷയും മൗനവും ഒരു പോലെ കഥയുടെ അർത്ഥവാഹകരാകുന്നു.

പതിനായിരം വാക്കുകളിൽ കവിയാത്ത ഗദ്യഖണ്ഡമാണ് ചെറുകഥ എന്ന തച്ചുശാസ്ത്ര നിർവചനം നിലനിൽക്കുമ്പോൾതന്നെ ചെറുതാ കുന്തോറും കഥയിൽ ജീവിതം കൂടുതൽ സാന്ദ്രത തേടുന്നത് കാണാം. വർത്തമാനകാലത്ത് ഏറ്റവും വൈപുല്യവും ഭിന്നതയും പുലർത്തുന്ന സാഹിത്യരൂപം ചെറുകഥയാണെന്ന കാര്യത്തിൽ യാതൊരു തർക്കവും ഇല്ല തന്നെ: സാഹിത്യങ്ങൾക്കകത്ത് സ്വന്തമായ ഭാഷണസ്ഥലം നേടിക്കൊണ്ട് കഥാകാരൻ - പറ ഞ്ഞാലും പറഞ്ഞാലും തീരാത്ത ജീവിതത്തെ കൈക്കുടന്നയിൽ ഒതുക്കുന്നു എന്നു പറയാം.

ആവർത്തിക്കുന്ന ജീവിതമെന്ന പ്രമേയത്തെ പരിചരിക്കുന്നതിലെ രീതിപ്രഭേദങ്ങളാണ് പുതിയ കഥകളുടെ സവിശേഷത. സാഹിത്യ പഠനത്തിൽ, പൊതുസമൂഹവായനയിൽ, എണ്ണത്തിൽ മുൻപന്തി യിൽ കടന്നിരിക്കുന്ന ചെറകഥയ്ക്ക് മലയാളസാഹിത്യത്തിലും ഉയർന്ന സ്ഥാനമാണുള്ളത്. അവഗണിക്കാനാവാത്ത വിധത്തിൽ മലയാളസാഹിത്യത്തിലെ ഏറ്റവും പ്രബല സാഹിത്യരൂപമാണ് ഇന്ന് ചെറുകഥ. മയാളസാഹിത്യത്തിലെ ചെറുകഥകളുടെ സാമാന്യസ്വഭാവവും വൈവിധ്യവും പഠിതാക്കൾ പരിചയപ്പെടുക എന്നതാണ് ഈ പാഠഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## 7.1 വിഷയാവതരണവും പാഠഭാഗവും

പാശ്ചാത്യസാഹിത്യത്തിന്റെ സ്വാധീനമാണ് മലയാളത്തിൽ ചെറുക ഥയെ പ്രമുഖസാഹിത്യരൂപമാക്കിയത്. കൊളോണിയൽ കാലത്തെ പാശ്ചാത്യസാഹിത്യപരിചയം മലയാളിയെ കഥയിലേക്ക് അടുപ്പിച്ചു. സഹസ്രാബ്ദങ്ങളുടെ നാടോടിക്കഥാകഥനപാരമ്പര്യം ഉണ്ടായിരി ക്കെത്തന്നെ ആധുനിക കാഴ്ചപ്പാടിലുള്ള ചെറുകഥ രൂപപ്പെടുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിലാണ്.

1891–ൽ കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ വാസനാവികൃതിയാണ് മലയാളത്തിലെ ആദ്യ ചെറുകഥ. ആദ്യകാല കഥാകൃത്തുക്കൾ 'വെറും' 'കഥ'പറച്ചിൽകാരായിരുന്നു. കൗതുക മായി കഥ പറയുന്ന രീതിയായിരുന്നു അവർ പിന്തുടർന്നത്. സ്വപ്നംകണ്ടതും, മൃഗങ്ങളെവേട്ടയാടിയതുമൊക്കെ ഉദ്വേഗജനക മായി അവതരിപ്പിക്കുന്നതിലായിരുന്നു ആദ്യകാലമലയാള ചെറുക ഥാകൃത്തുക്കൾ ശ്രദ്ധിച്ചത്.

1930കൾ മലയാളസാഹിത്യത്തിൽ നവോത്ഥാനത്തിന് തുടക്കം കുറി ച്ചു. വെറും കഥ പറച്ചിലിനപ്പുറം സമൂഹത്തെ കഥയിൽ വിഷയമാ ക്കാൻതുടങ്ങി. ദാരിദ്ര്യം, അസമത്വം, പട്ടിണി, ദുരിതങ്ങൾ എന്നി ങ്ങനെ കഥയിൽ 'ചുറ്റുപാടുജീവിതം' നിറയാൻ തുടങ്ങി. പിറന്ന നാടിന്റെ ചിത്രങ്ങൾ, ചുറ്റുപാടും കഷ്ടപ്പെടുന്നവന്റെ സങ്കടങ്ങൾ, ദുരിതത്തിലൂടെ നടന്നു നീങ്ങുന്ന സാധാരണക്കാർ, ചൂഷണാ ധിഷ്ഠിതമായ സാമൂഹികവ്യവസ്ഥിതി എന്നിങ്ങനെ വ്യക്തിയു ടെയും സമൂഹത്തിന്റെയും സങ്കടങ്ങൾ കഥകളിൽ നിറഞ്ഞു. തകഴി, കേശവദേവ്, ഉറൂബ്, പൊൻകുന്നം വർക്കി തുടങ്ങിയ കഥാകൃത്തു ക്കൾ ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട കഥാകൃത്തുക്കളാണ്.

മലയാളത്തിലെ നവോത്ഥാനകാല എഴുത്തുകാരിൽ പ്രമുഖനാണ് തകഴി ശിവങ്കരപിള്ള. 'കുട്ടനാടിന്റെ കഥാകാരൻ' എന്നറിയപ്പെടുന്ന തകഴിക്ക് ഭാരതീയ ജ്ഞാനപീഠപുരസ്കാരം ലഭിച്ചിട്ടുണ്ട്. കഥ പറ ച്ചിലിനപ്പുറം സമൂഹജീവിത ആഖ്യാനത്തിന്റെ വേവലാതികളും സങ്കീർണതകളും നിറഞ്ഞതാണ് ആ കഥാപ്രപഞ്ചം. പാശ്ചാത്യ എഴുത്തുകാരനായ മോപ്പസാങിനെയാണ് തകഴി എഴുത്തിൽ പല പ്പോഴും മാതൃകയാക്കിയിരുന്നത് എന്നു പറയപ്പെടുന്നു. കർഷകജീ വിതത്തിലെ മിത്തുകളും കഥകളും നിത്യാനുഭവങ്ങളും അനാവ രണം ചെയ്ത ആ കഥകൾ കർഷകമുന്നേറ്റങ്ങളുടേതു കൂടിയായിരു ന്നു. ചെമ്മീൻ, രണ്ടിടങ്ങഴി, തോട്ടിയുടെ മകൻ, കയർ തുടങ്ങിയ നോവലുകൾ തകഴിയുടേതാണ്.

മോപ്പസാങ്ങും ഫ്രഞ്ചുസാഹിത്യവും പ്രചോദിപ്പിച്ച തകഴിയുടെ രച നാരീതി സാങ്കേതികമായി റിയലിസത്തിന്റേതായിരുന്നു. കുടുംബബ ന്ധങ്ങളെ അനുഭൂതിദായകമായി ആവിഷ്കരിച്ച തകഴി പുരോഗമന പക്ഷത്ത് നിലയുറപ്പിച്ചു. സാധാരണക്കാരായെ കർഷകരുടെയും കർഷകതൊഴിലാളികളുടെയും ജീവിതപ്രരാബ്ധങ്ങളും കാർഷിക ഫ്യൂഡൽ സമൂഹത്തിലെ ബന്ധങ്ങളും ആ കഥകളുടെ മുഖ്യപ്രമേയ മായിരുന്നു. അനുഭവലോകത്തുനിന്ന് തകഴി രൂപപ്പെടുത്തിയ കഥ കൾക്ക് യാഥാർത്ഥ്യബോധവും വൈകാരികതയും ഏറിയിരുന്നു. സാമൂഹികവും രാഷ്ട്രീയവുമായ വൈകല്യങ്ങളെയും അസമത്വങ്ങ ളെയും വിമർശിക്കുന്നതിനുള്ള ത്വര ആദ്യകഥയായ 'സാധുക്കൾ' മുതൽ കാണാം.

മലയാളത്തിലെ ഏറ്റവും മികച്ച കഥകളിലൊന്നായി പരിഗണിക്കപ്പെ ടുന്ന 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയുടെ കർത്താവ് തകഴിയാ ണ്. വെള്ളപ്പൊക്കത്തിൽനിന്നും രക്ഷപ്പെട്ട ചേന്നപ്പറയൻ തിരുച്ചുവ രുമ്പോൾ ജീവൻ നഷ്ടപ്പെട്ട വളർത്തുപട്ടിയുടെ ദീനത ആവിഷ്കരി

ക്കുന്ന ഈ കഥ കുട്ടനാടൻ ജീവിതത്തിന്റെ ദൈന്യതയും ദുരിത ങ്ങളും ആവിഷ്കരിച്ച കഥയാണ്.

ജീവിതത്തിന്റെ യഥാതഥമായ ആവിഷ്കാരം സാധ്യമാക്കിയ തകഴി യുടെ തലമുറ, മനുഷ്യസമൂഹത്തിനെ കൂടുതൽ മെച്ചപ്പെടുത്തുവാൻ എഴുത്തിനെ ഉപാധിയാക്കി മനുഷ്യബന്ധങ്ങളുടെ കഥപറയുന്ന താണ് തഹസിൽദാരുടെ അച്ഛൻ എന്ന കഥ. ഇവിടെ മകനുവേണ്ടി ജീവിച്ച ഒരു പിതാവ് വൃദ്ധനാകുമ്പോൾ അവഗണിക്കപ്പെടുകയും കുറ്റാരോപിതനാകുകയും ചെയ്യുന്നതിന്റെ വിവരണം കാണാം. ഒരർത്ഥത്തിൽ ഈ കഥയും കർഷകന്റെ കഥയായി മാറുന്നു. മണ്ണി നോടുമല്ലിട്ട് മകനെ പഠിപ്പിച്ചു വലുതാക്കിയ ഒരു കർഷകന്റെ കഥ യാണ് തഹസിൽദാരുടെ അച്ഛൻ

## പാഠം 1 - തഹസീൽദാരുടെ അച്ഛൻ (തകഴി ശിവശങ്കരപ്പിള്ള)

'തൈതൈതോ കർകുതകതത്തെ
തൈതകുതിത്തൈ തോതകതൈതകതാം'

ആ വലിയ വയലുകളിൽ ചക്രം ഉപയോഗിച്ച് വെള്ളം തേവു മ്പോൾ............രാത്രിയുടെ നിശ്ശബ്ദതയിൽ അത്യുച്ചത്തിൽ കേൾക്കാ യി. കുട്ടനാട്ടിലെ പുഞ്ചപ്പാടങ്ങളിൽ വൃശ്ചികം-ധനുമാസങ്ങളിൽ കേൾക്കാറുള്ളതാണത്.

കുഞ്ഞ് ഉണർന്നു കരഞ്ഞു. അതിനെ അമ്മ ശപിച്ചു. 'ഹാ, നാശം' അവർ എഴുന്നേറ്റ് താരാട്ടു പാടി. കുഞ്ഞ് ഒന്നുകൂടി ഉച്ചത്തിൽ കര ഞ്ഞു. ആ താരാട്ടും കരച്ചിലുമെല്ലാം വൃദ്ധന്റെ പാട്ടിൽ ലയിച്ചു പോയി.

'തൈതൈതോ കർകുതകതത്തെ
തൈതകുതിത്തൈ തോതകതൈതകതാം'

'ഒന്നു നിർത്താൻ പറയണേ!' ഭാനുമതിയമ്മ ഭർത്താവിനോടു പറ ഞ്ഞു. അവർ ദേഷ്യപ്പെട്ടു കുഞ്ഞിന് ഒരടിയും കൊടുത്തു. ഇതൊന്നും വൃദ്ധനറിയുന്നില്ല.

ഒന്നു മിണ്ടാതിരിക്കരുതോ? രാത്രിയിൽ കിടന്നു വിളിക്കുന്നത്-' തഹസീൽദാർ പത്മനാഭപിള്ള ചോദിച്ചു. ഉറക്കം നഷ്ടമായി, ഭാര്യ യുടെ ശാഠ്യവും കുഞ്ഞിന്റെ കരച്ചിലും ഒക്കെക്കൂടി അദ്ദേഹത്തെ വളരെ അസഹ്യപ്പെടുത്തി. പാട്ടു പെട്ടെന്നു നിന്നു.

'ങേ, എന്താ മക്കളേ?' വൃദ്ധൻ ചോദിച്ചു.

'കുഞ്ഞു കരയുന്നതു കേട്ടില്ലേ?' പത്മനാഭപിള്ള പറഞ്ഞു.

'ങേ, മോനെ! അച്ഛൻ സന്തോഷംകൊണ്ടങ്ങു പാടിപ്പോയതാ.'

കേശവശ്ശാർക്ക് എഴുപതിൽപരം വയസ്സുണ്ട്. ആ ശരീരമാകെ പൊരി പിടിച്ചതാണ്; അതു ഞൊറിയുകയും ചെയ്തു. ചക്രംചവിട്ടിയും പുലയന്റെ കൂടെ മുങ്ങികുത്തിയും അങ്ങനെയായിത്തീർന്നു.

നിർജ്ജീവങ്ങളായ കണ്ണുകളുടെ കോണുകളിൽ പഴുപ്പടിഞ്ഞിട്ടുണ്ട്. ആ വയസ്സന്ന് ഒരു കൂനുമുണ്ട്.

ആ ജീവിതകഥ ചെറുതാണ്. കന്നുകാലിച്ചെറുക്കൻ-ഉഴവുകാരൻ -200പറ നിലം കൃഷിചെയ്യുന്നവൻ-ആയിരപ്പറ നിലത്തിന്റെ കൃഷിക്കാരൻ-തഹസീൽദാരുടെ അച്ഛൻ.

ആ വലിയ ബംഗ്ലാവിന്റെ പുറകിലുള്ള ഒരു ചായ്പാണ് കേശവശ്ശാരുടെ മുറി. ആ ചായ്പ് വൃദ്ധന്റെ വരവിനുമുമ്പു ഭൃത്യന്മാർക്കു വിട്ടുകൊടുത്തിരുന്നു. അതിൽ, ചിലടത്തൂടെ പഞ്ഞി പുറത്തുചാടുന്ന ഒരു മെത്തയുണ്ട്. മുറുക്കാനിടിക്കുന്ന കല്ലും കുഴവിയുമുണ്ട്; അതിന്നു സമീപത്ത് ഒരു പാളപ്പൊതിയും.

ആ ജീവിതം ഒരു വിജയമായിരുന്നോ? ആ അറുപതുകൊല്ലക്കാലത്തെ ശരീരക്ലേശങ്ങൾക്കു പ്രതിഫലം കിട്ടിയോ? ആ എഴുത്തറിഞ്ഞുകൂടാത്തമൂപ്പീന്നിനു വിദ്യയുടെ വിലയറിയാമോ?

ആ മെത്തയുടെ താഴേ തലയ്ക്കൽഭാഗത്തു സ്വർണ്ണനാണ്യങ്ങൾ നിറഞ്ഞ മടിശ്ശീലകളില്ല. അയാളുടെ പേരിൽ വിസ്തൃതങ്ങളായ പാടങ്ങളോ തോപ്പുകളോ ഇല്ല. ചെയ്യേണ്ടതു ചെയ്തു എന്നുവച്ചു മതിമറന്നു പാട്ടുപാടുന്നു.

> ‘തൈതൈതോ കർകുതകതത്തെ
> തൈതകുതിത്തൈ തോതകതൈതകതാം’

ചെറുപ്പത്തിൽ പഠിച്ച ആ പാട്ട് ധനുമാസം വന്നപ്പോൾ സാഹചര്യമറിയാതെ പാടിപ്പോയി. അറുപതുകൊല്ലം പാടിയതാണത്.

ആ വലിയ ബംഗ്ലാവിൽ താമസിക്കുന്നതു കേശവശ്ശാരുടെ മകനാണ്. വലിയ മീശക്കൊമ്പന്മാർ, പ്രവൃത്തിയാരേമാനന്മാർ, പിള്ളയണ്ണന്മാർ ഇവരെല്ലാം പഞ്ചപുച്ഛമടക്കി ഓച്ഛാനിച്ചു ‘പപ്പന്റെ’ (അങ്ങനെയാണ് കേശവശ്ശാർ മകനെ വിളിക്കുന്നത്) മുമ്പിൽ നില്ക്കുന്നതു കാണുമ്പോൾ-പപ്പൻ വേഷമിട്ട് ആഫീസിലേക്കും പോകുമ്പോൾ-അതെല്ലാം നോക്കിനില്ക്കുന്ന മൂപ്പീന്നിന്റെ കണ്ണുകൾ നിറയും; അയാൾ പറയും:‘എന്റെ ചക്കിയില്ലല്ലോ ഇതു കാണാൻ!”

പത്മനാഭപിള്ളയുടെ ഇളയ കുട്ടി മുറ്റത്തു പിച്ച നടന്നു കളിക്കുകയായിരുന്നു. കേശവശ്ശാർ അതിനെ എടുക്കുവാൻ പിന്നാലെ ഓടി.

ഒടുവിൽ പിടികിട്ടി. അയാൾ അതിനെ വാരിയെടുത്തു. ‘കൊച്ചുപുലയ-വൃദ്ധൻ പതിനായിരം ഉമ്മ കൊടുത്തു. കുഞ്ഞു കിടുകിടെ ചിരിച്ചുതുടങ്ങി

> ‘മോളേ! വിളിച്ചേ, അപ്പൂപ്പാന്ന്.’
> ആ കുഞ്ഞു ശബ്ദിച്ചു: ‘അപ്പുവാ’

വൃദ്ധൻ ആനന്ദംകൊണ്ടു നൃത്തംചെയ്തു. ആ കുഞ്ഞ് കേശവശ്ശാരുടെ മീശ പിടിച്ചുപറിക്കാൻ തുടങ്ങി.

> ‘കൊച്ചുകഴുവേറി-’

ഭാനുമതിയമ്മ ഇതു കേട്ടു; വൃദ്ധൻ ഉമ്മ വയ്ക്കുന്നതു കണ്ടു.

'ഇങ്ങു തരൂ കുഞ്ഞിനെ, അവർ കുഞ്ഞിനെ വാങ്ങിക്കൊണ്ട് അകത്തേക്കു പോയി. കേശവശ്ശാരുടെ കുറ്റിത്താടിമീശരോമങ്ങളിൽ തൂങ്ങിനിന്നിരുന്ന രണ്ടു തുള്ളി ചുവന്ന തുപ്പൽ കുഞ്ഞിന്റെ ഉടുപ്പിൽ വീണിരുന്നു. അകത്തുനിന്ന് ഒരു സംസാരം വൃദ്ധൻ കേട്ടു.

'ഇനി പോകുമോ? എന്നു ചോദിച്ചു തള്ള കുഞ്ഞിനെ ഒരു നുള്ളു കൊടുത്തു.

കേശവശ്ശാർ ചോദിച്ചു: 'എന്റടുത്തു വരുമോ എന്നാണോടീ?'

'അതിന്റെ ഉടുപ്പത്രേം തുപ്പലായി.'

'നാറുന്നതു ഞാൻ എടുത്തിട്ടാണോ? അവൾ എന്റെ മകന്റെ മകളാ.'

'ഉം.' വൃദ്ധൻ ഒന്നു മൂളുകമാത്രം ചെയ്തു.

അടുത്തദിവസം-അന്നും തഹസീൽദാർ അവിടെ ഉണ്ടായിരുന്നില്ല. കേശവശ്ശാർ തഹസീൽദാരുടെ ശയ്യാഗാരത്തിനുള്ളിൽ നില്ക്കുകയായിരുന്നു. സൂര്യപടമെത്ത നിവർത്തിയിട്ടിരിക്കുന്നു. അതിന്റെ പകിട്ടും ഭംഗിയും കണ്ടു വൃദ്ധൻ അതു തൊട്ടുനോക്കി.

'അവിടെ എന്തു ചെയ്യുകയാണ്? കൊച്ചമ്മ വാതില്ക്കൽ വന്നു ചോദിച്ചു. കേശവശ്ശാർ തിരിഞ്ഞ് അവരെ നോക്കി.

'ഞാനോ? തേ! നോക്കിക്കോ? വൃദ്ധൻ ആ മെത്തയിൽക്കയറി കിടപ്പുമായി.

അന്നു വയ്യിട്ടു തഹസീൽദാർ വന്നപ്പോൾ ഭാര്യ മുഖം വീർപ്പിച്ചു നിന്നു.

'ഉം, ഈ ഗൌരവം എന്ത്?' ഭാര്യയുടെ താടിക്കു പിടിച്ചുകൊണ്ടു ഭർത്താവു ചോദിച്ചു.

അവർ ഒന്നും മിണ്ടിയില്ല.

'ഓ, ഞാനും പിണങ്ങിയോ, എന്നാൽ' അദ്ദേഹം അകത്തേയ്ക്കു പോയി ഉടുപ്പ് ഊരിയിട്ടു കഴിഞ്ഞപ്പോൾ അന്നു നാണുവാണ് കാപ്പി കൊണ്ടുചെന്നത്.

'ഭാനൂ!' അദ്ദേഹം വിളിച്ചു.

ഭാനുമതിയമ്മ വന്നു.

'ഉം, എന്ത്?'

'ഈ കുഞ്ഞുങ്ങൾ ഇവിടെ താമസിച്ചാൽ ചീത്തയാകും. അതുങ്ങൾ പരസ്പരം ചീത്ത വിളിച്ചു പഠിച്ചു തുടങ്ങി.'

'എന്താ അത്?

അങ്ങനെ ഭാര്യ ഭർത്താവിനോടു വളരെ പറഞ്ഞു.

'ഞാൻ ആ വിളികളെല്ലാം കേട്ടതാണ് ഭാനൂ!' പത്മനാഭപിള്ള പറഞ്ഞു: 'ആ നാറുന്ന വായമർത്തി ആയിരം ഉമ്മ എനിക്കു കിട്ടിയിട്ടുണ്ട്. ആ തുപ്പൽ പറ്റിയിട്ടുമുണ്ട്.'

'ഞാൻ കുഞ്ഞുങ്ങളുമായി മാറിപ്പാർക്കാം.'

'ഉം. സമാധാനം ഉണ്ടാക്കാം.'

പത്മനാഭപിള്ള വൃദ്ധന്റടുത്തേയ്ക്കു പോയി. തഹസീൽദാർ അയാളോടു ചോദിച്ചു: 'ഈ കുട്ടികളെ എന്തിനാണ് ചീത്ത വിളിക്കുന്നേ? പേരുണ്ടല്ലോ.'

വൃദ്ധൻ പറഞ്ഞു: 'എനിക്കതു വിളിക്കാനറിയാമ്മേല, മോനേ!'

'എന്തിന് അവരോടിടപെടുന്നു? കുളിയും ഊണും കഴിഞ്ഞു നാമം ജപിച്ചിരിക്കരുതോ?

കേശവശ്ശാരുടെ മുഖം വാടി. 'അയ്യോ! മോനേ, ഞാൻ കുഞ്ഞുങ്ങളെ കണ്ടാല് വിളിക്കാതേം എങ്ങനെ ഇരിക്കും?'

പത്മനാഭപിള്ള ഒരു ക്ഷണം നിശ്ചലനായി നിന്നുപോയി. ആ മങ്ങിയ മിഴികളിൽ ജലം പൊടിയുന്നതായിത്തോന്നി. ആ മുഖം വാടിക്കരിഞ്ഞു. തഹസീൽദാരുടെ ഉള്ളിൽ ഒരു നിമിഷം ചില സ്മരണകൾ ഉണർന്നു. പാതിരയ്ക്ക് ഉറങ്ങിക്കിടക്കുമ്പോൾ വലിച്ചുവാരി എടുത്തു കൂടെയിരുത്തി ചോറ് ഉരുട്ടിത്തരുന്നത്-കരയുമ്പോൾ കോരിയെടുത്ത് ഉമ്മ തരുന്നത്- ആവശ്യപ്പെട്ട പണം കോളേജിലേയ്ക്ക് അയച്ചുതരുന്നത്...

പത്മനാഭപിള്ള ശിരസ്സു കുമ്പിട്ടു നടന്നുപോയി. വൃദ്ധൻ ശിലാപ്രതിമപോലെ അവിടെ നിന്നു.

കേശവശ്ശാർ ചിലപ്പോൾ ഒരു തോർത്തുമുണ്ടുടുത്തു മുണ്ടും തലയിൽകെട്ടി പുറത്തിറങ്ങി നടക്കും. ആ വഴിക്കു കച്ചേരിയിൽ ചെല്ലും. 'പപ്പനുണ്ടോ ഇവടെ?' ഗുമസ്ഥന്മാരോടു ചോദിക്കും. ആദ്യം അവർക്കു മനസ്സിലായില്ല.

'ഏതു പപ്പൻ മൂപ്പീന്നേ?'

'തവശീലാരേ! നമ്മടെ മഹൻ. തവശീലാര് നമ്മടെ മകനാ.'

ഭാനുമതിയമ്മ ഒരു പേഷ്ക്കാരുടെ മകളാണ്! അതിലും വൃദ്ധൻ അഭിമാനം കൊള്ളും.

ഒരു ദിവസം സ്ഥലം മജിസ്ത്രേട്ടിന്റെ ഭാര്യ, ദേവസ്വം അസിസ്റ്റന്റു കമ്മീഷണരുടെ ഭാര്യ മുതലായ സ്ത്രീകൾ ചിലർ ആ വീടു സന്ദർശിച്ചു. അവർ ഒത്തുകൂടിയിരുന്നു സംസാരിക്കുമ്പോൾ, കേശവശ്ശാർ ആ മുറിയിൽ കടന്നുചെന്നു ചോദിച്ചു: 'എടീ പെണ്ണേ! പപ്പൻ എപ്പം വരുമെടീ?

ആ കൊച്ചമ്മയ്ക്ക് ഇതിൽപരം ഒരപമാനം ഉണ്ടാവാനില്ല. അതിഥികളെല്ലാം പോയിക്കഴിഞ്ഞപ്പോൾ കൊച്ചമ്മ കേശവശ്ശരോട് ഒരു യുദ്ധത്തിന്നു തയ്യാറായി. 'പിന്നെ, എന്നെ പെണ്ണേ എന്നും മറ്റും വിളിക്കുവാൻ ഒക്കുകയില്ല. എന്നെ ആരും വിളിച്ചിട്ടില്ല.' അവർ ഗൗരവത്തോടെ പറഞ്ഞു.

വൃദ്ധന്നു ദേഷ്യം വന്നു. 'എന്നാൽ ഞാൻ കൊച്ചമ്മേ എന്നു വിളിക്കാം! ഫോടീ, ഫാ!'

'കുറേ ചേതമുണ്ട്, എന്നെ ആട്ടാൻ!'

'പിന്നെ ആർക്കാടീ അതികാരം? നീ എന്റെ ചോറു തിന്നോണ്ട്-കൊടിച്ചിപ്പട്ടീ! എന്റെ കുഞ്ഞിനെ ഓർത്തു ഞാൻ ചെയ്യുന്നില്ല. നിന്റെ നാക്ക് ചവിട്ടിപ്പീഴും- കേയച്ചാരെ നീ അറിയത്തില്ല!'

വൃദ്ധന്റെ ശബ്ദം ഉയർന്നു. അത് അത്യുച്ചത്തിലായി. ശബ്ദം കേട്ടു നാണു വന്നു.

അന്നുരാത്രി മുഴുവൻ ഭാനുമതി ഭർത്താവിന്റെ അടുത്ത് എന്തൊക്കെയോ പറയുകയും കരയുകയും ഒക്കെ ചെയ്തു. പത്മനാഭപിള്ള പറഞ്ഞു: 'ആ കിഴവൻ നമ്മുടെ ദൈവമാണ് ഭാനൂ, നമ്മുടെ കുട്ടികളെ ഓർക്ക്.'

'അതിന്നു ഞാൻ നിന്ദിച്ചോ? ഒരിക്കലും അച്ഛനെ ഉപേക്ഷിക്കരുത്. ഞങ്ങൾ രണ്ടാളുംകൂടി ചേരുകയില്ല. അതുകൊണ്ട് ഞാൻ പോകാം.'

ഒരു വെളുപ്പാൻകാലത്ത് അടുക്കളയിൽ എന്തോ തട്ടിമുട്ടുന്ന ശബ്ദംകേട്ടു കൊച്ചമ്മ ഉണർന്ന് അരിവെപ്പുകാരൻ നാണുവിനെ വിളിച്ചു. അടുക്കളയിൽ ആരോ കയറിയിട്ടുണ്ട്. കൊച്ചമ്മ വിളക്കു കത്തിച്ച് അടുക്കളയിലേക്ക് പോയി. അപ്പോഴേയ്ക്കും നാണുവും അവിടെ ചെന്നു.

'ആരാ അത്?

ആരും ഉത്തരം പറഞ്ഞില്ല. അകത്തു കേശവശ്ശാർ ഇരിക്കുന്നു. ഒരു പിഞ്ഞാണമെടുത്ത് എന്തോ മോന്തിക്കുടിക്കുന്നു. കൊച്ചമ്മ സ്തംഭിച്ചു നിന്നുപോയി. നാണു ചിരിച്ചു.

'പരവേശമെടുത്തു. എനിക്കത്താഴം തന്നോ? ഇത്തിരി തണുത്ത വെള്ളം മോന്താന്നുവെച്ചു.' പിഞ്ഞാണം താഴത്തുവെച്ചിട്ടു കേശവശ്ശാർ പറഞ്ഞു.

'അതിൽപരം അബദ്ധമായേനല്ലോ! വല്ല കള്ളന്മാരും ആണെന്നു വെച്ചു തല്ലിയേനെ. വല്യ ഗുരുത്തം!' നാണു ചിരിക്കിടയിൽ പറഞ്ഞു.

ഭാനുമതി നാണവും കോപവും ഭയവും കൊണ്ടു ഭ്രാന്തിയായി: 'എടാ നാണൂ, ആ പാത്രമെല്ലാം എടുത്തു പുറത്തിടടാ.'

കേശവശ്ശാർ ചിരിച്ചുകൊണ്ടു ചോദിച്ചു: 'ആരോടാടീ ദേഷ്യപ്പെടുന്നേ വേണ്ട നീ അത്താഴം തന്നാലും ഞാൻ ഉണ്ണത്തില്യോടി'

കൊച്ചമ്മ ഇറങ്ങിപ്പോയി. ആ വഴക്കു വർദ്ധിപ്പിക്കാവുന്നതല്ല. ഭാര്യ ഭർത്താവിനോടു പറയുന്നു: 'എനിക്കിതു കുറച്ചിലാണ്. ഈ പരക്കഴി എങ്ങനെ സഹിക്കും; ഒന്നും പറഞ്ഞു നേരെയാക്കണം.'

'നീ ആ കിഴവന് ഒന്നും നേരാംവണ്ണം കൊടുക്കുന്നില്ലായിരിക്കും.'

'ഞാനാണല്ലോ എപ്പോഴും കുറ്റക്കാരി. നിങ്ങൾ അച്ഛനും മകനും ഉരുളക്കിഴങ്ങുകുഴമ്പുകൂട്ടി ഒന്നരയിടങ്ങഴി അരിയുടെ ചോറുണ്ടിട്ടുണ്ട്.'

'അതങ്ങു ക്ഷമിക്കൂ, ഭാനൂ!'

ഒരേമ്പക്കത്തിന്റെ ശബ്ദം മുറ്റത്തു കേൾക്കായി. ഭാനുമതിയമ്മ തുടർന്നു. 'ഈ അപമാനങ്ങളും ശകാരവും ഒക്കെ സഹിച്ച് എനിക്കു മേല, ജീവിക്കാൻ.'

പത്മനാഭപിള്ള കുറേനേരം മിണ്ടാതെ കിടന്നു. കൊച്ചമ്മ ധാരമുറിയാതെ പറഞ്ഞുകൊണ്ടിരുന്നു. കുറച്ചു സമയം കഴിഞ്ഞ് അദ്ദേഹം എഴുന്നേറ്റു വിളക്കുമെടുത്തു ചായ്പിലേക്കു പോയി.

കേശവശ്ശാർ വെറ്റില ഇടിച്ചുകൊണ്ടിരിക്കുകയാണ്. അയാൾ തലയുയർത്തി നോക്കി. 'ആരാ അത്?

'ഞാനാണ്.' പത്മനാഭപിള്ളയുടെ സ്വരം പരുഷമായിരുന്നു.

വൃദ്ധൻ പറഞ്ഞു: 'എന്റെ മക്കളേ! എരിപൊരിയെടുത്തു. വയസ്സല്യോ. ഞാൻ അടുക്കളയിൽചെന്ന് ഇത്ര തണുത്ത വെള്ളം എടുത്തു മോന്തി. അയ്യോ! എനിക്കു തോന്നി, കാര്യം തീർന്നെന്ന്. അത്ര പരവേശമായിരുന്നു!'

'എങ്കിൽ നാണുവിനെ വിളിച്ചുകൂടായിരുന്നോ?'

'ഔ! എന്തിനാണ് പപ്പൂ, അവനെ ഉപദ്രവിക്കുന്നത്? അച്ഛൻ തന്നത്താൻ വെളമ്പിത്തിന്നുകല്യാറുന്നോ പതിവ്, വെളമ്പിത്തരാനുള്ള ആളു പോയതിപ്പിന്നെ? എന്നേ, മോനും ഓർമ്മയില്യോ?'

നല്ലപോലെ ശാസിക്കുവാൻ കരുതി വന്ന പത്മനാഭപിള്ളയ്ക്കു പിന്നെ ഒന്നും പറയുവാനുണ്ടായിരുന്നില്ല-സ്മരണകൾ-ബാല്യകാല സ്മരണകൾ-അദ്ദേഹത്തെ നിരുദ്ധകണ്ഠനാക്കി. ആ ശുഷ്കിച്ച കൈകൾ അരിവെച്ചു വിളമ്പിത്തന്നവയാണ്. ഒരിക്കൽ അദ്ദേഹം ഒരു വല്യമ്മയോടു പറഞ്ഞത് ഇന്നും പത്മനാഭപിള്ള ഓർക്കുന്നു: 'വേറൊരുത്തിയെക്കൊണ്ടുവന്നാല് അവളെന്റെ മോന് ഒന്നും കൊടുക്കത്തില്ല. ഞാനവനു വെച്ചുവിളമ്പിക്കൊടുക്കാം.'

പത്മനാഭപിള്ള ഒന്നും മിണ്ടാതെ ഇറങ്ങിപ്പോയി. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. ഒട്ടു നടന്നിട്ട് അദ്ദേഹം തിരിഞ്ഞുനോക്കി. ആ കിഴവൻ കൂനിക്കൂടിയിരിക്കുന്നു.

എന്നിട്ടും, അത്താഴത്തിന്റെ കഥ കിഴവൻ മിണ്ടിയില്ല! ഇതെല്ലാം ഭാനുമതിയമ്മ ഒളിച്ചുനിന്നു നോക്കിയിരുന്നു. അവർ ചോദിച്ചു: 'സായിപ്പിനെക്കണ്ടപ്പോൾ കവാത്തു മറന്നോ?

പത്മനാഭപിള്ള ഉത്തരം പറഞ്ഞില്ല.

'ഭാനു! ആ സായിപ്പിനെക്കാണുമ്പോൾ കവാത്ത് ഓർമ്മ വരും ഓർമ്മിക്കാൻ വളരെയുണ്ട്. എന്റെ അമ്മ!'

തന്റെ അഞ്ചു വയസ്സിൽ മരിച്ച അമ്മ -ആ വാത്സല്യവതിയെ ഒരു സ്വപ്നംപോലെ അവ്യക്തമായി പത്മനാഭപിള്ള കണ്ടു

പക്ഷേ ഇതൊരു മഹാപ്രശ്നമായി. ആരെയും കുറ്റപ്പെടുത്തുവാനില്ല. ഇരുവശത്തും ന്യായങ്ങളുണ്ട്. ആ ധർമ്മസങ്കടത്തിൽനിന്നു കരകയറുവാൻ പത്മനാഭപിള്ള നന്നായി ചിന്തിച്ചു.

വൃദ്ധൻ അല്പാല്പം മദ്യപാനം ചെയ്യാറുണ്ട്. സന്ധ്യയ്ക്കു പുറത്തിറങ്ങിപ്പോകുന്നതു ഷാപ്പിലേക്കാണ്. അതേതാണ്ട് ഒരങ്ങാടിപ്പാട്ടായിരിക്കുന്നു. ഒരു തോർത്തുമുടുത്തു പ്രാകൃതംപിടിച്ച് അങ്ങനെ നടക്കുന്നു;വീട്ടിൽ ലഹളയുണ്ടാക്കുന്നു.

ഒരു ദിവസം പത്മനാഭപിള്ള കേശവശ്ശാരെ വിളിച്ചു പറഞ്ഞു: 'ഇതൊക്കെ എനിക്കു മാനക്കേടാണ്.'

'ഇനി ഇതിലും പ്രാകൃതമാകും മോനേ!' കേശവശ്ശാരുടെ കണ്ണിൽ ജലം പൊടിച്ചു. അയാൾ തുടർന്നു:'എന്റെ മോനേ അച്ഛൻ ഒരുത്തനും കീഴ്വണങ്ങിയവനല്ല. ഇഷ്ടംപോലെ ഇത്രേംവയസ്സുവരെ കഴിഞ്ഞു. എന്റെ മോൻ അച്ഛനോട് ഒന്നും ചോദിക്കാതേ-എന്റെ മോൻ ഒന്നും അറിയണ്ട. നിന്റെ മനസ്സു പുണ്ണാക്കണ്ട.'

'എന്തായാലും ഇത് മാനക്കേടാണ്.'

'എന്റെ-എന്റെ മോന് അങ്ങനെ തോന്നുന്നോ?'

ആ വൃദ്ധഹൃദയം നൊമ്പരപ്പെടുന്നു എന്നു തഹസീൽദാർ സംശയിച്ചു. അല്പം കഴിഞ്ഞു അദ്ദേഹം ചോദിച്ചു: 'നാട്ടിൽ പാപ്പി അപ്പച്ചി താമസിക്കുന്നുണ്ടല്ലോ.'

വൃദ്ധൻ ഒന്നു തലകുലുക്കി. 'ഒണ്ട്.'

'അവിടെപ്പോയിത്താമസിക്കരുതോ?

'ഇല്ല മോനേ! അതില്ല.'

'വേണ്ട പണം അവിടെത്തരാം.'

'പണമോ? എനിക്കോ? ഞാൻ വളരെ നെല്ലും ചക്രോം കണ്ടവനാ എനിക്കു പണം വേണ്ട. എന്റെ മോനെ! അച്ഛനു പണം വേണ്ട. അവിടെപ്പോയിത്താമസിക്കേം വേണ്ട.'

വൃദ്ധൻ അവിടെനിന്നു പോയി.

അതിനല്ല, ആ ജീവിതത്തിൽ പാടുപെട്ടത്. ആ കിഴവനു പണം വേണ്ട; ആഡംബരം വേണ്ട. പത്മനാഭപിള്ള ഓർക്കുന്നു, ആ വൃദ്ധൻ ചെറുപ്പമായിരുന്ന കാലത്തു ചിലരോടു പറഞ്ഞിട്ടുള്ളത്: 'എന്റെ മോന് ഒരുദ്യോഗം കിട്ടി സുഖമായിരിക്കുമ്പം നാലുദിവസം അവന്റെകൂടെ എനിക്കു താമസിക്കണം.' ഒരിക്കലും പരിഹാരം കാണാൻ കഴിയാത്ത പ്രശ്നം! പക്ഷേ അവരിരുവരും യോജിക്കുകയില്ല. ആ ജീവിതലക്ഷ്യം! ചെറുപ്പകാലം മുതൽ ഒരു പ്രിയതരമായ ജീവിതം കൊടുങ്കാറ്റുപോലെ കറങ്ങിക്കൊണ്ടിരുന്നു. ഓർമ്മവന്നതു മുതല്ക്കുള്ള ചരിത്രങ്ങൾ തഹസീൽദാർ സ്മരിച്ചു. ആ നാലുദിവസത്തിനുവേണ്ടി 70-ൽപരം സംവത്സരങ്ങൾ വിനിയോഗിക്കപ്പെടുക; ഒടുവിൽ ആ നാലുദിവസങ്ങൾ ഇല്ലാതാകുക! അതെന്തു ദാരുണമാണ്! ആ കിഴവന്റെ ഓർമ്മശക്തി നശിച്ചിരുന്നെങ്കിൽ-എങ്കിൽ ആ നാലുദിവസം ഇല്ലെങ്കിൽത്തന്നെയും സാരമില്ല. അപ്പോൾ നിരാശയുമില്ല. പക്ഷേ, എങ്ങനെ കൂടെ താമസിപ്പിക്കും?... വൃദ്ധന്റെ ആ നിർബന്ധം കൊള്ളുകയില്ല.

തഹസീൽദാർ സർക്കീട്ടിലായിരുന്നു. ഒരുദിവസം ഭാനുമതിയമ്മ ആറ്റിൽ കുളിക്കാൻ പോയി. സോപ്പുതേച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ വിരലിലെ മോതിരം ഊരി നദിയിൽപ്പോയി. വളരെയൊക്കെ ശ്രമിച്ചിട്ടും കിട്ടിയില്ല. കുളികഴിഞ്ഞ് അവർ തിരിച്ചുവന്നപ്പോൾ ഈ വിവരം കേശവശ്ശാർ മൂത്തകുട്ടിയിൽനിന്നറിഞ്ഞു. കേശവശ്ശാർക്ക് അതു സഹിക്കാവതായിരുന്നില്ല. ആ നഷ്ടത്തിൽ കിഴവൻ തന്നെത്താൻ മറന്നുപോയി. ഭാനുമതിയമ്മ മുറിയിൽ മുണ്ടു മാറുമ്പോൾ വൃദ്ധൻ അതിനുള്ളിൽ കടന്നുചെന്നു.

'എടീ! നിന്റെ കയ്യേലെ മോതിരം എവിടെ?

ഭാനുമതിയമ്മ ആ ചോദ്യം അത്ര ഗൗനിച്ചില്ല.

'എവടടീ? കേശവശ്ശാർ അലറി.

'ഉം?' ഭാനുമതിയമ്മ പുച്ഛരസത്തിൽ ചോദിച്ചു.

'ഉം എന്നോ? എന്റെ മോനെ മുടിക്കാൻ നോയമ്പും നോറ്റിരിക്കയാണോ? നിന്റെ കണ്ടമാനത്തം ഞാൻ കാണുന്നുണ്ട്.

'അതിനൊക്കെ സമാധാനം ചോദിക്കാൻ അധികാരമുള്ളവരോടു പറഞ്ഞുകൊള്ളാം.'

അതൊട്ടു വൃദ്ധനു സഹിക്കാവതായിരുന്നില്ല. വൃദ്ധന്റെ ഞരമ്പുകളെല്ലാം എഴുന്നു; കണ്ണുകൾ ചുകന്നു. അയാൾ കൈ ചുരുട്ടി മുന്നോട്ടു നീങ്ങി. 'മാറിനില്ക്കൂ. മര്യാദകെട്ടാൽ–'

ഇരുവരും അതിരുവിട്ട് അത്യുച്ചത്തിൽ സംസാരിച്ചു. അയൽക്കാർ വളരെപ്പേർ അവിടെ കൂടി. വൃദ്ധൻ പറഞ്ഞു: 'നിന്റെ നടപടിയെല്ലാം ഞാനറിഞ്ഞെടീ. എന്റെ മകനെ–ദ്രോഹി! ആ കഴുവെ–നാണു എവിടെ?

പിറ്റേന്നു പത്മനാഭപിള്ള വന്നു. ഭാനുമതിയമ്മ കിടക്കയിൽനിന്ന് എഴുന്നേറ്റിട്ടില്ല;ഒന്നും കഴിച്ചിട്ടുമില്ല. പത്മനാഭപിള്ള വിവരമെല്ലാംതന്നെയും കുറച്ചുകൂടുതലും, നാണുവിൽനിന്നു ഗ്രഹിച്ചു. ക്ഷുഭിതചിത്തനായിരിക്കുന്ന അദ്ദേഹത്തിന്റെ മുമ്പിൽ ആ കിഴവൻ കൂനിക്കൂനിച്ചെന്നുനിന്നു.

'എന്തിനിത്രയും വയസ്സായി? വകതിരിവ്...'

പത്മനാഭപിള്ള പല്ലുകടിച്ചു. വൃദ്ധൻ ഒരക്ഷരം ഉരിയാടിയില്ല. ആ കണ്ണുകളിൽനിന്നു, ബാഷ്പം ഇറ്റിറ്റു വീണുകൊണ്ടിരുന്നു.

പത്മനാഭപിള്ള തുടർന്നു: 'എന്റെ അമ്മയെ നേരത്തെ കുടിയും കഴിഞ്ഞു വന്നു പറഞ്ഞയച്ചതുപോലെ–'

അതു കേൾക്കാൻ കേശവശ്ശാർ നിന്നില്ല. 'മോനേ' എന്നുമാത്രം ഒന്നു ശബ്ദിച്ചു.

വളരെ വളരെ പറയുവാനുണ്ടായിരുന്നു ആ കിഴവന്. ഇത്രകാലം ആ കിഴവന്റെ ശുഷ്കിച്ചുപോയ ഹൃദയം അതിന്റെ ഞൊറികളിൽ ചില രഹസ്യങ്ങളെ ഒളിച്ചുവച്ചിരുന്നു. നേരാംവണ്ണം ആഹാരം കിട്ടാ

യ്ക, നാണുവിന്റെ ചിരി, വൃദ്ധനോടുള്ള പരിഹാസം തുടങ്ങി പല കാര്യങ്ങൾ. ഇന്ന് അതെല്ലാം പറയണമെന്നു കരുതിയാണ് മകന്റെ മുമ്പിൽ ചെന്നത്. പക്ഷേ, ആ നാവു തളർന്നുപോയി.

ആ നാക്കിനു മാധുര്യമില്ല. അതിനു മറ്റൊരു ഹൃദയത്തെ വശത്തു വരുത്താൻ കെല്പില്ല; വാദിക്കാൻ ശക്തിയില്ല. ജീവിതത്തിന്റെ അന്ത്യഘട്ടത്തിലെ അനുഭവങ്ങൾ സൃഷ്ടിച്ച നീണ്ട മുറിവുകൾ ആരും കണ്ടതുമില്ല.

തഹസീൽദാരുടെ ശയ്യാഗാരത്തിൽ അന്നു രാത്രി മുഴുവൻ സംഭാഷണമായിരുന്നു.

'എനിക്ക് നാണുവുമായി സംബന്ധമുണ്ടെന്നുവരെ ആ പിശാചു പറഞ്ഞു. അതെല്ലാം കേട്ടു' എന്നു ഭാനുമതിയമ്മ പറഞ്ഞപ്പോൾ, പത്മനാഭപിള്ള ചാടിയെഴുന്നേറ്റു.

'അങ്ങനെ പറഞ്ഞോ? ഞാൻ ഇപ്പോൾ ഇവിടെ നിന്നു പറഞ്ഞയയ്ക്കുന്നുണ്ട്. നാണവും മാനവുമില്ലാത്ത-മുതുക്കൻ!'

'സമാധാനമായിരിക്കണം' ഭാനുമതിയമ്മ പറഞ്ഞു: 'നാലഞ്ചുദിവസം കഴിയട്ടെ എന്നിട്ടുമതി.'

അങ്ങനെ ആ സംഗതി തീരുമാനിക്കപ്പെട്ടു.

കേശവശ്ശാർ, ഒരിക്കലും ഒരാഗ്രഹവും മകനോടു പറഞ്ഞിട്ടില്ല; ആർക്കും വഴങ്ങിയിട്ടില്ലാത്ത ആ കർഷകൻ, മകന്റെ മുമ്പിൽ വെറും പാവയായിരുന്നു. അന്നു രാത്രിയിൽ കേശവശ്ശാർ നാണുവിനോടു പറഞ്ഞു: 'എന്റെ പപ്പനെ കാണുമ്പം ഞാൻ പട്ടിയാ. ഞാൻ പട്ണി കെടക്കുന്നതും ഒക്കെ പറഞ്ഞാല് അവനു മനസ്സിനു വേതന വന്നെങ്കിലോ എന്നു വെച്ചാ പറയാത്തേ. എന്റെ മോന് അവന്റെ അച്ഛനെ എത്ര ഇട്ടമാ. ഞാൻ ഫ്റാത്തിച്ചത് അതാ, നാലു ദെവസം അവന്റെ കൂടെത്താമസിക്കാന്- ഓ! ഇങ്ങനെ താമസിച്ചാ മതി!'

വൃദ്ധനു മകനിൽ ഒരു സ്വാധീനതയുണ്ടായിരുന്നു; പക്ഷേ, ആ ആനയ്ക്ക് അതിന്റെ ബലം അറിഞ്ഞുകൂടാ.

രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞു. കേശവശ്ശാർ ആ ചായ്പിൽനിന്നു പുറത്തിറങ്ങാറില്ല. അതിനുള്ളിൽ വളഞ്ഞുകൂടിയിരിക്കുകയാണ്. അയാളെ കണ്ടാൽ ഒരു ഭ്രാന്തനാണെന്നു തോന്നും.

'അമ്മാമൻ പോയാൽ വരുമോ?' നാണു ചോദിച്ചു.

കിഴവൻ മിണ്ടിയില്ല.

'മറ്റന്നാൾ അങ്ങു കൊണ്ടുചെന്നു വിടണമെന്ന് എജമാനൻ എന്നോടു പറഞ്ഞു.' വൃദ്ധൻ ഒന്നു നടുങ്ങിയതായി തോന്നി.

അയാൾ കഴിഞ്ഞ അറുപതുകൊല്ലത്തെ തുറിച്ചുനോക്കി. ഇനിയുള്ള ദിനങ്ങൾ-അതിൽ ആ നാലു ദിവസം...

അതു നല്ല ചന്ദ്രികയുള്ള ഒരു ദിവസമായിരുന്നു. എജമാനനു ശരിയായി ഉറക്കം വന്നില്ല. കൂടെക്കൂടെ ഉണർന്നുകൊണ്ടിരുന്നു. 'അച്ഛാ

എന്ന് ഒന്നു വിളിച്ചേ മോനേ!' അർദ്ധനിദ്രയിൽ, ഇങ്ങനെ ആരോ പറഞ്ഞതായി അദ്ദേഹത്തിനു തോന്നി. വീണ്ടും മയങ്ങിയപ്പോൾ 'മോനേ!' എന്നൊരു വിളികേട്ടു. അങ്ങനെ മൂന്നു പ്രാവശ്യം അദ്ദേഹം സംശയിച്ചു.

പിറ്റേന്നു രാവിലെ, അച്ഛനെക്കുറിച്ചുള്ള ചില പ്രിയതരങ്ങളായ സ്മരണകളോടെ അദ്ദേഹം ഉണർന്നു. താൻ ബി.എ. പാസ്സായതിന്നു ശേഷം ആ കിഴവനെ അച്ഛാ എന്നു വിളിച്ചിട്ടില്ലെന്നും അദ്ദേഹം ഓർത്തു. ആ ജീവിതം എന്തൊരു മഹാത്യാഗമാണ്! വാർദ്ധക്യം വരുന്നതിനുമുമ്പ് ആ മുഖം ഒരിക്കലും മായാത്ത ഒരു ചിരികൊണ്ടു പ്രസന്നമായിരുന്നു. ഇപ്പോൾ ഈ വിഷാദാത്മകത്വമോ വാർദ്ധക്യത്തിന്റെ സ്വഭാവം. എങ്കിൽ അതു ഭയങ്കരമാണ്.

തഹസീൽദാർ നാണുവിനെ വിളിച്ചു പറഞ്ഞു: 'അങ്ങേ-അച്-അങ്ങേരെ ഇങ്ങു വിളിച്ചുകൊണ്ടുവാ.'

ന്യായാധിപനാൽ നിയുക്തനായ പോലീസുകാരൻ കുറ്റവാളിയെ പിടിക്കാനെന്നപോലെ നാണു ചായ്പിൽ ചെന്നു. അവിടെ വൃദ്ധനില്ല. വൃദ്ധന്റെ മുണ്ടും പാളപ്പൊതിയും കാൺമാനില്ല. പുറത്തെവിടെയോ പോയിരിക്കയാണെന്നു ഭാനുമതിയമ്മ പറഞ്ഞു. അന്നുച്ചയ്ക്കും കണ്ടില്ല. വയ്യിട്ടും കണ്ടില്ല;പിറ്റേന്നും കണ്ടില്ല. പത്മനാഭപിള്ള സംഭ്രമിച്ചു. നാട്ടിലേക്ക് ആളയച്ചു. അവിടെ ചെന്നിട്ടില്ല.

ഭാനുമതിയമ്മ പറഞ്ഞു: 'മിണ്ടണ്ട, നാട്ടിൽ പോയി എന്നു പറഞ്ഞാൽ മതി'

'ഹാ!ദ്രോഹീ!!' പത്മനാഭപിള്ള മോഹാലസ്യപ്പെട്ടതുപോലെ കസേരയിലേക്കു വീണു.

'എടീ രാക്ഷസീ!എന്റെ അച്ഛനെവിടെ?.'

ഭാര്യയുടെനേരെ പൊട്ടിത്തെറിക്കുന്ന തഹസിൽദാരുടെ വാക്കുകളോടെ കഥ അവസാനിക്കുന്നു.

## 7.2 പദാർത്ഥബോധനം

ചക്രപ്പാട്ട് :- വലിയവയലുകളിൽ ചക്രം ഉപയോഗിച്ച് വെള്ളം തേകുമ്പോൾ പാടുന്ന പാട്ട്

നിദ്രാഭംഗം :- ഉറക്കം നഷ്ടപ്പെടൽ

സന്തോഴം :- സന്തോഷം എന്നതിന്റെ നാടൻ പ്രയോഗരൂപം.

പീള :- പഴുപ്പ് (കണ്ണിൽപീളയടിയുക)

ഇടിയനും കുഴിവിയും :- വൃദ്ധൻ മുറുക്കാൻ ഇടിക്കാനുപയോഗിക്കുന്ന കല്ലും കുഴവിയും.

കായക്ലേശം :- ശരീരക്ലേശം.

തോപ്പ് :- വൃക്ഷങ്ങൾ ധാരാളമായിനട്ടുപിടിപ്പിക്കുന്ന വലിയപറമ്പ്. ഉദാ: മാന്തോപ്പ്, തെങ്ങിൻ തോപ്പ്.

പരിതസ്ഥിതി :- സാഹചര്യം

പ്രവൃത്തിയാർ :- പ്രവൃത്തികാർ (ഒരു സർക്കാരുദ്യോഗസ്ഥൻ അധികാരി/ വില്ലേജ് ആഫീസർ)

പഞ്ചപുച്ഛമടക്കി ഓച്ഛാനിച്ച് :- ബഹുമാനിച്ചൊരുങ്ങി വിനയത്തോടെ.

ശ്മശ്രുക്കൾ :- കുറ്റിത്താടിമീശരോമങ്ങൾ

ശയ്യാഗാരം :- കിടപ്പുമുറി

സൂര്യപടം :- വിശേഷപ്പെട്ട തുണി

തവശീലാർ :- തഹസിൽദാർ എന്ന പദത്തിന്റെ നാടൻ പ്രയോഗരൂപം

പേഷ്ക്കാർ :- (പേർഷ്യൻപദം) റവന്യൂവകുപ്പ് അദ്ധ്യക്ഷൻ

കൊടിച്ചിപ്പട്ടി :- പെൺപട്ടി

അത്താഴം :- രാത്രി ഭക്ഷണം

പരക്കഴി :- കെടുവൻ, കൂട്ടത്തിൽ നിന്ന് തള്ളപ്പെട്ടവൻ

ഇടങ്ങഴി :- ഒരളവ്, നാലുനാഴി

നിരുദ്ധകണ്ഠൻ :- ശ്വാസം മുട്ടുന്നവൻ

കവാത്ത് :- സൈനികപരിശീലനം

സർക്കീട്ട് :- യാത്ര

ചക്രം :- പഴയ ഒരു നാണയം

കണ്ടമാനത്തം :- ധാരാളിത്തം, ധൂർത്ത്

ക്ഷുഭിതചിത്തൻ :- ദേഷ്യപ്പെട്ടവൻ

## 7.3 പാഠസംഗ്രഹം

തഹസിൽദാർ പത്മനാഭപിള്ളയുടെ പിതാവാണ് കേശവശ്ശാര്. എഴുപത് വയസ്സു കഴിഞ്ഞ കേശവശ്ശാരിൽ വാർദ്ധകൃത്തിന്റെയും കാർഷികജീവിതത്തിന്റെയും അടയാളങ്ങൾ കാണാം. കേശവശ്ശാർ കർഷകനായിരുന്നതിനാൽ, രാത്രിയിൽ ഉറക്കത്തിൽ ചക്രപ്പാട്ടുപാടുമ്പോൾ അത് അരോചകമായിതോന്നുന്ന പുത്രഭാര്യ ഭർത്താവായ തഹസിൽദാരോട് പരാതി പറയുന്നിടത്താണ് കഥ തുടങ്ങുന്നത്. കേശവശ്ശാരുടെ ജീവിതകഥ എളുപ്പത്തിൽ പറയാവുന്നതാണ്. കന്നുകാലിച്ചെറുക്കൻ-ഉഴവുകാരൻ-ഇരുനൂറുപറയും- പിന്നെ ആയിരം പറയും കൃഷിചെയ്തവൻ-ഒടുവിൽ തഹസിൽദാരുടെ അച്ഛൻ-

ഇന്ന് തഹസിൽദാർ ബംഗ്ലാവിനടുത്തുള്ള ചായ്പിലാണ് കിഴവന്റെ താമസം. മകന്റെ കുഞ്ഞിനെ ലാളിക്കാനും താലോലിക്കാനുംപോലും മരുമകൾ കേശവശ്ശാരെ അനുവദിക്കാറില്ല. വൃദ്ധൻസ്നേഹം കൊണ്ടു കുഞ്ഞുങ്ങളെ കൊഞ്ചിക്കുന്നത് കേട്ട് കുഞ്ഞുങ്ങൾ തെറി പഠിക്കും എന്ന് ഭർത്താവിനോടു പരാതി പറയുന്നതാണ് ഭാനുമതിയമ്മയുടെ രീതി. കുഞ്ഞുങ്ങളെ എടുക്കണ്ട എന്നു പിതാവിനെ വിലക്കുന്ന തരത്തിലേക്ക് പോലും തഹസിൽദാരെ മാറ്റുന്നത് ആ ഭാര്യയുടെ തന്ത്രമാണ്. എങ്കിലും കുഞ്ഞായിരുന്ന തന്നെ സ്നേഹിച്ച പിതാവിനെക്കുറിച്ചുള്ള ഓർമകൾ ഇപ്പോഴും തഹസിൽദാരിനുണ്ട്.

അത്താഴം കിട്ടാത്തതുകൊണ്ട് പുലർച്ചെ അടുക്കളയിൽ കയറി മോഷ്ടിച്ചുകഴിക്കുന്ന ഗതികേടിലേക്ക് കേശവപ്പിള്ളയുടെ ജീവിതം മാറുന്നുണ്ട്. കേശവപ്പിള്ളയെ മരുമകൾ കുറ്റം പറയുമ്പോഴൊക്കെ പിതാവിനെ ന്യായീകരിക്കാൻ തഹസിൽദാർ ശ്രമിക്കുന്നു. എന്നാൽ ഭാനുമതിയമ്മയെ വൃദ്ധൻ വഴക്കുപറഞ്ഞതറിഞ്ഞ തഹസിൽദാർ പരസ്യമായി വൃദ്ധനെ ശാസിക്കുമ്പോൾ ഹൃദയം തകർന്ന് 'മോനേ' എന്നു വിളിക്കുന്ന കേശവപ്പിള്ളാര് നമ്മുടെയുള്ളിൽ വേദനയാകുന്നു . ഒടുവിൽ കേശവപ്പിള്ളയെ നാട്ടിൽ കൊണ്ടുചെന്നാക്കാൻ തീരുമാനിക്കുന്നു. അച്ഛനെക്കുറിച്ച് പ്രിയങ്കരമായ ഓർമ്മകൾ താലോലിച്ചുകൊണ്ട് ഉറക്കമുണർന്ന തഹസിൽദാർ അച്ഛനെ വിളിക്കാൻ ആളിനെ വിടുമ്പോൾ, കേശവപ്പിള്ളാർ അവിടെ നിന്നും എങ്ങോട്ടേയ്ക്കോ പോയിക്കഴിഞ്ഞിരുന്നു. അപ്പോൾ, മിണ്ടണ്ട, നാട്ടിലേക്കു പോയെന്നു പറഞ്ഞാൽ മതി എന്ന് ആശ്വസിപ്പിക്കുന്ന ഭാര്യയുടെ വാക്കുകളിലൂടെ കഥ അവസാനിക്കുന്നു.

## 7.4 പുരോഗതി സ്വയം പരിശോധിക്കുക

1. കുട്ടനാടിന്റെ കഥാകാരൻ എന്നറിയപ്പെടുന്നതാര്?
2. ഏതുപാശ്ചാത്യഎഴുത്തുകാരനോടാണ് തകഴിയുടെ സാഹിത്യ ജീവിതത്തിന് -അടുപ്പമുള്ളത്
3. തകഴിയുടെ കഥാപ്രപഞ്ചം ഏതു സാഹിത്യഭാവുകത്വത്തിന്റേതായിരുന്നു?
4. തഹസിൽദാരുടെ അച്ഛൻ എന്ന കഥയിൽ അവഗണിക്കപ്പെടുന്ന പിതാവ് ആരാണ്?
5. രാത്രിയുടെ നിശ്ശബ്ദതയിൽ അത്യുച്ചത്തിൽ ചക്രപ്പാട്ട് പാടുന്നതാരാണ്?
6. 'എന്റെ ചക്കിയില്ലല്ലോ ഇതുകാണാൻ' എന്നോർത്ത് കണ്ണുനിറയുന്നതാർക്കാണ്? ആരെക്കുറിച്ചാണിങ്ങനെ ഓർക്കുന്നത്
7. എന്തുകൊണ്ടാണ് കേശവപ്പിള്ളാർ പുലർച്ചെ അടുക്കളയിൽ ഒളിച്ചു കടന്നത്.
8. സായിപ്പിനെ കണ്ടപ്പോൾ കവാത്തുമറന്നോ? ആര് ആരോട് ചോദിക്കുന്നതാണിത്? ഇവിടെ സായ്പായും കവാത്തുമറക്കുന്നവനായും വിവക്ഷിക്കുന്നതാരെയാണ്?
9. അച്ഛനെ കാണാതായപ്പോൾ തഹസിൽദാർ ഭാര്യയോടു ചോദിച്ചതെന്താണ്?

**ഉത്തരം**

1. തകഴി ശിവശങ്കരപിള്ള
2. മോപ്പസാങ്ങ്
3. റിയലിസം
4. കേശവപ്പിള്ളാര്

5. കേശവശ്ശാര്
6. കേശവശ്ശാര് ഭാര്യയെക്കുറിച്ചോർക്കുന്നത്
7. തലേരാത്രി അത്താഴം കിട്ടാത്തതു കൊണ്ട്
8. തഹസിൽദാരോട് ഭാര്യഭാനുമതിയമ്മ ചോദിക്കുന്നത്. ഇവിടെ കവാത്തുമറന്നത് തഹസിൽദാർ പത്മനാഭപിള്ളയും സായ്പ് അയാളുടെ അച്ഛൻ കേശവശ്ശാരുമാണ്
9. 'ഹാ! ദ്രോഹീ, "എടീ രാക്ഷസി! എന്റെ അച്ഛനെവിടെ?"

## 7.5 വിഷയാവതരണവും പാഠഭാഗവും

മലയാളത്തിലും ഇംഗ്ലീഷിലും വിവിധസാഹിത്യരൂപങ്ങളിലൂടെ പ്രസിദ്ധയാണ് മാധവിക്കുട്ടി. മലയാളത്തിലെ പ്രമുഖകവയിത്രി ബാലാമണിയമ്മയുടെ മകളായി പിറന്ന ഈ കഥാകാരി കമലാദാസ് എന്ന പേരിലാണ് ഇംഗ്ലീഷിൽ കവിതകളെഴുതിയത്. സാഹിത്യവുമായി ഏറെബന്ധമുണ്ടായിരുന്ന നാലപ്പാട്ടു തറവാടിന്റെ പാരമ്പര്യം മാധവിക്കുട്ടിക്കും ഉണ്ടായിരുന്നു. സ്ത്രീപക്ഷ എഴുത്തുകാരി എന്ന് അവകാശപ്പെട്ടിട്ടില്ലെങ്കിലും സ്ത്രീത്വത്തിന്റെ വിചാരവികാരങ്ങളായിരുന്നു മാധവിക്കുട്ടിക്ക് പ്രിയം. സ്ത്രീയുടെ സ്വാതന്ത്ര്യദാഹത്തിന്റെ കഥാകാരിയായിരുന്നു മാധവിക്കുട്ടി എന്നു പറയാം. 'എന്റെ കഥ' പോലുള്ള ആത്മകഥാസ്വഭാവമുള്ള രചനകളിൽ അവർ വ്യക്തിപരമായ അനുഭവങ്ങളെ ഒളിയും മറയുമില്ലാതെ ആവിഷ്കരിച്ചു. ജീവിതത്തിലും എഴുത്തിലും തനിക്കുശരിയെന്നു തോന്നുന്നത് അതിവൈകാരികതയോടെ ചെയ്യാനും എഴുതാനും അവർ ഇഷ്ടപ്പെട്ടു.

ശില്പഭദ്രതയാണ് മാധവിക്കുട്ടിയുടെ കഥയുടെ പ്രധാന സവിശേഷത. കഥയെ ഭാവഗാനംപോലെ സുന്ദരമാക്കാൻ അവർക്കു കഴിഞ്ഞു. രതിയും മനുഷ്യന്റെ പച്ചയായ വികാരങ്ങളും തുറന്നെഴുതാൻ അവർക്കു കഴിഞ്ഞു. പ്രകൃതിയുടെ സൗന്ദര്യം പോലെ നൈസർഗികമായ സൗന്ദര്യം മാധവിക്കുട്ടികഥകളുടെ പ്രത്യേകതയാണ്. വളരെ ചുരുങ്ങിയ മലയാളപദകോശത്തിൽ വികാരത്തിന്റെയും സത്യസന്ധമായ ജീവിതാസക്തിയുടെയും ഊർജ്ജം സന്നിവേശിപ്പിച്ചുകൊണ്ടാണ് അവർ എഴുതിയത്.

നരിച്ചീറുകൾ പറക്കുമ്പോൾ, പക്ഷിയുടെ മണം, നെയ്പ്പായസം, തരിശുനിലം,ചുവന്നപാവാട, തണുപ്പ്, നഷ്ടപ്പെട്ട നീലാംബരി തുടങ്ങിയവ മാധവിക്കുട്ടിയുടെ പ്രശസ്തമായ കഥകളിൽ ചിലതാണ്. ഫെമിനിസ്റ്റല്ല എന്നു പറഞ്ഞുകൊണ്ടുതന്നെ പെൺജീവിതാഖ്യാനങ്ങൾ നടത്തിയ മാധവിക്കുട്ടി മരിച്ചത് കമലാസുരയ്യയായാണ്. അതികാല്പനികമായ നിലപാടുകളായിരുന്ന ജീവിതത്തിൽ അവർക്കുണ്ടായിരുന്നത് എന്ന് കാണാം. കഥയെഴുത്തിലെ കാച്ചിക്കുറിക്കിയ ശൈലിക്കുദാഹരണമാണ് 'കോലാട്' എന്ന കഥ.

കുടുംബത്തിനുവേണ്ടി തേഞ്ഞും അരഞ്ഞും തീരുന്ന ഒരു വീട്ടമ്മയുടെ ജീവിതത്തെ ഏറെ ഹൃദയദ്രവീകരണക്ഷമമായി ആവിഷ്കരിക്കുന്ന കഥയാണിത്.

## പാഠം 2 – കോലാട്

അവളുടെ നാല്പത്തിമൂന്നാമത്തെ വയസ്സിൽ തമാശക്കാരനായ മൂത്ത മകൻ പറഞ്ഞു:

'അമ്മേ, നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മവരിക.'

അവൾ അവന്റെ ചിരിയിൽ പങ്കുകൊണ്ടു. പക്ഷേ, അന്ന് അവരെല്ലാവരും വീട്ടിൽനിന്നു പുറത്തുപോയപ്പോൾ അവൾ കണ്ണാടിയെടുത്തു വിഷണ്ണതയോടെ തന്റെ മുഖം പരിശോധിച്ചു. തന്റെ ഒട്ടിയ കവിളുകളെ വീണ്ടും പുഷ്ടിപ്പെടുത്തുവാൻ വല്ല മാർഗവുമുണ്ടായിരുന്നെങ്കിൽ തന്റെ ജീവിതവും അതോടൊപ്പം പുഷ്ടിപ്പെടുമെന്ന് അവൾക്കു തോന്നി. യൗവനവും ദേഹപുഷ്ടിയുമുണ്ടയിരുന്ന കാലത്ത് അവൾ നിലത്തു പായ വിരിച്ചു കിടന്നുറങ്ങുമായിരുന്നില്ല... പക്ഷേ, ഓരോന്ന് ഓർത്ത് കണ്ണാടി നോക്കിക്കൊണ്ട് ഇരിക്കുവാൻ അവൾക്കു മനസ്സു വന്നില്ല. അടുക്കളയിൽ പാലു തിളയ്ക്കാൻ തുടങ്ങുകയായിരുന്നു.

രാവിലെ മുതൽ അർദ്ധരാത്രിവരെ അവിശ്രമം ജോലിയെടുത്ത് അവൾ തന്റെ കുടുംബത്തെ വളർത്തിക്കൊണ്ടുവന്നു. മെലിഞ്ഞ്, വെളുത്ത് അവിടെയിവിടെയായി ചില ഒടിവുകൾ പറ്റിയെന്നു തോന്നിക്കുന്ന ഒരു ശരീരമായിരുന്നു അവളുടേത്. പക്ഷേ, അവൾ ഒരിക്കലെങ്കിലും ക്ഷീണിച്ചു വീഴുകയോ ആവലാതിപ്പെടുകയോ ഉണ്ടായില്ല. അതുകൊണ്ട് അവൾ വെള്ളം നിറച്ച പാട്ടകൾ എടുത്തുപൊക്കി കുളിമുറിയിൽ നിന്ന് അടുക്കളയിലേക്കും അടുക്കളയിൽനിന്നു കുളിമുറിയിലേക്കും മറ്റും നടക്കുമ്പോൾ അവളുടെ ഭർത്താവും മുതിർന്ന മക്കളും അവളെ സഹായിക്കുവാൻ മുതിർന്നില്ല. അവൾ പഠിപ്പും പരിഷ്കാരവുമില്ലാത്തവളായിരുന്നു. വീട് അടിച്ചു തുടച്ച് വൃത്തിയാക്കുവാനും ഭക്ഷണം പാകം ചെയ്യുവാനും തുണികൾ അലക്കി ഇസ്തിരിയിടുവാനും അവൾക്കുള്ള പാടവത്തെപ്പറ്റി അവർ ഇടയ്ക്ക് പുകഴ്ത്തിപ്പറഞ്ഞു. പ്രശംസ കേൾക്കുമ്പോഴൊക്കെ തേഞ്ഞ പല്ലുകൾ വെളിപ്പെടുത്തി അവൾ പുഞ്ചിരിതൂകി. ഇളയമകൻ സ്കൂളിൽ നിന്ന് മടങ്ങുമ്പോൾ ഒരിക്കൽ ഒരു നെല്ലിക്ക അവൾക്കായി കൊണ്ടുവന്നു. അന്ന് അടുക്കളയുടെ ഇരുട്ടിൽ നിന്നുകൊണ്ട് അവൾ സന്തോഷാശ്രുക്കൾ പൊഴിച്ചു. കാലക്രമേണ അവന്റെ കണ്ണിലും അവൾ ഒരു പേക്കോലമായി. സ്കൂളിലെ ഡ്രാമായ്ക്കുതാനും കൂടെ വരുമെന്ന് അവൾ പറഞ്ഞപ്പോൾ അവൻ പറഞ്ഞു:

'അമ്മ വരണ്ട. എനിക്കു കുറവാണ്.'

'അതിനെന്താ, ഞാൻ സിൽക്കിന്റെ സാരി ഉടുക്കാലൊ. എന്റെ കല്യാണസാരി.' അവൾ പറഞ്ഞു.

'എന്നാലും വരണ്ട.'

മെലിഞ്ഞ കാലുകൾ, രണ്ടു മുറികളുള്ള ആ കൊച്ചുവീട്ടിൽ വിശ്രമമില്ലാതെ ചലിച്ചുകൊണ്ടിരുന്നു. ഒടുവിൽ ആ യന്ത്രവും കേടുവന്നു.

അവൾക്കു പനി തുടങ്ങി, വയറ്റിൽ വേദനയും. ഇഞ്ചിനീരും കുരുമുള കുരസവും ഒന്നും അവളെ സഹായിച്ചില്ല. പത്താം ദിവസം ഡോക്ടർ അവളുടെ ഭർത്താവിനോട് പറഞ്ഞു:

'ഇവരെ ഉടനെ ആശുപത്രിയിലേക്ക് കൊണ്ടുപോവണം. ഇത് മഞ്ഞ ക്കാമലയുടെ ഒരു സീരിയസ് കേസ്സാണ്.'

പാഠപുസ്തകങ്ങൾക്കു മുമ്പിൽ ഇരുന്നിരുന്ന കുട്ടികൾ അതു കേട്ടു നടുങ്ങി. ഒരു പരിചാരകൻ അവളെ ചക്രക്കട്ടിലിൽ കിടത്തി ഉന്തി ക്കൊണ്ട് ആശുപത്രിമുറിയിൽ പ്രവേശിച്ചപ്പോൾ കണ്ണുകൾ മിഴിച്ചു കൊണ്ട് അവൾ പറഞ്ഞു:

'അയ്യോ! പരിപ്പ് കരിയ്ണ്ട് തോന്ന്ണൂ.'

അവളുടെ ഭർത്താവിന്റെ കണ്ണുകൾ നനഞ്ഞു.

## 7.6 പദാർത്ഥബോധനം

| | | |
|---|---|---|
| വിഷണ്ണത | - | ദുഃഖം |
| അവിശ്രമം | - | വിശ്രമമില്ലാതെ |
| പാടവം | - | കഴിവ്, സാമർത്ഥ്യം |

## 7.7 പാഠസംഗ്രഹം

നാല്പത്തിമൂന്നാമത്തെ വയസിൽ ഒരമ്മയോട് മൂത്തമകൻ, "അമ്മേ നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മവരിക" എന്ന് പറ യുന്നിടത്താണ് കഥതുടങ്ങുന്നത്. അപ്പോൾ ചിരിച്ചെങ്കിലും പിന്നീട് അവൾ കണ്ണാടി നോക്കി വേദനിക്കുന്നു. ഒട്ടിയ കവിളുകളെ പുഷ്ടി പ്പെടുത്താൻ മാർഗമുണ്ടായിരുന്നെങ്കിൽ എന്നവളാശിക്കുന്നു. കാരണം യൗവനകാലത്ത് അവൾക്ക് നിലത്ത് പായവിരിച്ചു കിടക്കേ ണ്ടിയിരുന്നില്ല. ആ ഓർമകൾ പോലും ഏറെനേരം നിലനിർത്താൻ അവൾക്ക് കഴിഞ്ഞില്ല. കാരണം അടുക്കളയിൽ പണികൾ ഇനിയും ബാക്കിയായിരുന്നു.

രാവിലെ മുതൽ അർദ്ധരാത്രിവരെ വിശ്രമമില്ലാതെ പണിയെടുത്ത് കുടുംബത്തെ പുലർത്തുകയും വളർത്തുകയും ചെയ്യുകയാണവൾ. അവളെ സഹായിക്കാൻ ഭർത്താവും മക്കളും മുതിർന്നില്ല. പഠിപ്പും പരിഷ്കാരവുമില്ലാത്ത അവൾക്ക് വീട്ടുജോലിയിലുള്ള പാടവത്തെ പ്പറ്റി അവർ പുകഴ്ത്തുമ്പോളൊക്കെ അവൾ ചിരിക്കും. ഒരുനാൾ ഇള യമകൻ സ്കൂളിൽ നിന്ന് അവർക്കായൊരു നെല്ലിക്ക കൊണ്ടു വന്ന് കൊടുത്തപ്പോൾ സന്തോഷം കൊണ്ട് അവൾ കരഞ്ഞിരുന്നു. എന്നാ ലിന്ന് ആ മകന്റെ കണ്ണിലും അവൾ ഒരു പേക്കോലമാണ്. സ്കൂളിലെ നാടകത്തിന് താനും വരും എന്ന് ആ അമ്മ മകനോടു പറഞ്ഞപ്പോൾ. അമ്മ വരണ്ട എനിക്കുകുറച്ചിലാണ് എന്നായിരുന്നു മകന്റെ മറുപടി. "അതിനെന്താ, ഞാൻ സിൽക്കിന്റെ സാരി ഉടുക്കാ ലോ, എന്റെ കല്യാണസാരി എന്നു പറഞ്ഞിട്ടും 'എന്നാലും വരണ്ട' എന്ന് മകൻ വിലക്കുമ്പോൾ, വായനക്കാരന്റെ നെഞ്ചിൽ ഒരു വേദന അനുഭവപ്പെടുന്നുണ്ട്."

എന്നിട്ടും വിശ്രമമില്ലാതെ ചലിച്ചുകൊണ്ടിരുന്ന 'അമ്മ' എന്ന ആ യന്ത്രത്തിനു കേടുവന്നു. ഒടുവിൽ അത്യാസന്നനിലയിലായ അവളെ ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ കണ്ണുകൾ മിഴിച്ചു കൊണ്ട് 'അയ്യോ, പരിപ്പ് കരിയ്ണ്ട് തോന്ന്ണൂ' എന്ന് വീടോർമയിൽ അവൾ വിളിച്ചു പറയുന്നു. അപ്പോൾ അവളുടെ ഭർത്താവിന്റെ കണ്ണു നിറയുന്നു.

## 7.8 പുരോഗതി സ്വയം പരിശോധിക്കുക

1. മാധവിക്കുട്ടി ഏതുപേരിലാണ് ഇംഗ്ലീഷിൽ കവിതകളെഴുതിയത്?
2. ഏതു തറവാട്ടിലാണ് മാധവിക്കുട്ടി ജനിച്ചത്?
3. മാധവിക്കുട്ടിയുടെ അമ്മ ആരായിരുന്നു?
4. 'എന്റെ കഥ' ആരുടെ ആത്മകഥാസ്വാഭാവമുള്ള കൃതിയാണ്?
5. കോലാട് എന്ന കഥയുടെ പ്രമേയമെന്ത്?
6. അമ്മയുടെ നാല്പത്തിമൂന്നാമത്തെ വയസിൽ മൂത്തമകൻ എന്താണു പറഞ്ഞത്?
7. ഓരോന്ന് ഓർത്ത് കണ്ണാടി നോക്കിക്കൊണ്ട് ഇരിക്കാൻ അവൾക്കു മനസ്സുവന്നില്ല എന്തുകൊണ്ട്?
8. എങ്ങനെയുള്ള ശരീരമായിരുന്നു അവളുടേത്?
9. എപ്പോഴാണ് കുട്ടികൾ നടുങ്ങിയത്?
10. എപ്പോഴാണ് ഭർത്താവിന്റെ കണ്ണുകൾ നനഞ്ഞത്?

### ഉത്തരം

1. കമലാദാസ്
2. നാലപ്പാട്ടുതറവാട്
3. പ്രശസ്ത കവയിത്രി ബാലാമണിയമ്മ
4. മാധവിക്കുട്ടി
5. കുടുംബത്തിനുവേണ്ടി മാത്രം ജീവിക്കുന്ന ഒരു വീട്ടമ്മയുടെ സങ്കടം നിറഞ്ഞജീവിതം
6. "അമ്മേ, നിങ്ങളെ കണ്ടാൽ ഒരുകോലാടിനെയാണ് ഓർമവരിക"
7. അവൾക്ക് ചെയ്യാൻ ജോലികളേറെയുണ്ട്. കണ്ണാടി നോക്കിയിരുന്നപ്പോൾ അടുക്കളയിൽ പാൽ തിളയ്ക്കാൻ തുടങ്ങുകയായിരുന്നു
8. മെലിഞ്ഞ് വെളുത്ത് അവിടെയവിടെയായി ചില ഒടിവുകൾ പറ്റിയെന്നു തോന്നിക്കുന്ന ഒരു ശരീരമായിരുന്നു അവളുടെത്.
9. അമ്മയ്ക്ക് മഞ്ഞക്കാമലയുടെ ഒരു സീരിയസ് കേസാണ്, ഇവരെ ഉടനെ ആശുപത്രിയിലേക്ക് കൊണ്ടുപോകണം എന്നു ഡോക്ടർ പറഞ്ഞതു കേട്ടപ്പോൾ

10. ആശുപത്രിയിൽ പ്രവേശിച്ചപ്പോഴും, ഒടുവിലായി, അയ്യോ, പരിപ്പ് കരിയ്ണ് തോന്നണൂ എന്നവൾ പറഞ്ഞതുകേട്ടപ്പോൾ.

## 7.9 വിഷയാവതരണവും പാഠഭാഗവും

കഥയെഴുതാൻ യോഗ്യമല്ലാത്ത ഒരു വിഷയവും ലോകത്തിലില്ല എന്ന് വിശ്വസിക്കുന്ന കഥാകൃത്താണ് ടി. പത്മനാഭൻ. മലയാളകഥയ്ക്ക് കാല്പനിക സൗന്ദര്യവും കരുത്തും നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ജെയിംസ് ജോയ്സ്നോട് തനിക്കുള്ള കടപ്പാട് തുറന്നു പറയുന്നതോടൊപ്പം താൻ ഒരു അനുകരണക്കാരനല്ല എന്ന് ആണയിട്ടു പറയാനും ടി. പത്മനാഭൻ മടിക്കുന്നില്ല. അദ്ദേഹം സ്വയം അവകാശപ്പെടുന്നതുപോലെ അദ്ദേഹത്തിന്റെ കഥകൾ മലയാള കഥാസാഹിത്യശാഖയെ കൂടുതൽ സംപുഷ്ടമാക്കാൻ സഹായകമായിട്ടുണ്ട്. ബാഹ്യമായ സംഭവവർണ്ണനകളിൽ അദ്ദേഹത്തിന് താല്പര്യമില്ല. കഥയിലെ സംഭവങ്ങൾ കഥാപാത്രങ്ങളുടെ വിചിത്രമായ അനുഭൂതി മണ്ഡലങ്ങളിലേയ്ക്കുള്ള കവാടങ്ങളാണ്. അദ്ദേഹത്തിന്റെ കഥകൾ ഭാവഗീതംപോലെ ഹൃദയദ്രവീകരണക്ഷമമാണ്. തെരഞ്ഞെടുത്ത കഥകളിൽ സമാഹരിച്ച ഓരോ കഥയും ഇതിന് തെളിവാണ്. ശ്രീ.എം.കൃഷ്ണൻ നായർ അദ്ദേഹത്തെ വിലയിരുത്തിയിട്ടുള്ളത് ശ്രദ്ധിക്കുക:-

ടി.പത്മനാഭന്റെ ചെറുകഥകൾ പലപ്പോഴും റിയലിസത്തിൽനിന്നു പൊയറ്റിക്ക് റിയലിസത്തിലേയ്ക്ക് ഉയരുന്നു. 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി' എന്ന ചെറുകഥയിൽ പത്മനാഭൻ വസ്തുനിഷ്ഠങ്ങളായ യാഥാർത്ഥ്യങ്ങളെ ചിത്രീകരിച്ച് കർത്തൃനിഷ്ഠങ്ങളായ വസ്തുക്കളെ സ്ഫുടീകരിക്കുന്നു. ഇക്കഥയിലെ നഗരവും സിനിമാശാലയും വാസ്തവിക ലോകമാണ്. അത് ജനിപ്പിക്കുന്ന ആദർശാത്മകലോകം കഥ പറയുന്ന ആളിന്റെ മനസ്സിലുണ്ട്. ആ ആദർശാത്മകമായ ലോകത്തിലേക്ക് പ്രവേശിക്കാൻ നിങ്ങൾക്ക് താല്പര്യമില്ലേ?

## പാഠം-3 പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി

വരിവരിയായി നില്ക്കുന്ന കാറ്റാടിമരങ്ങളൊന്നിന്റെ ചുവട്ടിലാണ് ഞാനിരിക്കുന്നത്.

എന്റെ മുമ്പിൽ ഇടിഞ്ഞുപൊളിഞ്ഞ ഒരു കോട്ടയാണ്. കടലിലേയ്ക്കു തള്ളിനില്ക്കുന്ന ഒരു പാറമേലാണ് കോട്ട. ആര് പണിതുവെന്നോ, എപ്പോൾ പണിതുവെന്നോ ഒന്നും എനിക്കു നിശ്ചയമില്ല. ഒരു പക്ഷേ, ഈ ഭൂമി ഉണ്ടായ നാൾ മുതല്ക്കേ ഈ കോട്ടയും ഇവിടെ ഉണ്ടായിരിക്കാം. എന്റെ ചെറുപ്പത്തിൽ എനിക്കങ്ങിനെ തോന്നിയിട്ടുണ്ട്. ഇന്നും അങ്ങിനെ തോന്നുന്നു.

ഓർമ്മവെച്ച നാൾമുതല്ക്കേ ഞാൻ ചുറ്റിത്തിരിയാൻ തുടങ്ങിയരിക്കുക്കയാണ്. അനുഭവങ്ങളുടെ വിഴുപ്പുഭാണ്ഡവും പേറി ജീവിതത്തിന്റെ ദുർഗ്ഗമങ്ങളായ വഴികളിലൂടെ ഞാൻ സഞ്ചരിക്കുന്നു. പല നാടുകളും കണ്ടു; പലരുമായി ഇടപഴകി. പക്ഷേ, അസ്വസ്ഥമായ എന്റെ മനസ്സിനു സമാധാനം ലഭിച്ചുവോ?

എങ്കിലും ഈ പഴയ നഗരത്തിലേയ്ക്ക് തിരിച്ചുവരുമ്പോഴൊക്കെ എന്തെന്നില്ലാത്ത ഒരാശ്വാസം എനിക്കു ലഭിക്കാറുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് ഞാൻ വിട്ടുപിരിഞ്ഞ എന്റെ അമ്മയാണ് ഈ നഗരം. ഇവിടത്തെ ഇടുങ്ങിയ തെരുവുകളും, വലിയ മൈതാനവും, അമ്പലവും, പള്ളിയും, എല്ലാറ്റിനുമുപരിയായി ഈ ഇടിഞ്ഞുപൊളിഞ്ഞ കോട്ടയും, എന്റെ സ്വന്തമാണെന്ന് എനിക്കു തോന്നുന്നു.

ഇവിടത്തെ ഓരോ മണൽത്തരിയും എനിക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്.

ഇവിടെവെച്ചാണ് ഞാൻ ഒരു കൊല്ലം മുമ്പ് ഒരു പുതിയ മനുഷ്യനായതും.

മറയാൻപോകുന്ന സൂര്യന്റെ രശ്മികൾ കാറ്റാടിയുടെ തൂങ്ങിക്കിടക്കുന്ന ചില്ലകളിലൂടെ കടന്നുവരുമ്പോൾ ആളുകൾ കടല്ക്കരയിൽനിന്നു മടങ്ങുകയായിരുന്നു. കുറച്ചുപേരെ ഉണ്ടായിരുന്നുള്ളു. ഉള്ളവരിലധികവും പ്രായംകൂടിയവരായിരുന്നുതാനും. മഞ്ഞുവീഴുന്നതിനുമുമ്പെ വീട്ടിലെത്തണമെന്ന നിർബ്ബന്ധത്തോടെയാണ് അവർ നടന്നിരുന്നത്. കഴുത്തിൽ മഫ്ളർ ചുറ്റിക്കെട്ടി, വലിയ ചൂരൽവടികൾ ചുഴറ്റിക്കൊണ്ട് അവർ എന്നെ കടന്നുപോയി. ചെറുപ്പക്കാർക്ക് ഒരു ബദ്ധപ്പാടും കണ്ടില്ല. കൊകോർത്തുപിടിച്ചും, തോളോടുതോളുരുമ്മിയും അവർ പതുക്കെ നടന്നകന്നപ്പോൾ, എന്തുകൊണ്ട് ഇരിട്ട് വേഗം പരക്കുന്നില്ല എന്ന വിഷാദമേ അവർക്കുള്ളുവെന്ന് എനിക്കു തോന്നി.

അവരാരും എന്നെ ശ്രദ്ധിച്ചില്ല.

പക്ഷേ, ഞാൻ അവരെ സൂക്ഷിക്കുന്നുണ്ടായിരുന്നു.

കുറെ മുമ്പായിരുന്നുവെങ്കിൽ ഞാൻ അവരെ നോക്കി അസൂയപ്പെട്ടേനെ. ഒരു നെടുവീർപ്പോടെ പറഞ്ഞുവെന്നും വരും.

“ആഹ്ളാദിക്കാൻമാത്രം പിറന്ന ഭാഗ്യശാലികൾ”

ആഹ്ളാദം!

എനിക്കു ചിരിവരുന്നു.കാരണമുണ്ട്. എനിക്കറിയാം, അവരിൽ വലിയൊരു ഭാഗം ആഹ്ളാദിക്കുവാൻ കഴിയാത്തവരാണെന്ന്. കൃത്രിമമായ ഒരാവരണമണിഞ്ഞുകൊണ്ട് അവർ എവിടേയ്ക്കോ ഒഴുകിപ്പോവുകയാണ്. ആത്മവഞ്ചനയുടെ ഏതു വൈതരണിയിലേക്കോ! ഒന്നിനോടും അവർ ബന്ധം സ്ഥാപിക്കുന്നില്ല; ഒന്നിനോടും ബന്ധം സ്ഥാപിക്കാൻ അവർക്കു കഴിയുകയുമില്ല.

മനുഷ്യന്റെ കെട്ടുപിണഞ്ഞു കിടക്കുന്ന ബന്ധങ്ങളെക്കുറിച്ച് ഞാനാലോചിച്ചു. പണ്ടും, പലപ്പോഴും, അങ്ങിനെ ആലോചിച്ചിട്ടുണ്ട്. എങ്കിലും അന്നൊന്നും അവ അഴിച്ചുനീക്കുവാൻ കഴിയുന്ന കുരുക്കുകളാണെന്നു മനസ്സിലായിരുന്നില്ല.

പക്ഷേ ഇന്നെനിക്കു മനസ്സിലായോ?

ഞാൻ സ്വയം ചോദിച്ചു

എന്റെ സ്വന്തം കുരുക്കുകൾ ഞാൻ അഴിച്ചുനീക്കിക്കഴിഞ്ഞുവോ?

ഹൃദയത്തിലെ പഴയ മുറിവ് വീണ്ടും പൊട്ടി ചോര കിനിയുവാൻ തുടങ്ങി.

എന്റെ മനസ്സ് അസ്വസ്ഥമാവുകയാണ്.

അപ്പോൾ – അപ്പോഴാണ് ആ ശബ്ദം കേട്ടത്. ആരോ പൊട്ടിച്ചിരിക്കുന്നു. ഞാൻ തിരുഞ്ഞുനോക്കി.

പ്രകാശം പരത്തുന്ന ആ പെൺകുട്ടി! ഞാൻ അത്ഭുതപ്പെട്ടില്ല; അവളെ ഞാൻ എപ്പോഴും എവിടേയും പ്രതീക്ഷിക്കാറുണ്ട്. ഇരുട്ടു നിറഞ്ഞുകിടിന്നിരുന്ന എന്റെ ജീവിതത്തിൽ ഒരു കൊള്ളിമീനിനെപ്പോലെ അവൾ പെട്ടെന്നു മിന്നിമറിയുകയാണുണ്ടായത്. മായാത്ത ഒരോർമ്മയായി അവൾ അവശേഷിക്കുകയും ചെയ്തു. എന്റെ ആത്മാവിൽ, എന്നുതന്നെ പറയട്ടെ. അവളെ ഞാൻ വീണ്ടും കാണുകയാണ്.

എന്റെ ശരീരത്തിലെ ഓരോ അണുവും ത്രസിച്ചു. അവളുടെ കൂടെ അവളുടെ അനുജത്തിയും അനുജനുമുണ്ടായിരുന്നു. രണ്ടു പേരേയും കൂട്ടി പൂഴിവിരിച്ച നടപ്പാതയിലൂടെ അവൾ നടന്നു വരികയാണ്. പാവാടയ്ക്കു പുറമെ റെയിൻബോ ജോർജറ്റിന്റെ ഒരു ദാവണികൂടി അവൾ ചുറ്റിയിരുന്നു. അവൾ അല്പം വലുതായിട്ടുണ്ട്. ആ പയ്യൻ ചരടിൽ കെട്ടിയ ഒരു തകരവിമാനം ഉറക്കെ കറക്കിക്കൊണ്ടിരുന്നു.

എന്റെ മുമ്പിലൂടെ കടന്നുപോയപ്പോൾ ഞാൻ അവളെ നല്ലപോലെ കണ്ടു. വിശുദ്ധിയുടെ കണ്ണാടിയായിരുന്നു ആ മുഖം. അതങ്ങിനെ തന്നെ ആയിരുക്കുകയും ചെയ്യും. സന്ധ്യയുടെ നേരിയ വെളിച്ചത്തിൽ ആ മരച്ചുവട്ടിൽ ശിലാപ്രതിമപോലെ ഇരിക്കുന്ന എന്നെ കാണുമ്പോൾ അവൾ ഭയപ്പെട്ടുപോകുമെന്നാണ് ഞാൻ വിചാരിച്ചത്. എന്നെ അവൾ നോക്കുമെന്ന് എനിക്കു നല്ല ഉറപ്പുണ്ടായിരുന്നു. പ്രത്യേകിച്ചു കാരണമുണ്ടായിട്ടൊന്നുമല്ല. അവൾ എന്നെ നോക്കും. അത്രതന്നെ!

ഞാൻ കാത്തുനില്ക്കുകയായിരുന്നു.

എന്റെ പ്രതീക്ഷ ശരിയായി. അവൾ എന്നെ നോക്കി; ഭയംകൊണ്ടു ചൂളിപ്പോകുന്നതിന്നു പകരം ആ കുട്ടി പുഞ്ചിരിച്ചു. അവൾ പേടിച്ചില്ല. എന്തിനാണ് പേടിക്കുന്നത്? ഞാനുമൊരു മനുഷ്യനല്ലേ? പക്ഷേ എത്രപേരതറിയുന്നുണ്ട്?

സ്വതവേ മനോഹരമായ ആ മുഖം അപ്പോൾ കൂടുതൽ മനോഹരമായി. എന്തുകൊണ്ടോ എന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. അതിർകവിഞ്ഞ ആനന്ദം നിമിത്തമായിരിക്കാം.

അവൾക്കെന്നെ മനസ്സിലായോ, എന്തോ?

കണ്ണിൽനിന്നു മറയുന്നതുവരെ ഞാൻ അവളെത്തന്നെ നോക്കിക്കൊണ്ടിരുന്നു.

കാറ്റാടിയുടെ ചില്ലകളുടെ ഇടയിലൂടെ ചൂളംവിളിക്കുന്ന കാറ്റും, കോട്ടയുടെ പാറക്കെട്ടിൽ വന്നടിക്കുന്ന തിരയും ആ പെൺകുട്ടി യുടെ പൊട്ടിച്ചിരി ആവർത്തിക്കുകയാണെന്ന് എനിക്കു തോന്നി.

അന്തിച്ചുവപ്പു പൂർണ്ണമായി മറയുകയും ആകാശത്തിന്റെ കോണിൽ ഏതാനും നക്ഷത്രങ്ങൾ തെളിയുകയും ചെയ്തു. ഞാൻ അവിടെനി ന്നെഴുന്നേറ്റില്ല. മഞ്ഞണിഞ്ഞ പർവ്വതത്തിന്റെ ചരിവിൽ ധ്യാനലീന നായിരിക്കുന്ന ഒരു യോഗിയെപ്പോലെ ഞാൻ മരച്ചുവട്ടിൽ ഇരുന്നു. ഈറൻപിടിച്ച അന്തരീക്ഷം, ഇരുട്ട്, എങ്ങും വിങ്ങിനില്ക്കുന്ന മൂക ത. കടൽപോലും തെല്ലടങ്ങിയിരിക്കയാണ്.

ആ പെൺകുട്ടിയെ ആദ്യമായി കണ്ടുമുട്ടിയ ദിവസം ഞാനോർത്തു.

നിഗൂഢമായ ഒരുദ്ദേശം ഹൃദയത്തിലൊളിച്ചുവെച്ചുകൊണ്ട് ഇവി ടത്തെ തെരുവുകളിലൂടെ ഞാൻ അലയുകയായിരുന്നു. എന്നെ സ്നേഹിച്ചിരുന്ന ഏതാനും ചിലരെ രാവിലെത്തന്നെ ചെന്നുകണ്ടു. ഒരുതരത്തിലുള്ള മുന്നറിയിപ്പുമുണ്ടായിരുന്നില്ല. എന്റെ പെരുമാറ്റം അവരെ അമ്പരപ്പിച്ചുവെന്നു തോന്നുന്നു. അവർ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു; "വെറുതെ കണ്ടു പോകാൻ വന്നതാണ്. ഒരു പക്ഷേ അടുത്തൊന്നും ഇങ്ങോട്ടു വരാൻ തരപ്പെട്ടുവെന്നുവരില്ല.

എന്റെ ശബ്ദം അപ്പോൾ ഇടറിയിരുന്നു. എങ്കിലും ഞാൻ പറഞ്ഞത് അവർ വിശ്വസിച്ചു. ഒരിടത്തും സ്ഥിരമായി താമസിക്കുന്നവനല്ല ഞാനെന്ന് അവർക്കറിയാം. നടന്ന വഴിയിലൂടെ വീണ്ടും നടന്നു. അമ്പലത്തിന്റെയും പള്ളിയുടേയും മുമ്പിലൂടെ പോയി. മൈതാന ത്തിൽ കുറേനേരം ചെന്നിരുന്നു. അവിടെനിന്നെഴുന്നേറ്റു വീണ്ടും ചുറ്റുവാൻ തുടങ്ങി. ഒരു മുക്കും മൂലയും ഒഴിച്ചുവെച്ചില്ല. എല്ലായി ടത്തും ചെന്നു.

ഒടുവിൽ തിയേറ്ററിന്റെ മുന്നിലെത്തി. അവിടെ അല്പനേരം വെറുതെ നിന്നപ്പോൾ തോന്നി - എന്തുകൊണ്ടു സിനിമ കണ്ടു കൂടാ? സിനിമ ഞാൻ എപ്പോഴും ഇഷ്ടപ്പെട്ടിരുന്നു. എന്തിന് അങ്ങിനെ സിനിമയെക്കുറിച്ചു മാത്രമായി പറയുന്നു? ഈ ലോക ത്തിലുള്ള സുന്ദരങ്ങളായ എല്ലാ വസ്തുക്കളും എനിക്കിഷ്ടമായിരു ന്നുവല്ലോ.

സന്ധ്യയോടുകൂടി കളി അവസാനിക്കും. അതിനുശേഷം വേണ്ടത്ര സമയമുണ്ട്. എവിടെ വേണമെങ്കിലും പോകാം. കീശയിൽ പണമു ണ്ട്. ഹോട്ടലിൽ മറിയെടുക്കുന്നതിന്ന് ഒരു മുടക്കവുമില്ല. വേണമെ ങ്കിൽ ഞാൻ താമസിക്കുന്നിടത്തേയ്ക്കുതന്നെ തിരിച്ചുപോകാം. അവിടെ എന്റെ കിടക്കയിൽ സുഖമായി കിടന്നതിനുശേഷം.......

ഞാൻ വിഷം കുടിച്ചു മരിക്കുവാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞിരുന്നു.

എങ്ങിനെയാണ് അത്തരത്തിലുള്ള ഒരു തീരുമാനത്തിലെത്തിയത് എന്നതിനെക്കുറിച്ച് ഒന്നുംതന്നെ പറയുവാൻ എനിക്കു കഴിയുകയി ല്ല. എന്റെ ജീവിതത്തിൽ പിന്നിട്ട ഓരോ നിമിഷവും ഉല്ക്കടമായ വിഷാദവും നിരാശയും നിറഞ്ഞതായിരുന്നു. എന്നെ നശിപ്പിക്കു വാൻ തക്കം പാർത്തിരിക്കുന്നവരാണ് ഞാൻ കണ്ടുമുട്ടുന്ന ഓരോരു

ത്തരും എന്നായിരുന്നു എന്റെ വിശ്വാസം. അതിനാൽ ഞാൻ എല്ലാവരേയും വെറുക്കുകയും ഭയപ്പെടുകയും ചെയ്തു. സംശയത്തിന്റെ പടർന്നുകത്തുന്ന ഒരു പന്തം ഹൃദയത്തിൽ സദാ ആളിക്കൊണ്ടിരുന്നു.

എങ്കിലും കുറച്ചുപേരെ എല്ലാം മറന്ന് സ്നേഹിക്കുകയുണ്ടായി.

എന്റെ ബാല്യം ആനന്ദം നിറഞ്ഞ ഒരു സ്വപ്നംപോലെ കഴിഞ്ഞ ഒന്നായിരുന്നു.

അന്നേ തുടങ്ങിയിരുന്നു ആ വീർപ്പുമുട്ടൽ.

ഒടുവിൽ സഹിച്ചിരിക്കുവാൻ അല്പംപോലും കഴിയുകയില്ല എന്ന ഘട്ടം വന്നപ്പോൾ ആത്മഹത്യ ചെയ്യുവാനുറച്ചു. മരണത്തോടുകൂടി ഏതു വേദനയാണ് അവസാനിക്കാത്തത്?

അന്ന്, വിഷം നിറച്ച ഒരു കുപ്പിയുമായി തിയേറ്ററിൽ ചെന്നിരുന്നപ്പോൾ ഞാൻ സ്വയം പറഞ്ഞു: “നീ മരിക്കണം; എന്നാലേ നിനക്കു സുഖവും സ്വാതന്ത്ര്യവും ലഭിക്കുകയുള്ളു!”

ഏറ്റവും പിറകിലുള്ള സീറ്റിലായിരുന്നു ഞാനിരുന്നത്. ‘മേറ്റിനി’യായിരുന്നതിനാൽ ആളുകൾ കുറവായിരുന്നു. ഞാനതിൽ സന്തോഷിച്ചു. ഒരലട്ടലുംകൂടാതെ പടം കാണാമല്ലോ.

കളി തുടങ്ങാറായപ്പോഴേയ്ക്കും ഒരു പെൺകുട്ടിയും അവളുടെ പിന്നാലെ രണ്ടു ചെറിയ കുട്ടികളും കടന്നുവന്നു. അവർ വന്നതു തന്നെ വലിയ ശബ്ദമുണ്ടാക്കിക്കൊണ്ടായിരുന്നു. സാധാരണ കുട്ടികളിൽ കാണാറുള്ള ഉല്ക്കണ്ഠയോ പരിഭ്രമമോ ഒന്നും തന്നെ അവരിൽ കണ്ടില്ല.

ആ പെൺകുട്ടി ഒരു മൂളിപ്പാട്ടു പാടി തിയേറ്റർ മുഴുവൻ അലക്ഷ്യമായി കണ്ണോടിച്ചു.

അപ്പോൾ ഞാൻ പ്രാർത്ഥിക്കുകയായിരുന്നു: “ദൈവമേ ആ കുട്ടികളെ എന്റെ അടുക്കലേയ്ക്കയയ്ക്കരുതേ! ഈ അവസാന നിമിഷങ്ങളിൽ ഞാനനുഭവിക്കുന്ന സമാധാനം അവർ കെടുത്തും. ഈ തിയേറ്ററിൽ വേണ്ടത്ര സ്ഥലമുണ്ട്.

എവിടെയെങ്കിലും പോയി അവരിരിക്കട്ടെ. ഇവിടെ മാത്രം വേണ്ട”

ഞാൻ അങ്ങിനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കേ അവൾ എന്റെ അരികിലായി വന്നിരുന്നു. അവളുടെ പിന്നാലെ രണ്ടു ചെറിയ കുട്ടികളും.

ഞാൻ അങ്ങോട്ടേയ്ക്കു നോക്കിയതേയില്ല.

എന്നെ ബുദ്ധിമുട്ടിക്കുവാനല്ലെങ്കിൽ പിന്നെ എന്തിനാണ് അവർ എന്റെ അടുക്കൽതന്നെ വന്നിരുന്നു?

ആ പെൺകുട്ടി തന്റെ അനുജത്തിയോടും അനുജനോടും ‘കലപില’യെന്നു തമിഴും മലയാളവും കലർന്ന ഭാഷയിൽ സംസാരിക്കാൻ തുടങ്ങി. വലിയ ധൃതിയിലായിരുന്ന സംസാരിച്ചുകൊണ്ടിരിക്കേ പെട്ടെന്നതു നിർത്തി ഏതെങ്കിലുമൊരു പാട്ടിന്റെ രണ്ടു വരി

മൂളുന്നതിലും അവൾ വലിയ മിടുക്കുകാണിച്ചു. ഇടയ്ക്കിടെ ഒരു കാട്ടുചോലപാറക്കെട്ടിൽചെന്നടിച്ചു ചിന്നിച്ചിതറുന്നതുപോലെ പൊട്ടിച്ചിരിക്കുകയും ചെയ്തു.

സിനിമയാരംഭിച്ചു.

ടെക്സാസിലെ വിശാലമായ പുൽമൈതാനങ്ങളിലൊന്നിൽ തങ്ങൾ സ്നേഹിക്കുന്ന ഒരു പെണ്ണിനുവേണ്ടി ചോരചിന്തുവാൻ രണ്ടു ചെറുപ്പക്കാർ തയ്യാറായി നില്ക്കുകയാണ്.

വെടി പൊട്ടുന്നു; മനുഷ്യൻ പിടഞ്ഞു വീഴുന്നു; കുതിരകൾ പായുന്നു; ആയിരക്കണക്കിനുള്ള പശുക്കളെ ശത്രുക്കൾ തെളിച്ചുകൊണ്ടുപോകുന്നു...

എന്റെ അടുത്തിരുന്ന ആ പെൺകുട്ടിയും അപ്പോൾ ടെക്സാസിലെ ഒരു മേച്ചിൽനിലത്തായിരുന്നു. അവൾക്ക് സ്വസ്ഥത തീരെയുണ്ടായിരുന്നില്ല. ഒരു കുതിര മറിഞ്ഞുവീണപ്പോൾ ഉള്ളിൽ തട്ടിയ വ്യസനത്തോടെ അവൾ പറഞ്ഞു: “പാവം!”

ഡേവിഡ്ഫാരറുടെ ബീഭത്സമായ മുഖം ക്ളോസപ്പിൽ കണ്ടപ്പോൾ അവൾ പറഞ്ഞുപോയി: “ആയ്!”

അങ്ങിനെ പറഞ്ഞ് അവൾ സീറ്റിന്റെ പിറകിലേയ്ക്കു വലിഞ്ഞു.

ഏതോ ഒരക്രമിയുടെ കൈയ്ക്ക് വെടികൊണ്ടപ്പോൾ അവൾ എന്നേക്കൂടി പിടിച്ചുകുലുക്കി.

“സബാഷ്! അങ്ങിനെ വേണം അല്ലേ?”

യാതൊരു സ്തോഭവും പ്രകടിപ്പിക്കാതെ തിരശ്ശീലയിലേയ്ക്കുതന്നെ നോക്കിയിരിക്കുകയായിരുന്നു ഞാൻ.

എനിക്കാശ്ചര്യം തോന്നി, ചൈതന്യത്തിന്റെ ഒരു സ്ഫുലിംഗമായ ആ പെൺകുട്ടി!

ആ കുട്ടിയുടെ നേരെയുണ്ടായിരുന്ന നീരസം പതുക്കെപ്പതുക്കെ നീങ്ങിപ്പോയി...

അവൾ  എന്റെ കൈയ്ക്ക് പിടിച്ചു ചോദിച്ചു:

“നിങ്ങൾ എനിക്കിതിന്റെ കഥ പറഞ്ഞുതരുമോ?”

ഞാൻ അവളുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. അവളുടെ മൂക്കുത്തിയിലെ വൈരംപോലതന്നെ അവളുടെ മുഖവും തിളങ്ങുന്നു!

“പറയൂ, എനിക്കു പറഞ്ഞുതരില്ലേ? എനിക്കൊന്നും മനസ്സിലാകുന്നില്ല. ഞാനിക്കൊല്ലം ആറാംക്ലാസിലായിട്ടേയുള്ളു”.

അപ്പോൾ എനിക്കുണ്ടായ സന്തോഷം! ആദ്യമായിട്ടാണ് ഒരു കുട്ടി എന്നോട് അത്ര സ്നേഹത്തോടും സ്വാതന്ത്ര്യത്തോടും കൂടി ഒരു കാര്യമാവശ്യപ്പെടുന്നത്. ഞാനിട്ടിരുന്ന കുപ്പായം വിലകുറഞ്ഞതും കീറിയതുമായിരുന്നു. ഞാൻ മുടി ചീകിയിട്ടില്ല. ഷേവ് ചെയ്തിട്ടില്ല.

എന്നിട്ടും ഒരിംഗ്ളീഷ് സിനിമയുടെ കഥ പറഞ്ഞുകൊടുക്കുവാനുള്ള കഴിവ് എനിക്കുണ്ടെന്ന് ആ പെൺകുട്ടിക്കു തോന്നിയല്ലോ!

ഒരിക്കൽ അമ്മയുടെ കൂടെ ആസ്പത്രിയിൽ പോയപ്പോൾ ഒരു നേഴ്സ് ചോദിച്ചത് ഞാനോർത്തു:

“മകനാണ്, അല്ലേ?”

അമ്മ പറഞ്ഞു: “അതേ”

‘ബീഡിപ്പണിയായിരിക്കും, അല്ലേ?”

അമ്മയ്ക്കെന്തെങ്കിലും പറയുവാൻ കഴിയുന്നതിനുമുമ്പു ഞാൻ പറഞ്ഞു: “അതേ”

പക്ഷേ ആ നേഴ്സ് പ്രായം ചെന്നവളായിരുന്നു.

എന്റെ അരികിൽ എന്റെ കഴിവിൽ വിശ്വാസമർപ്പിച്ചുകൊണ്ടിരിക്കുന്നത് ഒരു കൊച്ചു പെൺകുട്ടിയാണ്! എന്നും സൂര്യപ്രകാശവും പനിനീർപ്പൂക്കളുമുള്ള ഒരു ലോകത്തിലാണ് അവൾ ജീവിക്കുന്നത്. അവിടെ ഇരുട്ടുമൂടി, മുള്ളുനിറഞ്ഞുകിടക്കുന്ന മൂലകളേയില്ല.

ഞാനവൾക്കു കഥ പറഞ്ഞുകൊടുത്തു.

കളി പകുതി കഴിഞ്ഞപ്പോൾ ഞാൻ കേൾക്കുവാൻവേണ്ടി അവൾ മനോഹരമായ ഒരു പാട്ടുപാടി. അതിലെ ഒരു വരി ഇങ്ങിനെയായിരുന്നു.

“ചന്ദാരെ ജാരെ ജാരെ.....”

പാട്ട് അസ്സലായെന്നു പറഞ്ഞപ്പോൾ അവൾ പറയുകയുണ്ടായി: “അച്ഛനും എന്റെ പാട്ട് വലിയ ഇഷ്ടമാണ്.”

അനുജന്റെ കീശയിൽനിന്ന് ഒരു ചോക്കലേറ്റ് പാക്കറ്റെടുത്ത് അവൾ പൊളിച്ച് എനിക്കും തന്നു.

മരിക്കാൻപോകുന്ന എനിക്കാണ് അവൾ ചോക്കലേറ്റു സല്ക്കരിക്കുന്നതെന്നോർത്തപ്പോൾ ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ഞാൻ പറഞ്ഞു: “വേണ്ട; എനിക്കു വേണ്ട.” എങ്കിലും അവൾ വിട്ടില്ല.

“അതെന്തേ, നിങ്ങൾ ചോക്കലേറ്റു തിന്നില്ലേ?”

“നിങ്ങൾക്കിഷ്ടമല്ലേ? എനിക്കിഷ്ടമാണ്. അമ്മ എപ്പോഴും എനിക്ക് ചോക്കലേറ്റ് തരും. നിങ്ങളുടെ അമ്മ നിങ്ങൾക്ക് ചോക്കലേറ്റ് തരാറുണ്ടോ?”

എന്റെ അമ്മ എനിക്കു ചോക്കലേറ്റു തരാറുണ്ടോ എന്ന്! ഒരു പക്ഷെ, അവൾ വിചാരിച്ചിരിക്കും, ഞാനും ഒരു കുട്ടിയാണെന്ന്.

അവളുടെ നിർബന്ധത്തിനു വഴങ്ങിയ ഞാൻ ചോക്കലേറ്റു തിന്നു.

സിനിമയവസാനിച്ചപ്പോൾ അവൾ പറഞ്ഞു:

"ഇപ്പോഴൊന്നും തീരണ്ടായിരുന്നു!"

ഞങ്ങൾ പുറത്തിറങ്ങി. സന്ധ്യയാകാറായിരുന്നു.

അവൾ ചോദിച്ചു: "നിങ്ങൾ ഇനി എപ്പോഴാണ് സിനിമയ്ക്കു വരിക?"

ഞാനൊന്നും പറഞ്ഞില്ല.

"അടുത്തയാഴ്ച വരുമോ?"

"എന്താ വരാൻ കഴിയില്ലെ?"

എനിക്കു തമാശ തോന്നി. ഞാൻ പറഞ്ഞു: "അമ്മ സമ്മതിച്ചാൽ വരും!"

അവൾ പൊട്ടിച്ചിരിച്ചു: "അമ്മയോടു പറയണം. ഞാനും വരുന്നുണ്ടെന്ന്."

എനിക്കു ചിരിക്കുവാൻ കഴിഞ്ഞില്ല.

അനുജത്തിയും അനുജനും പോകാൻ തിരക്കു കൂട്ടുകയാണ്.

ആ പെൺകുട്ടിയെ വിട്ടുപിരിയുന്നതിൽ എനിക്കു സങ്കടം തോന്നി.

അവൾ പറഞ്ഞു: 'ഞാൻ കാത്തിരിക്കും."

ഞാൻ വെറുതെ മൂളി: "ഓ"

"ചിരിയോ!"

"ഗുഡ്ബൈ!"

ആ കുട്ടികളേയും കൂട്ടി അവൾ പോയി.

ഞാൻ അവളെത്തന്നെ നോക്കിനിന്നു. അവൾ വളർന്നു വലുതാകുന്നതും വിവാഹിതയാകുന്നതും ഞാൻ കണ്ടു.

എന്റെ ഹൃദയം വേദനിച്ചു. ഞാൻ ഏകാകിയാണ്. ഞാൻ ദുഖിതനാണ്. പക്ഷേ, അടുത്ത നിമിഷംതന്നെ ഞാനോർമ്മിച്ചു: ആ കുട്ടി സ്വയം സന്തോഷിക്കുകയും മറ്റുള്ളവർ സന്തോഷിക്കണമെന്നാഗ്രഹിക്കുകയും ചെയ്യുന്നവളാണ്.

ഞാൻ തനിച്ചു വീട്ടിലേയ്ക്കു നടന്നു. ഒരിരുട്ടറയിൽ ഏറെ നേരം ശ്വാസംമുട്ടിക്കിടന്നതിന്നുശേഷം തുറന്ന ഒരു മൈതാനത്തിലേയ്ക്ക് കടന്നുചെന്നപോലെയുള്ള ഒരനുഭവം! മനസ്സിൽ ഞാനറിയാതെ തന്നെ ഒരു പരിവർത്തനം നടക്കുകയായിരുന്നു.

അന്നു രാത്രി ഞാൻ വിഷം കുടിച്ചു മരിച്ചില്ല.

അതിനുശേഷം ഒരു കൊല്ലം കഴിഞ്ഞിരിക്കുന്നു. ഞാൻ വീണ്ടും പഴയപോലെ ഒരിടത്തും സ്ഥിരമായി നില്ക്കാതെ കഴിഞ്ഞുകൂടുകയാണ്. ഇപ്പോൾ മറ്റുള്ളവർ എന്താണ് എന്നെപ്പറ്റി പറയുന്നതെന്നറിവാൻ ഞാൻ ആഗ്രഹിക്കാറില്ല. എന്തുവേണമെങ്കിലും പറയാം. ഒരാക്ഷേപവുമില്ല.

കഴിഞ്ഞുപോയതൊക്കെ ഒരു പുകപോലെ മാത്രമേ കാണുവാൻ കഴിയുന്നുള്ളു. അതിൽ യുക്തിക്ക് യാതൊരു സ്ഥാനവുമില്ല. ഒരു സമാധാനമേയുള്ളു – മനുഷ്യന്റെ ജീവിതത്തിൽ യുക്തിക്ക് വിശദീകരിക്കാൻ കഴിയാത്ത പലതും സംഭവിക്കാറുണ്ടല്ലോ.

മഞ്ഞ് നല്ലപോലെ വീണു തുടങ്ങി. ഞാൻ പോവുകയാണ്.

പ്രകാശം പരത്തുന്ന ആ കുട്ടി വീണ്ടും കണ്ടുമുട്ടാതിരിക്കില്ല. ഒരു പക്ഷേ, നാനൂറോ അഞ്ഞൂറോ കൊല്ലങ്ങൾക്കുശേഷമായിരിക്കാം. ഞാനടക്കമുള്ള എല്ലാ മനുഷ്യരും വഴിത്തിരിവിൽ സംശയിച്ചു നില്ക്കുകയായിരിക്കും. അപ്പോഴാണ് ..... നീ പോയ്ക്കളയരുതേ!

## 7.10 പദാർത്ഥബോധനം

| | |
|---|---|
| ദുർഗമം | - കടന്നു പോകാൻ പ്രയാസമുള്ളത് |
| അസ്വസ്ഥം | - സ്വസ്ഥതയില്ലാത്ത (മനസ്സിനോ ശരീരത്തിനോ സുഖമില്ലാത്ത അവസ്ഥ) |
| ഉൽക്കണ്ഠ | - ആകാംക്ഷ (സംഭവിക്കാനിരിക്കുന്നതിനെക്കുറിച്ചുള്ള ആശങ്ക) |
| കലപില | - പല ശബ്ദങ്ങൾ കൂടിച്ചേർന്ന അവ്യക്തമായ (കലപിലയുടെ രൂപഭേദം) |
| കൊള്ളിമീൻ | - ഉൽക്കകൾ അന്തരീക്ഷത്തിൽ കത്തി നശിക്കുന്നത് (മിന്നൽപ്പിണർ എന്നും പറയാം) |
| ക്ലോസ്സപ്പ് | - സമീപദൃശ്യം (ഒരു വ്യക്തിയുടെ കഴുത്തിനുമുകളിലുള്ള ഭാഗം മാത്രം ഫ്രെയിമിൽ പ്രത്യക്ഷപ്പെടുന്ന രീതിയിലുള്ള അവതരണം) |
| ദാവണി | - മേൽവസ്ത്രം (സ്ത്രീകൾ ധരിക്കുന്നത്) |
| ധ്യാനലീനൻ | - ധ്യാനത്തിൽ മുഴുകിയവൻ (ധ്യാനത്തിൽ ലയിച്ചു ചേർന്നവൻ) |
| നീരസം | - വെറുപ്പ് (വിരോധം) |
| പരിഭ്രമം | - വെപ്രാളം (തിടുക്കം) |
| മനോഹരം | - ഏറെ അഴകുള്ളത് |
| മാറ്റിനി | - പകൽ സമയത്ത് (ഉച്ചയ്ക്കുശേഷം) നടത്തുന്ന സിനിമ |
| വിഴുപ്പ് ഭാണ്ഡം | - അഴുക്കുവസ്ത്രം നിറച്ചസഞ്ചി |
| സുസ്ഥിതി | - നല്ല സ്ഥിതി |
| സ്തോഭം | - സ്തംഭിച്ച അവസ്ഥ, നിറുത്ത് |
| സ്ഫുലിംഗം | - തീപ്പൊരി |
| വൈതരണി | - ഏറ്റവും പ്രയാസമുള്ള അവസ്ഥ |

## 7.11. പാഠസംഗ്രഹം

പ്രാചീനമായ കോട്ടയ്ക്കുമുമ്പിൽ കാറ്റാടി മരങ്ങളുടെ ചുവട്ടിലിരുന്ന് ഗതകാല സ്മരണകൾ അയവിറക്കുകയാണയാൾ. അനുഭവങ്ങളുടെ വിഴുപ്പുഭാണ്ഡവുമായി ദുർഗമങ്ങളായ വഴികളിലൂടെ നടന്ന് അയാൾ ഇവിടെയും എത്തി. പണ്ടൊരിക്കൽ, അയാളുടെ മനസ്സ് അസ്വസ്ഥമായിരുന്നു. അയാൾ ഗൃഹാതുരനാണ്. ഈ നഗരം അയാൾക്ക് അമ്മയാണത്രെ. തനിക്ക് പ്രിയപ്പെട്ടതിനോടെല്ലാം വിടപറഞ്ഞ് മരണത്തിന്റെ മടിത്തട്ടിൽ വീണുറങ്ങാനാണയാൾ നിശ്ചയിച്ചിരുന്നത്. മരണവുമായുള്ള വേഴ്ചയ്ക്കുമുമ്പ് അയാൾ ഒരു സിനിമ കാണുവാൻ നിശ്ചയിച്ചു. തിയേറ്ററിൽ ഏകനായിരിക്കുമ്പോൾ ഒരു പെൺകുട്ടി അവിടെ കടന്നുവന്നു. അവളുടെകൂടെ അവളുടെ സഹോദരനും സഹോദരിയും ഉണ്ടായിരുന്നു. തമിഴ്ചുവ കലർന്ന മലയാളത്തിൽ സംസാരിച്ചുകൊണ്ട് ആ കുട്ടികൾ അവിടെ ഇരുന്നു. സിനിമ കുട്ടികളെ ഹരം പിടിപ്പിച്ചു. പക്ഷേ ആറാം ക്ലാസുകാരിയായ പെൺകുട്ടിയ്ക്ക് കഥ മുഴുവൻ മനസ്സിലാകുന്നുണ്ടായിരുന്നില്ല. കഥ പറഞ്ഞ് തരാമോ എന്നവൾ ചോദിച്ചു. അയാൾ അവളെ സൂക്ഷിച്ചുനോക്കി. മൂക്കുത്തി അണിഞ്ഞ ആ മുഖം പ്രസന്നമായിരുന്നു. സിനിമ തീർന്നപ്പോൾ അവൾക്ക് ദുഃഖം തോന്നി. അത് തീരരുതായിരുന്നെന്ന് തോന്നി. ഇനി നിങ്ങൾ സിനിമയ്ക്കു വരുമോ എന്ന് അവൾ ചോദിച്ചപ്പോൾ അയാൽ മൂകനായിരുന്നു. അവൾ കുത്തികുത്തി ചോദിച്ചപ്പോൾ അയാൾ പറഞ്ഞു "അമ്മ സമ്മതിച്ചാൽ വരും" അതു കേട്ട് അവൾ പൊട്ടിച്ചിരിച്ചു. "അമ്മയോടു പറയണം ഞാനും വരുന്നുണ്ടെന്ന്" എന്ന് അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു. അവളുടെ സഹോദരങ്ങൾ പോകാൻ തിരക്കുകൂട്ടിയിരുന്നു. അവളെ വിട്ടുപിരിയാൻ അയാൾക്ക് പ്രയാസം തോന്നി. 'ഞാൻ കാത്തിരിക്കു'മെന്ന് അവൾ പറഞ്ഞപ്പോൾ അയാൾ മൂളി. അതൊരു പ്രത്യാശയുടെ തുടക്കമായിരുന്നു. മനസ്സിൽ ഒരു പരിവർത്തനം നടക്കുന്നതിന്റെ ആരംഭം. അയാൾ മരണത്തെ ആശ്ലേഷിച്ചില്ല. ഏകാകിയായി അലസനായി അലഞ്ഞുതിരിഞ്ഞു. ഒരു കൊല്ലം കഴിഞ്ഞപ്പോൾ വീണ്ടും ആ നഗരത്തിൽ എത്തിയിരിക്കുകയാണ്. ആ പെൺകുട്ടി മുന്നിലൂടെ കടന്നു പോയപ്പോൾ അവൾ തന്നെ നോക്കുമെന്ന് അയാൾ വിചാരിച്ചു. വീണ്ടും ആ 'പ്രകാശം പരത്തുന്ന പെൺകുട്ടി'യെ കണ്ടുമുട്ടുമെന്ന് അയാൾ പ്രതീക്ഷിച്ചു.

## 7.12 പുരോഗതി സ്വയം പരിശോധിക്കുക

1. ചെറുകഥ എന്നാലെന്ത്?
2. ചെറുകഥയും നോവലും തമ്മിലുള്ള വ്യത്യാസമെന്ത്?
3. ടി.പത്മനാഭന്റെ കഥയുടെ പ്രത്യേകതകൾ എന്തെല്ലാം?
4. 'നീ പൊയ്ക്കളയരുതേ!" – വക്താവാര്? ആര് പോകരുതെന്നാണ് പറയുന്നത്?

5. 'ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല' - ആർക്ക്? എന്തുകൊണ്ട്?

6. 'സിനിമ അവസാനിച്ചപ്പോൾ അവൾ പറഞ്ഞു" - അവൾ പറഞ്ഞ തെന്ത്?

7. 'അടുത്ത നിമിഷം ഞാൻ ഓർമ്മിച്ചു' - ആര്? ഓർമ്മിച്ചതെന്താ യിരുന്നു.

8. കഥകൾ മാത്രം എഴുതുന്ന കഥാകാരൻ ആര്?

9. ടി. പത്മനാഭന് വയലാർ അവാർഡ് ലഭിച്ച കൃതി ഏത്?

10. 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി' എന്ന കഥയുടെ സവി ശേഷതകൾ വിവരിക്കുക.

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് - 8
# നോവൽ

**ഉള്ളടക്കം**


8.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

8.1 വിഷയാവതരണവും പാഠഭാഗവും

**പാഠം 1 - ഇന്ദുലേഖ - സൂരി നമ്പൂതിരിപ്പാട് സംഭാഷണം**

8.2 പാഠസംഗ്രഹം

8.3 പുരോഗതി സ്വയം പരിശോധിക്കുക

8.4 വിഷയാവതരണവും പാഠഭാഗവും

**പാഠം 2 - മയ്യഴിയുടെ തീരങ്ങളിൽ (ഒരു ഭാഗം)**

8.5 പാഠസംഗ്രഹം

8.6 പുരോഗതി സ്വയം പരിശോധിക്കുക


## 8.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

പാശ്ചാത്യവിദ്യാഭ്യാസവും തുടർന്നുണ്ടായ പാശ്ചാത്യസാഹിത്യ പരിചയവും മലയാളിക്കു നൽകിയ സാഹിത്യരൂപമാണ് നോവൽ. മലയാളഗദ്യസാഹിത്യത്തിന്റെ വികാസപരിണാമത്തിന് നിർണ്ണായകഘടകമായി വർത്തിച്ച ഈ സാഹിത്യരൂപം ജീവിതത്തെ സമഗ്രമായി ആവിഷ്കരിക്കാൻ സാധിക്കുന്ന മാധ്യമം എന്നനിലയിൽ ശ്രദ്ധേയമായി. ജീവിതത്തിന്റെ ആഴവും പരപ്പും, വൈരുദ്ധ്യങ്ങളും പ്രശ്നങ്ങളും മൂർത്തമായി അവതരിപ്പിക്കാൻ നോവലിനോളം ശേഷിയുള്ള മറ്റൊരു സാഹിത്യരൂപമില്ല. പുതിയത് എന്നർത്ഥമുള്ള നോവൽ എന്ന പദത്തിലൂടെ വിശേഷിപ്പിക്കപ്പെട്ട ഈ സാഹിത്യരൂപം പുതുമയാർന്ന ഒരു ആഖ്യാനസംസ്കാരവും ആസ്വാദനസംസ്കാരവും പകർന്നുനൽകി. നൂതനമായ ഈ സാഹിത്യരൂപത്തിന്റെ ചില മാതൃകകൾ പരിചയപ്പെടുക എന്നതാണ് ഈ യൂണിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## 8.1 വിഷയാവതരണവും പാഠഭാഗവും

നോവൽ സാഹിത്യം മലയാളത്തിൽ

പത്തൊൻപതാം നൂറ്റാണ്ടു മുതല്ക്കാണ് നോവൽ എന്ന രചനാസമ്പ്രദായം മലയാളത്തിൽ വന്നു തുടങ്ങുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിൽ ഉണ്ടായ കൃതികളൊന്നും തന്നെ നോവൽ എന്ന സാഹിത്യരൂപത്തിന്റെ ഘടനാപരമായ സവിശേഷതകളെ പൂർത്തീകരിക്കുന്നില്ല. മിക്കവയും വിദേശകൃതികളുടെ പരിഭാഷയാണ്.

ജോൺ ബന്യന്റെ പിൽഗ്രിംസ് പ്രോഗ്രസ്സിന് ആർച്ച് ഡീക്കൻ കോശി തയ്യാറാക്കിയ പരിഭാഷയായ സഞ്ചാരിയുടെ പ്രയാണം (1847), ശാകുന്തളത്തിന് ആയില്യം തിരുനാൾ മഹാരാജാവ് തയ്യാറാക്കിയ ഗദ്യപരിഭാഷയായ ഭാഷാശാകുന്തളം (1850-60), ഇതേ കാല

ഘട്ടത്തിൽ ഒരു അറബിക്കഥയെ അടിസ്ഥാനമാക്കി ആയില്യം തിരുനാൾ രചിച്ച മീനകേതനൻ, ജോൺ ബന്യന്റെ ഹോളിവാറിന് ആർച്ച് ഡീക്കൻ കോശി തയ്യാറാക്കിയ പരിഭാഷയായ തിരുപ്പോരാട്ടം (1865), ഷേക്സ്പിയറുടെ കോമഡി ഓഫ് എറേഴ്സിന് കല്ലൂർ ഉമ്മൻഫിലിപ്പോസ് നൽകിയ ഗദ്യരൂപാന്തരമായ ആൾമാറാട്ടം, മിസ്സിസ്സ്. കോളിൻസ് കേരളീയ പശ്ചാത്തലത്തിൽ എഴുതിയ സ്ലേയർ സ്ലെയിൻ എന്ന കൃതിയുടെ മലയാളരൂപമായ ഘാതകവധം, ആർച്ച് ഡീക്കൻ കോശിയുടെ സ്വതന്ത്രഗദ്യകൃതിയായ പുല്ലേലികുഞ്ചു (1882), കാതറിൻ മ്യൂലിൻസിന്റെ ഫുൽമോനിയും കോരുണയും (1884), അപ്പു നെടുങ്ങാടിയുടെ കുന്ദലത മുതലായവയാണ് ആദ്യഘട്ടത്തിലെ പ്രധാന നോവലുകൾ. ഈ കൃതികൾ നോവൽ എന്ന പേരിന് അർഹമല്ലെങ്കിലും നോവലിലേക്ക് എത്തിച്ചേരാനുള്ള ഒരു വഴിയായിരുന്നു. മേൽപ്പറഞ്ഞ കൃതികളിൽ മിക്കവയും ക്രിസ്തുമതപ്രചാരണം ലക്ഷ്യം വെച്ച് രചിച്ചവയോ പുരാണകൗതുകം നിറഞ്ഞ ശൈലിയിൽ ഒരു കഥ ഗദ്യരൂപത്തിൽ ആഖ്യാനം ചെയ്തവയോ ആയിരുന്നു.

### ഇന്ദുലേഖ

1889 ൽ പുറത്തിറങ്ങിയ ഒ. ചന്തുമേനോന്റെ ഇന്ദുലേഖയാണ് മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവൽ. കേരളീയ സമൂഹത്തിൽ രൂപപ്പെട്ട മാറ്റങ്ങളാണ് ഇന്ദുലേഖയിൽ ആവിഷ്കൃതമായത്. ആധുനികതയും യാഥാസ്ഥിതികത്വവും തമ്മിലുള്ള സംഘർഷവും നോവലിൽ വ്യക്തമാണ്. ഇന്ദുലേഖയെത്തുടർന്ന് അനുകരണമായും അല്ലെങ്കിൽ കഥാനിർവഹണത്തിന്റെ അനിവാര്യഘടകമായും കുറേ നോവലുകൾ മലയാളത്തിൽ ഉണ്ടായി. മലയാളഗദ്യത്തിന്റെ പോഷണം, സമൂഹനവീകരണം, പുത്തൻ ആശയങ്ങളുമായുള്ള സംവാദം, പുതിയൊരു സാഹിത്യസൃഷ്ടിയിൽ ഇടപെടാനുള്ള കൗതുകം എന്നിവയെല്ലാം ഈ നോവലിസ്റ്റുകളുടെ ലക്ഷ്യമായിരുന്നു.

പടിഞ്ഞാറേക്കോവിലകത്ത് അമ്മാമൻ രാജയുടെ ഇന്ദുമതീസ്വയംവരം (1890), സി. ചാത്തുനായർ എഴുതിയ പറങ്ങോടീപരിണയം (1892), കോമാട്ടിൽ വാസുമേനോന്റെ ലക്ഷ്മീകേശവം (1882), സി. അന്തപ്പായിയുടെ നാലുപേരിലൊരുത്തൻ(1893), കേരളവർമ്മയുടെ അക്ബർ (1894) എന്ന നോവൽപരിഭാഷ, ജോസഫ് മൂളിയിലിന്റെ സുകുമാരി (1879) എന്നിവയാണ് ഇന്ദുലേഖയ്ക്ക് പുറമേ അക്കാലഘട്ടത്തിലുണ്ടായ നോവലുകൾ.

19-ാം നൂറ്റാണ്ടിലുണ്ടായ മലയാളനോവലുകളിൽ പില്ക്കാലനോവലുകൾക്ക് മാതൃകയായിത്തീർന്നത് ഒ. ചന്തുമേനോന്റെ ഇന്ദുലേഖയും സി.വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികയായ മാർത്താണ്ഡവർമ്മയുമാണ്. സാഹിത്യചരിത്രങ്ങളും നോവൽപഠനങ്ങളും ഈ കൃതികൾക്ക് പ്രജാപതിസ്ഥാനം കല്പിച്ചുകൊടുക്കുന്നു. മലയാളനോവലിന്റെ ആദിരൂപങ്ങളായ ഈ കൃതികൾ പില്ക്കാല രചനകളിൽ ഗാഢമായ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നത് വിസ്മരിച്ചുകൂട. ഈ കൃതികളോടൊപ്പം പ്രാധാന്യമർഹിക്കുന്ന ഒരുനോവ

ലാണ് പറങ്ങോടീപരിണയം. നോവൽ എന്ന പേരിൽ പ്രചരിക്കപ്പെട്ട കൃതികളെയും അവയിൽ വിഷയീഭവിച്ച മൂല്യഭാവനകളെയും വിമർശിക്കുകയാണ് പറങ്ങോടീപരിണയത്തിലൂടെ കിഴക്കേപ്പാട്ട് രാമൻകുട്ടിമേനോൻ ചെയ്തത്. നാടകരചാനാഭ്രമത്തെ പരിഹസിച്ചു കൊണ്ട് സി. അന്തപ്പായി എഴുതിയ നാലുപേരിലൊരുത്തൻ മറ്റൊരു മുഖ്യനോവലാണ്.

മാർത്താണ്ഡവർമ്മയ്ക്ക് പുറമെ, രാജാധിപത്യത്തെ വിഷയമാക്കി ധർമ്മരാജ, രാമരാജബഹദൂർ. എന്നീ നോവലുകൾകൂടി സി.വി.രാമൻപിള്ള രചിക്കുകയുണ്ടായി. സി.വിയും ചന്തുമേനോനും ഒരുക്കിയിട്ട നിലത്താണ് പില്ക്കാല നോവലുകളെല്ലാം മുളച്ചുപൊന്തിയത്. സമൂഹത്തിലെ മാറ്റങ്ങൾക്കനുസരിച്ച് നോവലിന്റെ വിഷയത്തിനും മാറ്റങ്ങൾ സംഭവിച്ചു. ശിഥിലമായിക്കൊണ്ടിരിക്കുന്ന കൂട്ടുകുടുംബവ്യവസ്ഥ, സേവകവൃന്ദത്തിന്റെ ദുർബോധത്തിനു വശപ്പെടുന്ന രാജഭരണം, ബ്രാഹ്മണഗൃഹങ്ങളിലെ സ്ത്രീജീവിതം അങ്ങനെ പലതും നോവലുകൾക്ക് വിഷയമായി ഭവിച്ചു. ഭൂതരായർ, പാറപ്പുറം, അഫ്ഫന്റെ മകൾ എന്നീ നോവലുകളെല്ലാം സമൂഹത്തിന്റെ പരിവർത്തിനോന്മുഖതയുടെ നേർച്ചിത്രങ്ങളായി.

രണ്ട് ലോകമഹായുദ്ധങ്ങൾ, ഗാന്ധിയൻ ചിന്താസരണികൾ, മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ചിന്തകൾ, ഫ്രോയിഡിന്റെയും യുങ്ങിന്റെയും ആശയങ്ങൾ എന്നിവയെല്ലാം പില്ക്കാല നോവലുകളെ വല്ലാതെ സ്വാധീനിച്ചു. 1937ൽ ആവിർഭവിച്ച ജീവത്സാഹിത്യപ്രസ്ഥാനം 1944 ൽ പുരോഗമനസാഹിത്യപ്രസ്ഥാനമായി രൂപം പ്രാപിച്ചു. സാഹിത്യം ജീവിതഗന്ധിയാകണമെന്ന ആശയം ഈ പ്രസ്ഥാനപ്രവർത്തനങ്ങളിലൂടെ എഴുത്തുകാരിൽ രൂപപ്പെട്ടു. അന്നുവരെയുള്ള സാഹചര്യങ്ങളിൽ നിന്ന് വ്യത്യസ്തമായി കഥാപാത്രങ്ങൾ സമൂഹത്തിന്റെ പ്രതിനിധികളായി മാറി. കേരളീയ ജീവിതത്തിന്റെ പരിച്ഛേദങ്ങളായി പലകൃതികളും മാറി, അകൃത്രിമമായ ഭാഷ നോവലുകളിൽ കടന്നുവന്നു.

അന്നുവരെയുള്ള നായകസങ്കല്പത്തെ കീഴ്മേൽ മറിച്ചുകൊണ്ട് കേശവദേവിന്റെ ഓടയിൽ നിന്ന് എന്ന നോവലിലെ പപ്പു എന്ന റിക്ഷാക്കാരൻ കേരളീയ സമൂഹത്തിലെത്തി. മലയാളനോവൽ പുത്തൻ ഭൂമികകളിലേക്ക് എത്തുന്നത് 1942 ലെ ഓടയിൽനിന്ന് എന്ന നോവലിനു ശേഷമാണ്. അദ്ദേഹത്തിന്റെ തന്നെ നടി, റൗഡി, അയൽക്കാർ, കണ്ണാടി എന്നീ നോവലുകളെല്ലാം മലയാളിയുടെ സാഹിത്യസങ്കല്പത്തെ നവീകരിക്കത്തക്കതായിരുന്നു.

ബഷീറിന്റെയും തകഴിയുടെയും കാരൂരിന്റെയുമൊക്കെ കടന്നുവരവാണ് പിന്നെ മലയാളി കണ്ടത്. ചെറുകഥാകൃത്തുക്കളിൽ നിന്ന് നോവലിസ്റ്റുകളിലേക്കുള്ള പ്രയാണം അവർ വിജയകരമായി പൂർത്തിയാക്കി. സുഘടിതമായ ഒരു നല്ല നോവലിനു ഒരു ഇതിവൃത്തം പോലും ആവശ്യമില്ലെന്ന് ബഷീർ തന്റെ കൃതികളിലൂടെ വ്യക്തമാക്കി. പാത്തുമ്മായുടെ ആട് എന്ന നോവൽ മലയാളത്തിലെ ആദ്യത്തെ ആന്റിനോവൽ എന്ന ഖ്യാതി നേടി. കുട്ടനാടും തിരുവനന്തപുരവും തട്ടകമാക്കി ഒട്ടേറെ നോവലുകൾ രചിച്ച തകഴി അന്തരാ

ഷ്ട്ര പ്രസിദ്ധി നേടിയ മലയാളനോവലിസ്റ്റാണ്. ഭരണവർക്ഷവും തനിനാട്ടിൻപുറത്തുകാരും തകഴിയുടെ കഥാപാത്രസൃഷ്ടിയിൽ ഒരു പോലെ ജ്വലിച്ചുനിന്നു. കയർ എന്ന നോവൽ മലയാളസാഹിത്യ ത്തിലെ ഒരനന്വയമാണ്. കാരൂരും ലളിതാംബികാ അന്തർജനവും എസ്.കെ പൊറ്റെക്കാട്ടും മലയാളത്തിലെ പുതുമനിറഞ്ഞ ആഖ്യാന ശൈലികളുടെ വക്താക്കളാണ്. വലിയൊരു ക്യാൻവാസിൽ സാമൂ ഹ്യചലനങ്ങളും സവിശേഷ മനുഷ്യപ്രകൃതിയും ആവിഷ്കരിക്കുന്ന ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരും മലയാളത്തിലെ നോവൽ സാഹിത്യത്തിൽ സുവർണ്ണ ലിപികളാൽ എഴുതിച്ചേർത്ത ഒരേടാണ്. മലയാളത്തിലെ ആദ്യത്തെ ബോധധാരാനോവലായ പോഞ്ഞിക്കര റാഫിയുടെ സ്വർഗദൂതൻ, കോവിലന്റെ തോറ്റങ്ങൾ, തട്ടകം എന്നിവ യെല്ലാം മലയാളനോവലിന്റെ വികാസഗതികളെ സൂചിപ്പിക്കുന്നു.

1960 മുതൽ നോവൽ അന്തരീക്ഷത്തിൽ പുത്തൻ ഭാവുകത്വപരിണാ മങ്ങൾ സംഭവിച്ചു. സാമൂഹത്തിന്റെയും വ്യക്തിയുടെയും ബാഹ്യപ രിതഃസ്ഥിതികളിൽനിന്ന് ആന്തരികതയിലേക്ക് കടന്നു ചെല്ലാനും ഈ കാലഘട്ടത്തിലെ നോവലുകൾ ശ്രമിച്ചു. യുദ്ധാനന്തരം യൂറോ പ്പിലുണ്ടായ ആധുനികതാ പ്രസ്ഥാനത്തിന്റെ അലയടികൾ കേരള ത്തിലും പ്രതിഫലിച്ചു. സ്വത്വപ്രതിസന്ധിയും ആത്മസംഘർഷങ്ങളു മെല്ലാം നോവലിന് വിഷയങ്ങളായി മാറി.

സവിശേഷമായ ഭാവുകത്വവും ആഖ്യാനരീതിയും സൃഷ്ടിച്ചെടു ക്കാൻ എം.ടി.യ്ക്ക് തന്റെ നോവലുകളിലൂടെ കഴിഞ്ഞു. വൈയക്തി കാനുഭൂതികളുടെ ആവിഷ്കാരമായി നോവലുകൾ മാറി. സമൂഹ ത്തിലും കുടുംബത്തിലും ഒറ്റപ്പെട്ടുപോകുന്ന നായകന്മാർ, കേന്ദ്രീ കൃതകുടുംബവ്യവസ്ഥയുടെ തകർച്ച എന്നിവയെ വിഷയമാക്കി എം.ടി. നോവലുകൾ രചിച്ചു. ഭാവുകത്വപരിവർത്തനത്തിന്റെ പ്രത്യ ക്ഷാനുഭവങ്ങളായിരുന്നു എം.ടിയുടെ നോവലുകൾ. നാലുകെട്ട് (1954) പാതിരാവും പകൽ വെളിച്ചവും (1958) അസുരവിത്ത് (1962) മഞ്ഞ് (1964) കാലം (1969) വിലാപയാത്ര (1978) രണ്ടാമൂഴം (1984) വാരണാസി (2002) എന്നീ നോവലുകൾ അദ്ദേഹത്തിന്റെ സവിശേഷ മായ ആഖ്യാനരീതിയ്ക്ക് ഉദാഹരണമാണ്.

രാജലക്ഷ്മിയുടെ എഴുത്തുകൾ പുരുഷാധിപത്യ സമൂഹത്തിനുനേ രെയുള്ള എതിർപ്പുകളായിരുന്നു. ഞാനെന്ന ഭാവം, ഒരു വഴിയും കുറെ നിഴലുകളും, ഉച്ചവെയിലും ഇളം നിലാവും എന്നീ നോവലു കളിലൂടെ സ്ത്രീയുടെ സ്വത്വാവിഷ്കാരം നടത്താൻ രാജലക്ഷ്മി പരിശ്രമിച്ചു.

മുട്ടത്തുവർക്കി, കെ. സുരേന്ദ്രൻ, വിലാസിനി, നന്തനാർ, വി.കെ. എൻ, ഉണ്ണിക്കൃഷ്ണൻ പുതൂർ, പി.കെ. ബാലകൃഷ്ണൻ, സി. രാധാ കൃഷ്ണൻ, പി. വത്സല, പെരുമ്പടവം ശ്രീധരൻ, പുനത്തിൽ കുഞ്ഞ ബ്ദുള്ള എന്നിങ്ങനെ വളരെയേറെ എഴുത്തുകാർ നോവലിന്റെ ദീപ്തിയും ചൈതന്യവും വർദ്ധിപ്പിക്കുന്നു.

കാക്കനാടൻ, ഒ.വി. വിജയൻ, സാറാജോസഫ്, എം. മുകുന്ദൻ, ആനന്ദ്, സി.വി. ബാലകൃഷ്ണൻ, ടി.വി കൊച്ചുബാവ, കെ.പി. രാമ

നുണ്ണി, എൻ. പ്രഭാകരൻ, അശോകൻ ചരുവിൽ, വി.ജെ. ജയിംസ്, ഇ. സന്തോഷ്കുമാർ, അംബികാസുതൻ, മങ്ങാട്, അഷിത, ടി.ഡി. രാമകൃഷ്ണൻ എന്നിവരിലൂടെ നോവലിന്റെ മുഖം ഇന്നും മാറിക്കൊണ്ടേയിരിക്കുന്നു. വ്യക്തിസ്വത്വവും പരിസ്ഥിതിയും ചരിത്രവും സമകാലികതയും നോവലിന് വിഷയീഭവിക്കുന്നു. അനുഭവത്തിന്റെയും ആവിഷ്കാരത്തിന്റെയും പുത്തൻ മേഖലകളിലേക്ക് നോവൽസാഹിത്യം വികാസം പ്രാപിച്ചുകൊണ്ടേയിരിക്കുന്നു.

1889 ഡിസംബറിൽ പ്രസിദ്ധീകൃതമായ 'ഇന്ദുലേഖ'യാണ് മലയാളത്തിലെ ആദ്യലക്ഷണയുക്തനോവലായി കണക്കാക്കപ്പെടുന്നത്. എന്നാൽ 'ഇന്ദുലേഖ'യ്ക്കു മുൻമ്പുതന്നെ നോവൽ എന്ന സാഹിത്യരൂപത്തോട് സാദൃശ്യമുള്ള നിരവധി കൃതികൾ മലയാളത്തിലുണ്ടായിരുന്നു. 1858-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'ഫുൽമേനി എന്നും കോരണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ', 1878-ൽ പ്രസിദ്ധീകരിക്കപ്പെട്ട അപ്പുനെടുങ്ങാടിയുടെ 'കുന്ദലത' 1882-ൽ പ്രസിദ്ധീകൃതമായ പുല്ലേലിക്കുഞ്ചു എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ. തുടർന്നാണ് മലയാളത്തിലെ ആദ്യസാമൂഹ്യനോവൽ എന്ന പദവിയ്ക്ക് അർഹമായ 'ഇന്ദുലേഖ' പ്രസിദ്ധീകരിക്കുന്നത്. ആദ്യംവക്കീലും പിന്നീട് ന്യായാധിപനുമായി സേവനമനുഷ്ഠിച്ചിരുന്ന ഒ.ചന്തുമേനോൻ എന്ന ഒയ്യാരത്തു ചന്തുമേനോനാണ് ഈ കൃതിയുടെ രചയിതാവ്. ഡിക്കൻസ് ഫീൽഡിന്റെ 'ഹെന്റിറ്റാടെമ്പിൾ', ജീൻഓസ്റ്റിന്റെ 'പ്രൈഡ് ആൻഡ് പ്രെജുഡീസ്' എന്നീ കൃതികളാണ് ഇന്ദുലേഖയുടെ രചനയ്ക്ക് പ്രേരകമായത്. പാശ്ചാത്യ വിദ്യാഭ്യാസവും തുടർന്നുണ്ടായ നവോത്ഥാന പരിശ്രമങ്ങളുമാണ് ഈ നോവലിന്റെ പ്രമേയം. മാധവന്റെയും ഇന്ദുലേഖയുടെയും പ്രണയവും വിരഹവും സമാഗമവുമാണ് ഈ നോവലിന്റെ കഥാതന്തു. അതിനനുബന്ധമായി നിർബന്ധിക്കപ്പെട്ട സംഭവപരമ്പരകളാണ് നോവലിനെ മുന്നോട്ടു നയിക്കുന്നത്. ഇരുപത് അധ്യായങ്ങളാണ് ഈ നോവലിലുള്ളത്. ഇതിൽ ഭാരതത്തിന്റെ അന്നത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തെ കുറിച്ച് വിശദമായി ചർച്ചചെയ്യുന്ന ഒരുഭാഗം 18-ാം അധ്യായമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചുമേനോന്റെ മരുമകൻ ചിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനെ ചൊല്ലി അദ്ദേഹവും മാധവനും തമ്മിൽ വാക്കേറ്റമുണ്ടാകുന്നിടത്താണ് നോവൽ ആരംഭിക്കുന്നത്. തുടർന്ന് ഇന്ദുലേഖയെ മാധവന് വിവാഹം കഴിച്ചുകൊടുക്കില്ല എന്നദ്ദേഹം ശപഥം ചെയ്യുന്നു. തുടർന്ന് മാധവൻ ചിന്നനെയും കൂട്ടി മദിരാശിയിൽ പോകുന്നു. ഇതിൽ കോപിഷ്ഠനായ പഞ്ചുമേനോൻ ഇന്ദുലേഖയുടെ വിവാഹം സൂരിനമ്പൂതിരപ്പാടുമായി നടത്താൻ തീരുമാനിക്കുകയും അദ്ദേഹത്തെ തറവാട്ടിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. തുടർന്ന് സൂരി നമ്പൂതിരിപ്പാട് പഞ്ചുമേനോന്റെ തറവാട്ടിലെത്തുന്നു, ഇന്ദുലേഖയിൽ ആകൃഷ്ടനാകുന്നു. ഇന്ദുലേഖയെ വിവാഹംകഴിക്കാൻ നിരവധിശ്രമങ്ങൾ നടത്തി ഒടുവിൽ പരാജയപ്പെടുന്നു. തുടർന്ന് ഇന്ദുലേഖയെ വിവാഹം കഴിച്ചു എന്ന് കള്ളപ്രചരണം നടത്തി കല്യാണിക്കുട്ടിയെ വിവാഹം കഴിച്ച് പോകുന്നു. ഇന്ദുലേഖയെ കൂട്ടിക്കൊണ്ടുപോകാൻ മദിരാശിയിൽ നിന്നെത്തിയ മാധവനും ഇന്ദുലേഖയുടെ

വിവാഹംകഴിഞ്ഞെന്ന് തെറ്റിധരിക്കുന്നു. തുടർന്ന് നാടുവിടുന്നു. ഭാരതം മുഴുവൻ പര്യടനം നടത്താൻ മാധവൻ തീരുമാനിക്കുന്നു. മാധവൻപോയതറിഞ്ഞ ഇന്ദുലേഖ രോഗബാധിതയാകുന്നു. മാധവന്റെ പിതാവ് ഗോവിന്ദപ്പണിക്കരും ഗോവിന്ദൻകുട്ടി മേനോനും മാധവനെ അന്വേഷിച്ച് പുറപ്പെടുന്നു. ഒടുവിൽ മാധവനെ കണ്ടെത്തുന്നു. തുടർന്ന് മാധവൻ തിരികെ നാട്ടിലെത്തുന്നു. പഞ്ചുമേനോൻ പശ്ചാത്താപവിവശനായി പ്രായശ്ചിത്തം ചെയ്യുന്നു. മാധവൻ ഇന്ദുലേഖയെ വിവാഹം കഴിക്കുന്നു. തുടർന്ന് മാധവന് സിവിൽ സർവ്വീസിൽ ഉദ്യോഗം ലഭിക്കുന്നു. ഇന്ദുലേഖയും മാധവനും മാധവന്റെ മാതാപിതാക്കളോടൊപ്പം മദിരാശിയിൽപോയി സുഖമായി വാഴുന്നു. ഇതാണ് ഇന്ദുലേഖ എന്ന നോവലിന്റെ കഥാസംഗ്രഹം.

## പാഠം 1 – ഇന്ദുലേഖ – സൂരിനമ്പൂതിരിപ്പാട് സംഭാഷണം

നമ്പൂതിരിപ്പാട് കുളിയും ഊണും കഴിഞ്ഞ് ഉടനെ കേശവൻ നമ്പൂതിരി, പഞ്ചുമേനോൻ തന്നോട് അറിയിപ്പാൻ പറഞ്ഞ വിവരം അറിയിച്ചു. പറയുമ്പോൾ ചെറുശ്ശേരി നമ്പൂതിരിയും കൂടെയുണ്ടായിരുന്നു. തനിയ്ക്കുവന്ന ചിറി അടക്കിക്കൊണ്ട് കേശവൻ നമ്പൂതിരിയുടെ വാക്ക് അവസാനിച്ച ഉടനെ പറയുന്നു.

ചെറുശ്ശേരി നമ്പൂതിരി : അങ്ങനെത്തന്നെയാണ് വേണ്ടത്. “കവിതാ വനിതാ ചൈവ സ്വയമേവാഗതാ വരാ” എന്നാണ് പ്രമാണം. പിന്നെയും ഇന്ദുലേഖ വരുമോ എന്നുള്ളതിനെ എനിക്ക് അനുമാത്രവും സംശയമില്ല

കേശവൻ നമ്പൂതിരി : അതിൽ രണ്ടു പക്ഷമില്ല, ഇനി അങ്ങോട്ട് ഒന്ന് എറങ്ങുന്നതാണ് നല്ലത് എന്നു തോന്നുന്നു. നേരം നാലുമണിയായിട്ടേയുള്ളു.

നമ്പൂതിരിപ്പാട് : ഓ– പോവുക, ചെറുശ്ശേരി! ഞാൻ കുപ്പായം ഇട്ടുകളയാം. നേർത്തത്തെ കുപ്പായം എനിക്കു വളരെ ചേർച്ച തോന്നി. വെയിലത്ത് പല്ലക്കിൽനിന്നും ഇറങ്ങിയപ്പോൾ ബഹുപ്രഭ എനിക്കു തന്നെ തോന്നി.

ചെറുശ്ശേരി : അതിനെന്ത് സംശയം? വാരയ്ക്കു തൊണ്ണൂറ്റിയഞ്ച് ഉറപ്പിക വിലയുള്ള പൊൻ നീരാളമല്ലേ. ആ കുപ്പായം തന്നെ ഇടണം.

കുപ്പായവും തൊപ്പിയും തുപ്പട്ടയും മൊതിരങ്ങളും സ്വർണ്ണക്കുമിഴു മെതിയടിയും മറ്റും ഇട്ടുകൊണ്ട് നമ്പൂതിരിപ്പാട് ചെറുശ്ശേരിയോടും കേശവൻ നമ്പൂതിരിയോടും ഭൃത്യവർഗ്ഗങ്ങളോടും വഴിയിൽ അവിടവിടെനിന്ന് ചേർന്ന ആളുകളോടും കൂടി പൂവരങ്ങത്തു പൂമുഖത്തിന്റെ മുമ്പിലായി. ഉടനെ പഞ്ചുമേനോൻ ഇറങ്ങിവന്നു നമ്പൂതിരിപ്പാട്ടിലെ കൂട്ടിക്കൊണ്ടു നാലകത്തേയ്ക്കു പോയി. ഒരു വലിയ കസാലമേൽ ഇരുത്തി പഞ്ചപുച്ഛമടക്കി നിന്നു.

നമ്പൂതിരിപ്പാട് : ഇന്ദുലേഖയുടെ മാളിക ഇതോ തൊട്ടിട്ടു തന്നയോ?

പഞ്ചുമേനോൻ: റാൻ – അതെ, ഈ തെക്കെ അകത്തെ പടിഞ്ഞാറെ വാതിലിൽക്കൂടി ഇറങ്ങിയാൽ ആ മാളികയാണ്.

'എന്നാൽ ആ മാളികയിലേയ്ക്ക് എഴുന്നെള്ളാം' എന്നും, 'കേശവൻ നമ്പൂതിരി എവിടെ?' എന്നും പഞ്ചുമേനോൻ പറയുമ്പോഴൊക്കെ, കേശവൻ നമ്പൂതിരി പുറത്തുനിന്നും ഓടിവന്ന്, 'ഞാൻ ഇന്ദുലേഖയെ ഒന്ന് അറിയിച്ചുവന്നുകളയാ'മെന്ന് പറഞ്ഞു ഓടി മാളികയിലേയ്ക്ക് ചെന്നു. അപ്പോൾ ഇന്ദുലേഖ ഒരു എഴുത്ത് എഴുതികൊണ്ടിരുന്നു. നമ്പൂതിരിയെ കണ്ടപ്പോൾ കലശലായ ഉപദ്രവത്തോടെ എഴുത്ത് അവിടെ നിർത്തി. എഴുന്നേറ്റു നിന്ന് 'എന്താണ് എഴുന്നെള്ളിയത്?' എന്നു ചോദിച്ചു.

കേശവൻ നമ്പൂതിരി : ഊണുകഴിഞ്ഞു വന്നു. ഇന്ദുലേഖയെ കാണണമെന്നാവശ്യപ്പെട്ടു. വലിയച്ഛനും അദ്ദേഹവും ചുവട്ടിലുണ്ട് – വരാൻ പറയട്ടെ?

ഇന്ദുലേഖ : വന്നോട്ടെ,

കേശവൻ നമ്പൂതിരി : അദ്ദേഹം വലിയ നമ്പൂതിരിപ്പാടാണ്. ഇന്ദുലേഖയ്ക്ക് സംസാരിക്കേണ്ട മാധുരിയൊക്കെ അറിയാമല്ലോ?

ഇന്ദുലേഖ : എനിക്ക് സംസാരിക്കേണ്ട മാധുരി അശേഷവും അറിഞ്ഞുകൂട. പക്ഷേ, വരണ്ട, അതാണ് നല്ലത്.

കേശവൻ നമ്പൂതിരി : ഛീ! വരണ്ടേ? ഇന്ദുലേഖയ്ക്ക് മനസുപോലെ പറഞ്ഞോളൂ.

ഇന്ദുലേഖ : അതുതന്നെയാണ് ഭാവിച്ചിരിക്കുന്നത്.

കേശവൻ നമ്പൂതിരി നമ്പൂതിരിപ്പാട്ടിനെ വിളിപ്പാൻ താഴെ ഇറങ്ങി.

നമ്പൂതിരിപ്പാടെ കണ്ടു സംസാരിച്ച് ആ വിഷയത്തെക്കുറിച്ചുകൂടി നേരംപോക്കായി പലതും മാധവന് എഴുതാമെന്ന് ഇന്ദുലേഖ നിശ്ചയിച്ചു. പകുതി എഴുതിയ കത്തും മറ്റും എഴുത്തുപെട്ടിയിലിട്ടു പൂട്ടി. പൂട്ടിയ ഉടനെ പുറത്തളത്തിൽ വന്ന് ഒരു പരീക്ഷയ്ക്ക് ഒരു ക്ലാസിലെ കുട്ടി എഴുന്നേറ്റു നിൽക്കുമ്പോലെ പുറത്തളത്തിലെ ഒരു ചാരുപടിയും പിടിച്ച് അവിടെ നിന്നു. കേശവൻ നമ്പൂതിരി ഉടനെ താഴത്തു വന്നു. 'മുകളിലേയ്ക്കുപോവാം' എന്നു പറഞ്ഞ് നമ്പൂതിരിപ്പാട് എഴുന്നേറ്റു നടന്നു. തെക്കെ അകായിലോളം പഞ്ചുമേനോനും പോയി. പിന്നെ അയാൾ മടങ്ങി. അപ്പോൾ കേശവൻ നമ്പൂതിരി, 'ഇന്ദുലേഖയ്ക്ക് ആചാരം പറവാനും മറ്റും അറിഞ്ഞുകൂടാ' എന്നു പറഞ്ഞു.

നമ്പൂതിരിപ്പാട് : ഇത്ര ഒക്കെ ഇങ്കിരീസും മറ്റും പഠിച്ചിട്ട് ഇതു പഠിച്ചില്ലെ എന്നോട് മേഘദന്തൻ സായ്‌വുകൂടി ആചാരം പറയും. ഇരിക്കട്ടെ എന്റെ ഭാര്യയായാൽ, ഞാൻ അതൊക്കെ പഠിപ്പിക്കും. ഇപ്പോൾ എങ്ങനെയെങ്കിലും പറയട്ടെ,

കേശവൻ നമ്പൂതിരി : ശരി – അതുതന്നെ വേണ്ടത്. ഇവിടത്തെ ബുദ്ധിവലിപ്പം വളരെ തന്നെ!

നമ്പൂതിരിപ്പാട് : എന്റെ ഭാര്യയായ നിമിഷം ഞാൻ മാതിരി സകലവും മാറ്റും.

ഇങ്ങനെ പറഞ്ഞുകൊണ്ട് പെൻകുമിഴുമെതിയടിയും ഇട്ട് കോണി മേൽ കട - പടാ - എന്നു ശബ്ദിച്ചുകൊണ്ട് കോണികേറി പുറത്തള ത്തിലേയ്ക്ക് കടന്നപ്പോൾ ചാരുപടിയും പിടിച്ച് നിൽക്കുന്ന തരുണീ രത്നമായ ഇന്ദുലേഖയെ കണ്ടു. ആദ്യം ഒരു മിന്നൽപിണർ കണ്ണില ടിച്ചപോലെ തോന്നി. കണ്ണുമിഴിച്ച് പിന്നേയും നോക്കി. അതിസുന്ദരി യായ ഇന്ദുലേഖയുടെ ആപാദചൂഡം നിർവ്വികാരനായി ഒന്നു നോക്കി. നമ്പൂതിരിപ്പാട് ഭ്രമിച്ചുവലഞ്ഞു കുഴഞ്ഞുപോയി. ഒന്നു രണ്ടു നിമിഷനേരം നിശ്ചലനായി നിന്നു. ഇങ്ങനെ സൗന്ദര്യം ഇതു വരെ കണ്ടിട്ടില്ല- എന്റെ മഹാ ഭാഗ്യംതന്നെ. എന്നെ അവൾ കാമി ക്കാതിരിക്കില്ലല്ലോ. എനിക്ക് അന്യസ്ത്രീഗമനം ഇനി ഇല്ല. ഇന്ദുലേ ഖയെ ഒഴിച്ചു ഞാൻ ഒരു സ്ത്രീയെയും സ്മരിക്കകൂടിയില്ല. അതിനു രണ്ടു പക്ഷമില്ല. ഇങ്ങനെയാണ് ഇന്ദുലേഖയുടെ സ്വരൂപം കണ്ട് സുബോധം വന്ന് പിന്നെ സംഭാഷണം തുടങ്ങുന്നതിനുമുമ്പിൽ നമ്പൂതിരിപ്പാട്ടിലെ മനസ്സിൽ വിചാരിച്ചതും നിശ്ചയിച്ച് ഉറച്ചതും.

ഇന്ദുലേഖ യാതൊരു ഭാവഭേദവും കൂടാതെ നമ്പൂതിരിപ്പാട്ടിലെ മുഖ ത്തുനോക്കിക്കൊണ്ടുനിന്നു. തുറിച്ചു നോക്കിക്കൊണ്ടു നിന്നു എന്ന് പറയാൻ പാടില്ല. തുറിച്ചു നോക്കാൻ ഇന്ദുലേഖയ്ക്ക് അറിഞ്ഞുകൂ ടാ. കേശവൻ നമ്പൂതിരി ഉടനെ ഒരു കസാല നിക്കിവച്ച് അതിന്മേൽ നമ്പൂതിരിപ്പാട്ടിലെ ഇരുത്തി, താഴത്തിറങ്ങി. നമ്പൂതിരിപ്പാട് കസാല മേൽ ഇരുന്ന് പിന്നെയും ഇന്ദുലേഖയുടെ മുഖത്തുതന്നെ കണ്ണുപറി ക്കാതെ നോക്കി. ഇന്ദുലേഖയും നോക്കിക്കൊണ്ടുതന്നെ നിന്നു. ഒടു വിൽ–

നമ്പൂതിരിപ്പാട് : ഞൻ വന്നപ്പോൾ താഴെ ഉണ്ടായിരുന്നു - ഇല്ലെ? കണ്ടതുപോലെ തോന്നി.

എന്നു പറഞ്ഞ് കവിൾത്തടം കവിഞ്ഞ് നീണ്ടിട്ട് ഒരു മന്ദഹാസം ചെയ്തു.

ഇന്ദുലേഖ : ഞാനപ്പോൾ താഴത്തില്ലാ.

'ഞാൻ എന്നു പറഞ്ഞപ്പോൾ നമ്പൂതിരിപ്പാട് ഒന്നു ഞെട്ടി. ഒരു നായർ സ്ത്രീ തന്നോട് അങ്ങനെ ഇതുവരെ പറഞ്ഞിട്ടില്ല. പക്ഷേ, ഈ സ്തോഭങ്ങളൊന്നും ക്ഷണികനേരവും നിന്നില്ലാ. ഇന്ദുലേഖ യുടെ സൗന്ദര്യം കണ്ട് നമ്പൂതിരി വലഞ്ഞ് മറ്റുള്ള സകല അഭിമാ നവും മറന്നുപോയിരിക്കുന്നു.

നമ്പൂതിരിപ്പാട് : താഴത്തു വന്നതേ ഇല്ലേ?

ഇന്ദുലേഖ : വന്നതേ ഇല്ല.

നമ്പൂതിരിപ്പാട് : അതെന്തേ?

ഇന്ദുലേഖ : ഒന്നും ഉണ്ടായിട്ടല്ലാ.

നമ്പൂതിരിപ്പാട് : ആദ്യം വരാൻ നിശ്ചയിച്ച ദിവസം സംഗതിവശാൽ പുറപ്പെടാൻ തരമായില്ല. ആ വിവരത്തിന് എഴുത്തയച്ചു - എഴുത്ത് കണ്ടില്ലേ?

ഇന്ദുലേഖ : ഞാൻ കണ്ടിട്ടില്ല.

നമ്പൂതിരിപ്പാട് : കറുത്തേടം കാണിച്ചില്ലേ?

ഇന്ദുലേഖ : നമ്പൂതിരി എന്നെ കാണിച്ചിട്ടില്ല.

നമ്പൂതിരിപ്പാട് : കറുത്തേടം മഹാവിഡ്ഢി തന്നെ. അന്നു ഞാൻ പുറപ്പെട്ട ദിവസം ഒരു ഏലമലകരാറുകാരൻ മഗ്ഗാമൻസായ്‌വ് വന്നിരുന്നു. എമ്പതിനായിരം ഉറപ്പികയ്ക്ക് മല കരാർകൊടുത്തു – ആ തിരക്കിലാണ് അന്ന് വരാഞ്ഞത്. ഇന്ദുലേഖയെ കാണാൻ വഴുകിക്കൊണ്ടിരുന്നു. പലരും പറഞ്ഞു കേട്ടിട്ടുണ്ട്. കേട്ടു നല്ല പരിചയമുണ്ട്. ഇന്ദുലേഖ, കറുത്തേടത്തിന്ന് അമ്മയ്ക്ക് ബാന്ധവം ആയതിന് മുമ്പുണ്ടായ മകളായിരിക്കും.

ഇന്ദുലേഖ : ആരുടെ മകൾ? കറുത്തേടത്തു നമ്പൂതിരിയുടെയോ? അല്ല, ഞാൻ നമ്പൂതിരിയുടെ മകളല്ലാ. രാമവർമ്മരാജാവിന്റെ മകളാണ്.

നമ്പൂതിരിപ്പാട് : അതെ, അതെ – അതാണ് ഞാൻ പറഞ്ഞത്.

ഇന്ദുലേഖ : എന്നാൽ ശരി.

നമ്പൂതിരിപ്പാട്, എനി താൻ എന്താണ് പറയേണ്ടത്; തനിക്കു പറയേണ്ട സംഗതി ഒന്നുണ്ടായിരുന്നു, അത് എങ്ങനെയാണ് പറയേണ്ടതെന്ന് കുറെ നിരൂപിച്ചിട്ടുണ്ട് –

നമ്പൂതിരിപ്പാട് : ഇന്ദുലേഖയുടെ സൗന്ദര്യത്തെക്കുറിച്ച് കേട്ടുകേട്ടെനിക്ക് നിവൃത്തിയില്ലാതായി.

ഇന്ദുലേഖ : എന്റെ സൗന്ദര്യം കൊണ്ട് ഇവിടേയ്ക്കെന്താണ് നിവൃത്തിയില്ലാതായതെന്ന് മനസ്സിലായില്ലാ.

നമ്പൂതിരിപ്പാട് : ഇന്ദുലേഖയുടെ വർത്തമാനം കേട്ടുകേട്ട് മനവക കാര്യങ്ങൾ യാതൊന്നും ഞാൻ നോക്കാതെയായി.

ഇന്ദുലേഖ : ഇതു മഹാ കഷ്ടം! ഞാൻ മനവക കാര്യങ്ങൾക്ക് ഇത്ര വിരോധിയോ? ഇതിന് എന്താണ് സംഗതി?

നമ്പൂതിരിപ്പാട് : ഇന്നലെ ചെറുശ്ശേരി ഒരു ശ്ലോകം ചൊല്ലി. അത് ഇന്ദുലേഖയോടു ചൊല്ലണമെന്ന് എനിക്കൊരാഗ്രഹം. ഇന്ദുലേഖയ്ക്ക് സംസ്കൃതത്തിൽ വില്പത്തി അല്ല ഇങ്കിരീസ് പഠിപ്പാണ് ഉള്ളതെന്നു കേട്ടു. സംസ്കൃതശ്ലോകം ചൊല്ലിയാൽ അർത്ഥം മനസ്സിലാകുമോ?

ഇന്ദുലേഖ : നല്ലവണ്ണം മനസ്സിലാവാൻ പ്രയാസം.

നമ്പൂതിരിപ്പാട് : കുറേ വായിച്ചു വില്പത്തിയായിരുന്നു വേണ്ടത്

ഇന്ദുലേഖ : ശരി.

നമ്പൂതിരിപ്പാട് : ഞാൻ ഒരു ശ്ലോകം ചൊല്ലാം. അർത്ഥം മനസ്സിലാകുമോ എന്നു നോക്കൂ. മനസ്സിലായില്ലെങ്കിൽ ഞാൻ പറഞ്ഞു തരാം.

ഇന്ദുലേഖ : അർത്ഥം മനസ്സിലാകുന്ന കാര്യം സംശയം.

നമ്പൂതിരിപ്പാട് : എന്നാൽ ഞാൻ പറഞ്ഞു തരാം.

ഇന്ദുലേഖ : അങ്ങനെയാവട്ടെ.

നമ്പൂതിരിപ്പാട് : ഒരു ശ്ലോകം ചൊല്ലാൻ വിചാരിച്ചു. ശ്ലോകം ഒന്നുരണ്ടേ തോന്നുകയുള്ളു. വില്പത്തി ലേശമില്ലാത്തതിനാൽ മഹാ അബദ്ധമായിട്ടാണ് തോന്നുന്നതുതന്നെ ചൊല്ലുമാറ്. തോന്നുന്നതിൽതന്നെ ചില പദങ്ങളും പാദങ്ങളും ഇടയ്ക്കിടെ മറന്നു പോകും. പിന്നെയും തോന്നും ഇങ്ങനെയാണ് സ്ഥിതി. ശ്ലോകം ചൊല്ലുവാൻ നിശ്ചയിച്ച് നമ്പൂതിരിപ്പാട് കുറെ വിചാരിച്ചു ഒരു ശ്ലോകം പകുതി തോന്നി അതു ചൊല്ലുന്നു.

'ആസ്താം പീയൂഷഭാവഃ സുമതിഗരജരള ഹാരീ പ്രസിദ്ധഃ'

പിന്നെ എന്താണ് – തോന്നുന്നില്ല. ചെറുശ്ശേരിയെ അറിയുമോ? അറിയും എന്നവൾ പറഞ്ഞു. അയാൾ എന്റെ കൂടെ തന്നെയാണ്. എനിക്കുവേണ്ടപ്പോളൊക്കെ അയാളാണ് ശ്ലോകം ചൊല്ലാറ്. എനിക്കത് ഓർമ്മവയ്ക്കാനും മറ്റും മഹാ അസഹ്യം. പിന്നെ കാര്യങ്ങലുടെ തിരക്കിൽ എന്ത് ശ്ലോകം? എന്നാലും ഞാൻ ചൊല്ലിയ ശ്ലോകം ബഹുവിശേഷമായിരുന്നു. എന്താ – അന്ധാളിച്ച് – നോക്കട്ടെ:

'ആസ്താം പീയൂഷഭാവഃ സുമതിഗരജരള ഇതി പ്രസിദ്ധഃ'

ഇന്ദുലേഖ : (ചിരിച്ചുകൊണ്ട്) ബുദ്ധിമുട്ടണ്ടാ, ശ്ലോകം പിന്നെ ഓർമ്മയാക്കിയിട്ട് ചൊല്ലാമല്ലോ.

നമ്പൂതിരിപ്പാട് : ഛീ! അതുപോരാ. ഞാൻ ഒന്നാമത് ഇന്ദുലേഖയോട് ചൊല്ലിയ ശ്ലോകം മുഴുവനാക്കാഞ്ഞാൽ പോരാ – നോക്കട്ടെ

'ആസ്താം പീയൂഷഭാവഃ സുമതിഗരജരള ഇതി പ്രസിദ്ധഃ'

ഓ – ഓ – തോന്നി, തോന്നി –

'തല്ലഭോപായഖിന്നാപി ച ഗരളഹരോഹേരുതല്ലാസഭാവഃ'

ഇനിയത്തെ രണ്ടു പദം അശേഷം തോന്നുന്നില്ലാ മുമ്പുതന്നെ തോന്നുന്നില്ലാ. വിചാരിച്ചിട്ട് ഫലമില്ലാ. 'ആസ്താം പീയൂഷഭാവഃ ... ഓ – പിന്നെയും മറന്നുവോ – ഇതു വലിയ വിഷമം.

ഓ–ഹോ – ഇല്ല, തോന്നി.

'ആസ്താം പീയൂഷഭാവഃ സുമതിഗരജരള ഇതി പ്രസിദ്ധഃ'

'തല്ലഭോപായഖിന്നാപി ച ഗരളഹരോഹേരുതല്ലാസഭാവഃ'

ഇത്രത്തോളം ചൊല്ലി പിന്നെ അശേഷം തോന്നുന്നില്ലെന്നു പറഞ്ഞുകൊണ്ട് നമ്പൂതിരിപ്പാട് എണീറ്റു കറുത്തേടത്തിനെ വിളിക്കാൻ കോണി വാതിക്കൽ പോയി,

'കറുത്തേടം! കറുത്തേടം' എന്നു ഉറക്കെ വിളിച്ചു കേശവൻ നമ്പൂതിരി ഹാജരായി കോണി ചുവട്ടിൽ സമീപം നിൽക്കുന്നുണ്ടായിരുന്നു. ഓടി എത്തി –

നമ്പൂതിരിപ്പാട് : കറുത്തേടം, ചെറുശ്ശേരിയുടെ അടുക്കെ പോയി 'ആസ്താം' എന്ന ശ്ലോകം മുഴുവനും ഒരു ഓലയിൽ എഴുതിച്ച് ഇങ്ങോട്ടു കൊണ്ടുവരൂ. വേഗം വേണം.

കേശവൻ നമ്പൂതിരി ഓടിപ്പോയി ചെറുശ്ശേരി നാലുകെട്ടിൽ ഒരു കസാല മേൽ ഇരിക്കുന്നതു കണ്ടു. അപ്പോഴേയ്ക്കും കേശവൻ നമ്പൂതിരി 'ആസ്താം' എന്ന പദം മറന്നിരിക്കുന്നു.

കേശവൻ നമ്പൂതിരി : ചെറുശ്ശേരി ഒരു ശ്ലോകം എഴുതിത്തരാൻ പറഞ്ഞു. നമ്പൂതിരി അതു വേഗം എഴുതിത്തരൂ. ഓലയും എഴുത്താണിയും ഇതാ – എന്താണ് ശ്ലോകം? എന്തോ – ഓ – അന്ധാളിച്ചു – വരട്ടെ, ശരി – ശരി – ഓർമ്മയായി. ശ്ലോകത്തിന്റെ ആദ്യം ആസീൽ എന്നാണ് വേഗം എഴുതിത്തരൂ.

ചെറുശ്ശേരി വേഗം ഓല വാങ്ങി.

> 'ആസിദ്ദശരഥോ നാമ സൂര്യവംശേഥ പാർത്ഥിവഃ
> ഭാര്യാസ്തിസ്രോപി ലബ്ധ്വാസൗ താസു ലേഭേ ന സന്തതിം'

എന്ന ശ്ലോകം എഴുതികൊടുത്തു.

കേശവൻ നമ്പൂതിരി ഓലയും കൊണ്ട് മുകളിലേയ്ക്ക് ഓടിചെന്നു. നമ്പൂതിപ്പാട്ടിലേയ്ക്ക് കണ്ണടവയ്ക്കാതെ ഒരക്ഷരം വായിച്ചുകൂടാ. എന്നാൽ ഇന്ദുലേഖയുടെ മുമ്പാകെ കണ്ണടവയ്ക്കുന്നത് തന്റെ യവ്വനത്തെ കുറിച്ച് ഇന്ദുലേഖയുടെ അഭിപ്രായത്തിന് ഹാനിയായിവന്നാലോ എന്ന് വിചാരിച്ചു താൻ ഓല വാങ്ങാതെ കേശവൻ നമ്പൂതിരിയോട് തന്നെ വായിക്കാൻ പറഞ്ഞു. കേശവൻ നമ്പൂതിരിക്ക് കണ്ണടകൂടാതെ നല്ലവണ്ണം വായിച്ചുകൂടാ. എങ്കിലും കല്പനപ്രകാരം തപ്പി തപ്പി വായിച്ചു തുടങ്ങി.

കേശവൻ നമ്പൂതിരി : ആസീ – ദശരഥോ നാമസൂ – ര്യവംശേ – ഥ പാർത്ഥിവ

ഇത്രത്തോളം വായിക്കുമ്പോഴേക്കും ഇന്ദുലേഖ വല്ലാതെ ചിരിച്ചു തുടങ്ങി.

നമ്പൂതിരിപ്പാട് : ഛീ! അബദ്ധം! കറുത്തേടത്തിനു വില്പത്തി ലേശമില്ലെന്നു തോന്നുന്നു. ഇതല്ല ശ്ലോകം ആദ്യത്തെ പാദം എനിക്കറിയാം. എഴുതിക്കൊളൂ.

എന്നു പറഞ്ഞ് കേശവൻ നമ്പൂതിരിയെകൊണ്ട് താൻ മുമ്പു ചൊല്ലിയ പ്രകാരം എഴുതിച്ചു. ഓലയും കൊണ്ട് കേശവൻ നമ്പൂതിരി ചെറുശ്ശേരി നമ്പൂതിരിയുടെ അടുക്കെ രണ്ടാമതു ചെന്നു.

കേശവൻ നമ്പൂതിരി : ചെറുശ്ശേരിക്ക് എല്ലായ്പ്പോഴും പരിഹാസമാണ്. നമ്പൂതിരി വിചാരിച്ച ശ്ലോകമല്ല എഴുതി തന്നത്. ഇതാ ഞാൻ ഓലയിൽ എഴുതിക്കൊണ്ടു വന്നിരിക്കുന്നു. ഇതു മുഴുവൻ എഴുതി തരൂ.

ചെറുശ്ശേരി നമ്പൂതിരി ഓല വാങ്ങി നോക്കി. 'ഓ – ഹോ! ഈ ശ്ലോകമോ? എന്നാൽ അങ്ങനെ പറയണ്ടേ 'ആസീൽ' എന്നാണ്

ആദ്യം, എന്നല്ലെ കറുത്തേടം പറഞ്ഞത്?' എന്നു പറഞ്ഞ് പൂർവ്വാർത്ഥത്തിൽ ഉണ്ടായിരുന്ന പിഴവുകൾ തീർത്ത് ഉത്തരാർദ്ധം എഴുതി കൊടുത്തു. അതും കൊണ്ട് പിന്നെയും കേശവൻ നമ്പൂതിരി മുകളിലേയ്ക്കു ചെന്നു. ശ്ലോകം വായിക്കാൻ നമ്പൂതിരിപ്പാട് കേശവൻ നമ്പൂതിരിയോട് പറഞ്ഞു.

കേശവൻ നമ്പൂതിരി : ഇതൊരു വലിയ ശ്ലോകമാണ്. ഞാൻ വായിച്ചാൽ ശരിയാവുകയില്ല. ഇന്ദുലേഖ ഇവിടെ നിൽക്കുന്നുണ്ടല്ലോ. നല്ല വില്പത്തിയാണ് ഇന്ദുലേഖേ ഇതൊന്നു വായിക്കൂ.

ഇന്ദുലേഖ : എനിക്കു നല്ല വില്പത്തിയില്ലാ. വല്ലതും പറയണ്ട, എന്നാൽ ഈ ശ്ലോകം എനിക്ക് തോന്നും, ബുദ്ധിമുട്ടണ്ട, ചെല്ലിക്കളയാം – എന്നു പറഞ്ഞ് ഉപദ്രവം തീരാൻ വേണ്ടി ചൊല്ലുന്നു:

"ആസ്താം പീയൂഷലാഭസ്സുമുഖി ഗരജരാ
മൃത്യുഹാരീ പ്രസിദ്ധ
സ്തല്ലാഭോപായചിന്താപി ച ഗരളജുഷോ
ഹേതുരുല്ലാഘതായാഃ
നോചേദാലോലദൃഷ്ടിപ്രതിഭയഭുജഗീ
ദഷ്ടമർമ്മാ മുഹുസ്തേ
യാമേവാലംബ്യ ജീവേ കഥമധരസുധാ
മാധുമീമപ്യജാനൻ"

നമ്പൂതിരിപ്പാട് : അതിവിശേഷമായ ശ്ലോകം, അല്ലേ?

ഇന്ദുലേഖ : അതെ.

നമ്പൂതിരിപ്പാട് : കറുത്തേടം പോയി താഴത്തിരിക്കൂ.

കേശവൻ നമ്പൂതിരി, ഞാൻ പോയി മുറുക്കാൻ കൊണ്ടുവരാം എന്നു പറഞ്ഞ് താഴേക്കുപോയി.

നമ്പൂതിരിപ്പാട് : ഇന്ദുലേഖയ്ക്ക് കളിപ്രാന്തുണ്ടോ?

ഇന്ദുലേഖ : എന്തു ഭ്രാന്ത്?

നമ്പൂതിരിപ്പാട് : കളിഭ്രാന്ത് – കഥകളി ഭ്രാന്ത്.

ഇന്ദുലേഖ : എനിക്ക് ഒരുവകയായും ഭ്രാന്ത് ഇതുവരെ ഒന്നും ഉണ്ടായിട്ടില്ലാ.

നമ്പൂതിരിപ്പാട് : എനിക്ക് നല്ല ഭ്രാന്താണ് – കലശലാണ് ഭ്രാന്ത്

ഇന്ദുലേഖ : (ചിരിച്ചുകൊണ്ട്), ശരിതന്നെ, സംശയമില്ല

നമ്പൂതിരിപ്പാട് : എന്താ ഇന്ദുലേഖാ ഈ വിവരം മുമ്പേ കേട്ടിട്ടുണ്ടോ?

ഇന്ദുലേഖ : ഇല്ല. ഇപ്പോളറിഞ്ഞു.

നമ്പൂതിരിപ്പാട് : ഞാൻ പറഞ്ഞറിഞ്ഞു അല്ലേ?

ഇന്ദുലേഖ : അതെ ഇവിടുത്തെ വാക്കുകളെകൊണ്ട് നിശ്ചയിച്ചു.

നമ്പൂതിരിപ്പാട് : ഇന്നലെ മനയ്ക്കൽ കളി ഉണ്ടായിരുന്നു. രാമന്റെ ദശാസ്യൻ ബഹുവിശേഷംതന്നെ. ഇന്ദുലേഖ രാമനെ കണ്ടിട്ടുണ്ടോ? രാമൻ, രാമൻ ശൂദ്രർ രാമപണിക്കർ എന്നു പറയും. വലിയ ഊറ്റക്കാരനാണ്. രംഗശ്രീ കലശല്, മെയ്യും അങ്ങനെതന്നെ. ഇന്ദുലേഖയ്ക്ക് ഇനി ദിവസംപ്രതി കളി കാണാം. എനിക്ക് നല്ല ഭ്രാന്താണ്. ഇശി മിക്കവാറും ദിവസം കളി ഉണ്ടാവാറുണ്ട്. ഇന്നലെ ഒരു സ്ത്രീ വേഷവും കണ്ടു. ഈ ഇടെ ഒന്നും ഇങ്ങനെ കണ്ടിട്ടില്ല. രാഘവൻ, രാഘവനെന്ന ഒരു ചെക്കൻ രാഘവനെ ഇന്ദുലേഖ അറിയുമോ? അവൻ മുഖം മിനുക്കിയാൽ ഇന്ദുലേഖയുടെ മുഖം പോലെതന്നെ അങ്ങനെ തന്നെ – ഒരു ഭേദവുമില്ല. ഇവിടെ കളി കൂടെകൂടെ ഉണ്ടാവാറുണ്ടോ?

ഇന്ദുലേഖ : ഇല്ലാ.

നമ്പൂതിരിപ്പാട് : എത്ര  കൊല്ലമായി ഇന്ദുലേഖ കളി കണ്ടിട്ട്.

ഇന്ദുലേഖ : നാലഞ്ചുകൊല്ലമായി എന്നു തോന്നുന്നു.

നമ്പൂതിരിപ്പാട് : ശിവ – ശിവ. നാലഞ്ചുകൊല്ലമോ? എത്ര സമ്പത്തുള്ള ഈ വീട്ടിൽ കഥകളി കഴിഞ്ഞിട്ട് നാലഞ്ചുകൊല്ലമോ? ആശ്ചര്യം. അതിന്റെ പരിജ്ഞാനമില്ലാഞ്ഞാൽ അത്രേയുള്ളൂ. പഞ്ചുവിന് പരിജ്ഞാനം ഒട്ടും ഇല്ലായിരിക്കും. പിന്നെ ഇന്ദുലേഖ എന്തു ചെയ്യും?

ഇന്ദുലേഖ : അതെ; ശരി തന്നെ.

നമ്പൂതിരിപ്പാട് : ഇന്ദുലേഖയ്ക്ക് ഇങ്കിരീസ് നല്ലവണ്ണം അറിയാമോ?

ഇന്ദുലേഖ : കുറെ പഠിച്ചു.

നമ്പൂതിരിപ്പാട് : സായിവന്മാരോട് സംസാരിക്കുമോ?

ഇന്ദുലേഖ : പഠിച്ചതിന്റെ അവസ്ഥാനുസരണം ആരോടും സംസാരിക്കാം.

നമ്പൂതിരിപ്പാട് : ഇന്ദുലേഖയെ ഞാൻ ഇശ്ശി കേട്ടിട്ടുണ്ട്. കണ്ടപ്പോൾ അതിലൊക്കെ വിശേഷം – എന്റെ ഭാഗ്യം തന്നെ.

ഇന്ദുലേഖ : എന്താണ് ഭാഗ്യം – അറിഞ്ഞില്ലാ.

നമ്പൂതിരിപ്പാട് : ഇന്ദുലേഖയെ കണ്ടുതുതന്നെ ഭാഗ്യം.

ഇന്ദുലേഖ : എന്താണ് എന്നെ കാണുന്നതുകൊണ്ട് ഒരു ഭാഗ്യമെന്ന് ഞാൻ അറിയുന്നില്ലാ.

നമ്പൂതിരിപ്പാട് : ഇത്ര പറഞ്ഞാൽ മനസ്സിലാകുന്നില്ല?

ഇന്ദുലേഖ : പറഞ്ഞടത്തോളം മനസ്സിലായി. പറയാത്തത് എങ്ങനെ മനസ്സിലാവും. ഇവിടത്തെ ഭാഗ്യമെന്നു പറഞ്ഞത് മനസ്സിലായി. എന്തു ഭാഗ്യമാണ് ഇവിടേയ്ക്ക് വരുന്നതെന്നാണ് ഞാൻ ചോദിച്ചത്.

അതിനുത്തരം പറഞ്ഞില്ല – പറയാത്തതുകൊണ്ട് ആ സംഗതി മനസ്സിലായതുമില്ല.

നമ്പൂതിരിപ്പാട് : അതൊക്കെ എന്റെ ഭാഗ്യം തന്നെ – എന്റെ ഭാഗ്യം തന്നെ. ഇന്ദുലേഖയുടെ വാക്സാമർത്ഥ്യം കേമം തന്നെ. എന്നെ ഒന്ന് ചെണ്ടകൊട്ടിക്കേണമെന്നാണ് ഭാവമെന്നു തോന്നുന്നു.

ഇന്ദുലേഖ : ഇവിടെ ചെണ്ടയില്ല. ഇവിടന്ന് ചെണ്ടകൊട്ടി കേൾക്കണമെന്ന് എനിക്ക് താല്പര്യവുമില്ലാ.

നമ്പൂതിരിപ്പാട് : ഇന്ദുലേഖ ബഹു രസികത്തിയാണ്. ഇങ്ങനെയിരിക്കേണ്ട വാക്സാമർത്ഥ്യം എന്നെ മുമ്പു കേട്ടു പരിചയമുണ്ടായിരിക്കും.

ഇന്ദുലേഖ : ഇല്ലാ.

നമ്പൂതിരിപ്പാട് : കേട്ടിട്ടേയില്ലേ?

ഇന്ദുലേഖ : ഇല്ലാ.

നമ്പൂതിരിപ്പാട് : അപ്പോൾ ഞാൻ വരുന്ന വർത്തമാനവും അറിഞ്ഞിട്ടില്ലേ?

ഇന്ദുലേഖ : വരുന്നുണ്ടെന്ന് ഇവിടെ ആരോ ഇന്നലയോ മറ്റോ പറഞ്ഞു കേട്ടു.

നമ്പൂതിരിപ്പാട് : അപ്പോൾ വർത്തമാനം ഇന്ദുലേഖ ആരോടും അന്വേഷിച്ചില്ലേ?

ഇന്ദുലേഖ : ഇല്ലാ.

നമ്പൂതിരിപ്പാട് : അതെന്തേ?

ഇന്ദുലേഖ : ഒന്നും ഉണ്ടായിട്ടല്ലാ. അന്വേഷിച്ചില്ല – അത്രയെയുള്ളു.

നമ്പൂതിരിപ്പാട് : ഞാൻ വന്ന കാര്യം എന്താണെന്ന് മനസ്സിലാക്കണമല്ലോ?

ഇന്ദുലേഖ : ഇല്ലാ; മനസ്സിലായിട്ടില്ലാ.

നമ്പൂതിരിപ്പാട് : എന്ത്; അതും മനസ്സിലായിട്ടില്ലേ?

ഇന്ദുലേഖ : ഇല്ലാ.

നമ്പൂതിരിപ്പാട് : ഞാൻ ഇന്ദുലേഖയെ കാണാനായിട്ടുതന്നെയാണ് വന്നത്.

ഇന്ദുലേഖ : ശരി. അങ്ങനെയായിരിക്കും.

നമ്പൂതിരിപ്പാട് : മനവക സകല കാര്യവിചാരവും ഞാൻ തന്നെയാണ്. എന്നു പറഞ്ഞ് നേരം നോക്കാൻ എന്നു ഭാവിച്ച് പൊൻ ഗാഡിയാൾ മടിയിൽനിന്ന് എടുത്ത് തുറന്നുനോക്കി. അഞ്ചുമണിയായി എന്നു പറഞ്ഞു.

ഇന്ദുലേഖ : ഓ, എന്നാൽ സന്ധ്യാവന്ദനത്തിനു സമയമായിരിക്കും.

നമ്പൂതിരിപ്പാട് : ഹേ! – അതിനൊന്നും സമയമായിട്ടില്ല. ഈ ഗഡി യാൾ ഒന്നു നോക്കണമോ?

എന്നു പറഞ്ഞ് ഗഡിയാളും മാലച്ചങ്ങലയും കഴുത്തിലിട്ടേടത്തു നിന്നെടുത്ത് കൊടുപ്പാൻ ഭാവിച്ചപ്പോൾ ഇന്ദുലേഖ വാങ്ങി 'ഇതു നല്ല ഗഡിയാൾ' എന്നു പഞ്ഞു.

നമ്പൂതിരിപ്പാട് : ഇത് എനിക്ക് മേഘദന്തൻ സായിവ് സമ്മാനമായി കഴിഞ്ഞ കൊല്ലം ഏലമലവാരം എഴുപത്തിയയ്യായിരും ഉറുപ്പികയ്ക്ക് കൊടുത്തപ്പോൾ തന്നതാണ്.

മേഘദന്തൻ സായിവ് എന്നു പറഞ്ഞപ്പോൾ ഇന്ദുലേഖ ഉറക്കെ ഒന്നു പൊട്ടിച്ചിരിച്ചു പോയി. അതിനുശേഷം ഗഡിയാൾ തിരികെ കൊടുത്തു. ഇന്ദുലേഖയുടെ ഈ ചിരിയും ഭാവവും കണ്ടപ്പോൾ ഇന്ദുലേഖയ്ക്ക് തന്നിൽ അനുരാഗം തുടങ്ങി എന്ന് നന്പൂതിരി പ്പാടും, ഈ മേഘദന്തൻ സായ് വിനെ കുറിച്ചു മാധവനെഴുതുന്ന കത്തിലെഴുതണമെന്ന് ഇന്ദുലേഖയും ഏകകാലത്തിൽ തന്നെ നിശ്ച യിച്ചു.

നമ്പൂതിരിപ്പാടിലേയ്ക്ക് മോഹം അതിയായി വർദ്ധിച്ചു. എന്നിട്ട് ഈ ക്ഷമയില്ലാത്ത് വിഡ്ഢി പറയുന്നു.

നമ്പൂതിരിപ്പാട് : ഇന്ദുലേഖയോടുകൂടിതന്നെ എല്ലായ്പ്പോഴും ഇരി ക്കാനാണ് എനിക്കു മോഹം.

ഇന്ദുലേഖ : അത് സാധിക്കാത്ത മോഹമാണെന്ന് എനിക്കു തോന്നുന്നു.

ഇത്രത്തോളം പറയുമ്പോഴും കേശവൻ നമ്പൂതിരി വെള്ളിത്തട്ട ത്തിൽ മുറുക്കാനുംമറ്റുമെടുത്ത് മുകളിലേയ്ക്കു കയറി വന്നു.

ഇന്ദുലേഖ : എനിക്കിനി മേൽ കഴുകി അമ്പലത്തിൽ പോകണം കേശവൻ നമ്പൂതിരി ഇവിടെ ഇരിക്കൂ എന്നു പറഞ്ഞ് വേഗം താഴേക്ക് ഇറങ്ങിപ്പോയി. പോകുമ്പോൾ ഇന്ദുലേഖ കേശവൻ നമ്പൂ തിരിയുടെ മുഖത്തേയ്ക്ക് ഒന്നു നോക്കി ആ നോക്ക്, കേശവൻ നമ്പൂതിരിക്ക് തന്റെ ശരീരത്തിന്മേൽ ഒരു ഇരുമ്പുകോൽ പഴിപ്പിച്ച് ചൂടു വച്ചതുപോലെ കൊണ്ടു. കേശവൻ നമ്പൂതിരി വെറ്റിലത്തട്ടം കൊണ്ട് അവിടെ ഇളിഭ്യനായി വശായി. നമ്പൂതിരിപ്പാടിലേയ്ക്ക് ആകപ്പാടെ നല്ല സുഖമായിട്ടില്ല – എങ്കിലും അവിടെത്തന്നെ ഇരുന്നു മുറുക്കി കുറേനേരം ഇന്ദുലേഖയുടെ മുറിയിലുള്ള സാമാന ങ്ങളും മറ്റും നടന്നു നോക്കി. ബുക്കുകൾ വളരെ കണ്ടു – പെണ്ണു ങ്ങളെ ഇംക്ലീഷു പഠിപ്പിച്ചാൽ വളരെ ദോഷമാണെന്നു തീർച്ചയാക്കി.

കേശവൻ നമ്പൂതിരി : (നമ്പൂതിരിപ്പാടോട്) ഇന്ദുലേഖയ്ക്ക് വൈകു ന്നേരം അമ്പലത്തിൽ പോകൽ മുടങ്ങാതെ ഉണ്ട്. അതിന്ന് സമ യവും മറ്റും അതികൃത്യമാണ് – അതാണ് ഇപ്പോൾ പൊയ്ക്കള ഞ്ഞത്.

നമ്പൂതിരിപ്പാട് : ഇന്ദുലേഖ വേഗം ഇങ്ങോട്ടു വരണമല്ലോ? വരുന്ന വരെ നുമ്മൾ ഇവിടെതന്നെ ഇരിക്കുക – അല്ലേ?

കേശവൻ നമ്പൂതിരി : അതു വേണ്ടെന്നു തോന്നുന്നു - അത്താഴം കഴിഞ്ഞ് ഒൻപതുമണിക്ക് ഇവിടെ വന്ന് ഇന്ദുലേഖയുടെ പാട്ടും മറ്റും കേൾക്കാം. അതല്ലേ നല്ലത്?

നമ്പൂതിരിപ്പാട് : അങ്ങനെതന്നെ - അതാണ് നല്ലത്.

എന്നു പറഞ്ഞ് രണ്ടാളുംകൂടി ചോട്ടിലേയ്ക്ക് പോകുന്നു.

## 8.2 പാഠസംഗ്രഹം

സൂരിനമ്പൂതിരിപ്പാടും ഇന്ദുലേഖയും തമ്മിലുണ്ടായ സംഭാഷണം ഈ നോവലിലെ വളരെ ശ്രദ്ധേയമായ ഒരു ഭാഗമാണ്. രണ്ടുതവണ യാണ് അവർ തമ്മിൽ സംഭാഷണത്തിൽ ഏർപ്പെടുന്നത്. ഇന്ദുലേഖ യുടെ മാളികയിലെത്തിയ നമ്പൂതിരി അവരെ കണ്ട നിമിഷം തന്നെ 'ഇവളെ ഭാര്യയാക്കും' എന്നു മനസുകൊണ്ട് നിശ്ചയിച്ചുകൊണ്ട് സംസാരിക്കുന്നു. ഇന്ദുലേഖയുടെ മുന്നിൽ ഒരു ശ്ലോകം ചൊല്ലാ നുള്ള ശ്രമത്തിൽ പരാജിതനും, പരിഹാസ്യനുമാകുന്നു. ഒടുവിൽ തന്റെ കഥകളിഭ്രമത്തെക്കുറിച്ച് നമ്പൂതിരിപ്പാട് സംസാരിക്കാൻ ശ്രമി ക്കുന്നു. അപ്പോഴും ഇന്ദുലേഖ അദ്ദേഹത്തെ പരിഹസിക്കുന്നു. ഒടു വിൽ സൂരിനമ്പൂതിരിക്കു പോകാൻ ഭാവമില്ലെന്നു കണ്ട ഇന്ദുലേഖ തനിക്ക് അമ്പലത്തിൽ പോകണമെന്നു പറഞ്ഞ് ഇറങ്ങിപ്പോകുന്നു. തുടർന്ന് കേശവൻനമ്പൂതിരി രാത്രി ഇന്ദുലേഖയുടെ പാട്ടു കേൾക്കാൻ വരാം എന്നുപറഞ്ഞ് സൂരിനമ്പൂതിരിയെ അവിടെനിന്നും കൊണ്ടു പോകുന്നു. പോകുന്നവഴി ഇന്ദുലേഖയുടെ മാതാവ് ല ക്ഷമിക്കുട്ടിയമ്മയെ കണ്ടപ്പോൾ നമ്പൂതിരിപ്പാടിന് അവരോടും ഭ്രമം തോന്നുന്നു. രാത്രി ഇന്ദുലേഖയുടെ പാട്ടുകേൾക്കാൻ തയ്യാറായി രുന്ന സൂരിനമ്പൂതിരിപ്പാടിനോട് ദേഹസുഖമില്ലാത്തതിനാൽ ഇന്ദു ലേഖ പാടുന്നില്ല എന്നറിയിക്കുന്നു. ഇവിടെ വച്ചാണ് ഇന്ദുലേഖയും മാധവനുമായുള്ള പ്രണയം ഗോവിന്ദൻ എന്ന വാല്യക്കാരൻ വഴി സൂരിനമ്പൂതിരിപ്പാട് മനസ്സിലാക്കുന്നതും അങ്ങനെയെങ്കിൽ കല്യാ ണിക്കുട്ടിയെ വിവാഹം കഴിക്കാം എന്നൊരു താല്പര്യം അദ്ദേഹത്തി നുണ്ടാകുന്നതും.

വീണ്ടും ഒരിയ്ക്കൽക്കൂടി ഇന്ദുലേഖയും സൂരിനമ്പൂതിരിപ്പാടും കണ്ടുമുട്ടുന്നുണ്ട്. ഇന്ദുലേഖ പിയാനോ വായിക്കുന്നത് കേൾക്കുന്ന നമ്പൂതിരിപ്പാട് അവർക്ക് തന്റെ സ്വർണ്ണപ്പനീർകുപ്പിയും വെള്ളിച്ചെ ല്ലവും നൽകുന്നു. ഇന്ദുലേഖ അത് തിരസ്കരിക്കുന്നു. ഇന്ദുലേ ഖയെ അല്ലാതെ മറ്റാരെയും താൻ കാമിയ്ക്കില്ല എന്ന് സൂരിനമ്പൂതി രിപ്പാട് പറയുമ്പോൾ അവർ അദ്ദേഹത്തെ പരിഹസിക്കുകയും ഞാൻ അങ്ങയുടെ ഭാര്യയായിരിയ്ക്കില്ല എന്നു പറഞ്ഞ് അവിടെ നിന്നും പോവുകയും ചെയ്യുന്നു. ഇന്ദുലേഖയും സൂരിനമ്പൂതിരി പ്പാടും തമ്മിൽ വിവാഹിതരാകുന്നു എന്ന് മറ്റുള്ളവർക്ക് തെറ്റിധാര ണയുണ്ടാകുന്നതും പ്രസ്തുത സന്ദർഭത്തിലാണ്.

വളരെ ലളിതമായൊരു ഇതിവൃത്തത്തെ ഏകാഗ്രമായും യുക്തിഭദ്ര മായും പര്യവസാനിപ്പിക്കാൻ ചന്തുമേനോന് സാധിച്ചിട്ടുണ്ട്. ഈ നോവലിന്റെ ഏറ്റവും ശ്രദ്ധേയമായ ഘടകം കഥാപാത്രസൃഷ്ടി യിൽ നോവലിസ്റ്റ് പ്രകടിപ്പിക്കുന്ന കൈയ്യടക്കവും വൈഭവവുമാണ്.

അതിൽ ഏറ്റവും ശ്രദ്ധേയം ഇന്ദുലേഖയുടെ പാത്രസൃഷ്ടിതന്നെ. “മദാമ്മയെ മുണ്ടുടുപ്പിച്ചതാണ്” എന്ന വിമർശനങ്ങൾക്കിടയിലും ഇത്രമേൽ വ്യക്തിത്വമുള്ള ഒരു സ്ത്രീകഥാപാത്രം മലയാളസാഹിത്യലോകം ആദ്യം കാണുന്നത് ഇന്ദുലേഖയിലൂടെയാണ്. സ്ത്രീസ്വാതന്ത്ര്യത്തിന് പരിധികൾ കല്പിക്കുന്ന കാലത്താണ് ഇത്തരത്തിലൊരു സ്ത്രീകഥാപാത്രത്തിന്റെ സൃഷ്ടി എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. പാഠഭാഗത്തിൽ ഇതിനുള്ള നിരവധി തെളിവുകൾ ലഭ്യമാണ്. ക്രിയാത്മക സ്വഭാവവിശേഷങ്ങളുള്ള, നവോത്ഥാന ചൈതന്യമുള്ള നായകനായി മാധവനെ മാറ്റാനും ചന്തുമേനോന് സാധിച്ചു.

ഈ നോവലിലെ ഏറ്റവും മനോഹരമായ കഥാപാത്ര സൃഷ്ടി സൂരിനമ്പൂതിരിപ്പാടിന്റേതാണ്. ഒരു കഥാപാത്രത്തിലൂടെ ഒരു ദുഷിച്ച വ്യവസ്ഥിതിയുടെ മനോഹരമായ ചിത്രമാണ് ചന്തുമേനോൻ വരച്ചുകാട്ടുന്നത്. വിടുവായത്തവും, വിഢിത്തവും കൊണ്ട് പരിഹാസത്തിന്റെ വേലിയേറ്റം സൃഷ്ടിക്കാൻ ഈ കഥാപാത്രത്തിലൂടെ നോവലിസ്റ്റിനു സാധിച്ചു. നമ്പൂതിരി ബാന്ധവത്തെയും കണക്കിന് പരിഹാസവിധേയമാക്കുന്നു സൂരിനമ്പൂതിരിപ്പാടിലൂടെ. പാഠഭാഗത്തെ ഏറ്റവും മനോഹരസാന്നിധ്യവും സൂരിനമ്പൂതിരിപ്പാടാണ്.

പ്രധാന കഥാപാത്രങ്ങളോടൊപ്പം മറ്റുകഥാപാത്രങ്ങളെയും മികവുറ്റ രീതിയിലാണ് ആവിഷ്കരിച്ചിരിക്കുന്നത്. പഞ്ചുമേനോൻ, ചെറുശ്ശേരി നമ്പൂതിരി, കേശവൻ നമ്പൂതിരി, ശീനുപ്പട്ടർ, ലക്ഷ്മിക്കുട്ടിയമ്മ, ഗോവിന്ദപ്പണിക്കർ, ഗോവിന്ദൻകുട്ടി മേനോൻ, ബാബുഗോവിന്ദസെൻ തുടങ്ങിയിട്ടുള്ള എല്ലാ കഥാപാത്രങ്ങളും ചന്തുമേനോന്റെ കഥാപാത്രസൃഷ്ടി വൈഭവത്തിന്റെ ഉത്തമോദാഹരണങ്ങളാണ്.

മലയാളത്തിലെ ഏറ്റവും ജനപ്രിയമായ നോവലുകളുടെ കൂട്ടത്തിലാണ് ഇന്ദുലേഖയുടെ സ്ഥാനം. നവോത്ഥാന കാലമായ 19-ാം നൂറ്റാണ്ടിന്റെ സൃഷ്ടിയായ ഈ നോവൽ കേരളത്തിന്റെ സാഹിത്യ, സാമൂഹ്യ ജീവിതത്തിലെ നാഴികക്കല്ലാണ്. പാശ്ചാത്യസംസ്കാരം കേരളത്തിലേക്ക് വ്യാപിച്ചതിന്റെ കഥകൂടിയാണ് ഈ കൃതി. കേരളത്തിലെ തകരുന്ന ഫ്യൂഡൽ വ്യവസ്ഥിതിയും ഉയരുന്ന ദേശീയതയും ഈ നോവൽ വരച്ചുകാട്ടുന്നു. മേൽപ്പറഞ്ഞ ഘടകങ്ങളെ കാല്പനികഭംഗിയോടെ ആവിഷ്ക്കരിക്കാൻ ചന്തുമേനോന് സാധിച്ചതാണ് ഈ നോവലിന്റെ ജനപ്രീതിയെ വർദ്ധിപ്പിച്ചത്. മലയാളനോവലിൽ റിയലിസത്തിന്റെ വരവിനെ ശക്തമാക്കാനും ഈ നോവൽ വഹിച്ചപങ്ക് ചെറുതല്ല. പുതിയൊരു സാമൂഹ്യബോധത്തിന് വഴി ഒരുക്കാനും ഇന്ദുലേഖയ്ക്ക് സാധിച്ചു. മലയാളനോവലിന്റെ സമഗ്രവും സർവ്വതോന്മുഖവുമായ വികാസത്തിന് വഴിതെളിച്ച ഇന്ദുലേഖ എന്ന കൃതി വാസ്തവത്തിൽ മലയാള സാഹിത്യത്തിന്റെ നവോത്ഥാനത്തെയാണ് ശക്തിപ്പെടുത്തിയത്.

## 8.3 പുരോഗതി സ്വയം പരിശോധിക്കുക

1. മലയാളനോവൽ സാഹിത്യചരിത്രത്തിൽ ഇന്ദുലേഖയുടെ സ്ഥാനമെന്ത്?

2. ഇന്ദുലേഖയെ കാണാൻ പോകുന്ന സൂരിനമ്പൂതിരിപ്പാടിന്റെ വേഷഭൂഷാദികളെ കുറിച്ച് വിവരിക്കുക.
3. "ഇന്ദുലേഖയെ ഒഴിച്ച് ഞാൻ ഒരു സ്ത്രീയെയും സ്മരിക്കകൂടി ഇല്ല. അതിനു രണ്ടു പക്ഷമില്ല"- സന്ദർഭം വിശദമാക്കുക.
4. "എനിക്ക് ഒരു വകയായും ഭ്രാന്ത് ഇതുവരെ ഒന്നും ഉണ്ടായിട്ടില്ല" സന്ദർഭം വിവരിക്കുക?
5. "എന്നെ ഒന്നു ചെണ്ടക്കൊട്ടിക്കണമെന്നാണു ഭാവമെന്നു തോന്നുന്നു." സന്ദർഭം എന്ത് ?
6. ഇന്ദുലേഖയും സൂരിനമ്പൂതിരിപ്പാടുമായുള്ള സംഭാഷണം വിശദമാക്കുക?
7. കഥാപാത്രനിരൂപണം

   1. സൂരിനമ്പൂതിരിപ്പാട്

   2. ഇന്ദുലേഖ
8. കേശവൻനമ്പൂതിരി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

## 8.4 വിഷയാവതരണവും പാഠഭാഗവും

മലയാള നോവൽ സാഹിത്യത്തിൽ ആധുനികതയുടെ വിത്തുമുളപ്പിച്ച എഴുത്തുകാരിൽ പ്രധാനിയാണ് എം. മുകുന്ദൻ. 1960 കളിൽ മലയാളനോവൽ പുതിയ ഭാവുകത്വ സംസ്ക്കാരത്തിലേക്ക് കടക്കുകയും അന്ന് പ്രചാരത്തിലുണ്ടായിരുന്ന റിയലിസ്റ്റ് രചനാരീതിക്കുപകരം അപചയബോധവും നിഷേധാത്മകതയും ആഖ്യാനത്തിൽ പ്രാധാന്യം കൈവരിച്ചു. കാഫ്ക, കാമൂ, സാർത്ര് മുതലായ പാശ്ചാത്യ ചിന്തകർ വളർത്തിയെടുത്ത അസ്തിത്വവാദംപോലുള്ള ദർശനങ്ങൾക്ക് മലയാളനോവൽ രചയിതാക്കൾ തങ്ങളുടെ കൃതികളിൽ പ്രാധാന്യം നൽകി. അന്യവൽക്കരണവും പാരമ്പര്യനിഷേധവും മുഖമുദ്രകളാക്കിയ ഈ രചനകൾ സാമൂഹിക-രാഷ്ട്രീയ-സാംസ്ക്കാരിക അപചയങ്ങളെ തുറന്നുകാട്ടി. ഒ.വി. വിജയൻ, കാക്കനാടൻ എന്നിവർക്കൊപ്പം എം. മുകുന്ദനും ഈ നവീന ആഖ്യാനരീതിയുടെ ശക്തനായ വക്താവായി.

1942 സെപ്റ്റംബർ 10 ന് മാഹിയിലാണ് എം. മുകുന്ദന്റെ ജനനം. വിദ്യാഭ്യാസാനന്തരം ന്യൂഡൽഹിയിലെ ഫ്രഞ്ച് എംബസിയിൽ ഉദ്യോഗസ്ഥനായിത്തീർന്നതോടെയാണ് എം. മുകുന്ദന്റെ രചനാജീവിതത്തിൽ നവീനമായ ഭാവുകത്വപരിണാമം ഉണ്ടാകുന്നത്. ഫ്രഞ്ച്സാഹിത്യവും അവിടുണ്ടായ പുത്തൻ ദർശനങ്ങളും മുകുന്ദന്റെ രചനകളുടെ അന്തർധാരയായിത്തീർന്നു. സ്വന്തം ദേശത്തിന്റെ ചരിത്രവും അവിടുത്തെ ജീവിതവും പശ്ചാത്തലമാക്കിയ കഥകളിലൂടെയാണ് മുകുന്ദൻ ശ്രദ്ധേയനാകുന്നതെങ്കിലും അസ്തിത്വവാദത്തിലധിഷ്ഠിതമായ ആഖ്യാനശൈലിയാണ് ആ കൃതികളെ കൂടുതൽ മഹനീയമാക്കിയത്. മലയാളികളുടെ വായനാസംസ്ക്കാരത്തിൽ

പുത്തനുണർവുകളുണ്ടാക്കാൻ മുകുന്ദന്റെ രചനകൾക്കായി. നോവൽ, ചെറുകഥ, ലേഖനങ്ങൾ തുടങ്ങിയ നിരവധി മേഖലകളി ലായി പടർന്നുക്കിടക്കുന്ന രചനാലോകത്തിനുടമയാണ് അദ്ദേഹം.

മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ദൈവത്തിന്റെ വികൃതികൾ, ദൽഹി, ഹരിദ്വാരിൽ മണിമുഴങ്ങുന്നു, ഈ ലോകം അതിലൊരുമനുഷ്യൻ, ആദിത്യനും രാധയും മറ്റുചിലരും, ആവിലായിലെ സൂര്യോദയം, കൂട്ടംതെറ്റിമേയുന്നവർ, സീത, നഗ്നനായതമ്പുരാൻ, ഒരു ദളിത് യുവ തിയുടെ കദനകഥ, കേശവന്റെ വിലാപങ്ങൾ, നൃത്തം, പുലയപ്പാട്ട്, പ്രവാസം, ദൽഹി ഗാഥകൾ, കുടനന്നാക്കുന്ന ചോയി, നൃത്തം ചെയ്യുന്ന കുടകൾ തുടങ്ങിയ നിരവധി നോവലുകളും ഹൃദയവതി യായ ഒരു പെൺകുട്ടി, വീട്, നദിയും തോണിയും, തട്ടാത്തിപെ ണ്ണിന്റെ കല്യാണം, തേവിടിശ്ശിക്കിളി, കണ്ണാടിയുടെ കാഴ്ചകൾ, മുണ്ഡനം ചെയ്യപ്പെട്ട ജീവിതം, നഗരവും സ്ത്രീയും തുടങ്ങിയ നിര വധി ചെറുകഥാ സമാഹാരങ്ങളും, എന്താണ് ആധുനികത പോലുള്ള പഠനഗ്രന്ഥങ്ങളും എം. മുകുന്ദന്റേതായിട്ടുണ്ട്. കേന്ദ്ര–കേ രള സാഹിത്യഅക്കാദമി പുരസ്കാരം, വയലാർ പുരസ്കാരം, മുട്ട ത്തുവർക്കി പുരസ്കാരം, ഷെവലിയർ ഓഫ് ആർട്സ് ആന്റ് ലെറ്റേഴ്സ് തുടങ്ങി നിരവധി ബഹുമതികളാൽ സമ്പന്നമാണ് അദ്ദേ ഹത്തിന്റെ സാഹിത്യജീവിതം.

1974–ലാണ് മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്നനോവൽ മുകുന്ദൻ പ്രസിദ്ധീകരിക്കുന്നത്. ഉത്തരകേരളത്തിലെ ഫ്രഞ്ച് അധിനിവേശപ്ര ദേശമായിരുന്ന മയ്യഴിയാണ് ഈ നോവലിന്റെ പശ്ചാത്തലം. മുകു ന്ദന്റെ ഏറ്റവും ശ്രദ്ധേയമായ നോവലാണിത്. അതിനാൽ തന്നെ മയ്യ ഴിയുടെ കഥാകാരൻ എന്ന വിശേഷണവും അദ്ദേഹത്തിനുണ്ട്. മയ്യഴി പ്പുഴയും അതിന്റെ തീരവും അവിടത്തെ മനുഷ്യരും ആധിനിവേശാ നന്തര സംസ്കാരരൂപീകരണവും വെള്ളിയാംക്കല്ലും മയ്യഴിയുടെ വിമോചനസമരവും ദാസനും, കുറുമ്പിയമ്മയുമെല്ലാം ചേർന്ന് സൃഷ്ടിച്ച പുതുമയാർന്നൊരാഖ്യാനവുമാണ് ഈ നോവലിന്റെ കഥാ ഘടനയിൽ കാണാനാകുന്നത്. മയ്യഴി എന്ന സ്ഥലത്തെകുറിച്ചുള്ള ധ്യാനമാണ് ഈ നോവൽ. മയ്യഴിയുടെ ചരിത്രം, അതിന്റെസ്വാതം ചികയുന്ന സമരചരിത്രം എല്ലാം ഈ നോവലിൽ ആവിഷ്ക്കരിക്ക പ്പെടുന്നു. മയ്യഴിയുടെ സ്വാതന്ത്ര്യ സമരപോരാട്ടത്തിന്റെ കഥകൂ ടിയാണീ നോവൽ, സമരപോരാട്ടത്തെ കാലത്തിനു മറക്കാനാ കാത്ത വിധം ആവിഷ്കരിക്കാൻ മുകുന്ദൻ കാണിച്ച പാടവം ശ്രദ്ധേ യമാണ്. നാല്പത്തി മൂന്ന് അദ്ധ്യായങ്ങളിലൂടെ ഒരു ദേശത്തിന്റെയും ജനതയുടെയും മനോഭാവത്തിന്റെയും കഥ മയ്യഴിപ്പുഴയുടെ തീരങ്ങ ളിൽ എന്ന നോവലിലൂടെ ആവിഷ്കരിക്കുന്നു.

കറുമ്പിയമ്മയുടെ ചെറുമകനും, ദാമൂറൈട്ടറുടെ മകനുമായ ദാസനി ലൂടെയാണ് മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിന്റെ കഥ വികസിക്കുന്നത്. ഫ്രഞ്ച് വീരനായിക ജോൺ. കാഡ് ആർക്കിന്റെ യും, ആത്മാക്കളുടെ ഇടത്താവളമായ വെള്ളിയാംകല്ലിന്റെയും കഥ കൾ കറുമ്പിയമ്മയിൽനിന്നും കേട്ടാണ് ദാസൻ വളർന്നത്. പഠന ത്തിൽ അതിസമർത്ഥനായ അയാൾ മയ്യഴിയിൽ നിന്ന് ഇന്റർമീഡി

യേറ്റ് പരീക്ഷയും, സർക്കാർ സഹായത്തോടെ പോണ്ടിച്ചേരിയിൽ നിന്നും ബക്കലോയറ പരീക്ഷയും നല്ലനിലയിൽ പാസായി. തുടർന്ന് മയ്യഴിയിലെത്തിയ ദാസൻ സർക്കാർജോലിയും ഫ്രാൻസി ൽ പോയി ഉപരിപഠനം നടത്താനുള്ള അവസരവും നിരാക രിച്ച്കൊണ്ട് തന്റെ അധ്യാപകനായ കുഞ്ഞനന്തൻ മാസ്റ്ററുടെ സ്വാധീനത്താൽ മയ്യഴിയെ ഫ്രഞ്ച് അധീനതയിൽനിന്നും മോചിപ്പി ക്കാനുള്ള പ്രക്ഷോഭാസമരങ്ങളിൽ വ്യാപൃതനായി.

ഫ്രഞ്ച് അധിനിവേശത്തിൽ അസാധാരണമായി ഒന്നുമില്ല എന്നു വിശ്വസിക്കുന്നവർ അതിനോട് ഏറെ രമ്യതപ്പെട്ടു ജീവിക്കുന്നു. കുറുമ്പിയമ്മയും ദാമുറൈട്ടറും കൗസുവമ്മയും ദാസന്റെ തീരുമാന ത്തോടെ ഏറെ ദുഃഖിതരായിത്തീർന്നു. 1948-ലെ മയ്യഴിയുടെ വിമോ ചനസമരത്തിൽ പങ്കെടുത്ത ദാസൻ ഫ്രഞ്ച് അധികാരത്തിന്റെ പുന ഃസ്ഥാപനത്തോടെ ഒളിവിൽപോയപ്പോൾ ദാമുറൈട്ടർക്ക് രണ്ടു വർഷത്തെ ജയിൽവാസം അനുഭവിക്കേണ്ടിവരികയും ചെയ്തു. ഒടു വിൽ ജയിൽ മോചിതനായി തിരികെയെത്തുമ്പോൾ അക്കാലയള വിൽ തന്റെ കുടുംബത്തിന്റെ സംരക്ഷകനായിരുന്ന അമ്പു എന്ന ഗുണ്ടയ്ക്ക് തന്റെ മകൾ ഗിരിജയെ വിവാഹം കഴിച്ചുകൊടുക്കേണ്ട തായും വന്നു. വിവാഹം തടയാൻ വീട്ടിലെത്തിയ ദാസൻ പോലീസ് പിടിയിൽ അകപ്പെടുകയും പന്ത്രണ്ടുവർഷത്തെ ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തു.

1954-ൽ മയ്യഴി ഫ്രഞ്ച് ആധിപത്യത്തിൽ നിന്നും മോചനം നേടി. തുടർന്ന് ദാസൻ ജയിൽമോചിതനായി. എന്നാൽ ദാമുറൈട്ടർ ദാസ നോട് രമ്യപ്പെടാനും മാപ്പുനൽകാനും വിസമ്മതിച്ചു. ഇതിനിടയിൽ ദാസന്റെ കാമുകി ചന്ദ്രികയെ മറ്റൊരാൾക്ക് വിവാഹം ചെയ്തു നൽകാൻ അവളുടെ മാതാപിതാക്കൾ തീരുമാനിച്ചു. വിവാഹദിന ത്തിൽ ചന്ദ്രിക മയ്യഴിയിൽ നിന്നും അപ്രത്യക്ഷയായി. താമസി യാതെ ദാസനും ചന്ദ്രികയുടെ വഴി പിൻതുടർന്നു. ഒടുവിൽ ദാസനും ചന്ദ്രികയും കടലിനുനടുവിൽ വെളിയാംകല്ലിനുമുകളിൽ തുമ്പികളായി മാറി.

## പാഠം 2 – മയ്യഴിപുഴയുടെ തീരങ്ങളിൽ

മലയൻ കുറുമ്പൻ മരിച്ചു.

മരിയ്ക്കുമ്പോൾ എഴുപതുവയസ്സ് കഴിഞ്ഞിരുന്നു. പന്ത്രണ്ടുവയസ്സു ള്ളപ്പോൾത്തുടങ്ങിയതാണ് തിറ കെട്ടാനും മന്ത്രവാദം ചെയ്യാനും.

പരദൈവങ്ങൾ മീത്തലമ്പലമുറ്റത്തു ഇനി ആരുടെ കാലുകളിൽ ആടും? വെള്ളാട്ടുകൾ ഇനിയെങ്ങനെ ചോരകുടിക്കും?

നിശബ്ദമായ പാതിരാവുകളിലും ആളിക്കത്തുന്ന മദ്ധ്യാനങ്ങളിലും പ്രപഞ്ചരഹസ്യങ്ങളുടെ മറവിൽനിന്നു പരദൈവങ്ങൾ വെളി യിൽവന്ന് അദൃശ്യരായി ചുറ്റിത്തിരിയും. മയ്യഴിയുടെ മക്കൾ അവരെ കാണുന്നത് കൊല്ലത്തിൽ ഒരിക്കൽ മാത്രമാണ് – കുറുമ്പൻ തിറകെ ട്ടിയാടുമ്പോൾ.

ദൈവങ്ങൾ ഇനിയാരിൽ അവതരിക്കും? ആരുടെ കാലുകളിൽ ആടും? "പാമ്പുകടിച്ചാല് ഇനി ആരാ വിഷം ഇറക്ക്വാ?"

കുഞ്ചക്കന്റെ പ്രശ്നം അതായിരുന്നു. മയ്യഴിയിൽ ധാരാളം പാമ്പുകളുണ്ട്. പ്രത്യേകിച്ച് വർഷകാലത്ത് കുഞ്ചക്കനെ പാമ്പുകൾ രണ്ടു തവണ കടിച്ചിട്ടുണ്ട്. ഒരിക്കൽ വയലിൽവച്ച് മറ്റൊരിക്കൽ വിളക്കുകാലിന്മേൻവച്ച്. രണ്ടു തവണയും അയാളെ രക്ഷപ്പെടുത്തിയത് മലയൻ കുറുമ്പനായിരുന്നല്ലേ?

"പ്രേതം കൂട്യാല് ഇനി ആരാ ഒഴിപ്പിക്ക്വാ?"

കുഞ്ചാക്കനോടൊപ്പം ഇരുന്ന് കള്ളുകുടിക്കുന്ന മകൻ കുഞ്ഞാണൻ ചോദിച്ചു. അയാളുടെ പ്രശ്നം പ്രേതങ്ങളാണ്. കുഞ്ഞാണൻ പ്രേതങ്ങളിൽ വിശ്വസി ക്കുന്നു.

"കൊമ്പാന് മോനില്ലേ... ആ ഉത്തമൻ? അച്ഛൻ പോയാല് മോൻ അതല്ലെ പതിവ്?"

ഉണ്ണിനായർ മേശയിൽന്മേൽ ചോക്കുകൊണ്ട് കണക്കെഴുതുന്നതിനിടയിൽ പറഞ്ഞു.

"ഓൻ കമ്മ്യൂണിസ്റ്റാ. കമ്മ്യൂണിസ്റ്റ്കാരെ ഏറെക്കാല് എറങ്ങോ? പ്രേതങ്ങള് ഒഴ്യോ?"

കുഞ്ഞാണൻ സംശയിച്ചു.

"എന്നാലും ഓനൊരു ഉശിരനാ - ആ ഉത്തമൻ"

കനത്ത കൈകാലുകൾ, ചുരുളൻ മുടി, വീട്ടിക്കറുപ്പ് ഉത്തമൻ ഉശിരൻതന്നെ.

കുഞ്ചക്കനും കുഞ്ഞാണനും ഇരുന്ന് കള്ളുക്കുടിക്കവേ മലയൻ കറുമ്പന്റെ ശവവുമായി ആളുകളാവഴിവന്നു. ഒന്നുരണ്ടിടത്ത് അഴപൊട്ടിയ ശവക്കട്ടിൽ ചുമന്നിരിക്കുന്നത് കിഴക്കുനിന്നുവന്ന മലയന്മാരാണ്. ആൾക്കൂട്ടത്തിൽ കുഞ്ഞനന്തൻമാസ്റ്ററും വാസൂട്ടിയും പപ്പനും ഉണ്ടായിരുന്നു. ശവക്കട്ടിലിന്റെ നിഴൽപ്പറ്റി തലയും കുനിച്ച് ഉത്തമൻ നടന്നു. വേയിലേറ്റ് അവന്റെ കാതുകളിലെ കുടക്കനും കണ്ണിലെ ജലവും മിന്നിക്കൊണ്ടിരുന്നു.

ശവക്കട്ടിലും ചമന്നുവരുന്ന ആളുകളെക്കണ്ട് കുറുമ്പിയമ്മ മുറ്റത്തിറങ്ങിനിന്നു. കുറുമ്പൻ ആടാറുണ്ടായിരുന്ന തിറകളുടെ ചിത്രങ്ങൾ അവരുടെ മനക്കണ്ണുകൾക്കുമുമ്പിലൂടെ കടന്നുപോയി. കുരുത്തോലയുടുത്ത്, അഞ്ചാൾപൊക്കമുള്ള മുടിചൂടിയ ഗുളികൻ കുട്ടയും കോലുമേന്തി മണ്ഡപത്തിനുമുമ്പിൽ നൃത്തമാടുന്ന പൂക്കുട്ടിച്ചാത്തൻ. കുളിച്ചെഴുന്നള്ളത്തിന് വാളുകൊണ്ട് മൂർത്താവുവെട്ടി കൂകുന്ന വെള്ളാട്ട്...

കുറുമ്പിയമ്മയ്ക്ക് ഓർമ്മവച്ചനാൾമുതൽ ഈ തിറകളെല്ലാം ആടാറുണ്ടായിരുന്നത് കുറുമ്പനായിരുന്നു.

ശവക്കട്ടിൽ കുറുമ്പിയമ്മയുടെ കൺമുമ്പിലൂടെ കടന്നുപോയി. കാലടിമുതൽ തലവരെ വെള്ളത്തുണികൊണ്ടുമൂടിയ കുറുമ്പൻ, രോമം പൊഴിഞ്ഞ് വിളറിവെളുത്ത തലയുടെ ഒരു വശം മാത്രം കണ്ടു.

"ഓനും പോയി..."

കുറുമ്പിയമ്മയിൽനിന്ന് അവരറിയാതെ ഒരു നിശ്വാസം ഉയർന്നു.

അച്ഛന്റെ തണുത്തുറഞ്ഞ ശരീരവുമേന്തി നിൽക്കുന്ന ചിതയ്ക്ക് ഉത്തമൻ തീ കൊളുത്തി. തീ ആളിപ്പർന്നപ്പോൾ കുറുമ്പൻ ചിതയിൽ എഴുന്നേറ്റിരുന്നു. പിന്നേട് വളഞ്ഞുപിരിഞ്ഞ് സാവധാനം പിന്നോക്കം മറിഞ്ഞുവീണു - തീയിൽ തന്നെ.

"വാ"

ചിതയുടെ മുമ്പിൽ നിന്നുകൊണ്ട് തേങ്ങിക്കരയുന്ന ഉത്തമന്റെ തോളിൽ മാസ്റ്റർ കൈവച്ചു.

"കള്ളന്മാരായും കരിഞ്ചന്തക്കാരായും അഭിനയിച്ചു മരിക്കുന്നവരുണ്ട്. നിന്റച്ഛൻ ദൈവമായി അഭിനയിച്ചു മരിച്ചവനാണ്. നമുക്കതിൽ സന്തോഷിക്കാം".

ആളൊഴിഞ്ഞിരുന്നു. മാസ്റ്ററും പപ്പനും വാസൂട്ടിയും മാത്രം ബാക്കി. ചിതകെടുന്നതുവരെ അവർ കാത്തുനിന്നില്ല. ഉത്തമനെയും കൊണ്ട് അവർ നടന്നു.

ഉത്തമനെ അവന്റെ പുരവരെ അനുഗമിച്ചശേഷം അവർ മാസ്റ്ററുടെ വീട്ടിൽകൂടി.

"മലയൻ കുറുമ്പനോടൊപ്പം ദൈവങ്ങളും മരിച്ചെങ്കിൽ..."

പപ്പൻ ആരൊടെന്നില്ലാതെ പറഞ്ഞു. പോലീസുകാരും ഗുണ്ടകളും മാത്രമല്ല അവന്റെ ശത്രുക്കൾ - ദൈവങ്ങൾകൂടി. ദൈവങ്ങളെ അവൻ വെറുക്കുന്നു. ദൈവങ്ങളില്ലാത്ത ഒരു ലോകമാണ് അവന്റെ സ്വപ്നഭൂമി.

"എനിക്കു കഴിവുണ്ടെങ്കിൽ അമ്പലങ്ങളായ അമ്പലങ്ങളെല്ലാം ഞാൻ ലൈബ്രറികളാക്കി മാറ്റിയേനെ" അവൻ പറയാറുണ്ട്.

"ഉത്തമൻ തിറ കെട്ടുംന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? ഓനത് ചെയ്യില്ല. വാസൂട്ടി സംശയിച്ചു."

"കെട്ടിയില്ലെങ്കില് ഓന്റെ കുടുംബം പട്ടിണിയാകും"

"എടോ, ഒരു പുരോഗമന ആശയക്കാരനായ ഓനെങ്ങനെയാ തിറ കെട്ടാം?"

"ജീവിതത്തിൽ വാസൂട്ടി, നാം എന്തൊക്കെ വേഷം കെട്ടുന്നുണ്ട? അതിലൊക്കെ ഭേദമല്ലേ ദൈവത്തിന്റെ വേഷം കെട്ടുന്നത്?"

"എന്നാലും മാഷേ അതിനു ദൈവവിശ്വസമെങ്കിലു വേണ്ടേ!"

"ദൈവത്തിൽ വിശ്വസിക്കാതെ തന്നെ വേണമെങ്കിൽ നിനക്കൊരു പൂജാരിയാകാം. ഭക്തിയ്ക്കു നമ്മൾ കാണാത്ത ഒരു വശമുണ്ട് വാസൂട്ടീ - തൊഴിൽ. ഉത്തമനും അതൊരു തൊഴിലാക്കിയെടുക്കട്ടെ"

ഉത്തമന്റെ ഭാവിയെപ്പറ്റിയായി അന്നത്തെ അവരുടെ ചർച്ച കുറുമ്പന്റെ മരണത്തോടെ സ്വാഭാവികമായി ഉത്തമന്റെ തോളിലായി

കുടുംബഭാരം. പുലകുളി കഴിഞ്ഞതിന്റെ പിറ്റേന്ന് അവന്റെ പ്രായം ചെന്ന അമ്മ പറഞ്ഞു - "ഞ്ഞിനി പഠിക്കാൻ പോണ്ടാ."

അതുകേട്ടപ്പോൾ ഉത്തമനും ദേഷ്യമാണ് തോന്നിയത്. പക്ഷെ അമ്മ യുടെ നനഞ്ഞ കണ്ണ് കണ്ടപ്പോൾ അവൻ സ്വയം നിയന്ത്രിച്ചു.

"മോൻ പഠിക്കാൻ പോയാല് ഇപ്പുരേലു തീ പുകയില്ല"

ഉത്തമന് അതറിയാമായിരുന്നു. ഇനി എന്തുചെയ്യണമെന്ന് അവ നൊരു രൂപവുമില്ല. പഠിച്ചു പാസ്സായി എന്തെങ്കിലും മാന്യമായ ഒരു തൊഴിൽ ചെയ്യുവാനായിരുന്നു അവന് ആഗ്രഹം. പെട്ടന്നുള്ള മരണം അവന്റെ പരിപാടികളെ തകിടം മറിച്ചു. "മോനെന്താ ഒന്നും മിണ്ടാത്തെ?"

അമ്മയുടെ മുഖത്തുനോക്കാതെ പരന്നുകിടക്കുന്ന വരണ്ട വയൽ നോക്കിക്കൊണ്ട് ഉത്തമൻ പറഞ്ഞു.

"എന്നെക്കൊണ്ടാകില്ല തിറ കെട്ടാനും വെഷമിറക്കാനുമെല്ലാം"

മുൻഗാമികളുടെ പാതയിൽനിന്ന് അവൻ മാറി നടക്കുവാൻ നോക്കു കയാണ്. മന്ത്രവാദികളുടെ തലമുറകൾക്ക് അവസാനമിടുവാൻ തീർച്ചപ്പെടുത്തി അവൻ.

ഉത്തമന്റെ തീരുമാനം അവന്റെ പ്രായം ചെന്ന അമ്മയെ നടുക്കി.

"ഇപ്പുര പട്ടിണിയാകു. ദൈവങ്ങളു കോപിക്കും"

"കോപിക്കാൻ ദൈവങ്ങളെവിടെ?"

ഉത്തമന്റെ ചോദ്യം അമ്മയെ സ്തംഭിപ്പിച്ചു. ഭൂമിയിൽ മനുഷ്യരി ല്ലെന്ന് പറഞ്ഞാൽ അവർ വിശ്വസിച്ചേയ്ക്കാം. ദൈവങ്ങളില്ലെന്നു പറഞ്ഞാൽ വിശ്വസിക്കുവാൻ അവർക്ക് കഴിയില്ല.

മീത്തലമ്പലത്തെ ദൈവങ്ങൾ ഉഗ്രമൂർത്തികളാണ്. സ്നേഹിച്ചാൽ ഇങ്ങോട്ടും സ്നേഹിക്കും. തെറ്റിയാൽ തറവാടു കുളംകോരും. പര ദൈവങ്ങൾ നശിച്ച തറവാടുകൾ മയ്യഴിയിലുണ്ട്; സൗഭാഗ്യങ്ങൾ വാരിക്കൊടുത്ത തറവാടുകളും മുടന്തനായ കുഞ്ചക്കൻ ജീവിക്കുന്ന ഒരുദാഹരണമാണ്.

പുരയിൽ തീ പുകയാതെയായി.

"എനക്ക് വെശക്ക്ന്ന്. ഞാൻ വല്ലോംന്റെ കൂടെ പോകും"

ഉത്തമന്റെ ചെറുപ്പക്കാരിയായ പെങ്ങൾ ദേച്ചു ഭീഷണിപ്പെടുത്തി.

ഉത്തമൻ വാശിപിടിച്ചു. പട്ടിണികിടക്കേണ്ടിവന്നാലും ശരി, മന്ത്ര വാദം ചെയ്യുകയോ തിറകെട്ടുകയോ ഇല്ല. ഉത്തമന്റെ അമ്മ അവ സാനം കുഞ്ഞനന്തൻ മാസ്റ്ററെ ശരണം പ്രാപിച്ചു.

"മാഷ് പറഞ്ഞാലേ ഓൻ കേൾക്കൂ - "

അവർ മാസ്റ്ററുടെ കാൽക്കൽ നിലത്തിരുന്നു.

"പുരല് തീ പുകഞ്ഞിട്ട് ദിവസം മൂന്നായി. എടുത്തു വിക്കാൻ ഇനി ഒന്നുമില്ല. മാഷ് രക്ഷിക്കണം. ഞാനും എന്റെ മക്കളും പട്ടിണികിടന്ന് ചാകും..."

അവർ മാസ്റ്ററുടെ കാൽക്കലിരുന്ന കരഞ്ഞു.

മാസ്റ്റർ ഉത്തമനെ വിളിച്ചു. പപ്പനാണ് അവനെ കൂട്ടിക്കൊണ്ടുവന്നത്.

"മന്ത്രവാദം ചെയ്യാൻ കഴിയില്ലെങ്കില് മറ്റെന്തെങ്കിലും പണിയെടുക്ക്. പെറ്റമ്മയെ പട്ടിണികിടത്തുന്നത് നല്ലതല്ല ഉത്തമാ"

"എന്ത് പണിയാ ഞാനെടുക്കേണ്ടത്?"

"ബീഡിതിരിക്ക്. അല്ലെങ്കില് കൈക്കോട്ടെടുത്തു കണ്ടംകൊത്ത്"

"അതൊന്നും എനിക്ക് ശീലമില്ലല്ലോ"

"എന്നാല് ശീലമുള്ളതു ചെയ്യ്. ഒരായുഷ്ക്കാലംമുഴുവൻ ദൈവങ്ങളുടെ വേഷം കെട്ടിയ മലയൻ കുറുമ്പന്റെ കുടുംബം പട്ടിണി കിടക്കുവാൻ പാടില്ല''.

ഉത്തമൻ ഒന്നും ഉരിയാടാതെ തലയും കുനിച്ച് ഇറങ്ങിപ്പോയി.

പിറ്റെ ദിവസം പുലർച്ചയ്ക്ക് അവനുണർന്ന് കുളത്തിൽച്ചെന്ന് കുളിച്ചു. മുണ്ടുമാറ്റി ചന്ദം തൊട്ട് ഇറയത്തെ ശീലക്കസാരയിൽ ചെന്നിരുന്നു - മലയൻ കുറുമ്പൻ എത്രയോകാലം ഇരുന്ന് ചരട് മന്ത്രിച്ചൂതി കെട്ടിയ കസാര. വെയിൽ മൂത്തു തുടങ്ങിയപ്പോൾ പാടത്തിലൂടെ കുഞ്ഞാണൻ നടന്നുവന്നതു കണ്ടു.

"എന്താ?''

"മോന്തിയ്ക്ക്...."

കുഞ്ഞാണൻ ഇറയത്തു കയറി; മുഖം പനിപിടിച്ചതുപോലെ വിളറിയിരുന്നു.

''മോന്തിക്ക്?''

"ഉണ്ണ്യായര്ടെ ഷാപ്പ് പൂട്ടിയപ്പം ഞാൻ പുരയില് പോയിരുന്നു. കണ്ണില് കുത്ത്യാല് കാണാത്ത ഇരുട്ട്. കൂടാരപ്പറയേന്റടുത്ത് എത്തിയപ്പളാ പള്ളീന്ന് പന്ത്രണ്ട് മുട്ടിയത്. നടക്കുമ്പോൾ പിന്നീന്ന് ഒരു വിളി - എടോ കുഞ്ഞനാണെന്ന്"

കുഞ്ഞാണന്റെ കണ്ണുകൾ വട്ടംചുറ്റി. "കേക്കാത്തതുപോലെ ഞാൻ നടന്നു. പിന്നെയും ആ വിളി. എടാ കുഞ്ഞനാണെന്ന്. തിരുഞ്ഞു നോക്കിയപ്പം..."

"തിരിഞ്ഞു നോക്കയപ്പം?"

"കരടിസായിവ്"

നിൽക്കാൻ ശക്തിയില്ലാതെ കുഞ്ഞാണൻ നിലത്തു കുന്തിച്ചിരുന്നു. അയാളുടെ വിളറിയ ചിറികൾ വിറയാർന്നു. പിന്നീടൊന്നും ഉരിയാടാൻ കഴിഞ്ഞില്ല.

എത്രയോ കൊല്ലങ്ങൾക്കുമുമ്പ് പീറ്റർ ജീവനോടെ തീവെച്ചു കൊല്ലു കയുണ്ടായ കരടിസായ്‌വ് – ഉത്തമന് ചിരിവന്നു. പക്ഷേ, ചിരിക്കരു ത്. ചിരിച്ചാൽ മലയൻ കുറുമ്പന്റെ കുടുംബം പട്ടിണി. ഉത്തമൻ ഒരു മുഴം കറുത്ത ചരട് എടുത്ത് മന്ത്രിച്ചൂതി കുഞ്ഞാണന്റെ കൈയിൽ കെട്ടിക്കൊടുത്തു.

“ഇനി നിങ്ങള് പോയീൻ. കരടിസായിവിന്റെ ഉപദ്രവേ ഉണ്ടാകില്ല”

“കുഞ്ഞാണൻ തോളിൽ കിടന്ന തോർത്തെടുത്ത് മുഖത്തെ വിയർപ്പു തുടച്ചു. കോറത്തുണികൊണ്ടുള്ള ഷർട്ടിന്റെ കീശ യിൽനിന്ന് ഒരണയെടുത്തു ദക്ഷിണവെച്ചു.

പാടത്തൂടെ നടന്നകലുന്ന കുഞ്ഞാണനെ ഉത്തമൻ നോക്കിനിന്നു – ഞാൻ വഞ്ചിക്കുന്ന ആദ്യത്തെ മനുഷ്യൻ.

ഇരിത്തിയിന്മേൽ ഇരുന്ന് പേനിനെ നോക്കുന്ന പെങ്ങളുടെനേരെ ആ അണ വലിച്ചെറിഞ്ഞിട്ട് ഉത്തമൻ പറഞ്ഞു:

“ഇനി ഒരുത്തന്റേം കൂടെ പോകണ്ട ദെച്ചുവേടത്തി. തൃപ്ചിയായില്ലേ നിങ്ങൾക്ക്?”

ഉത്തമൻ പഠിപ്പു നിർത്തി. പിന്നീട് എന്നും മലയൻ കുറമ്പന്റെ പുര യിൽ തീ പുകഞ്ഞു. അങ്ങനെയിരിക്കെ മീത്തലമ്പലത്തിലെ തിറയു ത്സവം അടുത്തുവന്നു.

മയ്യഴിയിലെ പ്രധാനപ്പെട്ട രണ്ടുത്സവങ്ങളാണ് വിശുദ്ധ കന്യാമറിയ ത്തിന്റെ പെരുന്നാളും തിറയും. തിയ്യരുടേതാണ് അമ്പലമെങ്കിലും മാപ്പിളമാർ ഒഴിച്ച് മറ്റെല്ലാ ജാതിക്കാരും തിറ കാണാൻ വരും. മാപ്പിള മാർക്ക് ക്ഷേത്രവളപ്പിൽ പ്രവേശനം നിരോധിച്ചിരുന്നു.

“ഞങ്ങൾക്ക് വിരോധമുണ്ടായിട്ടില്ല” മീത്തലത്തെ കാരണവർ ചോയിമൂപ്പൻ പറയും: “കുട്ടിച്ചാത്തന് ഇഷ്ടം ഇല്ലാഞ്ഞിട്ടാ”

മീത്തലത്തെ പ്രധാന ദൈവങ്ങളിൽ ഒന്നാണ് കുട്ടിച്ചാത്തൻ.

“ചോയിമൂപ്പന്റെ അച്ഛൻ രാമമൂപ്പൻ തറവാടു ഭരിച്ചിരുന്ന കാലം...”

കുറുമ്പിയമ്മ തുടങ്ങി. ഗിരിജ കേട്ടിരുന്നു. കുറുമ്പിയമ്മയുടെ ശുഷ്കിച്ച വിരലുകൾ അവളുടെ അഴിച്ചിട്ട തലമുടിയിൽ പേനിനെ ത്തേടി. ഗിരിജ വളർന്ന് ചെറുപ്പക്കാരിയായി. എങ്കിലും ഇപ്പോഴും കുറുമ്പിയമ്മ അവൾക്ക് ഐതിക്യങ്ങളും കഥകളും പറഞ്ഞുകൊടു ക്കും. പ്രത്യേകിച്ച് ഗിരിജയുടെ തലയിൽ പേൻനോക്കുന്ന അവസര ങ്ങളിൽ കുറുമ്പിയമ്മ പറയവേ അവളുടെ മനസ്സ് സ്വപ്നഭൂമികളിൽ മേഞ്ഞു നടക്കുകയായിരിക്കും. അവളുടെ കണ്ണുകൾക്കുമുമ്പിൽ ഉറച്ച നെഞ്ചിലും കൈകാലുകളിലും രോമങ്ങൾ വളർന്നു കിടക്കുന്ന ബീഡിയുടെയും വിയർപ്പിന്റെയും ഗന്ധം പരത്തുന്ന അവളുടെ പുരു ഷൻ മാത്രം.

“മോള് കേൾക്കുന്നുണ്ടോ?”

ഇടക്കിടെ കുറുമ്പിയമ്മ ചോദിക്കും. ഗിരിജ യാന്ത്രികമായി മൂളും.

ചോയിമൂപ്പന്റെ അച്ഛൻ രാമമൂപ്പൻ തറവാടു ഭരിച്ചിരുന്ന കാലം മൂപ്പന് കോയി എന്ന ഒരു ചങ്ങാതിയുണ്ടായിരുന്നു. നടയിന്മേൽ തെങ്ങിൻതോപ്പുകളും അതിർത്തിയിൽ പാടവും ഉണ്ടായിരുന്നു കോയി മാപ്പിളയ്ക്ക്. പണക്കാരനും സഹൃദയനുമായിരുന്നു കോയി മാപ്പിള.

"എടോ മൂപ്പാ, ഞമ്മക്കെല്ലാം ഇതിന്റെ തിറയൊന്ന് കാണണം."

തറവാടിന്റെ മുറ്റത്തിരുന്ന് മൂപ്പനും കോയിയും ഇളനീർ കുടിക്കുക യായിരുന്നു.

"ദൈവദോഷം അല്ലേ കോയി അത്?"

"നായന്മാരിക്കും ക്രിസ്ത്യാനികൾക്കും നിന്റമ്പലത്തില് കാലുത്താം ന്ന്ച്ചാവ് പറയനും പുലയനും നിന്റെ തിറ കാണാംന്ന്ച്ചാല്, ഞമ്മക്കും അദൊന്നു കാണണം"

കോയി പറഞ്ഞതിൽ ന്യായമില്ലേ? മൂപ്പൻ ആലോചിച്ചു. മയ്യഴിയിലെ തോട്ടികൾ പോലും കൊല്ലംതോറുംവന്ന് തിറ കാണുന്നില്ലേ?

"ന്താ ഞ്ഞി മുണ്ടാത്തെ?"

"കോയിന്റെ ഇഷ്ടംപോലെ"

"ഞ്ഞി വാക്കുമാറ്റോ?"

"ഇല്ലടോ"

അന്ന് പാതിരാവിൽ കമ്പിളിക്കുള്ളിൽ കോണകംമാത്രം ധരിച്ച് കിടന്ന് മൂപ്പൻ ഉറങ്ങുകയായിരുന്നു. അരണ്ട നിലാവെളിച്ചം അമ്പ ലമണ്ഡപങ്ങളിലെ നെയ്യ് വിളക്കുകൾ കരിന്തിരികത്തി അണഞ്ഞിരു ന്നു. പെടുന്നനെ മൂപ്പൻ ഉണർന്നു. ജനലിന്റെ അപ്പുറത്തുനിന്ന് ആരോ തന്നെ വിളിക്കുന്നു. തലപൊന്തിച്ചുനോക്കിയപ്പോൾ ജന്നലി നുവെളിയിൽ, നിലാവെളിച്ചത്തിൽ, കുട്ടയും കോലുമണിഞ്ഞ് നിൽക്കുന്ന കുട്ടിച്ചാത്തൻ. മൂപ്പനെഴുന്നേറ്റ് മുണ്ടുടുത്ത് ജനലിനരി കിൽ ചെന്നുനിന്നു.

"ആട്യൻ..."

മൂപ്പൻ ഭക്തിപാരവശത്താൽ നിന്നു വിറച്ചു. തന്റെ തറവാടിനെ തല മുറകളായി കാത്തു സൂക്ഷിച്ചുവരുന്ന പരദൈവം മുന്നിൽ...

"രാമാ-"

ജനാലകൾക്കിടയിൽ കുട്ടിച്ചാത്തന്റെ കണ്ണുകൾ തീക്കട്ടകൾപ്പോലെ ജ്വലിച്ചു.

"തറവാട് കുളംകോരും ഞാൻ സൂഷിച്ചോ"

കുട്ടിച്ചാത്തൻ പുറംതിരിഞ്ഞുനിന്നു. ഉടുത്തിരുന്ന മഞ്ഞപ്പട്ടുലഞ്ഞു. പരദൈവം ഒന്നു കൂകിയതിനുശേഷം നടന്നകന്നു. അകലുന്ന ചില മ്പൊച്ച. അകലെ അടച്ചിട്ട മണ്ഡപത്തിനുള്ളിലേയ്ക്ക് ദൈവം കയറി പോകുന്നത് മൂപ്പൻ നോക്കിനിന്നു.

മൂപ്പൻ വാക്കുപാലിച്ചില്ല. കോയിമാപ്ല പിന്നെ ചാകുന്നതുവരെ മൂപ്പ നോട് മിണ്ടിയതുമില്ല.

കുറുമ്പിയമ്മ ഉപസംഹരിച്ചു.

ഗിരിജ തന്റെ സ്വപ്നത്തിൽ സ്വയം മറന്നിരിക്കുകയായിരുന്നു. തീണ്ടാരിയായിരിക്കുന്ന നാളുകളിൽ കട്ടിലിൽ ആലസ്യത്തോടെ മലർന്നു കിടക്കുമ്പോൾ, കർക്കിടകത്തിലെ അപരാഹ്നങ്ങളിൽ കമ്പി ളിക്കുള്ളിൽ മയങ്ങുമ്പോൾ അവളറിയുന്ന ബീഡിയുടെയും വിയർപ്പി ന്റെയും ഗന്ധം...

ഒന്നോന്നായി മുഴങ്ങിയ ഏഴു കതിനകൾ ഗിരിജയെ ഉണർത്തി. മീത്തലത്ത് കൊടികയറ്റിക്കഴിഞ്ഞു. ഉത്സവം തുടങ്ങുകയായി. മല യൻ കുറുമ്പൻ മരിച്ചതിനുശേഷമുള്ള ആദ്യത്തെ തിറ.

“ഇക്കൊല്ലം ആരാ തിറ കെട്ടാ?”

“ഉത്തമൻ അല്ലാതെ ആരാ?”

ഉണ്ണിനായരുടെ കള്ളുഷാപ്പിലിരുന്ന കുഞ്ചക്കൻ, കുഞ്ഞാണൻ തുട ങ്ങിയവർ തിറയെക്കുറിച്ച് സംസാരിച്ചു. മലയൻ കുറുമ്പൻ മരിച്ചെ ങ്കിൽ മകൻ മലയൻ ഉത്തമൻ തിറ കെട്ടണം. തലമുറകളായുള്ള ആചാരമാണത്.

“പക്കേങ്കില് ഓൻ കെട്ട്വോ?”

“കെട്ടിയല്ലെങ്കില് ഓന് കാണാം. ഗുളികനോടല്ല കളി”

ഉത്തമൻ മന്ത്രവാദം ചെയ്യുകയും വിഷമിറക്കുകയും ചെയ്യുന്നുണ്ടെ ങ്കിലും അവൻ തിറ കെട്ടുമോ? മയ്യഴിയുടെ മക്കൾ സംശയിച്ചു. തിറ കെട്ടിയില്ലെങ്കിൽ ഗുളികൻ നാടു മുടിക്കില്ലേ? പക്ഷേ ഒരു ദിവസം ഉത്തമൻ പ്രഖ്യാപിച്ചു:

“ഞാൻ തിറകെട്ടാൻ പോകുന്നു. പക്ഷേങ്കില് വ്രതോട്ക്കില്ല”

തിറ കെട്ടുന്നവൻ വ്രതമെടുക്കണം. മീനും ഇറച്ചിയും കൈകൊണ്ടു തൊടാൻ പാടില്ല. സ്ത്രീ സംസർഗ്ഗം പാടില്ല. അതുരണ്ടും താൻ ചെയ്യുമെന്ന് ഉത്തമൻ പ്രഖ്യാപിച്ചു. അന്നുതന്നെ അവൻ പാറ യ്ക്കൽ ചെന്ന് ഓലക്കുട്ടയിൽ മീനുമായി വന്നു. ഉത്തമന്റെ അമ്മയും പെങ്ങളും അതുകണ്ട് ഇടിതട്ടിയതുപോലെ നിന്നു. അമ്പ ലത്തിൽ കൊടികയറ്റിയ സമയം.

“ഉത്തമാ, നീ എന്നെ കൊന്നേളീനെടാ”

അമ്മ തേങ്ങിക്കരഞ്ഞു.

“എനിക്ക് ഗുളികനെയും കുട്ടിച്ചാത്തനേയും പേടിയില്ലമ്മേ. ദൈവ ങ്ങളെ സൃഷ്ടിക്കുന്നത് നമ്മൾ മലയന്മാരാ. നമ്മള് തിറകെട്ടിയില്ലെ ങ്കില് ഓലില്ല”

ഉത്തമന്റെ അമ്മ കാതുകൾ പൊത്തി.

“ഇതിനുമാത്രം മഹാപാപം ഞാനെന്തുചെയ്തു! എന്റീശ്വരാ!”

ഉത്തമൻ പറഞ്ഞതുകേട്ട് അവർക്ക് സഹിക്കാൻ കഴിഞ്ഞില്ല.

മീൻ അടുക്കളയിൽ കൊണ്ടുവച്ചു ഉത്തമൻ ഇറയത്തുവന്നിരുന്നു. അവൻ ഒന്നുരണ്ടു ബീഡി പുകച്ചു. സന്ധ്യകഴിഞ്ഞിട്ടും മീൻകൂട്ടാന്റെ മണം വരുന്നില്ല. അവൻ എഴുന്നേറ്റ് അടുക്കളയിൽചെന്ന് നോക്കി. അടുപ്പിനരികിൽ കുമ്പിച്ചിരുന്ന് ദേച്ചു മൂക്കു പിഴിയുന്നു. ഉത്തമൻ പിന്നെ കാത്തുനിന്നില്ല. അവൻ സ്വയം മീൻവച്ചു തിന്നു.

ഉത്തമൻ അതുകൊണ്ടും തൃപ്തിപ്പെട്ടില്ല. പിറ്റേന്ന് അവൻ ധർമ്മശാലയിൽച്ചെന്ന് ശ്രീസന്ധ്യാനേരം പൂജാമണികൾ കിലുങ്ങുകയും നെയ്യ് വിളക്കുകൾ ജ്വലിക്കുകയും ചെയ്യുന്ന സമയം.

“കല്ലു-”

“ഇതാരാ, ഉത്തമനോ?”

കല്ലുവിന് സന്തോഷമായി. മലയനാണെങ്കിലും ചോരത്തിളപ്പുള്ള ആങ്കുട്ടി. അവളുടെ പതിവു സന്ദർശകർ കുടിച്ചു ബോധംകെട്ട് വരുന്ന പോലീസുകാരാണല്ലോ. മണ്ഡലക്കാലമാകുന്നതോടെ തിറ കെട്ടുന്ന മലയന്മാരിൽ ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടാകും. കല്ലുവിന്റെ കൂടെ കിടക്കാൻ വരുന്നത് ദൈവമല്ലേ?

“മോനെ, ഞി നല്ലോണം ആലോചിച്ചിട്ടാ ഇതൊക്കെ ചെയ്യുന്നത്?”

കല്ലു പായിൽ നിന്നും ഉടമുണ്ടെടുത്ത് അരയിൽ ചുറ്റി. ഉത്തമൻ മറുപടിപറയാതെ ധർമ്മശാലയിൽനിന്നെറങ്ങി നടന്നു. അഴിഞ്ഞ മുടി വാരിക്കെട്ടിക്കൊണ്ട് കല്ലു പറഞ്ഞു.

“ഓനാ, ആങ്കുട്ടി”

മലയൻ ഉത്തമൻ മീൻ വച്ചുതിന്നുന്നതും കല്ലുവിന്റെ അടുത്ത് ചെന്നതും നാടുനീളെ പരന്നു.

“ഇന്നാട് മുടിയും. തീ മഴ പെയ്യും”

മയ്യഴിയുടെ മക്കൾ, സംഭ്രന്തരായി. നാട്ടുപ്രമാണിയായ ചന്തുവച്ചൻ മീത്തലത്തെ കാരണവരെ ചെന്നു കണ്ടു. മൂപ്പനെല്ലാം അറിഞ്ഞിരുന്നു.

“ഉത്തമനെക്കൊണ്ട് തിറകെട്ടിക്കരുത്, അറിഞ്ഞോണ്ട് ആപത്ത് വരുത്തി വയ്ക്കരുത്”

ചന്തുവച്ചൻ പറഞ്ഞതെല്ലാം മൂപ്പൻ ശാന്തനായിരുന്നു കേട്ടു.

“ഉത്തമൻ ചെയ്യുന്നത് തെറ്റാന്ന്ച്ചാൽ ദൈവങ്ങള് ഓനെ ശിഷിച്ചോളും” മൂപ്പന് അത്രയെ പറയാനുണ്ടായിരുന്നുള്ളു.

കൊടികയറ്റിയതിനുശേഷം ആദ്യത്തെ രണ്ടു ദിവസം തിറകളുണ്ടാകില്ല. പൂജയും ആരാധനയും മാത്രം. തിറ തുടങ്ങുന്നത് മൂന്നാമത്തെ ദിവസം രാത്രിയാണ്. അന്ന് സന്ധ്യയാകുന്നതിനുമുമ്പ് അമ്പലവും പരിസരവും മയ്യഴിയുടെ മക്കളെക്കൊണ്ട് നിറഞ്ഞു. ചന്ദ്രികയും ഗിരിജയും അവിടെവച്ച് കണ്ടുമുട്ടി.

“കുട്ടിയുടെ പാവാട പുത്യതാണോ?”

ഗിരിജ ചന്ദ്രിക ഉടുത്തിരുന്ന നീല സിൽക്കു പാവാട പിടിച്ചുനോക്കി.

“പുത്യതാ. അച്ഛൻ കൊടുത്തയച്ചതാ”

ആയിടെ സിങ്കപ്പൂരിൽനിന്നുവന്ന ഒരു മാപ്പിളയുടെ വശം ഭരതൻ ധാരാളം തുണിത്തരങ്ങൾ കൊടുത്തയക്കുകയുണ്ടായി.

ചന്ദ്രികയും ഗിരിജയും വളക്കടകൾ നോക്കിക്കണ്ടുകൊണ്ട് നടന്നു. നാനാവർണ്ണങ്ങളിലുള്ള കുപ്പിവളകൾ. ഗിരിജ കൊതിയോടെയാണ് വളകൾ നോക്കിയത്. വള വാങ്ങാൻ നാലണ ചോദിച്ചപ്പോൾ റൈട്ടർ ഒച്ച വയ്ക്കുകയാണുണ്ടായത്.

“ഇവിടെ അരി വാങ്ങാൻ ഒരു മുക്കാലില്ല. എന്നിട്ടാ വള!”

ചന്ദ്രിക അര ഡസൻ കറുത്ത കുപ്പിവളകൾ വാങ്ങി. വള വില്ക്കുന്ന ചെട്ടി തന്നെ അവളുടെ കൈയിൽ ആറു വളകളും ഇട്ടുകൊടുത്തു. ഇടതു കൈയിൽ പൊന്നിന്റെ ചങ്ങലയുള്ള വാച്ചുണ്ടവൾക്ക്. അതുകൊണ്ട് വലതുകൈയിലാണ് ആറും ഇട്ടത്.

“ദാസോട്ടന്റെ കത്ത് വരാറ്ണ്ടോ”

വളക്കടയിൽനിന്ന് പുറത്തുവന്നപ്പോൾ എന്തോ ഓർത്തുകൊണ്ട് ചന്ദ്രിക ചോദിച്ചു. പുതിയ പാവാടയോ ബ്ലൗസോ ധരിക്കുമ്പോൾ, പുതിയ വളകൾ അണിയുമ്പോൾ, അറിയാതെതന്നെ അവൾ ദാസനെ ഓർത്തുപോകുന്നു.

“ഒരുമാസമായി വന്നിട്ടി”

ചന്ദ്രിക ഒന്നും മിണ്ടാതെ തലകുനിച്ച് ഗിരിജയോടൊരുമിച്ച് നടന്നു. കുഞ്ഞനന്തൻ മാസ്റ്റർക്ക് ദാസൻ പതിവായി കത്തയക്കാറുണ്ടായിരുന്നു. ആരും കാണാതെ അവൾ ദാസന്റെ കത്തുകൾ എടുത്തുനോക്കും. എല്ലാം ഫ്രഞ്ചിലായിരിക്കും. ഇംഗ്ലീഷ് സ്കൂളിൽ പഠിക്കുന്ന ചന്ദ്രകയ്ക്ക് ആ ഭാഷ ഒട്ടും അറിയില്ലായിരുന്നു. എന്നിട്ടും ദാസന്റെ കത്തുകളിലെ ഓരോ വാക്കും അവൾ പരിശോധിക്കും. ഒരിക്കൽ ഒരു കത്തിൽ ഒരുടത്ത് അവൾ തന്റെ പേരു കണ്ടു. അവളുടെ നെഞ്ചിമിടിച്ചു. എത്ര ശ്രമിച്ചിട്ടും എന്താണ് ദാസേട്ടൻ തന്നെക്കുറിച്ച് എഴുതിയതെന്ന് അവൾക്ക് മനസ്സിലായില്ല. മാസ്റ്ററോട് ചോദിക്കുവാൻ ധൈര്യമുണ്ടായിരുന്നില്ല. അതറിയുവാനുള്ള വേദനകൊണ്ട് മൂന്നു രാത്രികൾ അൾക്ക് ഉറക്കം നഷ്ടപ്പെട്ടു.

എങ്ങും വെളിച്ചം. കേളികൊട്ടിന്റെ താളനിബദ്ധസ്വരം. നിരന്നു നിൽക്കുന്ന ചെണ്ടക്കാരും കോൽക്കളിക്കാരും അവർക്കുപിന്നിൽ നെറ്റിപ്പട്ടംകെട്ടിയ ആനകൾ നെയ് വിളക്കുകളുടെ വെളിച്ചത്തിൽ മഞ്ഞപ്പട്ടുടുത്ത, മുടിയഴിച്ചിട്ട, വാളേന്തിയ വെള്ളാട്ട്...

അന്നു പാതിരാവിലാണ് ഉത്തമൻ ഗുളികന്റെ തിറകെട്ടുന്നത്. അഗ്രശാലയിൽ പെണ്ണുങ്ങളുടെയിടയിൽ കുറുമ്പിയമ്മയും കുഞ്ഞിച്ചിരുതയും ഇരുന്നു. മുറ്റത്തുകെട്ടിയ പ്രത്യേകം പന്തലിൽ മേയർ ചെക്കുമൂപ്പർ, ദാവീദ് സായ്വ്, കൊമ്മിസാർ ലപ്പോർത്ത്സായ്വ്,

സേക്രത്തേർ കരുണൻ, ബൃഗാദിയേ വെങ്കൈ തുടങ്ങിയവരും. ദാവീദ്സായ്വിന്റെ കണ്ണുകൾ ഇടക്കിടെ അഗ്രശാലയിലിരിക്കുന്ന തങ്കകസവുടത്തു കുഞ്ഞിച്ചിരുതയിൽ പതിഞ്ഞുകൊണ്ടിരുന്നു.

ആൾക്കൂട്ടത്തിൽ കുഞ്ഞനന്തൻ മാസ്റ്ററും പപ്പനും വാസൂട്ടിയും നിന്നിരുന്നു.

ഓലകൊണ്ട് കെട്ടിയ അണിയറയിൽ പായിൽ കിടക്കുകയായിരുന്നു ഉത്തമൻ. പ്രായം ചെന്ന വേറൊരു മലയൻ അവന്റെ മുഖത്ത് ചുട്ടി കുത്തുകയും ഉത്തമൻ പായിൽ എഴുന്നേറ്റിരുന്നു. ഒരു മലയ കുട്ടി അവന്റെ കാലുകളിൽ ചിലമ്പുകൾ കെട്ടി. കുപ്പിയെടുത്തു കോർക്കൂരി ഒരിറക്കു റാക്ക് അണ്ണാക്കിൽ ഒഴിച്ചിട്ട് ഉത്തമൻ ഒന്നു കൂകി. ആദ്യത്തെ കൂകൽ അതവന്റെ മാത്രം സ്വരമല്ലായിരുന്നു. ചിതയിൽ കത്തിദഹിച്ച മലയൻ കുറുമ്പന്റെ, മലയൻ കുഞ്ഞിക്കുട്ടിയുടെ, തലമുറകളായി തിറകെട്ടിയാടിയ അവന്റെ പ്രപിതാമഹന്മാരായ എത്രയോ മലയന്മാരുടെ ശബ്ദം.

മലയക്കുട്ടി കോൽവിളക്കുമായി അണിയറയിൽനിന്ന് പുറത്തുവന്നു. പിറകെ ഉത്തമനും. ചെണ്ടകൊട്ടിക്കൊണ്ട് ഒരു ചെണ്ടക്കാരനും അവരുടെകൂടെ വന്നു. മയ്യഴിലെങ്ങും ഇരുട്ടുപരന്നിരുന്നു. വീർപ്പുമുട്ടിനിൽക്കുന്ന മൗനം.

മണ്ഡപങ്ങൾക്കുമുമ്പിൽ ചെണ്ടക്കാരും കുഴലൂത്തുകാരും നിരന്നുനിന്നു. ഉത്തമൻ മണ്ഡപങ്ങൾ മൂന്നിലും കയറി വണങ്ങി. ഏഴു പടവുകളുള്ള തറയിന്മേൽ കയറി നിന്നു. രണ്ടുപേർ വെള്ളശീലകൊണ്ട് മറപിടിച്ചു. മുടി വയ്ക്കുമ്പോൾ ആരും കാണാൻ പാടില്ല. നാലുപേർ താങ്ങിപ്പിടിച്ചാണ് മുളകളും കുരുത്തോലയുംകൊണ്ട് പണിത അഞ്ചാൾപൊക്കമുള്ള മുടികൊണ്ടുവന്നത്. ഭാരിച്ച മുടി ഉത്തമന്റെ പിൻക്കഴുത്തിൽ കുത്തനെ ബന്ധിക്കപ്പെട്ടു.

കതിനകൾ മുഴങ്ങി. ചെണ്ടകൾ ഇരമ്പി. മുന്നിൽ മറപിടിച്ചിരുന്ന ശീല മാറ്റപ്പെട്ടു. പരദൈവത്തിന്റെ ദർശനം കിട്ടിയ ആശാരി, രാമൻ പറയുടെ മുന്നിൽ ബോധംകെട്ടു വീണു.

ഊന്നുവടികൾ തറയിൽ ഊന്നി ബാലൻസ് പിടിച്ചുകൊണ്ട് ഗുളികൻ സാവധാനം തറയുടെ പടവുകൾ ഒന്നൊന്നായി ഇറങ്ങി. തലയിൽക്കിടന്ന കൂറ്റൻ മുടി ഉലഞ്ഞു. ആളുകൾ ഭക്തിപൂർവ്വം വഴിമാറി നിന്നു. ചെണ്ടക്കാരുടെയും കോൽവിളക്കാരുടെയും അകമ്പടിയോടെ മണ്ഡപങ്ങൾക്കുമുമ്പിൽ എത്തിയ ഗുളികൻ സാവാധാനം ചുവടുവെച്ചു. അമ്പലമുറ്റത്ത് നീളത്തിൽ മുടിയുടെ നിഴൽ കിടന്നാടി.

ചുവടുകൾക്ക് വേഗത കൂടിയതോടെ ഊന്നുവടികൾ ഉപേക്ഷിക്കപ്പെട്ടു. നെയ് വിളക്കിന്റെ മഞ്ഞവെളിച്ചത്തിൽ മുടിയുമേന്തി ഗുളികൻ ആടാൻ തുടങ്ങി. ആട്ടം ക്രമേണ താണ്ഡവമായി മാറി. ആകാശത്തിൽ ഉലയുന്ന മുടിയുമേന്തിയുള്ള നൃത്തം. താണ്ഡവനൃത്തത്തിന്റെ മൂർദ്ധന്യദശയിൽ ഉത്തമൻ മണ്ഡപത്തിനുമുമ്പിൽ കമഴ്ന്നടിച്ചുവീണു.

ഇരമ്പിക്കൊണ്ടിരുന്ന ചെണ്ടകൾ പെട്ടെന്ന് നിശബ്ദമായി. കാണികൾ സ്തംഭിച്ചുനിന്നു.

നെയ് വിളക്കുകളുടെ വെളിച്ചവും നിഴലുകളും ഇടകലർന്നു കിടക്കുന്ന അമ്പലമുറ്റത്ത് കഴുത്തൊടിഞ്ഞുവീണ ഉത്തമൻ കിടന്നു പിടച്ചു.

"അടൃനോട് പൊറുക്കണേ!-"

പരദൈവങ്ങൾ കുടിയിരിക്കുന്ന മണ്ഡപത്തിനുമുമ്പിൽ ചെന്നിരുന്ന് മൂപ്പൻ കരഞ്ഞു.

ഉത്തമന്റെ മരണത്തെത്തുടർന്ന് അവന്റെ അമ്മയും സഹോദരങ്ങളും മയ്യഴിവിട്ട് എങ്ങോ പോയി. അതോടെ തലമുറകളായി തിറകെട്ടിയാടിയ, എത്രയോ മലയന്മാർ ജനിക്കുകയും മരിക്കുകയും ചെയ്ത, ആ കുടുംബം അപ്രത്യക്ഷമായി.

ഉത്തമന്റെ ദുർമരണത്തെപ്പറ്റി പലരും പലതും പറഞ്ഞു. ദൈവങ്ങൾ ശിഷിച്ചതാണെന്ന് മയ്യഴിയുടെ മക്കൾ വിശ്വസിച്ചു. കുഞ്ഞനന്തൻ മാസ്റ്റർക്ക് പറയുവാൻ ഇത്രയേ ഉണ്ടായിരുന്നുള്ളു:

"ഓൻ ആദ്യമായി തിറ കെട്ടിയതാ. ആടി പരിചയമില്ലാത്തതാ. അതവനോർത്തില്ല"

## 8.5 പാഠസംഗ്രഹം

മന്ത്രവാദിയും വിഷഹാരിയും മയ്യഴിയിലെ തിറകെട്ടിയാട്ടക്കാരനുമായ മലയൻ കുറമ്പന്റെ മരണത്തോടെയാണ് പാഠഭാഗം ആരംഭിക്കുന്നത്. ഇനി ഇതെല്ലാം ആരുചെയ്യും എന്നായിമയ്യഴിക്കാരുടെ സന്ദേഹം. കീഴ്‌വഴക്കമനുസരിച്ച് കുറുമ്പന്റെ മകൻ ഉത്തമനാണ് ഈ മേൽപ്പറഞ്ഞ ജോലികൾ ചെയ്യേണ്ടത്. എന്നാൽ കമ്മ്യൂണിസ്റ്റുകാരനായ ഉത്തമന് കുലത്തൊഴിൽ ചെയ്യാൻ താല്പര്യമില്ല. അവന് പഠിച്ച് പാസ്സായി മാന്യമായൊരു തൊഴിൽ ചെയ്യാനായിരുന്നു ആഗ്രഹം. ആദ്യമൊക്കെ വീട്ടുകാരുടെ നിർബന്ധത്തെ ഉത്തമൻ അവഗണിച്ചു. ദൈവമില്ലെന്ന ഉത്തമന്റെ ഉറച്ച നിലപാട് വീട്ടുകാരെ സമ്മർദ്ദത്തിലാക്കി. എന്നാൽ വീട്ടിലെ പട്ടിണിയും 'ഞാൻ വല്ലവന്റെയും കൂടെ പോകും' എന്ന പെങ്ങളുടെ ഭീഷണിയും ഉത്തമനെ വിഷമത്തിലാക്കി. ഒടുവിൽ കുഞ്ഞനന്തൻമാസ്റ്ററുടെ നിർദ്ദേശപ്രകാരം ഉത്തമൻ അച്ഛന്റെ കുലഞ്ഞാഴിൽ ഒരു ജീവിതമാർഗ്ഗമാക്കാൻ തീരുമാനിച്ചു. അങ്ങനെയിരിക്കെ മീത്തലമ്പലത്തിലെ തിറയുത്സവം ആഗതമായി. തിറയും വിശുദ്ധകന്യാമറിയത്തിന്റെ പെരുനാളുമാണ് മയ്യഴിക്കാരുടെ പ്രധാന ആഘോഷങ്ങൾ. മാപ്പിളമാരൊഴിച്ച് മറ്റെല്ലാവരും തിറയുത്സവത്തിൽ പങ്കെടുത്തിരുന്നു. അക്കൊല്ലത്തെ തിറയുത്സവത്തിന് ഉത്തമൻ തിറയെടുക്കണം എന്ന് തീരുമാനിച്ചു ഉത്തമൻ തിറകെട്ടാൻ സമ്മതിച്ചു. പക്ഷേ താൻ വ്രതം നോക്കില്ല എന്ന ഉത്തമന്റെ വാക്കുകൾ വീട്ടുകാരെയും നാട്ടുകാരെയും ഞെട്ടിച്ചു. മൽസ്യമാംസാദികൾ ഭക്ഷിച്ചും വ്യഭിചരിച്ചും ഉത്തമൻ വ്രതമെടുക്കാതെ തിറകെട്ടാൻ തയ്യാറെടുത്തു. തിറയെടുക്കുന്ന ദിവസം മദ്യപിച്ച് മുടിയേറ്റിയ ഉത്തമൻ ഒടുവിൽ അമ്പലനടയിൽ വീണുമരിച്ചു അവന്റെ കുടുംബം പിന്നീട് നാടുവിട്ടു. ദാസൻ പോണ്ടിച്ചേരിയിൽ പഠിക്കാൻപോയ സന്ദർഭത്തിലാണ് ഈ അധ്യായത്തിലെ കഥ നടക്കുന്നത്.

മുകുന്ദന്റെ ആഖ്യാനത്തിന്റെ സവിശേഷതകൾ തെളിഞ്ഞു നിൽക്കുന്ന ഒന്നാണ് ഈ പാഠഭാഗം. പാരമ്പര്യവും പാരമ്പര്യനിഷേധവും ഒരേചരടിൽ കെട്ടി പരസ്പര പൂരകമായി ആവിഷ്കരിക്കുന്ന സവിശേഷമായൊരു രചനാതന്ത്രം ഇവിടെ കാണാം. മയ്യഴിയുടെ ജീവിതത്തിൽ അഗാധമായി ഇഴുകിചേർന്നിരിക്കുന്ന വിശ്വാസങ്ങളുടെ വിപുലമായ ഒരു ലോകത്തിലൂടെയാണ് നിഷേധത്തിന്റെയും ചോദ്യം ചെയ്യലിന്റെയും നവീനമായ ഒരു ദർശനത്തെ മുകുന്ദൻ അവതരിപ്പിച്ചത്. ഈ ഭാഗത്തെ വളരെ സവിശേഷമായ മറ്റൊരു വസ്തുത വിശ്വാസങ്ങളെയും അവയെ ഊട്ടി ഉറപ്പിക്കുന്ന സങ്കല്പ കഥകളുടെയും മനോഹരമായ ആഖ്യാനം നിറഞ്ഞു നിൽക്കുന്നു എന്നതാണ്. മുസ്ളീങ്ങൾ തിറയിൽ പങ്കെടുക്കാത്തതിന്റെയും, കുട്ടിച്ചാത്താന്റെയും കഥകൾ മനോഹരമായി ഇഴചേർക്കുന്നിടത്ത് കഥാഖ്യാനത്തിലുള്ള മുകുന്ദന്റെ വൈഭവം വ്യക്തമാകും. ഉത്തമൻ തിറകെട്ടിയാടുന്ന ഭാഗം എം.ടി യുടെ നാലുകെട്ടിലെ സർപ്പം തുള്ളലിനോട് സാമ്യമുള്ളതായി വായനക്കാർക്ക് അനുഭവപ്പെടും. ദേശസംസ്കൃതിയും ചരിത്രവും ജീവിതവും നവീന ദർശനങ്ങളോട് ഇടകലർത്തി തിരിച്ചറിയാനാകാത്തവിധം ആഖ്യാനം ചെയ്യാനുള്ള എം. മുകുന്ദൻ എന്ന എഴുത്തുകാരന്റെ സൃഷ്ടിവൈഭവത്തിനുള്ള ഏറ്റവും മികച്ചമാതൃകയായി 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എല്ലാകാലത്തും നിലനിൽക്കും.

## 8.6 പുരോഗതി സ്വയം പരിശോധിക്കുക

1. 'ദൈവങ്ങൾ ഇനിയാരിൽ അവതരിക്കും? ആരുടെ കാലുകളിൽ ആടും" സന്ദർഭം വിശദമാക്കുക ?
2. "കമ്മൂണിസ്റ്റ്കാര് എറക്ക്യാല് വെഷം എറങ്ങോ? പ്രേതങ്ങള് ഒഴ്യോ" സന്ദർഭവും ആശയവും വ്യക്തമാക്കുക
3. "നിന്റച്ഛൻ ദൈവമായി അഭിനയിച്ചുമരിച്ചവനാണ്. നമുക്കതിൽ സന്തോഷിക്കാം". സന്ദർഭവും ആശയവും വ്യക്തമാക്കുക.
4. 'ഉത്തമനും അതൊരുതൊഴിലാക്കിയെടുക്കട്ടെ' സന്ദർഭവും ആശയവും വിവരിക്കുക?
5. "മോൻപഠിക്കാൻ പോയാല് ഇപ്പുരേല് തീ പൊകയില്ല" സന്ദർഭവും ആശയവും.
6. "എനിക്ക് വെശക്കന്ന്. ഞാൻ വല്ലവന്റേം കൂടെപോകും" സന്ദർഭവും ആശയവും.
7. "ഞാൻ വഞ്ചിക്കുന്ന ആദ്യത്തെ മനുഷ്യൻ"- എന്ന് ഉത്തമന് തോന്നാൻ കാരണമെന്ത്?
8. 'തറവാട് കുളംകോരും താൻ സൂക്ഷിച്ചോ'- സന്ദർഭം വിശദമാക്കുക.
9. 'ദൈവങ്ങളെ സൃഷ്ടിക്കുന്നത് നമ്മള്മലയൻമാരാ. നമ്മള് തിറ കെട്ടിയില്ലെങ്കിൽ ഓലില്ല'. സന്ദർഭം വിശദമാക്കുക?

10. മലയൻ കുറമ്പന് മയ്യഴിയിലുള്ള സ്ഥാനമെന്തെന്ന് വിശദമാക്കുക?

11. മലയൻ കുറമ്പന്റെ മരണം കുടുംബത്തിലും മയ്യഴിക്കാരിലും സൃഷ്ടിച്ച സന്ദേഹങ്ങൾ എന്തെല്ലാം?

12. ഉത്തമൻ എന്ന കഥാപാത്രത്തിന്റെ ചിത്രീകരണത്തിൽ മുകുന്ദൻ കാട്ടുന്ന വൈഭവം വിവരിക്കുക?

13. പിതാവിന്റെ മരണം ഉത്തമനിൽ സൃഷ്ടിച്ച പ്രതിസന്ധികൾ എന്തെല്ലാം?

14. ഉത്തമന്റെ ഭാവിയെപറ്റി നടന്ന ചർച്ചകൾ എന്തെല്ലാം?

15. രാമൻമൂപ്പനും കോയിയും ശത്രുക്കളാകാനുള്ള കാരണമെന്ത്?

16. തിറകെട്ടലിന്റെ ആചാരവിശ്വാസങ്ങളെ ഉത്തമൻ വെല്ലുവിളിച്ചതെങ്ങനെ?

17. ഉത്തമൻ തിറകെട്ടിയാടുന്നതും തുടർന്നു സംഭവിച്ച അപകടവും വിശദമാക്കുക.

18. മുകുന്ദന്റെ ആഖ്യാന ശൈലി പാഠഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് – 9
# നാടകം

**ഉള്ളടക്കം**

**നാടകം**

9.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

9.1 എന്താണ് നാടകം

9.2 മലയാള നാടകസാഹിത്യ ചരിത്രം

9.3 നാടകത്തിന്റെ ഘടകങ്ങൾ

9.4 വിഷയാവതരണവും പാഠഭാഗവും

**പാഠം – സബർമതി ദൂരെയാണ് (ഏകാങ്കനാടകം)**

9.5 നാടകസംഗ്രഹം

9.6 ലേഖകപരിചയം – ജി. ശങ്കരപ്പിള്ള

9.7 പുരോഗതി സ്വയം പരിശോധിക്കുക

**തിരക്കഥ**

9(A).0 ഉദ്ദേശ്യലക്ഷ്യങ്ങൾ

9(A).1 വിഷയാവതരണവും പാഠഭാഗവും

9(A).2 തിരക്കഥ എന്താണ്

**പാഠം – ഒരു വടക്കൻ വീരഗാഥ**

9(A).3 പാഠസംഗ്രഹം

9(A).4 പദബോധനം

9(A).5 കുറിപ്പുകൾ :

1. പ്രമേയം/ഇതിവൃത്തം
2. അനുകല്പനം
3. വടക്കൻപാട്ടുകൾ
4. സാഹിത്യവും സിനിമയും
5. ഷൂട്ടിംഗ് സ്ക്രിപ്റ്റ്
6. ട്രാൻസ്ക്രിപ്റ്റസ്
7. എഡിറ്റിംഗ്
8. സംവിധായകൻ
9. ഷോട്ട്
10. സീൻ
11. സീക്വൻസ്

9(A).6 ലേഖകപരിചയം

9(A).7 സ്വയം പുരോഗതി പരിശോധിക്കുക.

## 9.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

കഥ, നോവൽ, ലേഖനം എന്നീ സാഹിത്യരൂപങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ സാഹിത്യരൂപമാണ് നാടകത്തിന്റേത്. മറ്റു സാഹിത്യരൂപങ്ങൾ വായനക്കാരന് വായിച്ച് ആസ്വദിക്കുന്നതിനു വേണ്ടി എഴുതപ്പെടുന്നവയാകുമ്പോൾ 'നാടക'സാഹിത്യം കേവലം

വായനയ്ക്കുവേണ്ടി മാത്രം രചിക്കപ്പെടുന്നവയല്ല. രംഗത്ത് അവതരിപ്പിച്ച്, അഭിനയിച്ച് കാണികളെ രസിപ്പിക്കുക എന്നതാണ് നാടകത്തിന്റെ പരമമായ ഉദ്ദേശ്യം. രംഗപ്രയോഗാനർഹമായ നാടകസാഹിത്യത്തെ ഉത്തമനാടകമായി കണക്കാക്കാൻ സാധ്യമല്ല തന്നെ. നാടകത്തിന്റെ ഈ പ്രത്യേകതയാണ് ഈ സാഹിത്യരൂപത്തെ മറ്റ് സാഹിത്യശാഖകളിൽനിന്ന് വ്യത്യസ്തമാക്കുന്ന പ്രധാന ഘടകം. ഇത്തരത്തിലുള്ള നാടകസാഹിത്യത്തിന്റെ രചനയിലെ പ്രത്യേകതകളും അഭിനയസാധ്യതകളും പഠിതാക്കൾക്ക് ബോധ്യമാക്കുക എന്നതാണ് ഈ പാഠഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## 9.1 എന്താണ് നാടകം

ലോകസാഹിത്യരൂപങ്ങളിൽ ഏറ്റവും പ്രാചീനമായ ഒന്നാണ് നാടകം. മലയാളത്തിലെ നാടകസാഹിത്യം താരതമ്യേന വളരെ ആധുനികമാണ്. നോവൽ, കഥ, കവിത, ഉപന്യാസം എന്നീ സാഹിത്യരൂപങ്ങളിൽ നിന്ന് നാടകത്തെ വ്യത്യസ്തമാക്കുന്ന പ്രധാന ഘടകം അതിന്റെ രംഗപ്രയോഗാർഹതയാണ്. സങ്കരകലയായ നാടകം രംഗത്ത് അവതരിപ്പിച്ച്, അഭിനയിച്ച് രസിപ്പിക്കുന്നതിനുവേണ്ടിയാണ്. മറിച്ച് ഒരു സാഹിത്യരൂപം എന്ന നിലയ്ക്കല്ല നാടകം ആവിർഭവിച്ചത്. അഭിനയം, രംഗശില്പം, വേഷശില്പം എന്നിവ നാടകത്തിന് അനുപേക്ഷണീയമാണ്. അഭിനയത്തിനുപ്രേരകമോ, കാരകമോ ആയിരിക്കണം സന്ദർഭങ്ങളും സംഭാഷണങ്ങളും. അതുകൊണ്ടു തന്നെ നാടകസാഹിത്യം ദൃശ്യകലാവേദിയോട് ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അവതരണയോഗ്യമായ നാടകങ്ങളെ മാത്രമേ 'നാടകം' എന്ന വകുപ്പിൽ ഉൾപ്പെടുത്താനാകൂ.

അരങ്ങിനുവേണ്ടി എഴുതിയ സാഹിത്യസൃഷ്ടികളാണ് നാടകങ്ങൾ. നാടകമെന്ന വാക്കിന്റെ അർത്ഥംതന്നെ 'നടിക്കപ്പെടേണ്ടത്' എന്നാണ്. നാടകത്തിന്റെ അർത്ഥമതാണ് - രൂപമതാണ് - ഉദ്ദേശ്യവും അതാണ്. "പാത്രാവിഷ്ക്കരണമാണ് ഏതു നാടകീയ കൃതിയുടെയും മൗലികവും ശാശ്വതവുമായ ഘടകം" എന്ന് W.H.Hudson അഭിപ്രായപ്പെടുന്നു. ഒരു നാടകത്തെ നാടകമാക്കിത്തീർക്കുന്നത് അതിലെ ക്രിയാംശമാണ് (Action). ഈ ക്രിയാംശത്തിന് കാര്യകാരണബദ്ധവും ക്രമീകരണവും നല്കുമ്പോഴാണ് ഇതിവൃത്തം രൂപപ്പെടുന്നത്. അതുകൊണ്ട് ഇതിവൃത്തമില്ലെങ്കിൽ നാടകമില്ലെന്നു പറയാം.

ദൃശ്യകലാരൂപമായ നാടകം സംഘട്ടനത്തിന്റെ കഥ പറയുന്നു. ഒരുവന്റെ ഉള്ളിലുള്ള (കഥാപാത്രത്തിന്റെ) ആശയങ്ങളെ അഥവാ സംഭവങ്ങളെ (സംഘട്ടനങ്ങൾ)യാണ് നാടകത്തിന്റെ പ്രമേയമായി നാടകകൃത്തുക്കൾ കണ്ടെത്തുന്നത്. അപ്പോൾ നാടകത്തെ ഇങ്ങനെ നിർവ്വചിക്കാം.

"സംഭാഷണത്തിൽ രചിക്കപ്പെട്ടതും വാക്കും ചേഷ്ടകളും കൊണ്ട് രംഗവേദിയിൽനിന്ന് പ്രേക്ഷകനിലേക്ക് വിന്യസിക്കപ്പെടുന്നതുമായ ജീവിതസംഘട്ടനങ്ങളുടെ കഥയാണ് നാടകം" എന്ന് ജോൺ ഇ ഡിക്ടിച്ച് നാടകത്തെ നിർവ്വചിക്കുന്നു. ഒരു ദൃശ്യകലയല്ലാത്തിട

ത്തോളം കാലം. അതായത്, രംഗത്തവതരിപ്പിക്കാത്തിടത്തോളം കാലം, നാടകം, നാടകമേ ആകുന്നില്ല. സംഭാഷണരൂപത്തിൽ എഴുതിയ ഒരു കഥയോ കാവ്യമോ പ്രബന്ധമോ ആയി അത് അവശേഷിച്ചേക്കാം.

## 9.2 മലയാളനാടകസാഹിത്യചരിത്രം

മലയാളനാടകസാഹിത്യത്തിന് ദീർഘമായൊരു ചരിത്രമുണ്ട്. സംസ്കൃതനാടകങ്ങളുടെ വിവർത്തനങ്ങളോടുകൂടിയാണ് മലയാളനാടകസാഹിത്യത്തിന് ചരിത്രമുണ്ടാകുന്നത്. ഇത്തരം വിവർത്തനങ്ങൾ അതേ മാതൃകയിലുള്ള സ്വതന്ത്രനാടകകൃതികളുടെ ആവിർഭാവത്തിന് കളമൊരുക്കി. എന്നാൽ നാടകീയത അവകാശപ്പെടാവുന്ന കൃതികൾ അക്കൂട്ടത്തിൽ താരതമ്യേന വളരെ കുറവായിരുന്നു. നാടകരചന പലരിലും അക്കാലത്ത് മടിപ്പുളവാക്കി. അന്ധമായ നാടകാനുകരണത്തിന്റെ ഒഴുക്കിനെ തടയിടുന്നതിനുവേണ്ടിയും നാടകം രചിക്കപ്പെട്ടു. മുൻഷി രാമക്കുറുപ്പിന്റെ ആക്ഷേപഹാസ്യനാടകമായ 'ചക്കീചങ്കരം' നാടകാനുകരണത്തിന് തടയിട്ടു. അന്നുവരെ നിലനിന്നിരുന്ന സാമാന്യപ്രവണതയിൽനിന്ന് വ്യത്യസ്തത പുലർത്തിയ നാടകമായിരുന്നു കൊച്ചീപ്പൻ തരകന്റെ 'മറിയാമ്മാ' നാടകം. സാമൂഹ്യപരിഷ്ക്കരണോന്മുഖമായ നാടകമെന്ന നിലയിൽ 'മറിയാമ്മാ'നാടകം ഖ്യാതിനേടി.

സംസ്കൃതാനുകരണങ്ങളും സംഗീതനാടകങ്ങളും രംഗപ്രവേശം ചെയ്ത ഇക്കാലത്തുതന്നെ പാശ്ചാത്യനാടകകൃതികളുടെ വിവർത്തനങ്ങൾക്കും മലയാളനാടകവേദി സാക്ഷ്യം വഹിച്ചു. സാമൂഹികജീവിതത്തിലെ അനാശാസ്യപ്രവണതകളെ നിശിതപരിഹാസത്തിന് വിധേയമാക്കി സി.വി. രാമൻപിള്ളയുടെ 'പ്രഹസനങ്ങൾ' ഇക്കാലത്തുണ്ടായി. പ്രമേയസ്വീകാര്യത്തിലും ആവിഷ്ക്കരണശൈലിയിലും തികഞ്ഞ വ്യക്തിത്വം പുലർത്തിയവയായിരുന്നു സി.വിയുടെ പ്രഹസനങ്ങൾ. സി.വിയ്ക്കുശേഷം ഈ രംഗത്ത് ഇ.വി.കൃഷ്ണപിള്ള നല്കിയ സംഭാവനകൾ പ്രത്യേകം പരിഗണന അർഹിക്കുന്നു. തുടർന്ന് ചരിത്രനാടകങ്ങൾ, സംഗീതനാടകങ്ങൾ, പുരാണകഥാനാടകങ്ങൾ, രാഷ്ട്രീയനാടകങ്ങൾ, സാമൂഹികനാടകങ്ങൾ എന്നീ ലേബലുകളിൽ അനേകം നാടകങ്ങൾ പുറത്തുവന്നു.

ആധുനികഘട്ടത്തിൽ സി.ജെ. തോമസ്, സി.എൻ. ശ്രീകണ്ഠൻനായർ, ജി. ശങ്കരപ്പിള്ള, കാവാലം നാരായണപ്പണിക്കർ, വയലാ വാസുദേവൻ പിള്ള എന്നിവരുടെ രംഗപ്രവേശം മലയാളനാടകസാഹിത്യത്തിന് ഒരു പുത്തനുണർവും ഉന്മേഷവും കൈവന്നു. മാത്രമല്ല തനതു നാടകസങ്കല്പവും തനതു നാടകവേദിയും മലയാളനാടകസാഹിത്യത്തിന് ലഭ്യമായി.

കേരളത്തിന്റെ തനതു രംഗകലകളായ കൂത്ത് കൂടിയാട്ടം, കഥകളി, കൃഷ്ണനാട്ടം എന്നിവയുടെ ചുവടുപിടിച്ചല്ല മലയാളത്തിൽ നാടകങ്ങൾ രൂപംപ്രാപിച്ചത്. 1881ൽ-കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അഭിജ്ഞാനശാകുന്തളം തർജ്ജമയാണ് മലയാളത്തിന്റെ രംഗകലയിൽ പുതിയൊരു വഴിയൊരുക്കത്തിന് തിരിതെളിച്ചത്.

ശാകുന്തളത്തിന്റെ രംഗാവതരണം മലയാളിക്ക് ഒരു പുത്തനനുഭവം ആയിരുന്നു. ഇതേത്തുടർന്ന് സാഹിത്യത്തിൽ ശാകുന്തളത്തിന്റെയും മറ്റ് സംസ്കൃതനാടകങ്ങളുടെയും തർജ്ജമയിലൂടെ അനേകം നാടക കൃതികൾ ലഭ്യമായി. ഒട്ടധികം രംഗാവതരണങ്ങളുമുണ്ടായി. ചാത്തുക്കുട്ടി മന്നാടിയാരുടെ ജാനകീപരിണയം (1889), ഉത്തരരാമചരിതം (1892), കെ. നാരായണ മേനോന്റെ മാളവികാഗ്നിമിത്രം (1892), കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ വിക്രമോർവ്വശീയം, മാലതീമാധവം (1892), കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ആശ്ചര്യചൂഡാമണി (1893) ഏ.ആർ. തർജ്ജുമ ചെയ്ത അഭിജ്ഞാനശാകുന്തളം (1913), മാളവികാഗ്നിമിത്രം (1916) സ്വപ്നവാസവദത്തം, ചാരുദത്തൻ (1917) എന്നിവയാണ് ഇവയിൽ പ്രസിദ്ധം. സാഹിത്യനിപുണന്മാരുടെ കലാപരമായ വ്യായാമം പോലെയായിരുന്നു സംസ്കൃതനാടകങ്ങളുടെ തർജ്ജമ. ഈ നാടകങ്ങളൊന്നും പക്ഷേ രംഗപ്രയോഗക്ഷമങ്ങളായിരുന്നില്ല. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ലക്ഷണാസംഗമം (1891) ചന്ദ്രിക (1892), തോട്ടയ്ക്കാട്ടു മാധവിയമ്മയുടെ സുഭദ്രാധഞ്ജയം (1891) പി.കെ. കൊച്ചീപ്പൻതരകന്റെ മറിയാമ്മനാടകം (1892), കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ കല്ല്യാണീനാടകം (1892) കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ എബ്രായിക്കുട്ടി (1893) എന്നീ നാടകങ്ങൾ ഭാഷനാടകത്തിന് ശക്തിപകർന്ന മുൻകാല മാതൃകകളാണ്. ഇവയിൽ മിക്കവയും പുരാണങ്ങളെയും ചരിത്ര സംഭവങ്ങളെയും ഉപജീവിച്ച് എഴുതിയവയാണെങ്കിലും ചിലതെല്ലാം സാമൂഹികവിഷയങ്ങളെ കൈകാര്യം ചെയ്തിട്ടുണ്ട്. കൊച്ചുണ്ണിത്തമ്പുരാന്റെ കല്ല്യാണിനാടകവും കൊച്ചീപ്പൻതരകന്റെ മറിയാമ്മ നാടകവുമാണ് ഇവയിൽ പ്രമുഖം. ഇവയെതുടർന്ന് ഭാഷയിൽ സാമൂഹ്യവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ധാരാളം നാടകങ്ങൾ വന്നു തുടങ്ങി. എന്നാൽ ഇവയിൽ ഏറിയ പങ്കും ലാവണ്യഗുണമോ നാടകീയതയോ തൊട്ടുതീണ്ടിയിട്ടില്ലാത്തവയായിരുന്നു. ഇത്തരം രചനകളുടെ ക്രമാധികമായ വരവിനെ തടയാൻ വേണ്ടി മുൻഷി രാമക്കുറുപ്പ് എഴുതിയ നാടകമാണ് ചക്കീചങ്കരം. നാടകരചനയെ നേർവഴിക്കു നടത്താനുള്ള ശക്തമായ ഒരു ആഹ്വാനമായിരുന്നു ഈ നാടകം.

1892 മുതല്ക്കാണ് മലയാളത്തിന്റെ മണ്ണിൽ തമിഴ് നാടകസംഘങ്ങൾ എത്തുന്നത്. സംഗീത നാടകവേദിയുടെ കടന്നുവരവ് മലയാള നാടകശാഖയെ വളരെയേറേ സ്വാധീനിച്ചു. കേരളത്തിലുടനീളം ഈ നാടകങ്ങൾ അവതരിപ്പിക്കുകയും മലയാള മനസ്സിനെ കീഴ്പ്പെടുത്തുകയും ചെയ്തു. സാഹിത്യത്തിൽ വലിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞില്ലെങ്കിലും രംഗാവതരണത്തിൽ മലയാളനാടകവേദിയെ പരിപോഷിപ്പിക്കാൻ ഈ സംഗീതനാടകങ്ങൾക്കായി. സാഹിത്യമേന്മ കൊണ്ടും രംഗാവതരണംകൊണ്ടും വേറിട്ടു നിൽക്കുന്ന ഒരു സംഗീതനാടകമാണ് കെ.സി. കേശവപിള്ളയുടെ 'സദാരാമ'. സംഗീതനാടകങ്ങളും സംസ്കൃതനാടകങ്ങളും മലയാള നാടകങ്ങളെ രംഗസംവിധാനത്തിലും സാഹിത്യത്തിലും ഒട്ടധികം സ്വാധീനിച്ചു. ഏകദേശം ഇതേകാലത്ത് തന്നെയാണ് പാശ്ചാത്യനാടകങ്ങളുടെ തർജ്ജമകൾ മലയാളത്തിലേക്ക് വന്നു തുടങ്ങുന്നത്. എന്നാൽ അവയുടെ

രംഗാവതരണം സംസ്കൃതനാടകശൈലിയിലായിരുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഹാംലെറ്റ്, വറുഗീസുമാപ്പിളയുടെ കലഹിനീദമനകം, എ. ഗോവിന്ദപ്പിള്ളയുടെ ലിയർ നാടകം (1893) ഇവയെല്ലാം പാശ്ചാത്യനാടക തർജ്ജമകളിൽ പ്രധാനങ്ങളാണ്. മലയാളത്തിലെ ആദ്യ നാടകം എന്ന് കരുതുന്ന കലൂർ ഉമ്മൻ ഫിലിപ്പോസിന്റെ ആൾമാറാട്ടം (1860) എന്ന നാടകവും ഷേക്സ്പിയറിന്റെ കോമഡി ഓഫ് എറേഴ്സിന്റെ സ്വതന്ത്ര വിവർത്തനമാണ്. 19-ാം നൂറ്റാണ്ടിലെ പാശ്ചാത്യ സ്വാധീനത കൂടുതൽ പ്രകടമായി കാണുന്നത് സി.വി. രാമൻപിള്ളയുടെ പ്രഹസനങ്ങളിലാണ്. അദ്ദേഹത്തിന്റെ ചന്ദ്രമുഖീ വിലാസം എന്ന പ്രഹസനമാണ് ഇതിൽ പ്രഥമ ഗണനീയം. സംസ്കൃത സംഗീതനാടകങ്ങളിൽനിന്ന് വേറിട്ട ഒരു രംഗാവതരണവും സമകാലീനമായ വിഷയവുംകൊണ്ട് ചന്ദ്രമുഖീവിലാസം ഒട്ടേറെ ചർച്ചകൾക്ക് വഴിയൊരുക്കി. കുറുപ്പില്ലാക്കളരി, മത്തവിലാസം തുടങ്ങിയ ഒട്ടേറെ പ്രഹസനങ്ങൾ ഈ ശാഖയ്ക്ക് സി.വി. സംഭാവന ചെയ്തു.

മറ്റു സാഹിത്യശാഖകളെപ്പോലെ നവീനമായ ഒരു വളർച്ച നാടകത്തിന്റെ കാര്യത്തിൽ 19-ാം നൂറ്റാണ്ടിൽ ഉണ്ടായിട്ടില്ല. എന്നാൽ അതിനായുള്ള ശ്രമങ്ങൾ ഒട്ടേറെയുണ്ടാവുകയും ചെയ്തു. തിരുവട്ടാർ നാരായണപിള്ളയുടെ മനോമോഹനം കമ്പനി, സി.പി അച്യുതമേനോന്റെ വിനോദചിന്താമണി, ചാത്തുക്കുട്ടി മന്നാടിയാരുടെ രസികരഞ്ജിനി തുടങ്ങിയ നിരവധി സ്വതന്ത്രനാടകസംഘങ്ങളുണ്ടായെങ്കിലും അവയെല്ലാം തമിഴ് നാടകസംഘങ്ങളെ അനുസ്മരിപ്പിക്കുന്നവയായിരുന്നു.

1929 ൽ പുറത്തുവന്ന വി.ടി ഭട്ടതിരിപ്പാടിന്റെ  അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകമാണ് മലയാളനാടകങ്ങളിൽ വിപ്ലവകരമായ ഒരു മാറ്റം സാധ്യമാക്കിയത്. നമ്പൂതിരി സമുദായത്തിലെ മലീമസമായ ജീവിതത്തെ ശുദ്ധീകരിക്കുകയായിരുന്നു വി.ടിയുടെ ലക്ഷ്യമെങ്കിലും മലയാളനാടകങ്ങൾ സാമൂഹ്യവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന തലത്തിലേക്കുയർത്താൻ വി.ടി യുടെ രചനയ്ക്കായി. തുടർന്നുവന്ന എം.അർ.ബി യുടെ മറക്കുടയ്ക്കുള്ളിലെ മഹാനരകം, പ്രേംജിയുടെ ഋതുമതി, കെ. ദാമോദരന്റെ പാട്ടബാക്കി, ഇടശ്ശേരിയുടെ കൂട്ടുകൃഷി, കൈനിക്കരയുടെ വേഷങ്ങൾ എന്നിവയെല്ലാം മലയാളി മനസ്സിനെ പിടിച്ചുലച്ച സാമൂഹ്യനാടകങ്ങളാണ്

1936 ൽ കേസരി ബാലകൃഷ്ണപിള്ള ഗോസ്റ്റ് എന്ന നാടകം തർജമ ചെയ്യുകയും അതിന്റെ ആമുഖത്തിൽ നവീനനാടകദർശനങ്ങളെക്കുറിച്ച് വിവരിക്കുകയും ചെയ്തു. ഈ സാഹിത്യപ്രയത്നം മലയാളത്തിൽ പുതിയൊരു മാറ്റത്തിന് വഴിതെളിച്ചു. പാശ്ചാത്യനാടകങ്ങൾ മലയാളത്തിലേക്ക് കടന്നുവന്നു. ഇബ്സനായിരുന്നു ഇതിൽ പ്രമുഖൻ. ലോകനാടകവേദിക്ക് തന്നെ നവീനഭാവുകത്വം പകർന്നു നല്കിയ ഇബ്സൺ മലയാളനാടകവേദിയെയും പരിവർത്തനവിധേയമാക്കി. എൻ കൃഷ്ണപിള്ളയാണ് മലയാളിക്ക് ഇബ്സൻ നാടകങ്ങളെ പകർന്നു നല്കിയത്. ഈ കാലഘട്ടത്തോടെ നാടകം കൂടു

തൽ ഗൗരവപൂർണ്ണവും മൗലികവുമായിത്തീരുന്ന കാഴ്ചയാണ് കാണുന്നത്. മനുഷ്യമനസ്സിന്റെ ആഴങ്ങളിലേക്ക് ഗൗരവപൂർണ്ണവും കലാപരവും യുക്തിഭദ്രവുമായ ആശയങ്ങൾ പകർന്നുനൽകാൻ കഴിയുന്നതരത്തിലുള്ള രചനാസമ്പ്രദായമാണ് എൻ. കൃഷ്ണപിള്ള യുടെ നാടകങ്ങളിലേത്.

എൻ. കൃഷ്ണപിള്ള തുടങ്ങിവെച്ച ഈ രചനാസമ്പ്രദായം മറ്റനേകം നാടകകൃത്തുക്കൾക്ക് പ്രചോദനമായി. ജി. ശങ്കരപിള്ള, കെ.ടി. മുഹ മ്മദ്, തോപ്പിൽ ഭാസി, സി.എൻ. ശ്രീകണ്ഠൻനായർ എന്നിവരുടെ യെല്ലാം നാടകങ്ങളിൽ ഈ സമീപനം ദൃശ്യമാണ്. ഈ കാലഘട്ട ത്തിലെ വളരെ ശ്രദ്ധിക്കപ്പെടേണ്ട ഒരു നാടകമാണ് വൈക്കം മുഹ മ്മദ് ബഷീറിന്റെ കഥാബീജം.

മലയാള നാടകവേദിയിലെ രണ്ട് അതുല്യപ്രതിഭാശാലികളായിരുന്നു പുളിമാന പരമേശ്വരൻപിള്ളയും സി.ജെ തോമസും. പുളിമാനയുടെ സമത്വവാദി ആശയം കൊണ്ടും ആവിഷ്കാരംകൊണ്ടും പ്രാധാന്യ മർഹിക്കുന്ന മികച്ച നാടകമാണ്. മലയാളത്തിലെ ഏറ്റവും മികച്ച നാടകങ്ങളുടെ രചയിതാവാണ് സി.ജെ തോമസ്. സാമൂഹ്യവും രാഷ്ട്രീയവുമായ വിഷയങ്ങളെ കൈകാര്യം ചെയ്ത അദ്ദേഹ ത്തിന്റെ നാടകങ്ങൾക്ക് ബൈബിൾ സംസ്കാരത്തിന്റെ സ്വാധീനമു ണ്ടായിരുന്നു. ആ മനുഷ്യൻ നീ തന്നെ, അവൻ വീണ്ടും വരുന്നു, ശലോമി, വിഷവൃക്ഷം എന്നിവയാണ് സി.ജെയുടെ നാടകങ്ങൾ. മല യാളത്തിലെ ആദ്യപ്രശ്നനാടകമായ 1928-ൽ ക്രൈം 27, ഉയരുന്ന യവനിക (നാടകപഠനഗ്രന്ഥം) എന്നിങ്ങനെ മികച്ച രചനകൾ സി.ജെ മലയാളനാടകസാഹിത്യത്തിന് സംഭാവന ചെയ്തു.

1940കളിൽ ദേശീയതലത്തിൽ രൂപീകരിച്ച ഇന്ത്യൻ പീപ്പിൾസ് തീയ റ്റർ അസോസിയേഷൻ (IPTA), കേരളത്തിന്റെ സാമൂഹ്യരാഷ്ട്രീയ സാഹചര്യങ്ങളിൽനിന്ന് ഉയർന്നുവന്ന കേരളാ പീപ്പിൾസ് തീയറ്റർ ആർട്ട്സ് ക്ലബ്ബ് (KPAC), പി.ജെ ആന്റണിയുടെ പ്രതിഭാതീയറ്റേഴ്സ് എന്നിവ മലയാള നാടകത്തിന്റെ നവോത്ഥാനത്തിന് കാരണമായി. KPAC യിലൂടെ പുറത്തുവന്ന തോപ്പിൽ ഭാസിയുടെ 'എന്റെ മക നാണ് ശരി' (നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി) എന്ന നാടകം വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകളുള്ള നാടകമായിരുന്നു. സാധാ രണ ജനങ്ങളുടെ ഭാഷയും ഓജസ്സുള്ള കഥാപാത്രങ്ങളും അന്നത്തെ സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനവും തോപ്പിൽ ഭാസിയുടെ നാടകങ്ങളെ ജനപ്രിയമാക്കി. മുടിയനായ പുത്രൻ, സർവ്വേക്കല്ല്, മൂലധനം, അശ്വമേധം, ശരശയ്യ, രജനി മുതലായവ യാണ് അദ്ദേഹത്തിന്റെ മറ്റ് നാടകങ്ങൾ. സുദൃഢമായ കാഴ്ചപ്പാടുക ളോടെ നാടകരംഗത്തേക്കു വന്ന എസ്. എൽ.പുരം സദാനന്ദന്റെ നാടകങ്ങൾ, ചെറുകാടിന്റെ നമ്മളൊന്ന് എന്ന നാടകം, പൊൻകുന്നം വർക്കിയുടെ വിശറിക്കു കാറ്റുവേണ്ട, സ്വർഗ്ഗം നാണി ക്കുന്നു, സി.എൽ ജോസിന്റെ ഭൂമിയിലെ മാലാഖ, മണൽക്കാട്, തീപിടിച്ച ആത്മാവ്, ടി.എൻ ഗോപിനാഥൻനായരുടെ അകവും പുറവും, മൃഗം എന്നീ നാടകങ്ങളും ജനപ്രിയത കൈവരിച്ച പ്രഖ്യാത നാടകങ്ങളാണ്.

1967ൽ ശാസ്താംകോട്ടയിൽ നടന്ന നാടകക്കളരി പില്ക്കാല മലയാളനാടകവേദിയിൽ ഗൗരവതരമായ ചലനങ്ങളുണ്ടാക്കി. നാടകകലാകാരന്മാർക്ക് വ്യക്തമായ ദിശാബോധം നല്കുന്ന തരത്തിലുള്ളതായിരുന്നു നാടകക്കളരിയുടെ പ്രവർത്തനം. ജി. ശങ്കരപ്പിള്ളയുടെ നേതൃത്വത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഡ്രാമ ആരംഭിച്ചതും മലയാളനാടകചരിത്രത്തിലെ ഒരു സുപ്രധാന ഘട്ടമായിരുന്നു.

1970 കളോടെ തനതു നാടകവേദി ദേശീയ തലത്തിലും കേരളീയ സമൂഹത്തിലും സജീവമായിത്തുടങ്ങി. നിലവിലിരുന്ന പാശ്ചാത്യനാടകസങ്കല്പങ്ങളോട് വിരക്തി തോന്നിത്തുടങ്ങിയ കലാകാന്മാർ തദ്ദേശീയമായ പ്രാചീന രംഗകലകളോട് ആഭിമുഖ്യം പുലർത്തി. നായകഘടനയിലും രംഗാവതരണത്തിലും ഈ സ്വാധീനം പ്രകടമായിരുന്നു കാവാലം നാരായണപ്പണിക്കരുടെ അവനവൻകടമ്പ, സാക്ഷി, ദൈവത്താർ, കരിംകുട്ടി, കലിവേഷം, ജി ശങ്കരപ്പിള്ളയുടെ കിരാതം, കറുത്തദൈവത്തെ തേടി എന്നിവയും സി.എൻ ശ്രീകണ്ഠൻനായരുടെ കലിയും തനതുനാടകവേദിയുടെ സത്ഫലങ്ങളാണ്. സി.എൻ ശ്രീകണ്ഠൻനായർ കലിക്കുമുൻപ് എഴുതിയ കാഞ്ചനസീതയും പിന്നീട് എഴുതിയ സാകേതവും ലങ്കാലക്ഷ്മിയും അദ്ദേഹത്തിന്റെ ആഴവും പരപ്പുമാർന്ന രംഗലാവണ്യദർശനത്തിന്റെ ഉദാഹരണങ്ങളാണ്. ഇന്നും അവ നവീനരംഗവേദിയിലെ അനശ്വര സൃഷ്ടികളായി നിലനിൽക്കുന്നു.

ആർ. നരേന്ദ്രപ്രസാദിന്റെ സൗപർണ്ണിക, സതീർത്ഥ്യൻ, കുമാരൻ വരുന്നില്ല, വയലാ വാസുദേവൻപിള്ളയുടെ തുളസീവനം, വിശ്വദർശനം, അഗ്നി, ടി.എം. എബ്രഹാമിന്റെ പെരുന്തച്ചൻ, എൻ. പ്രഭാകരന്റെ പുലിജന്മം, കെ.ജെ. ബേബിയുടെ നാടുഗദ്ദിക, ഓംചേരിയുടെ തേവരുടെ ആന, നോക്കുകുത്തി എന്നിവയെല്ലാം നവീനവും നൂതനവുമായ രംഗസങ്കൽപ്പങ്ങളുടെ സൃഷ്ടികളാണ്.

മലയാളനാടകവേദി ഇന്ന് ഏറെ സമ്പന്നമാണ്. പാശ്ചാത്യനാടകങ്ങളും സ്ത്രീനാടകങ്ങളും തെരുവുനാടകങ്ങളും നാട്ടരങ്ങുകളും അങ്ങനെ പുരോഗമനപരമായ രംഗാവതരണങ്ങൾകൊണ്ട് അനുഗൃഹീതമാണിവിടം. എ. ശാന്തകുമാറിനെയും കെ.വി. ശ്രീജയെയുമൊക്കെപ്പോലെയുള്ള പ്രതിഭാശാലികളായ യുവനാടകകൃത്തുകളുടെ സ്വതന്ത്രരചനകളും നവീനമലയാള നാടകവേദിയെ സമ്പുഷ്ടമാക്കുന്നു.

## 9.3 നാടകത്തിന്റെ ഘടകങ്ങൾ

ഇതിവൃത്തസംവിധാനം, പാത്രാവിഷ്ക്കരണം, സംഭാഷണരചന എന്നീ മുന്ന് ഘടകങ്ങളാണ് ഒരു നാടകത്തെ മെച്ചപ്പെട്ടതാക്കുന്നത്. പാത്രാവിഷ്ക്കരണമാണ് ഏതുനാടകീയകൃതിയുടേയും മൗലികവും ശാശ്വതവുമായ ഘടകം എന്നു പറയാം. ഗദ്യം, പദ്യം, സംഗീതം, നൃത്തം, നടനം, നേപഥ്യം, പ്രചരണം, ആലേഖ്യം, ശില്പകല, പ്രകാലപ്രസരണം, ശബ്ദപ്രസരണം തുടങ്ങിയ വിവിധ ഘടകങ്ങളുടെ ഒരു സമ്മിശ്രരൂപമാണ് നാടകം.

### 1. ഇതിവൃത്തം/പ്രമേയം

നാടകത്തിലെ സംഭവങ്ങളുടെ അഥവാ സംഘട്ടനങ്ങളുടെ ആകെത്തുകയാണ് ഇതിവൃത്തം. അത് കഥ മാത്രമല്ല. കഥ ഒന്നാണെങ്കിലും ഇതിവൃത്തം വ്യത്യസ്തമാകാം. ഏതൊരു ഇതിവൃത്തത്തിനും ആദിമധ്യാന്തങ്ങൾ ഉണ്ടായിരിക്കും. ഇവ യുക്തിഭദ്രമായി ചേർന്നാൽ നാടകം പൂർണ്ണത കൈവരിക്കും. ഇങ്ങനെ പൂർണ്ണതാപ്രതീതി ജനിപ്പിക്കുന്നതാകണം ഒരു നാടകത്തിന്റെ ഇതിവൃത്തം. ജീവിതത്തെ വേരുപൊട്ടാതെ പറിച്ചുനടുകയാണ് നാടകത്തിൽ ചെയ്യുന്നത്.

### 2. പാത്രാവിഷ്ക്കരണം

സംഭവങ്ങൾ ചേർന്നാണ് ഇതിവൃത്തമുണ്ടാകുന്നത്. മനുഷ്യജീവിതത്തിൽ സംഭവിക്കുന്ന സംഘട്ടനങ്ങളോ പ്രശ്നങ്ങളോ പ്രവൃത്തിമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളോ ആണ് ഈ സംഭവങ്ങൾ. ഇത്തരം സംഭവങ്ങളെ അഭിമുഖീകരിക്കുന്ന മനുഷ്യരെയാണ് കഥാപാത്രങ്ങളായി നാടകകൃത്തുകൾ അവതരിപ്പിക്കുന്നത്. കഥാപാത്രങ്ങളുടെ ചിന്ത, വാക്ക്, പ്രവൃത്തി എന്നിവ കലർന്ന ജീവിതം അതേപടി അവതരിപ്പിക്കുകയാണ് നാടകകൃത്ത് ചെയ്യുന്നത്. ശക്തവും നിയതവുമായ വ്യക്തിത്വമുള്ള കഥാപാത്രങ്ങളിലൂടെ തനിക്ക് പറയാനുള്ള ആശയങ്ങളും ആദർശങ്ങളും പ്രേക്ഷകമുന്നിൽ അവതരിപ്പിക്കുകയാണ് നാടകകൃത്ത് ചെയ്യുന്നത്. ഇത്തരം കഥാപാത്രങ്ങളിലൂടെയാണ് നാടകം കരുത്തുള്ള ഒരു കലാസൃഷ്ടിയായി മാറുന്നത്. സ്വഭാവത്തിനനുയോജ്യമായ കഥാപാത്ര സൃഷ്ടി ഓരോ നാടകത്തിന്റെയും കഴിവ് തെളിയിക്കുന്ന ഒന്നാണ്. ഇതിൽ വരുന്ന ചെറിയ വീഴ്ചപോലും നാടകശരീരത്തെ ശിഥിലമാക്കും.

### 3. സംഘട്ടനം

നാടകഘടകങ്ങളിൽ പ്രധാനമായ ഒന്നാണ് സംഘട്ടനം. കഥാപാത്രങ്ങൾക്ക് സ്വാഭാവികമായി സംഭവിക്കുന്ന പ്രക്രിയതന്നെയാണിത്. സംഘട്ടനത്തിന്റെ രൂപപ്പെടലും വളർച്ചയും നാടകത്തിന്റെ പിരിമുറുക്കം വർദ്ധിപ്പിക്കും. പ്രേക്ഷകനിൽ ആകാംക്ഷ വളർത്തും. സംഘട്ടനം തന്നെയാണ് നാടകത്തെ ദൃശ്യവൽക്കരിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത്. കഥാപാത്രങ്ങൾ തമ്മിലും കഥാപാത്രത്തിന് തന്നോടുതന്നെയും സംഘട്ടനം ഉണ്ടാകാം.

### 4. സംഭാഷണം

നാടകത്തിന്റെ ജീവനാഡിയാണ് സംഭാഷണം. ശക്തമായ സംഭാഷണമാണ് നാടകത്തെ ശക്തമാക്കുന്നത്. കഥാപാത്രങ്ങളിലൂടെയാണ് സംഭാഷണം പ്രേക്ഷകർ അറിയുന്നത്. രംഗത്ത് വരുന്ന കഥാപാത്രങ്ങൾ തമ്മിൽ സംഭാഷണത്തിൽ ഏർപ്പെടുന്നു. അശരീരിയായും സംഭാഷണം കേൾക്കാം. നാടകം എന്ന സാഹിത്യരൂപത്തിന്റെ ഏറ്റവും പ്രധാന ഘടകം സംഭാഷണമാണ്. സംഭവങ്ങൾ ഉണ്ടാകുന്നതും വികാരസംഘർഷങ്ങൾ വ്യക്തമാക്കുന്നതും കഥാപാത്രങ്ങളുടെ വ്യക്തിത്വം മനസ്സിലാകുന്നതും സംഭാഷണത്തിലൂടെയാണ്.

നാടകത്തിലെ ക്രിയയെ മുന്നോട്ട് നയിക്കുന്നതും നാടകത്തിന് പരിസമാപ്തി സൃഷ്ടിക്കുന്നതും സംഭാഷണമാണ്. നാടകത്തെ നാടകമാക്കി മാറ്റുന്ന പ്രധാന ഘടകമെന്ന നിലയിൽ സംഭാഷണത്തിനുള്ള പ്രാധാന്യം ശ്രദ്ധേയമാണ്.

**5. ഏകാങ്കനാടകം**

1930 കൾക്കുശേഷമാണ് മലയാളത്തിൽ ഏകാങ്കനാടകങ്ങൾ ഉണ്ടാകുന്നത്. ഏകാങ്കനാടകങ്ങളുടെ ശക്തിയും സാധ്യതകളും ശരിക്കും പരീക്ഷണവിധേയമായിട്ടുള്ളത് ആധുനികഘട്ടത്തിലാണ്. ഒരേ ഒരു അങ്കത്തിലൂടെ നാടകകൃത്തിന് പറയാനുള്ള കാര്യങ്ങൾ രംഗത്ത് അവതരിപ്പിക്കുകയാണ് ഏകാങ്കനാടകങ്ങൾ. നാടകം തുടങ്ങി അവസാനിക്കുന്നു. ഇടയ്ക്ക് കർട്ടൻ വീഴുന്നില്ല. രംഗങ്ങൾ മാറുന്നില്ല. കഥാപാത്രങ്ങൾ അധികം ഉണ്ടായിരിക്കുകയില്ല. സി.ജെ.തോമസ്, ജി.ശങ്കരപ്പിള്ള, കാവാലം, നരേന്ദ്രപ്രസാദ്, വയലാ, പി. ബാലചന്ദ്രൻ, പി.എം.താജ്, ടി.എം. എബ്രഹാം എന്നിവർ ആധുനികകാലഘട്ടത്തിലെ പ്രധാനപ്പെട്ട ഏകാങ്കനാടകകൃത്തുകൾ കൂടിയാണ്.

## 9.4 വിഷയാവതരണവും പാഠഭാഗവും

മലയാളനാടകസാഹിത്യത്തിലെ പ്രമുഖനായ ഒരു നാടകകൃത്തിന്റെ പൂർണ്ണമായ ഒരു ഏകാങ്ക നാടകമാണ് ഇവിടെ പഠനവിഷയം. സ്വാതന്ത്ര്യാനന്തരം നവഖലിയിൽ പൊട്ടിപ്പുറപ്പെട്ട ഹിന്ദുമുസ്ലീം കലാപമാണ് ഈ നാടകത്തിന്റെ രചനാപശ്ചാത്തലം. നവഖാലി കലാപത്തിൽ അതീവ ദുഃഖിതനായിരുന്നു ഗാന്ധിജി. ഒരഭിമുഖത്തിൽ സബർമതി ദൂരെയും നവഖലി അരികിലുമായിരിക്കുന്നു എന്ന് ഗാന്ധിജി പറയുകയുണ്ടായി. ഈ അവസ്ഥയിൽ സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് പ്രസക്തിയില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. സമാധാനത്തിന്റെ പ്രതീകമാണ് ഗുജറാത്തിലെ സബർമതി ആശ്രമം. പക്ഷേ നവഖലിയിൽ നിൽക്കുന്ന ആർക്കും അകലെയുള്ള സബർമതിയെ ഓർത്ത് സമാധാനിക്കാനാവില്ല. ഈ സാമൂഹികാന്തരീക്ഷത്തെ മുൻനിർത്തി ശങ്കരപ്പിള്ള രചിച്ച ഏകാങ്കനാടകമാണ് 'സബർമതി ദൂരെയാണ്' എന്നത്. നാടക സംഗ്രഹം ചുവടെ കൊടുത്തിരിക്കുന്നു.

## 9.5 നാടകസംഗ്രഹം

സ്വാതന്ത്ര്യസമരത്തിന്റെ കാലത്താണ് ഈ നാടകം ആരംഭിക്കുന്നത്. ഭാരതത്തിൽ അന്ന് പ്രബലമായിരുന്ന രണ്ടു പ്രസ്ഥാനങ്ങളുണ്ടായിരുന്നു - ഒന്ന് മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ, വർഗരഹിതവും മതേതരവുമായ, മനുഷ്യത്വത്തിന്റേതായ സമാധാനമാർഗ്ഗം. മറ്റൊന്ന് വിദ്വേഷത്തിലും ഹിംസയിലും അധിഷ്ഠിതമായ വർഗീയകലഹത്തിന്റെയും മതാന്ധതയുടെയും കലാപമാർഗം. ഈ ഭിന്നമാർഗങ്ങളിൽ സഞ്ചരിക്കുന്ന രണ്ടു ജനസമൂഹത്തിന്റെ സജീവ പ്രതിനിധികളാണ് നാടകത്തിലെ സഹോദരകഥാപാത്രങ്ങളായ വേണുവും മാധവനും. ഇവരുടെ ഇളയ സഹോദരിയാണ് ശാന്തി. അവൾ ഹൈസ്കൂൾ വിദ്യാർത്ഥിനിയാണ്. ഈ നാടകത്തിലെ തേവൻ ഇവരുടെ കൃഷിപ്പ

ണിക്കാരനാണ്. താഴ്ന്നജാതിക്കാരനെന്ന സ്ഥിരവിശ്വാസത്തോടെ തമ്രാ, തമ്രാട്ടി എന്നിങ്ങനെയാണ് മേലാളരെ തേവൻ അഭിസംബോധന ചെയ്യുന്നത്. ജാതിയിൽ കുറഞ്ഞവനാണ് തേവൻ എന്ന വിചാരമില്ലാതെയും കുടുംബാംഗങ്ങളിൽ ഒരാൾ തന്നെയായും ആണ് ശാന്തി തേവനെ കണക്കാക്കുന്നത്. സ്നേഹവും നന്ദിയും മാത്രം കൈമുതലാക്കി ജീവിതം മുഴുവൻ ആ കുടുംബത്തിന്റെ ശ്രേയസ്സിനു വേണ്ടി ചെലവഴിച്ച് കഴിയുന്നു തേവൻ.

ശാന്തി, പാഠപുസ്തകം വായിച്ചിരിക്കെ നവഖലി, സബർമതി എന്നീ വാക്കുകളെക്കുറിച്ചുണ്ടായ സംശയം വേണുവിനോട് ചോദിച്ച് പരിഹരിക്കാൻ ശ്രമിക്കുന്നു. അന്ധനായ വേണു, അവയെക്കുറിച്ച് സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ ഏറെ വിശദീകരിക്കുന്നു. ഗാന്ധിജിയുടെ സബർമതി ആശ്രമം മാനുഷികമഹത്വത്തെ അംഗീകരിക്കുന്ന സമത്വസുന്ദരലോകത്തിന്റെ പ്രതീകം അഥവാ സിംബൽ ആണെന്നും ഭാരതജനതയുടെ ഭാവിലക്ഷ്യം അതായിരിക്കണമെന്നും വേണു വിവരിക്കുന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയതിനു തലേന്ന് അർദ്ധരാത്രി, നവഖലിയിലെ ഒരു മുസ്ലിംവസതിയിൽ ഗാന്ധിജി ഉപവാസം അനുഷ്ഠിക്കുകയായിരുന്നു. സ്വതന്ത്രരാകുന്ന ഇന്ത്യൻ ജനതയുടെ ചിന്തയിലേക്ക് എറിഞ്ഞുകൊടുത്ത ഗാന്ധിജിയുടെ സന്ദേശം, 'Why so jubiliant? Sabarmathy is far off, Nowkhali is near - Why so jubiliant.... എന്നായിരുന്നു ശാന്തി ഉരുവിട്ടു പഠിച്ചുകൊണ്ടിരുന്നത്. സ്വാതന്ത്ര്യദിനത്തിന് ഗാന്ധിജിയുടെ സന്ദേശം സ്വീകരിക്കാൻ അവിടെ എത്തിയ പത്രക്കാരുടെ നിർബന്ധം സഹിക്കാനാവാതെ ഗാന്ധിജി പറഞ്ഞ ഈ വാക്യം ഏറെ അർത്ഥഗർഭമാണ്. വർഗീയകലാപങ്ങൾക്കും അസംഖ്യം മനുഷ്യക്കുരുതികൾക്കും സാക്ഷ്യംനിന്ന നവഖലിയെപ്പറ്റി വളരെ ദുഃഖത്തോടെ വേണു സംസാരിക്കുന്നു. വർഗീയചിന്താഗതി മനുഷ്യമഹത്വത്തെ നശിപ്പിക്കുമെന്നും മനുഷ്യത്വത്തോടുള്ള പെരുമാറ്റം മനുഷ്യനന്മയെ വളർത്തുമെന്നും അയാൾ വ്യക്തമാക്കുന്നു.

മനുഷ്യമഹത്വംകൊണ്ട് സമത്വസുന്ദരമായ ഒരു ലോകത്തെ വാർത്തെടുക്കുന്നതിന്റെ പ്രതീകമാണ് സബർമതി. ഭാരതീയന് ആ ലക്ഷ്യം പ്രാപിക്കാൻ ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു. എന്നാൽ വർഗീയകലാപവും ജാതീയമായ ഉച്ചനീചത്വവും മനുഷ്യനെ മൃഗമാക്കുന്നതിന്റെ പ്രതീകമായ നവഖലി ഇവിടെ എല്ലാപേരുടെയും അടുത്തുണ്ടുതാനും. ഇതാണ് സന്ദേശത്തിന്റെ സാരം.

മാധവൻ, ജാതിയുടെയും മതത്തിന്റെയും കണ്ണാടിയിലൂടെ മാത്രമേ ഏതും കാണുകയുള്ളു. വെളിയിൽ പോയിട്ട് വീട്ടിലെത്തിയപ്പോൾ മാധവൻ കാണുന്നത് തേവൻ വീടിന്റെ വരാന്തയിലിരുന്ന് ജ്യേഷ്ഠനോടും അനുജത്തിയോടും ഒപ്പം സംസാരിക്കുന്നതും, കേൾക്കുന്നത് നവഖലി, സബർമതി എന്നിവയെക്കുറിച്ചു ജ്യേഷ്ഠൻ ആവേശപൂർവം പ്രസംഗിക്കുന്നതുമാണ്. തന്റെ പാടത്തിനുവേണ്ടി കെട്ടിനിർത്തിയിരിക്കുന്ന വെള്ളം അടുത്ത നിലത്തിന്റെ ഉടമ ചോർത്തും എന്നറിഞ്ഞുകൊണ്ട് അത് തടയാൻ തേവനോടു മാധവൻ നിർദ്ദേശിച്ചപ്പോൾ അയാൾ, 'നമ്മുക്കു പെരുത്തുണ്ടല്ലോ, തമ്രാ ഇറ്റു കൊണ്ടു പോകട്ടെ' എന്നു പറഞ്ഞുപോയി. ഇങ്ങനെ തേവൻ പറയുന്നതു

കേട്ടപ്പോൾ മാധവൻ പറയുന്നത് 'നിന്നെയൊന്നും പറഞ്ഞിട്ട് കാര്യമില്ല; ഇവിടത്തെ വിവരമുള്ളോരാ നിന്നെയിങ്ങനെയാക്കുന്നത്' എന്നാണ്.

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടുണ്ടായ കൈബോംബേറിൽ രണ്ടുകണ്ണിന്റെയും കാഴ്ച നഷ്ടപ്പെട്ട വേണു നിരാശ്രയനായി വീട്ടിൽ കഴിയുകയാണ്. ചോറും കഞ്ഞിയും അയാൾക്കുകൂടി ഉണ്ടാക്കിക്കൊടുക്കാൻ മാധവനാണ് പ്രയത്നിക്കുന്നത്. ആ നിലയ്ക്ക് അവൻ കൊടുക്കുന്ന ചോറു തിന്നുകയും അതിന്റെ കൂറ് അവനോടും അവന്റെ വിശ്വാസപ്രമാണങ്ങളോടും കാട്ടാതിരിക്കുകയും ചെയ്യുന്നതിനെ മാധവൻ എതിർക്കുന്നു.

ജാതിമേന്മ നടിക്കുന്ന മാധവൻ, തേവനെ അടിമയെക്കാളും മോശമായിക്കാണുകയും നിന്ദ്യമായ മട്ടിൽ തേവനോടു പെരുമാറുകയും ചെയ്യുന്നു. പാടത്തെ വെള്ളം ചോർത്തിക്കൊണ്ടു പോകുന്നതു തടയണമെന്നു മാധവൻ നിർദ്ദേശിച്ചപ്പോൾ തേവനു ഇഷ്ടമുണ്ടായിരുന്നില്ല. എങ്കിലും ആജ്ഞ അനുസരിക്കാൻ അയാൾ തയ്യാറാകുന്നു. എതിരാളികൾ അയാളെ ആക്രമിക്കുമെന്നറിഞ്ഞുകൊണ്ടു തന്നെയാണ് മാധവൻ അയാളെ അയയ്ക്കുന്നത്. തമ്പുരാൻ കല്പിച്ചത് അയാൾ അനുസരിച്ചു; ഫലം തേവൻ അനുഭവിക്കുകയും ചെയ്തു. എതിരാളികളുടെ പ്രഹരത്താൽ തല പിളർക്കപ്പെട്ട് രക്തവും ഒഴുക്കി വീട്ടിലേക്കോടിക്കയറിച്ചെന്ന അവനെ ആശ്വസിപ്പിക്കാനല്ല കുറ്റപ്പെടുത്താനാണ് മേലാളന്റെ പ്രതീകമായ മാധവൻ തയ്യാറാകുന്നത്. "മുസ്ലീമിന്റെ തല്ലുംവാങ്ങി വന്നിരിക്കുന്നു" എന്നും മറ്റും പരിഹാസനിർഭരമായ വാക്യങ്ങൾ പുറപ്പെടുവിക്കുന്ന മാധവൻ എല്ലാംകൊണ്ടും ജാതിമേന്മ ഭാവിക്കുകയും ആയത് തേവന്റെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുകയാണ്. മാധവൻ കാരണമാണ് തനിക്ക് ഈ ദുരന്തം സംഭവിച്ചതെന്ന് തേവന് അറിയാമെങ്കിലും അയാൾ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. അനുഭവിക്കാൻ മാത്രമേ അയാൾക്കാവൂ. ഈ ഘട്ടത്തിൽ മനുഷ്യത്വം വേണ്ടയളവിൽ പ്രദർശിപ്പിക്കുന്നത് ശാന്തിയുടെ സഹായത്തോടെ വേണുവാണ്.

മാധവൻ വേലയെടുക്കാനും വേണു അതിന്റെ ഫലംപറ്റാനും ജീവിക്കുന്നു എന്നത് വിധിവിപാകമാണെങ്കിലും അതു കൂടെക്കൂടെ തുറന്നുപറയുന്നു മാധവൻ. തന്റെ ഇംഗിതത്തിനൊത്തു കൂറോടെ വേണുവും പ്രവർത്തിക്കണമെന്നു മാധവൻ ശഠിക്കുന്നു. വേണുവാകട്ടെ സഹോദരന്റെ ധാർഷ്ട്യത്തെ സ്നേഹാർദ്രമായി ചെറുക്കാനും ഉപദേശിക്കാനും ശ്രമിക്കുന്നു. വിരുദ്ധാദർശങ്ങളുടെ വക്താവായ വേണുവിനും മാധവനുമിടയിൽ നിസ്സഹായതയോടെ നോക്കിനിന്നു വിഷാദിക്കുകയാണ് ഇളംതലമുറയുടെ പ്രതിനിധിയായ ശാന്തി.

കുടുംബംപുലർത്തുന്ന അനുജൻ പറയുന്ന കുത്തുവാക്കുകളൊക്കെ ഒരളവുവരെ കേട്ടു സഹിക്കാൻ അയാൾ തയാറാകുന്നു. എന്നാൽ ഏതു നേരവും ചോറിന്റെയും കഞ്ഞിയുടെയും കാര്യം പറഞ്ഞു അസഹ്യപ്പെടുത്താനും നന്ദികേടിനെക്കുറിച്ച് ഊന്നിപ്പറഞ്ഞു വേദനിപ്പിക്കാനും അനുജൻ തുടങ്ങുകയാൽ നിവൃത്തിയില്ലാതെ വേണു

ആ വീട്ടിൽനിന്നും ഇറങ്ങുവാൻ തീരുമാനിക്കുന്നു. ഒപ്പം ശാന്തിയും. പക്ഷേശാന്തിയെ വേണു പിന്തിരിപ്പിക്കുന്നു. ശാന്തി എടുത്തുകൊണ്ടുവന്ന ഊന്നുവടി പിടിച്ചുവാങ്ങി രണ്ടായി മുറിച്ച് കളയുന്ന തേവൻ വേണുവിന് എന്നേയ്ക്കുമായി - തന്റെ പ്രാണം തീരുവോളം - ഊന്നുവടിയായിരിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

വേണു വീടുവിട്ടിറങ്ങുമ്പോൾ വിജയോന്മത്തനായി മാധവൻ അട്ടഹസിക്കുന്നു. അപ്പോൾ ജ്യേഷ്ഠാ, ഇതാണ് നവഖലി അല്ലേ? എന്ന് ശാന്തി വേണുവിനോട് ചോദിക്കുന്നു. ഇനി എങ്ങോട്ട് എന്ന് ചോദ്യത്തിന് സബർമതിയിലേക്ക് - അത് അകലെയുണ്ട് - അങ്ങ് ദൂരെ എന്നു പറഞ്ഞ് അവർ യാത്രപറയുന്നു. സബർമതി ദൂരെയാണ്, നമ്മളവിടെ എത്തും എന്നു പറയുന്നതോടുകൂടി നാടകം അവസാനിക്കുന്നു.

## 9.6 ലേഖകപരിചയം (ജി.ശങ്കരപ്പിള്ള)

മലയാളനാടകസാഹിത്യത്തിലെ ഏറ്റവും പ്രതിഭാശാലിയായ നാടകകൃത്താണ് ജി. ശങ്കരപ്പിള്ള. അദ്ധ്യാപകൻ, യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഡ്രാമാ ഡയറക്ടർ, സാഹിത്യചരിത്രകാരൻ എന്നീ നിലകളിൽ അദ്ദേഹം തന്റെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. തനതുനാടകസമ്പ്രദായത്തിന് തുടക്കംകുറിച്ചത് ജി. ശങ്കരപ്പിള്ളയാണ്. മലയാളനാടകവേദിയുടെ വളർച്ചയ്ക്കും പരിഷ്കരണത്തിനും അദ്ദേഹം നല്കിയിട്ടുള്ള സേവനങ്ങൾ നിസ്തുലങ്ങളാണ്. അദ്ദേഹത്തിന്റെ നാടകകൃതികൾ മലയാളത്തിൽ ഒരു പുതിയ നാടകാവബോധം സൃഷ്ടിക്കുന്നതിന് സഹായകമായിട്ടുണ്ട്. അവയിലൊന്നാണ് ഇവിടെ പാഠഭാഗമായി ചേർത്തിട്ടുള്ള 'സബർമതി ദൂരെയാണ്' എന്ന ഏകാങ്കനാടകം.

### പ്രധാനപ്പെട്ട കൃതികൾ

ബന്ദി, ഭരതവാക്യം, സ്നേഹദൂതൻ, കറുത്തദൈവത്തെത്തേടി, മൂധേവിത്തെയ്യം, കിരാതം (കാവ്യനാടകം), അഭയാർത്ഥികൾ, വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു, റയിൽപ്പാളങ്ങൾ, ഇടാൻ മറന്ന ഇഴ, തിരുമ്പിവന്താൻ തമ്പി, മൃഗതൃഷ്ണ, ഒരുകൂട്ടം ഉറുമ്പുകൾ, പ്ലാവിലത്തൊപ്പികൾ(കുട്ടികളുടെ നാടകം), മലയാളനാടകസാഹിത്യചരിത്രം.

## 9.7 പുരോഗതി സ്വയം പരിശോധിക്കുക

1. നാടകം എന്നാലെന്ത്?
2. നാടകത്തിന് ഒരു നിർവചനം നൽകുക.
3. നാടകത്തിന്റെ മൗലികഘടകങ്ങൾ ഏവ?
4. ഏകാങ്കനാടകം എന്നാലെന്ത്?
5. 'നവഖലി സമീപത്താണ്; സബർമതി അകലെയും' - ഏതു പരിതഃസ്ഥിതിയിലാണ് ഗാന്ധിജി ഇങ്ങനെ പ്രസ്താവിച്ചത്?
6. സ്വാതന്ത്ര്യസമരസേനാനിയായിരുന്ന വേണുവിന്റെ കണ്ണുകൾ നഷ്ടപ്പെട്ടതെങ്ങനെ?

7. “ഈ ലോകം നിനക്കോ, നീ ഈ ലോകത്തിനോ പാകമായിട്ടില്ല...”
സന്ദർഭവും ആശയവും വിശദമാക്കുക.

8. ശാന്തിയുടെ സ്വഭാവചിത്രീകരണം വിമർശനാത്മകമായി പരിശോധിക്കുക.

9. “വേണ്ട, ഒടിഞ്ഞത് ഒടിഞ്ഞതായിരിക്കട്ടെ, ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും” - സന്ദർഭവും ആശയവും വിശദമാക്കുക.

10. ‘ഒരു തികഞ്ഞ ഗാന്ധിശിഷ്യനാണ് വേണു’ - പരിശോധിക്കുക.

11. ‘ജാതീയമായ ഉച്ചനീചത്വബോധത്തിന്റെ ബലിയാടാണ് തേവൻ’ - വിശകലനം ചെയ്യുക.

12. വേണുവും മാധവനും തമ്മിലുള്ള സ്വഭാവാന്തരം ചർച്ചചെയ്യുക.

13. ‘നവഖലി സമീപത്താണ്; സബർമതി ദൂരെയും’ - ഇതുകൊണ്ടുദ്ദേശിക്കുന്നതെന്താണ്? ഈ ആശയം നാടകത്തിൽ എത്രത്തോളം ഫലപ്രദമായി ആവിഷ്കൃതമാകുന്നു എന്നു പരിശോധിക്കുക.

# തിരക്കഥ

## 9(A).0 ഉദ്ദേശ്യലക്ഷ്യങ്ങൾ

സാങ്കേതികവികാസത്തോടൊപ്പം വളർന്നുവന്ന ഒരു ജനകീയദൃശ്യകലാരൂപമാണ് സിനിമ. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വ്യാവസായികവിപ്ലവത്തിന്റെ ഭാഗമായി യൂറോപ്പിലുണ്ടായ ശാസ്ത്രസാങ്കേതികവിദ്യാമുന്നേറ്റമാണ് ചലച്ചിത്രസങ്കേതത്തിന് വഴിയൊരുക്കിയത്. ഭൂരിപക്ഷം വരുന്ന ദരിദ്രർക്ക് കുറഞ്ഞ ചെലവിൽ ഉല്ലസിക്കാനുള്ള ഉപാധികളൊന്നും ഇല്ലാതിരുന്ന കാലത്താണ് സിനിമയെക്കുറിച്ചുള്ള ചർച്ചകളും മറ്റും ആരംഭിച്ചത്. സാമ്പത്തികശ്രേണിയിലും. ആസ്വാദനസംസ്കാരത്തിലും കീഴ്പ്പടവുകളിൽ നിന്നിരുന്ന മഹാഭൂരിപക്ഷത്തിന് രസിക്കാനും പഠിക്കാനും ജീവിതക്ലേശങ്ങളിൽനിന്ന് താല്കാലികമായ ആശ്വാസം നേടാനുമുള്ള വിനോദവ്യവസായമെന്ന നിലയ്ക്കാണ് സിനിമയുടെ ആരംഭം. 1895-ൽ ലൂമിയർ സഹോദരന്മാരാണ് ഇതിനു തുടക്കംകുറിച്ചത്. ഒരു ദൃശ്യകലാരൂപമെന്ന നിലയിൽ വളരെയേറെ വളർച്ചപ്രാപിച്ച സിനിമ ഇന്ന് സാങ്കേതികവിദ്യയുടെ കാര്യത്തിൽ മുൻപന്തിയിലെത്തി നിൽക്കുന്നു.

സിനിമ ഇന്ന് വളരെ വ്യാപകമായി ഉപയോഗിക്കപ്പെടുന്നതും ചർച്ച ചെയ്യുന്നതുമായ മാധ്യമമാണ്. സിനിമ നിർമ്മിക്കപ്പെട്ട ആദ്യകാലം മുതൽ തന്നെ അതിന് ലഭിച്ചിട്ടുള്ള പ്രചാരം വളരെവലുതാണ്. സിനിമയ്ക്കുവേണ്ടി നമ്മുടെ മുഖ്യധാരാ മാധ്യമങ്ങൾ ധാരാളം പേജുകൾ മാറ്റി വയ്ക്കുന്നുണ്ട്. ആഴ്ചയിലൊരു ദിവസം സിനിമാസപ്ലിമെന്റും പ്രസിദ്ധീകരിക്കുന്നുണ്ട്. മാത്രമല്ല സിനിമയുടെ പ്രചാരണത്തിനും വികസനത്തിനും വേണ്ടി, സിനിമയ്ക്കു മാത്രമായി ആനുകാലിക മാസികകളും നിലവിലുണ്ട്. ഇക്കാരണത്താൽ സിനിമയ്ക്ക് ഇന്ന് നമ്മുടെ ജീവിതത്തിലും സംസ്ക്കാരത്തിലുമുള്ള സ്വാധീനം വളരെ വ്യക്തമാണ്.

നമ്മുടെ ദൃശ്യകലാസംസ്കാരത്തിന്റെ സമ്പന്നതയെക്കുറിച്ചുള്ള സാമാന്യമായ അറിവ് നമുക്കുണ്ടാവേണ്ടതുണ്ട്. കഥകളി, തുള്ളൽ, നാടകം, സിനിമ എന്നീ ദൃശ്യകലളേയും അവയ്ക്കു ആധാരമായ സാഹിത്യപാഠങ്ങളും നമ്മൾ അറിഞ്ഞിരിക്കണം. ഒരു ചിത്രം പ്രസിദ്ധമായിക്കഴിയുമ്പോൾ അതിലെ കഥാപാത്രങ്ങളെപ്പറ്റിയും ചിത്രീകരിക്കപ്പെട്ട സംഭവങ്ങളെക്കുറിച്ചും കൂടുതൽ അറിയാനും സംഭാഷണങ്ങൾ വായിച്ചുരസിക്കാനും ചില പ്രേക്ഷകർക്ക് താല്പര്യമുണ്ടാവാം. അത്തരക്കാരെ തൃപ്തിപ്പെടുത്താനാണ് തിരക്കഥകൾ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നത്. മാത്രമല്ല, സിനിമ എന്ന മാധ്യമം സർവ്വകലാശാലാതലത്തിൽ ഇന്നൊരു പഠനവിഷയം കൂടിയാണ്. സിനിമാപഠനത്തിന് കൂടുതൽ പ്രാധാന്യം കൈവന്നതോടെ തിരക്കഥാപഠനത്തിനും പ്രാധാന്യം വർദ്ധിച്ചു. കൂടുതൽ കലാസ്വാദകരെയും മറ്റും സിനിമാരംഗത്തേയ്ക്ക് ആകർഷിക്കുന്നതിന് തിരക്കഥാ/സിനിമാപഠനം സഹായകമാകുന്നുണ്ട്. സിനിമയുടെ ആരംഭം, വളർച്ച, ചലച്ചിത്രനിർമ്മിതിയിൽ തിരക്കഥയുടെ പ്രാധാന്യം, തിരക്കഥഎന്ത്, എങ്ങനെ, എന്തിന് എന്നറിയുക, തിരക്കഥാരചനയിലെ വ്യത്യസ്തപ്രവണതകൾ, സിനിമ സമൂഹത്തിലുളവാക്കിയ സാംസ്കാരികോന്നമനം, നല്ല തിരക്കഥകളെ പരിചയപ്പെടൽ, കവിത, നോവൽ, ചെറുകഥ, നാടകം തുടങ്ങിയ സാഹിത്യരംഗരൂപങ്ങളുടെ പഠനമേഖലയിലേക്ക് തിരക്കഥയെ കൊണ്ടുവരിക, തിരക്കഥാരചനയിൽ താല്പര്യമുള്ളവരെ ആ മേഖലയിലേക്ക് ആകർഷിക്കുക തുടങ്ങിയവയെക്കുറിച്ച് സാമാന്യവിജ്ഞാനം നേടുക എന്നതാണ് തിരക്കഥാപഠനത്തിന്റെ പഠനോദ്ദേശ്യങ്ങൾ.

## 9(A).1 വിഷയാവതരണവും പാഠഭാഗവും

സിനിമാനിർമ്മാണത്തിന് പ്രധാനമായും അഞ്ചുഘട്ടങ്ങൾ ആവശ്യമാണ്. ആശയവികാസം (Development), ആസൂത്രണം(Pre-Production), ഉത്പാദനം (Production), പുനരുത്പാദനം(Post Production), വിതരണം (Distribution) എന്നിവയാണിത്. ആശയവികാസം എന്ന ആദ്യഘട്ടത്തിൽ കഥയുടെ ആശയവും തിരക്കഥയുടെ രചനയുമാണുള്ളത്. അതിനെക്കുറിച്ചുമാത്രം ഇവിടെ വിവരിക്കുന്നു. മറ്റുമേഖലകളിലേക്ക് ഈ പഠനം പ്രവേശിക്കുന്നില്ല. തിരക്കഥാപഠനം മാത്രമേ നാം ഉദ്ദേശിക്കുന്നുള്ളു. കഥ കണ്ടെത്തുകയാണ് ആദ്യപടി. കഥ കണ്ടെത്തുന്നത് പുസ്തകത്തിൽനിന്നോ മറ്റുസിനിമകളിൽനിന്നോ, യഥാർത്ഥസംഭവങ്ങളിൽനിന്നോ എങ്ങനെയുമാകാം. ഒരു ആശയം കണ്ടെത്തിക്കഴിഞ്ഞാൽ അതനുസരിച്ച് ഒരു സിനോപ്സിസ് തയ്യാറാക്കും. ഇതിനുശേഷം ഒരു രൂപരേഖ തയ്യാറാക്കും. ഓരോ സീനുകളുടെയും ഖണ്ഡികകൾ ഇതിൽ വ്യക്തമാക്കിയിരിക്കും. അടുത്തഘട്ടം ട്രീറ്റ്മെന്റാണ്. ഇതിൽ കഥയുടെ വിശദീകരണം, വൈകാരികാവസ്ഥ, കഥാപാത്രങ്ങൾ, ചില പ്രസക്തങ്ങളായ സംഭാഷണ ഭാഗങ്ങൾ, പ്രധാനമായും ചിത്രീകരിക്കേണ്ട രംഗങ്ങളുടെ ചിത്രങ്ങൾ എന്നിവയെല്ലാം ഇതിലുണ്ടാകും. അതിനുശേഷമാണ് തിരക്കഥ തയ്യാറാക്കുന്നത്.

## 9(A).2 തിരക്കഥ (Screenplay, Scenario,Script) എന്താണ്?

വർത്തമാനകാലത്തെ ജനപ്രിയമാധ്യമമാണ് സിനിമ. ചലച്ചിത്ര നിർമ്മിതിക്കുവേണ്ട ആദ്യ അസംസ്കൃതവസ്തുവാണ് തിരക്കഥ. ഏതു ചലച്ചിത്രത്തിനും കഥ ആവശ്യമാണ്. ആ കഥയെ ചലച്ചിത്ര ത്തിനുവേണ്ടി പാകപ്പെടുത്തുന്ന, മാറ്റിപ്പറയുന്ന പ്രക്രിയയാണ് തിര ക്കഥ. ഏതൊരു നല്ല സിനിമയുടെയും നട്ടെല്ലാണ് ദൃഢമായ തിര ക്കഥ. ചലച്ചിത്ര മാധ്യമത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ടാണ് തിരക്കഥ രചിക്കുന്നത്. ഒരു കെട്ടിടത്തിന്റെ നിർമ്മാണത്തിന് വിശദ മായ രൂപരേഖ ആവശ്യമുള്ളതുപോലെ ചലച്ചിത്രത്തിനും അതിന്റെ നിർമ്മാണത്തിന് ബ്ലൂപ്രിന്റ് ആവശ്യമാണ്. തിരക്കഥ ചലച്ചിത്ര ത്തിന്റെ ബ്ലൂപ്രിന്റ് ആകുന്നത് അങ്ങനെയാണ്. ചലച്ചിത്ര സ്രഷ്ടാ വായ സംവിധായകന്റെ ഭാവന വികസിപ്പിക്കുന്നതിനും, ക്യാമറാ മാൻ, എഡിറ്റർ, നടീനടന്മാർ എന്നിവർക്കുമുള്ള രൂപരേഖയാണിത്.

ഒരു ചിത്രത്തിന്റെ അസംസ്കൃതവിഭവമായ തീം (Theme) അഥവാ കഥാബീജം രൂപപ്പെട്ടുകഴിഞ്ഞാൽ അത് ദൃശ്യവല്ക്കരിച്ച് തയ്യാറാ ക്കുന്നക്രിയാംശമാണ് തിരക്കഥയുടെ ഉള്ളടക്കം. പ്രമേയം, ഇതിവൃ ത്തം, ട്രീറ്റ്മെന്റ്, തിരക്കഥ എന്നിങ്ങനെയാണ് തിരക്കഥാരചന പുരോഗമിക്കുന്നത്. പ്രമേയത്തിനനുസൃതമായ ഇതിവൃത്തം കണ്ടെ ത്തിക്കഴിഞ്ഞാൽ ചുരുങ്ങിയ വാക്കുകളിൽ ട്രീറ്റ്മെന്റ് തയ്യാറാക്കും. ഇതിവൃത്തത്തിനും തിരക്കഥയ്ക്കുമിടയ്ക്കുള്ള ഘട്ടമാണ് ട്രീറ്റ്മെന്റ്. തിരക്കഥയുടെ രൂപരേഖയാണിത്. കഥാദ്യം, വികാസം, കഥാന്ത്യം, കഥാപാത്രങ്ങൾ, പ്രധാനസംഭവങ്ങൾ എന്നിവ ക്രമത്തിൽ ഇതിലെ ഴുതിയിരിക്കും. തിരശ്ശീലയിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന കഥയെ ചെറിയ ചെറിയ ഖണ്ഡങ്ങളാക്കിത്തിരിച്ചാണ് തിരക്കഥ തയ്യാറാക്കു ന്നത്. ഒരൊറ്റ ആശയംകൊണ്ട് സംയോജിതവും കുറെസീനുകൾ (ചിലപ്പോൾ ഒന്നുമാത്രവും) കൂടിചേർന്നതുമായ ഇത്തരം ദൃശ്യഖ ണ്ഡമാണ് സീക്വൻസ്. സീക്വൻസുകൾ കൂടിചേർന്നതാണ് തിര ക്കഥ. സീനുകൾകൊണ്ട് നിർമ്മിക്കപ്പെട്ടതാണ് സീക്വൻസുകൾ. സീനുകളാകട്ടെ ഒന്നോ അതിലധികമോ ഷോട്ടുകളാൽ നിർമ്മിതവുമാണ്. സീനുകളുമായും ഷോട്ടുകളുമായും ബന്ധപ്പെ ടുത്തി കാലികമായ ക്രമത്തിൽ സംഭവങ്ങൾ അടുക്കിപ്പറഞ്ഞിരി ക്കും. ഓരോ സീനും എങ്ങനെ ചിത്രീകരിക്കണം, ക്യാമറ ഏതു കോണിൽ വയ്ക്കണം, ഏതു സമയം (പകൽ-സന്ധ്യ-രാത്രി) ആയിരിക്കണം, പശ്ചാത്തലത്തിൽ ശബ്ദങ്ങളോ സംഗീതമോ വേണമോ തുടങ്ങിയ വിശദാംശങ്ങൾ തിരക്കഥയിൽ ഉണ്ടായിരിക്കും. കഥാപാത്രങ്ങളും അവരുടെ പ്രത്യേകതകളും ചുറ്റുപാടുകളും കഥാ കേന്ദ്രിതമായി വർത്തിക്കുന്ന സംഭാഷണങ്ങൾ, സെറ്റ്, രംഗം തിരിച്ച് ഇതിൽ അവതരിപ്പിച്ചിരിക്കും. കഥാപാത്രങ്ങൾ തമ്മിലുള്ള ബന്ധം, ആക്ഷന്റെ സ്വഭാവം, മാർഗ്ഗനിർദ്ദേശം, സംഭവങ്ങളുടെയും സംഭാഷ ണങ്ങളുടെയും വിവരങ്ങൾ എന്നിവയും അതിലുണ്ടായിരിക്കും. സംവിധായകൻ തന്നെ തിരക്കഥ എഴുതുകയാണെങ്കിൽ സാങ്കേതി കമായ എല്ലാ നിബന്ധനകളും സ്ക്രിപ്റ്റിൽ എഴുതിവെച്ചെന്നുവ

രില്ല. ആശയം ഓർമ്മവരാൻ ചില സൂചനകൾ മാത്രമേ തിരക്കഥ യിൽ എഴുതൂ.

തിരക്കഥയിൽ പ്രധാനമായും ചില ഘടകങ്ങൾ ആവശ്യമാണ്. ഓരോ സീനും അർത്ഥമാക്കുന്നതെന്ത്, അതിൽ ഉൾപ്പെട്ടിട്ടുള്ള ആക്ഷൻ എന്താണ്, പ്രധാന വഴിത്തിരിവുകൾ എന്തൊക്കെയാണ്, സംഭാഷണം കഥാപാത്രങ്ങളുടെപേരുകൾ, ഷോട്ടുകളുടെ രീതി എന്നിവ വ്യക്തമാക്കിയിരിക്കണം. സിനിമയെക്കുറിച്ചുള്ള അടി സ്ഥാന ധാരണകൾ ഉള്ള ഒരാൾക്കു മാത്രമേ ഇക്കാര്യങ്ങൾ തിരക്ക ഥയിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളു. ഇത്തരം എഴുത്തുകാർക്കേ നല്ലതിരക്കഥ രചിക്കാനും കഴിയൂ.

തിരക്കഥ എഴുതുന്നയാളാണ് തിരക്കഥാകൃത്ത്. തിരക്കഥാരചനയിൽ പലകാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. കഥയുടെ സൂക്ഷ്മരൂപമായ 'തീമി'ന്റെ (Theme) ദൃശ്യവല്ക്കരണമാണ് പ്രധാനം. സാഹിത്യകൃ തികളെയും പ്രഖ്യാതമായ ചരിത്രപുരാണകഥകളെയും ആസ്പദ മാക്കി ചിത്രം നിർമ്മിക്കുമ്പോൾ ചലച്ചിത്രശൈലിക്ക് അനുയോജ്യ മായ ദൃശ്യങ്ങൾ ഒരുക്കാൻ തിരക്കഥാകൃത്ത് പ്രത്യേകം ശ്രദ്ധിക്ക ണം. തിരക്കഥ തയ്യാറാക്കുമ്പോൾ തീമിന്റെ–കഥയുടെ–ദൃശ്യവല്ക്ക രണ സാധ്യതകൾക്കാവണം ഊന്നൽ നല്കേണ്ടത്. ഷോട്ട്, സീക്വൻസ്, സീൻ, നൈരന്തര്യം, ആഖ്യാനം, ആക്ഷൻട്രീറ്റ്മെന്റ്, രൂപശില്പം, അന്തരീക്ഷം, കാലം എന്നീ അംശങ്ങളിലെല്ലാം തിരക്ക ഥാകൃത്തിന്റെ പ്രത്യേക ശ്രദ്ധ കടന്നു ചെല്ലണം. കഥാപാത്രങ്ങളുടെ വ്യക്തിത്വം, അവരുടെ മാനസിക വ്യാപാരം, കഥാപാത്രങ്ങൾ തമ്മി ലുള്ള ബന്ധം, വൈകാരികഭാവങ്ങൾ എന്നിവ തിരക്കഥാകാരൻ അപഗ്രഥിക്കേണ്ടതുണ്ട്.

സംഭാഷണമാണ് മറ്റൊരുഘടകം. ശബ്ദവും സംഭാഷണവും സ്ക്രീനിലെ ദൃശ്യബിംബങ്ങളുമായി ലയിച്ച് ഒറ്റലയമായി മാറത്തക്ക വിധത്തിൽ വാക്കുകൾ പരിമിതപ്പെടുത്തി ഔചിത്യത്തോടെ നിബ ന്ധിക്കണം. സംഭാഷണം അകൃത്രിമവും ലളിതവും സ്വാഭാവികവും ആയിരിക്കണം. നാടകത്തിലെ സംഭാഷണ ശൈലി സിനിമയ്ക്ക് യോജിച്ചവയല്ല.

തിരക്കഥകൾ അടിസ്ഥാനപരമായും രചയിതാവിന്റെ സർഗശേഷി യെയും കലാവാസനയെയും മുതലെടുക്കുന്നു. മാത്രമല്ല, സാങ്കേതി കമായി സിനിമയെക്കുറിച്ചുള്ള അവബോധവും അതിന് അത്യാവശ്യ മാണ്. വളരെ പ്രശസ്തരായ എഴുത്തുകാർക്കുപോലും നല്ല തിരക്ക ഥകൾ രചിക്കാൻ കഴിഞ്ഞെന്നുവരില്ല. സിനിമയ്ക്ക് ആവശ്യമായ തരത്തിൽ കഥയുടെ കാലികവും സ്ഥലപരവുമായ വിന്യാസത്തിലൂ ടെയും സംഭവങ്ങളുടെ ആവിഷ്ക്കരണത്തിലൂടെയും സാധിക്കേണ്ട ഒന്നാണത്. ഏതു കഥ തിരഞ്ഞെടുക്കുമ്പോഴും അതിന് ദൃശ്യപര മായി എത്രത്തോളം സാധ്യതയുണ്ടെന്നു കൂടി അന്വേഷിച്ചറിയണം. മാർക്കറ്റ് ഒരു സുപ്രധാന ഘടകമാണ്. പുതിയ ട്രെൻഡുകൾക്കും പരിഗണന നല്ക്കേണ്ടതുണ്ട്. പുതിയ ട്രെൻഡുകൾ സൃഷ്ടിക്കാ നുള്ള ശ്രമമാണ് എപ്പോഴും വിജയത്തിൽ കലാശിക്കുക. വിജയിക്ക പ്പെട്ട ഫോർമുലകളുടെ പുറകേ പോകുന്ന സിനിമകളേക്കാൾ മുഖ്യ

ധാരയിൽ കടന്നുവരാത്ത ഒരു ഫോർമുല പരീക്ഷിക്കുന്നതാണ് എപ്പോഴും എല്ലാത്തരം സിനിമകളുടെയും വിജയത്തിന് മുഖ്യഹേതു. ഇക്കാര്യം തിരക്കഥാകൃത്ത് ശ്രദ്ധിച്ചാൽ അയാൾക്ക് നല്ല തിരക്കഥാകൃത്തെന്ന ഖ്യാതി നേടാനുമാകും.

ചലച്ചിത്രത്തിന്റെ സാങ്കേതികതാ ബാഹുല്യം കാരണം ഇതരസാഹിത്യരൂപങ്ങളിൽ നിന്ന് തിരക്കഥ വേറിട്ടുനില്ക്കുന്നു. തിരക്കഥയുടെ ലിഖിതരൂപത്തിൽ നിന്ന് വ്യത്യസ്തമായിരിക്കാം ചലച്ചിത്രരൂപം. ആദ്യകാല തിരക്കഥകൾക്ക് സംഘടിതമായ രൂപമുണ്ടായിരുന്നില്ല. സീനുകളുടെ വെറും വിവരണം മാത്രമായിരുന്നു അവ. പടിപടിയായി, ചലച്ചിത്രമാധ്യമത്തിന്റെ രൂപപരിണാമത്തോടൊപ്പം തിരക്കഥയുടെ ഘടനയിലും മാറ്റങ്ങൾ വന്നു. വിശദമായ തിരക്കഥയെന്ന സങ്കല്പം കൊണ്ടുവന്നത് തോമസ്. എച്ച്. ഇൻസ് ആണ്. സ്വതന്ത്രമായ അസ്തിത്വം അവകാശപ്പെടാനാവാത്ത തിരക്കഥയെ സാഹിത്യമായി പരിഗണിക്കണോ എന്ന കാര്യത്തിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. തിരക്കഥ സിനിമയുടെ ബ്ലൂപ്രിന്റാണ്, സിനിമയാണ് പ്രധാനം. തിരക്കഥ അധികം വായിക്കപ്പെടാത്തതും (സാഹിത്യമാവാത്തതും) അതു കൊണ്ടുതന്നെയാണ്.

സിനിമയുടെ സാഹിത്യരൂപമാണ് തിരക്കഥ. ഇവിടെ സാഹിത്യമെന്നതിന് അടിസ്ഥാനലിഖിത രൂപമെന്നേ അർത്ഥമുള്ളു. സിനിമാസാഹിത്യം രണ്ടുതരത്തിലുണ്ട്. ഒന്ന് തിരക്കഥ. മറ്റൊന്ന് സിനിമയെപ്പറ്റിയുള്ള രചനകൾ. രണ്ടും സിനിമയ്ക്ക് പകരം നില്ക്കുന്നവയല്ല. തിരക്കഥവായിക്കുന്നതും സിനിമ കാണുന്നതും രണ്ടാണ്. എങ്കിലും സിനിമയുടെ രൂപരേഖയറിയാൻ തിരക്കഥ പ്രയോജനപ്പെടും. സിനിമയുടെ സാഹിത്യമാണെങ്കിലും തിരക്കഥയിൽ സാഹിത്യത്തിന്റെ അംശത്തിന് പ്രസക്തിയില്ലെന്നു പല ചലച്ചിത്രകാരന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. നാടകഗ്രന്ഥങ്ങളുടെയത്ര പ്രചാരമില്ലെങ്കിലും തിരക്കഥയും ഗ്രന്ഥരൂപത്തിൽ ഏറെ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. തിരക്കഥയ്ക്ക് സാഹിത്യത്തിന്റെ രൂപഭാവങ്ങളൊന്നും ആവശ്യമില്ലെന്നാണ് അടൂർ ഗോപാലകൃഷ്ണന്റെ അഭിപ്രായം. തിരക്കഥയ്ക്ക് സാഹിത്യാംശം അധികപ്പറ്റാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ഒരു സാഹിത്യകൃതി വായിക്കുമ്പോഴുണ്ടാകുന്ന ആകാംക്ഷയോ അനുഭൂതിയോ സംതൃപ്തിയോ തിരക്കഥാവായനയിൽ നിന്ന് ലഭിക്കണമെന്നില്ല. തിരക്കഥയെന്നത് ചലച്ചിത്രത്തിന്റെ ചിത്രീകരണത്തിനു മുമ്പ് തിരക്കഥാകൃത്ത് ഒരുക്കുന്ന മാർഗ്ഗരേഖയാണ്. എന്നാൽ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന തിരക്കഥകളൊന്നും അത്തരത്തിലുള്ളവയല്ല. സിനിമയിൽ നിന്ന് പിന്നീട് രൂപപ്പെടുത്തുന്ന തിരക്കഥയാണിവയിൽമിക്കതും. യഥാർത്ഥത്തിൽ ഇവയെല്ലാം പോസ്റ്റ് സ്ക്രിപ്റ്റുകളാണ്. ചിത്രം നിർമ്മിച്ചതിനുശേഷം അതിനെ വിവരിച്ച് അവതരിപ്പിക്കുന്ന ദൃശ്യത്തെയും ചിലപ്പോൾ ക്യാമറാ ചലനങ്ങളെയും കുറിച്ചുള്ള ലഘുസൂചനകളുൾക്കൊള്ളുന്ന തിരനാടകങ്ങളാണിവ. ഒരു ഗൈഡ് എന്ന നിലയ്ക്കുള്ള പ്രസക്തിയേ തിരക്കഥയ്ക്കുള്ളൂ. അതിൽക്കവിഞ്ഞ പ്രാധാന്യം അതിനില്ല.

സിനിമയ്ക്കുവേണ്ടി എഴുതുന്ന തിരക്കഥയിൽ സാഹിത്യാംശങ്ങൾക്ക് മുൻതൂക്കം കൂട്ടുന്ന അനുപാതക്രമത്തിൽ സിനിമാംശങ്ങ

ളുടെ മുൻതൂക്കം കുറഞ്ഞുപോകാം. തിരക്കഥ സാഹിത്യകൃതിയെന്ന നിലയിൽ മോശമാണെങ്കിലും ഉത്തമസിനിമയുടെ കരടായി വർത്തിക്കാൻ അതിനു കഴിഞ്ഞേക്കാം. എന്നാൽ മികച്ച സാഹിത്യകൃതിയായി പരിണമിച്ച തിരക്കഥയിൽ നിന്ന് നല്ല ചിത്രം ഉരുത്തിരിച്ചെടുക്കാനുള്ള സാദ്ധ്യത നന്നേ കുറവാണുതാനും എന്ന് അടൂർ ഗോപാലകൃഷ്ണൻ വ്യക്തമാക്കുന്നു. എന്നാൽ മലയാളത്തിൽതന്നെ എം.ടിയുടെയും പി. പത്മരാജന്റെയും സാഹിത്യാംശമുള്ള തിരക്കഥകൾ നല്ല സിനിമകളും ആയിട്ടുണ്ട്. പ്രാഥമികമായിത്തന്നെ സിനിമ കാണാനുള്ളതാണ്; വായിക്കാനുള്ളതല്ല. തിരക്കഥാവായന സിനിമകാണലിന് പകരമാവില്ല.

സാഹിത്യവുമായി തിരക്കഥയ്ക്ക് അത്രയടുത്തബന്ധമില്ല. നോവലിനോ ചെറുകഥയ്ക്കോ ഉള്ളത്ര മാന്യത തിരക്കഥയ്ക്ക് കല്പിച്ചുകൊടുക്കാൻ സാഹിത്യ നിരൂപകന്മാർ വൈമുഖ്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതരസാഹിത്യരൂപങ്ങളുമായി തിരക്കഥയെ താരതമ്യപ്പെടുത്തുന്നത് തന്നെ അർത്ഥശൂന്യമാണെന്നാണ് പി. പത്മരാജന്റെ അഭിപ്രായം. കാരണം, സാഹിത്യം പോലെ തന്നെ കടലാസിൽ വാക്കുകളിലൂടെ എഴുതപ്പെടുന്നു എന്നതിനപ്പുറത്ത്, തിരക്കഥയ്ക്ക് സാഹിത്യവുമായി വലിയ ബന്ധമൊന്നുമില്ല. സിനിമയുടെ ബ്ലൂപ്രിന്റാണ് തിരക്കഥ എന്ന അഭിപ്രായമാണ് അദ്ദേഹത്തിനുമുള്ളത്. ഇതരസാഹിത്യരൂപങ്ങളിൽ നിന്ന് തിരക്കഥയ്ക്കുള്ള പ്രധാന വ്യത്യാസം, തിരക്കഥ എഴുതപ്പെട്ട ശേഷം അതിൽ സംവിധായകന്റെ വക തിരുത്തലുകൾ വരുന്നുണ്ട് എന്നതാണ്. എഴുതപ്പെട്ട വാക്കുകൾ സാഹിത്യത്തിൽ അന്തിമമാണ്. പിന്നീടുള്ള അതിന്റെ വളർച്ചയും വികാസവും എല്ലാം വായനക്കാരന്റെ മനസ്സിലാണ്. തിരക്കഥയിൽ അങ്ങനെയല്ല. ചിത്രീകരിക്കുമ്പോൾ വരുത്തുന്ന മാറ്റത്തിലുപരി എഡിറ്റിങ്ങിലും പലമാറ്റങ്ങളും വരുന്നു. എല്ലാ സാഹിത്യ രൂപത്തിനും മാധ്യമത്തിന്റേതായ പരിമിതികൾ ഏറ്റക്കുറച്ചിലുകളോടെ കാണും. തിരക്കഥാകൃത്തിന്, തെളിഞ്ഞമാധ്യമബോധത്തോടെ ഭാവനയുടെ ആഴവും ഗരിമയുമുള്ള സൃഷ്ടികൾ നടത്താം. മാധ്യമത്തിനുമേൽ വിജയം നേടലാണ് പ്രധാനം. അല്ലെങ്കിൽ തിരക്കഥ വെറും ബ്ലൂപ്രിന്റായി അവശേഷിക്കും.

## പാഠം – ഒരു വടക്കൻ വീരഗാഥ

| | | |
|---|---|---|
| തിരക്കഥ | : | എം.ടി. വാസുദേവൻനായർ |
| ഛായാഗ്രഹണം | : | രാമചന്ദ്രബാബു |
| സംഗീതം | : | ബോംബെ രവി |
| ചിത്രസന്നിവേശം | : | എം.എസ്. മണി |
| കലാസംവിധാനം | : | കൃഷ്ണമൂർത്തി |
| നിർമ്മാണം | : | ഗൃഹലക്ഷ്മി പ്രൊഡക്ഷൻസ്, കോഴിക്കോട് |
| സംവിധാനം | : | ഹരിഹരൻ |

**അഭിനയിച്ചവർ**

| | | |
|---|---|---|
| ചന്തു | : | മമ്മൂട്ടി |
| അരിങ്ങോടർ | : | ക്യാപ്റ്റൻ രാജു |

ആരോമൽ : സുരേഷ് ഗോപി
കണ്ണപ്പൻ : ബാലൻ കെ. നായർ
ആരോമുണ്ണി : സഞ്ജയ്
കണ്ണപ്പുണ്ണി : റഷീദ്
ഉണ്ണിക്കോനാർ : ദേവൻ
ഉണ്ണിച്ചന്ത്രോർ : രാമു
കുഞ്ഞിരാമൻ : ശ്രീരാമൻ
ഉണ്ണിയാർച്ച : മാധവി
കുഞ്ഞുണ്ണൂലി : ചിത്ര
കുഞ്ഞി : ഗീത
കുട്ടിമാണി : രാജലക്ഷ്മി
അമ്മ : സുകുമാരി

**സീൻ 1 – പകൽ**

പുത്തൂരം വീട്. ഇടനാഴി – നിലവറ

പുത്തൂരം വീട്.

പകലാണെങ്കിലും ഇരുട്ട് തങ്ങിനിൽക്കുന്ന ഇടനാഴി.

ഇരുണ്ട ഇടനാഴിയിലൂടെ ഒരു കോൽവിളക്കിന്റെ വെളിച്ചം അടുത്തേക്ക് വരുന്നു. മുന്നിൽ കോൽവിളക്കുമായി നടക്കുന്നത് ആരോമുണ്ണി. അങ്കച്ചമയമണിഞ്ഞിട്ടുണ്ട്. അവന്റെ പിന്നിലായി കണ്ണപ്പുണ്ണി. പത്തൊമ്പത് വയസ്സ് പ്രായം. സമവയസ്ക്കരാണ്.

അവർ പടവുകളിറങ്ങി ഒരു നിലവറയുടെ വാതിൽക്കൽ. ആരോമുണ്ണി നിലവറയുടെ വാതിൽ തുറക്കുന്നു.

ആരോമുണ്ണി അകത്തേയ്ക്ക്. കണ്ണപ്പുണ്ണിയും പിറകെ.

ചെല്ലക്കുടങ്ങളും പെട്ടികളും വെച്ച പുത്തൂരംവീട്ടിലെ നിലവറ. ആരോമുണ്ണിയോട്,

കണ്ണപ്പുണ്ണി : അച്ഛൻ മരിച്ചശേഷം ഈ നിലവറ തുറന്നിട്ടില്ല.

ആരോമുണ്ണി : ഉം. അതും അമ്മ പറഞ്ഞു

അവർ വെളിച്ചത്തിന്റെ സഹായത്തോടെ നടന്നു നോക്കുന്നു.

അവർ പെട്ടെന്ന് കാണുന്നു.

ആരോമുണ്ണി നിശ്ശബ്ദനായി വീർപ്പടക്കുന്നു.

ചുവന്ന പട്ടിട്ട പീഠത്തിന്മേൽ ചുവർചാരി വെച്ച ചോരക്കറ പുരണ്ട, കണയിൽവെച്ച് മുറിഞ്ഞുപോയ ഒരു ചുരിക.

അത് വിറയ്ക്കുന്നുണ്ടോ എന്ന് സംശയം തോന്നും.

ആരോമുണ്ണി : അമ്മാവന്റെ അങ്കച്ചുരിക...!

കണ്ണപ്പുണ്ണി നിശ്ശബ്ദം ശരിവെയ്ക്കുന്നു.

പിന്നെ അവരിരുവരും ചിന്താധീനരാവുന്നു. അതിനുമുമ്പിൽ അവർ നമസ്കരിക്കുന്നു.

ചോരക്കറ പുരണ്ട ചുരിക, ആരോമുണ്ണി വന്ദിച്ച് എടുക്കുന്നു. അതിലെ തുളകൾ നോക്കിക്കൊണ്ട് : ഇരുമ്പാണിക്ക് പകരം മുള യാണി...

കണ്ണപ്പുണ്ണി നോക്കുന്നു: പൊൻകാരംകൊണ്ട് വിളക്കിയാൽ ഒറ്റനോട്ട ത്തിൽ ചതിയറിയില്ല......

വഞ്ചന ഓർമ്മിച്ച് കണ്ണപ്പുണ്ണി കൂടുതൽ അസ്വസ്ഥൻ.

അവർ പീഠത്തിന് മുൻവശത്തെ പെട്ടി തുറക്കുന്നു.

പഴയ തുണിക്കെട്ട്. അല്ല, അത് പുറത്തെടുത്തപ്പോൾ പഴയ കച്ചയാണ്. നിവർത്തി നിവർത്തി നോക്കിയപ്പോൾ ചോരയുടെ നിറം മങ്ങി കറുപ്പായ ഒരിടം. അവിടെ കച്ചയിൽ വൃത്താകൃതിയിൽ കീറൽ.

അത് തൊട്ടു കാണിച്ചുകൊണ്ട്,

കണ്ണപ്പുണ്ണി : കുത്തുവിളക്കിന്റെ തണ്ട് ഇവിടെയാണ് താഴ്ത്തിയത്... കണ്ടില്ലേ?

വികാരഭരിതനായി ആരോമുണ്ണി അതെ എന്ന് തലയാട്ടുന്നു.

അപ്പോൾ നിലവറയിലേക്ക് കുഞ്ചുണ്ണൂലി പതുക്കെ ഇറങ്ങിവരുന്നു.

മദ്ധ്യവയസ്ക.

ആരോമുണ്ണി : നടന്നതെന്തെന്ന് അമ്മാവൻ തന്നെ ഓലയിലെഴുതി വെച്ചിട്ടുണ്ടെന്ന് പറഞ്ഞല്ലോ, അമ്മായി.

കുഞ്ചുണ്ണൂലി സംശയിക്കുന്നു.

അവർ നിലവറയിലേക്ക് കടന്ന് അവിടെ വെച്ച ചിത്രപ്പണികൾ ചെയ്ത പല പെട്ടികളിലൊന്ന് തുറക്കുന്നു. അതിൽ അനേകം ചെമ്പേടുകൾ, ഓലക്കെട്ടുകൾ.

അതിൽനിന്ന് ഒരോലക്കെട്ട് തിരഞ്ഞെടുത്ത് നീട്ടുന്നു.

ആരോമുണ്ണി അത് വാങ്ങുന്നു.

ഓലകൾ മറിക്കുമ്പോൾ അവനോട് ചേർന്നുനിന്ന് കണ്ണപ്പുണ്ണിയും അത് വായിയ്ക്കുന്നു.

അപ്പോൾ വടക്കൻപാട്ടിലെ വരികൾ

എന്തിനവിടം പറയുന്നച്ഛാ...
അരിങ്ങോടർ നീട്ടിയ നീട്ടെനിയ്ക്ക്
എള്ളോളം തന്നേ മുറിഞ്ഞതുള്ളു
മച്ചുനിയൻ ചന്തു ചതിച്ചതാണേ
അങ്കം പിടിച്ച തളർച്ചയോടെ

ചന്തൂന്റെ മടിയിൽ തലയുംവെച്ചു
ആലസ്യത്തോടെ ഞാൻ കണ്ണടച്ചു.
ആ തക്കം കണ്ടവൻ ചന്ത്വല്ലാണെ
കുത്തുവിളക്കിന്റെ തണ്ടെടുത്തു
കച്ചാതെരുപ്പിലും നീട്ടിചന്തു

**സീൻ – 2 – പകൽ**

പുത്തൂരംവീട് – ഒരു മുറി

പരിചയും ചുരികയും തമ്മിലിടയുന്ന ശബ്ദം.

വീട്ടിനകത്ത് വെളിച്ചം കുറഞ്ഞ മുറിയിൽ വലിയ കട്ടിലിൽ കിട ക്കുന്ന വൃദ്ധൻ കണ്ണുതുറന്ന് ചെവിയോർക്കുന്നു.

ആയുധങ്ങളുടെ ശബ്ദം.

ഞെട്ടി എഴുന്നേറ്റിരിക്കുന്ന കണ്ണപ്പച്ചേകവർ. എഴുപതിലേറെ പ്രായം. നരച്ച താടിയും മുടിയും യുവത്വത്തിലെ അഭ്യാസചാതുരികൊണ്ട് അപ്പോഴും മുഴുവൻ അവശതയ്ക്ക് വഴങ്ങിയിട്ടില്ലാത്ത ശരീരം.

കണ്ണപ്പച്ചേകവർ : ആര്!

ഭയപ്പാടോടെ പിറുപിറുത്ത് പിന്നെ വിളിക്കുന്നു : കുഞ്ചുണ്ണൂലി!

അപ്പോഴും കളരിയിൽ നിന്നുള്ള ആയുധങ്ങളിടയുന്ന ശബ്ദം കേൾക്കാം.

വാതില്ക്കലേയ്ക്കു വന്ന കണ്ണപ്പച്ചേകവർ –

കണ്ണപ്പച്ചേകവർ : വയസ്സുകാലത്ത് എന്നെ പരീക്ഷിക്കാനും മാറ്റാനോ മറ്റോ വന്നോ മോളേ?

കുഞ്ചുണ്ണൂലി ധൃതിയിൽ വാതിൽക്കൽ.

കുഞ്ചുണ്ണൂലി : (പറയണോ എന്ന് സംശയിച്ച്) ആരുമില്ല. ആറ്റുംമ ണമ്മേൽ നിന്നു ആരോമുണ്ണി വന്നു. അവനും കണ്ണപ്പുണ്ണിയുംകൂടി...

കണ്ണപ്പച്ചേകവർ : (ഉത്സാഹത്തോടെ) ആ, കളിയ്ക്കട്ടെ... എന്റെ മകൻ ആരോമൽ മരിച്ചതിൽപ്പിന്നെ കേമൻചുരികയുടെ കേളി ഞാൻ കേട്ടിട്ടില്ല.

സഹായിക്കാൻ കൈപിടിക്കാനാഞ്ഞ അവളെ നിസ്സാരമായി തട്ടിമാറ്റി വൃദ്ധൻ നടക്കുന്നു.

കളരിയിൽനിന്ന് ആരോമുണ്ണിയുടെ ശബ്ദത്തിൽ വായ്ത്താരി

"എടുത്ത്വെച്ച് നോക്കി,
എടത്തേത് മാറി അടിവാൾ
വെട്ടി, ഉടൽ ചീന്തി, ഓതിരം
വെട്ടി, എടുത്ത് വെച്ച് നീട്ടി,
എടത്തേത് മാറി ഉടൽ ചീന്തി,

പക്കിൽ തിരിഞ്ഞ് തണ്ടക്കിട്ട്
മൂടി വലിച്ച്, വലപൊറെ
തിരിഞ്ഞ് മാറു പിളർന്ന്
വാൾ ചുറച്ചെടുത്ത് വലപൊറെ
തിരിഞ്ഞ്, എടുത്ത് വെച്ച്
നീട്ടി–"

കാരണവർ കളരിയിലേയ്ക്ക്.

**സീൻ – 3 – പകൽ**

പുത്തൂരംവീട്, കളരി

പൊരിഞ്ഞ് പരിശീലനം നടത്തുന്ന ആരോമുണ്ണിയും കണ്ണപ്പുണ്ണിയും.

വൃദ്ധനും കുഞ്ചുണ്ണൂലിയും കടന്ന് വന്നത് കണ്ടപ്പോൾ അവർ പൊടുന്നനെ നിർത്തുന്നു.

വൃദ്ധന്റെ കാൽക്കൽ മുട്ടുകുത്തി വന്ദിച്ച്–

ആരോമുണ്ണി : ആരോമുണ്ണിയാണ് മുത്തച്ഛാ!

നെറുകയിൽ കൈവെച്ചനുഗ്രഹിക്കുന്നു.

വൃദ്ധൻ അവനെ ഒന്നാകെ വിലയിരുത്തുംപോലെ നോക്കുന്നു അവൻ നിവർന്നു നിന്നപ്പോൾ –

കണ്ണപ്പച്ചേകവർ : ആർച്ചയെവിടെ?

ആരോമുണ്ണി : അമ്മ പുറത്തെ കാവിൽ വിളക്കുവെയ്ക്കുന്നു.

വൃദ്ധൻ പേരക്കുട്ടിയെ വീണ്ടും സൂക്ഷിച്ച് നോക്കുന്നു. അങ്കച്ചമയം ശ്രദ്ധയിൽപെടുന്നു.

നെറ്റിയിലും മാറത്തും കളഭക്കുറിയ്ക്കു പുറമെ രക്തചന്ദനക്കുറി.

വൃദ്ധൻ മരുമകളെ നോക്കുന്നു.

കുഞ്ചുണ്ണൂലി അസ്വസ്ഥതയോടെ മുഖം കുനിയ്ക്കുന്നു. പിന്നെ കണ്ണപ്പുണ്ണിയെ നോക്കുന്നു.

കണ്ണപ്പുണ്ണി കാൽക്കൽ വീണ് ആചാരം ചെയ്യുന്നു.

കണ്ണപ്പച്ചേകവർ : (ഗൗരവത്തിൽ) ചുവന്ന തൊടുകുറിയുടെയും ഈ അങ്കച്ചമയത്തിന്റെയുമൊക്കെ സാരം?

വൃദ്ധൻ ചിന്താധീനനാവുന്നു.

കുട്ടികളോടും കുഞ്ചുണ്ണൂലിയോടുമായി, അരിശം ഒതുക്കിയ സ്വരത്തിൽ –

കണ്ണപ്പച്ചേകവർ : പുത്തൂരം വീട്ടിലും ആറ്റുംമ്മണമ്മേലും ആളി

ല്ലെന്ന ഒറ്റക്കുറവേയുള്ളു. അർത്ഥം വേണ്ടത്രയുണ്ട്. ബാല്യം വിടാത്ത നിങ്ങൾ അങ്കംവെട്ടി കേളിയോ കോപ്പോ നേടിത്തരേണ്ട, ഈ രണ്ടിടത്തും. മനസ്സിലായോ?

കളരിയിലേക്ക് വന്ന, ഉണ്ണിയാർച്ച: ഒരു മൊഴി ചോദിക്കാൻ ഇപ്പോഴും ബാക്കി കിടപ്പുണ്ടല്ലോ അച്ഛാ!

ഉണ്ണിയാർച്ച അച്ഛന്റെ കാൽ തൊട്ട് വന്ദിക്കുന്നു.

കണ്ണപ്പച്ചേകവർ : നിന്റമ്മ പണ്ട് പറഞ്ഞിരുന്നു. പുത്തൂരംവീട്ടിലെ ആണുങ്ങൾക്ക് നേർച്ചക്കോഴിയുടെ ആയുസ്സേ ദൈവങ്ങൾ തരൂ.. അതും സത്യം. (കുട്ടികളോട്) ആരെ തിരഞ്ഞാണ് നിങ്ങളുടെ പോക്ക്!

ഉണ്ണിയാർച്ച :(പകയോടെ, രോഷത്തോടെ) മൊഴിയില്ലാതാങ്ങളയെ ചതിച്ചു കൊന്നല്ലോ ഒരാൾ. കോലത്തിരി നാട്ടിൽ ഇപ്പോഴും പുള യ്ക്കുന്നുണ്ടല്ലോ അയാൾ. അച്ഛാ, നാവിനറപ്പുണ്ട് ആ പേരു പറ യാൻ.'

കണ്ണപ്പച്ചേകവർ മകളെ നോക്കുന്നു.

അച്ഛൻ, മകൾ, പേരക്കുട്ടികൾ, പുത്രഭാര്യ എല്ലാവരും തെല്ലിട നിശ്ശ ബ്ദരാവുന്നു.

ഉണ്ണിയാർച്ച :(രോഷത്തോടെ) അഞ്ഞൂറും മുന്നൂറും പേർ കേൾക്കെ യാണ് വടകര നമ്പ്യാന്മാർ എന്റെ മകൻ ഈ ആരോമുണ്ണിയെ, കാര പ്പറമ്പിൽവെച്ചപമാനിച്ചത്... അമ്മാവനെ കൊന്നതിന് മൊഴി ചോദിച്ചു വാ, എന്നിട്ടു മതി വീര്യംകാട്ടലെന്ന്. അവൻ നിർബന്ധിച്ച പ്പോൾ... ഞാൻ നടന്നതൊക്കെ പറഞ്ഞു.

കണ്ണപ്പുണ്ണി : (പരിഭവം കലർന്ന ഗൗരവത്തിൽ, അമ്മയെയും മുത്ത ച്ഛനെയും നോക്കി) കൊടും ചതിയുടെ കഥ ഇവിടെ മാത്രം ഇന്നോളം ആരും പറഞ്ഞില്ല. വൃദ്ധനെയാണ് കുറ്റപ്പെടുത്തുംപോലെ രണ്ടു യുവാക്കളും കൂടുതലായി നോക്കുന്നത്.

വൃദ്ധൻ ചിന്താഭാരത്തോടെ ഇരിക്കുന്നു.

നിശ്ശബ്ദത.

കണ്ണപ്പുണ്ണി : മച്ചുനൻ ചതിക്കുമെന്ന് അച്ഛൻ സംശയിച്ചപ്പോഴും മുത്തച്ഛൻ നിർബ്ബന്ധിച്ചു, തുണയ്ക്കയാൾതന്നെ പോകണമെന്ന്. അല്ലെ?

കണ്ണപ്പച്ചേകവർ : (വേദനയോടെ) ഉവ്വ്... ഞാൻ മാത്രമല്ല... ഏല്ലാ വരും നിർബ്ബന്ധിച്ചു. (പെട്ടെന്ന് ക്രോധത്തോടെ) എന്നെ ചതിക്കാൻ അവന് മനസ്സ് വരുമെന്ന് ഞാൻ എങ്ങനെ വിശ്വസിക്കും? മടിയിലി രുത്തി ഉരുളച്ചോറ് ഊട്ടി വളർത്തിയ എന്നെ ചതിയ്ക്കാൻ...?

(ഉണ്ണിയാർച്ചയെ നോക്കിക്കൊണ്ടാണ് പറഞ്ഞുതുടങ്ങിയത്. വികാരാ വേശത്താൽ വൃദ്ധൻ വിഷമിക്കുന്നു. വാക്കുകൾ വരുന്നില്ല)

ഉണ്ണിയാർച്ച : എന്റെ സത്യം അച്ഛൻ മറന്നിട്ടില്ലല്ലോ...

(കുഞ്ചുണ്ണൂലിയെ നോക്കി) നാത്തൂനെ, കണ്ണപ്പുണ്ണി ആരോമുണ്ണിക്ക് തുണയായി പോകട്ടെ.

(അച്ഛനോട്) ഇവരെ അനുഗ്രഹിച്ചയയ്ക്കണമച്ഛാ!

കണ്ണപ്പച്ചേകവർ : (അസ്വസ്ഥതയോടെ, ആലോചനയോടെ) കുടിപ്പക തീർത്ത് തീർത്ത് ചേകവരുടെ കുലങ്ങൾ മുഴുവൻ മുടിയണമെന്നാണോ മക്കളേ?

ഉണ്ണിയാർച്ച : ആങ്ങളയുടെ ആത്മാവിന് ഗതികിട്ടിയിട്ടില്ല എന്നച്ഛനറിഞ്ഞുകൂടെ? നിലവറയിൽ മുറിച്ചുരിക ഇപ്പോഴും വിറയ്ക്കുന്നില്ലേ?

വീണ്ടും നിശ്ശബ്ദത അവർക്കിടയിൽ. അത് സത്യമാണെന്ന് കുഞ്ചുണ്ണൂലിയ്ക്കും കണ്ണപ്പൻ ചേകവർക്കുമറിയാം.

ആരോമുണ്ണിയോട് വാദിച്ചിട്ട് ഇനി കാര്യമില്ല എന്ന് ബോധ്യം വന്ന, കണ്ണപ്പച്ചേകവർ –

കണ്ണപ്പച്ചേകവർ : കണ്ണപ്പുണ്ണി എത്രയ്ക്കെത്തുമെന്ന് എനിയ്ക്കറിയാം.

(ആർച്ചയോട്) ഇവനോ? അടവും തൊഴിലും ഉറച്ചു കഴിഞ്ഞോ?

ഉണ്ണിയാർച്ച : ഉവ്വെന്ന് അവനും. ഇല്ലെന്ന് തുളുനാടൻ ഗുരുക്കളും ഞാനും.

കണ്ണപ്പച്ചേകവർ : (എഴുന്നേറ്റ് യുവാക്കളെ നോക്കി) ഉം... കാണട്ടെ. (വൃദ്ധൻ കളരിയിൽ യഥാസ്ഥാനത്തുവെച്ച തന്റെ ചുരികയും പരിചയും ആചാരപ്രകാരം തൊഴുതെടുക്കുന്നു)

കുട്ടികൾ പരസ്പരം അമ്പരപ്പോടെ നോക്കുന്നു.

എന്നിട്ട് അവരോട്,

കണ്ണപ്പച്ചേകവർ : രണ്ടാളും ചേർന്ന് തൊടുത്തോ.

യുവാക്കൾ സംശയിക്കുന്നു.

കണ്ണപ്പച്ചേകവർ : വയസ്സനാണ്, മുത്തശ്ശനാണ് എന്ന് കരുതേണ്ട മക്കളേ... മാറ്റാനാണ് മുമ്പിലെന്ന് വെച്ചുതന്നെ തൊടുത്തോ.

വൃദ്ധന്റെ കണ്ണഞ്ചിപ്പിക്കുന്ന വേഗം യുവാക്കളെ അത്ഭുതപ്പെടുത്തുന്നു.

കുഞ്ചുണ്ണൂലി നോക്കിനിൽക്കുന്നു.

ആദ്യം കണ്ണപ്പുണ്ണി പിൻവാങ്ങുന്നു.

ആരോമുണ്ണിയുടെ പൊരിഞ്ഞ മത്സരം. ഒരു ഘട്ടത്തിൽ അവനും നിർത്തുന്നു. അവൻ സാമാന്യം നന്നായി പൊരുതിയിട്ടുണ്ട്.

വൃദ്ധന്റെ അഭിപ്രായം അറിയാൻ ഉത്കണ്ഠയോടെ നില്ക്കുന്ന ആരോമുണ്ണി.

കണ്ണപ്പച്ചേകവർ : ഉം... പന്തിപ്പഴുത് മൂന്നെണ്ണം ഞാൻ കണ്ടു. അതിലേതിലും തല വീഴാം... വീഴും.

ആരോമുണ്ണി ജാള്യതയോടെ നിൽക്കുന്നു.

കണ്ണപ്പച്ചേകവർ : അങ്കം ജയിക്കാൻ ഇതു പോരല്ലോ, മക്കളേ.

ആരോമുണ്ണി സംശയിക്കുന്നു.

കണ്ണപ്പച്ചേകവർ: (ദൃഢനിശ്ചയത്തോടെ, ആർച്ചയോട്) ചന്തുവിനെ ജയിയ്ക്കാൻ ഇവർക്കാവില്ല.

ഉണ്ണിയാർച്ചയുടെ ദൈന്യം. വൃദ്ധൻ തിരിച്ചു നടക്കുന്നു.

കണ്ണപ്പുണ്ണിയും ആരോമുണ്ണിയും അത് നോക്കി നില്ക്കുന്നു. ഇനി എന്തുചെയ്യണമെന്നറിയാതെ.

ഉണ്ണിയാർച്ച : കൂമ്പും കുലയും നുള്ളിക്കഴിഞ്ഞില്ല പുത്തൂരംവീട്ടിലെന്ന് അവനറിയണമല്ലോ എന്നെങ്കിലുമൊരിക്കൽ.

മുത്തച്ഛൻ ഉണ്ണിയാർച്ചയെ നോക്കുന്നു. പിന്നെ പേരക്കുട്ടികളെ. അവർ അഭ്യർത്ഥനയോടെ, ആവേശത്തോടെ മുത്തച്ഛനെയും.

ഉണ്ണിയാർച്ച : (സംശയിച്ച്) ശിഷ്യരിലാർക്കും കിട്ടാത്ത ഒരടവ് ബാക്കിയില്ലേ അച്ഛാ?

യുവാക്കൾക്ക് പ്രതീക്ഷ

കണ്ണപ്പച്ചേകവർ ആലോചിയ്ക്കുന്നു. ദൃഢനിശ്ചയത്തോടെ മുമ്പിൽ മകൾ.

കണ്ണപ്പച്ചേകവർ : പത്തൊമ്പതാമത്തെ അടവ്.

വൃദ്ധൻ എഴുന്നേൽക്കുന്നു.

കണ്ണപ്പച്ചേകവർ : നോക്കിപ്പഠിച്ചോ. തുടക്കം പുരഞ്ജയം പോലിരിയ്ക്കും. അടവു മാറുമ്പോൾ സൗഭദ്രമാണെന്ന് ശത്രുവിന് തോന്നും. തോന്നണം. അവനെ ജയിക്കാൻ അതുകൊണ്ടേ കഴിയൂ.

ആരോമുണ്ണി വന്ദിച്ച് തയ്യാറെടുക്കുന്നു, വൃദ്ധനും.

വൃദ്ധൻ : അവന്റെ തല കൊയ്യുമ്പോൾ പറഞ്ഞു വെട്ടണം. മുത്തച്ഛൻ അനുഗ്രഹിച്ചുതന്ന അടവാണിതെന്ന് (ക്രൂരമായ സംതൃപ്തിയോടെ ആർച്ചയെ നോക്കിക്കൊണ്ട്) എന്നെങ്കിലുമൊരിയ്ക്കൽ ഇതു ഞാൻ അറിഞ്ഞു കൊടുക്കുമെന്ന് കരുതി കൂടെ കുറെ നടന്നവനാണല്ലോ അവൻ. ചതിയൻ ചന്തു...

പത്തൊമ്പതാമത്തെ അടവ് പരിശീലനം തുടങ്ങുന്നു. വാളും പരിചയും കൂട്ടിമുട്ടുമ്പോൾ

**സീൻ – 4 – പകൽ**

അരിങ്ങോടരുടെ കളരി

ചന്തുവിന്റെ ശബ്ദത്തിൽ ഒരു ധ്യാനശ്ലോകം

സർവ്വതന്ത്ര സ്വരൂപായ
സർവ്വതന്ത്ര സ്വരൂപിണേ

സർവ്വഗായ സമസ്തായ
ശിവായ ഗുരുവെ നമഃ

കോലത്തിരിനാട്ടിൽ കോട്ടപോലെ നിർമ്മിച്ച അരിങ്ങോടരുടെ കളരിയിൽ, പൂത്തറയുടെയും ഗുരുത്തറയുടെയും മധ്യത്തിൽ ഒരു മുച്ചാൺ വടിയുടെ അറ്റംകൊണ്ട് "ഓം ശ്രീ ഗുരുവെ നമഃ" എന്നെഴുതുന്ന ആൾ സാവധാനത്തിൽ എഴുന്നേറ്റു.

ചന്തു. നാല്പത്തിരണ്ട് വയസ്സ്. നര കയറാൻ തുടങ്ങിയിരിയ്ക്കുന്നു.

തിക്തമായ ജീവിതാനുഭവങ്ങൾകൊണ്ട് കർക്കശമായ മുഖഭാവം.

മുച്ചാൺവടിയുടെ മുനഭാഗംകൊണ്ട് ഗുരുത്തറയുടെ മുമ്പിൽ മൂന്നു പ്രാവശ്യം മുനഭാഗം നിലത്തുരസി, പിന്നോക്കം നടന്ന് പ്രവേശനദ്വാരത്തിനടുത്തുനിന്ന് പൂത്തറയെയും ഗുരുത്തറയെയും ധ്യാനിച്ച് തൊഴുത്, മുച്ചാൺവടി അവയുടെ മധ്യത്തിലേയ്ക്കായി എറിയുന്നു.

(ഒരുദിവസത്തെ പരിശീലനമവസാനിപ്പിക്കുന്ന കളരിച്ചടങ്ങാണിത്)

**സീൻ – 5 – പകൽ**

അരിങ്ങോടരുടെ വീട്

പൂമുഖം – മുറ്റം

കളരിവാതിലിനപ്പുറം കുട്ടിമാണി. മധ്യവയസ്ക്ക.

(യുവത്വത്തിൽ 'ഇരുട്ടത്തൊളിമിന്നും കുട്ടിമാണി' എന്ന് പാട്ടുകളിൽ വിശേഷിപ്പിച്ചത് ഇവളെയാണ്)

അസംതൃപ്തമായ ഒരു കുടുംബജീവിതംകൊണ്ട് ചൈതന്യം വാർന്ന മുഖം.

ചന്തു കളരിയിൽനിന്ന് പുറത്തേയ്ക്ക് വരുന്നു. അവൾ നീട്ടിയ പാൽക്കിണ്ടി വാങ്ങി പാൽ കുടിയ്ക്കുമ്പോൾ

കുട്ടിമാണി : പടിപ്പുരയിൽ രണ്ട് ചെറുബാല്യക്കാർ വന്ന് കാത്തുനില്ക്കുന്നു.

അയാൾ ഗൗരവത്തിൽ അവളെ നോക്കി നടക്കുന്നു. പൂമുഖത്തിനു നേർക്ക്.

കുട്ടിമാണി: (കൂടെ നടന്ന്) ചേകവരെ നേരിട്ട് കാണാനാണെന്ന് പറഞ്ഞു.

ചന്തു : ഞാൻ പഠിപ്പിയ്ക്കല് പണ്ടേ നിർത്തിയതാണെന്ന് പറയായിരുന്നില്ലേ!

(നടന്നുനീങ്ങുമ്പോൾ പെട്ടെന്നെന്തോ ഓർത്ത് തിരിഞ്ഞുനിന്ന്)

പഠിയ്ക്കാൻ വന്നവരോ അതോ, എന്നെ പഠിപ്പിക്കാൻ വന്നവരോ?

കുട്ടിമാണി : (വിനീതഭാവത്തിൽ) അറിയില്ല. ചോദിച്ചപ്പോൾ ഊരും പേരുമൊന്നും പറഞ്ഞില്ല.

ചന്തു : ചന്തുച്ചേകവരോട് ഒരു വാൾ പൊരുതിയില്ലെങ്കിൽ കേളിയും കീർത്തിയും തികയലില്ല, ഇപ്പോഴത്തെ ബാല്യക്കാർക്ക്. എനിക്കാരെയും കാണണ്ട പടിപ്പുര വാതിലടച്ചേയ്ക്ക്.

അയാൾ പൂമുഖത്തിരുന്ന് മുറുക്കാൻ വട്ടംകൂട്ടുന്നു.

**സീൻ – 6 – പകൽ**

അരിങ്ങോടരുടെ വീട്

പടിപ്പുര – പൂമുഖം

വാതിലടയ്ക്കാൻ തുടങ്ങുന്ന കുട്ടിമാണിയെ അതിനനുവദിക്കാതെ അകത്തേക്ക് കടക്കുന്ന യുവാക്കൾ.

ആരോമുണ്ണി : (ഉറക്കെ) കാണാനാള് വരുമ്പോൾ വാതിലടച്ചിരിക്കുന്നത് ചേകവന്മാർക്ക് ചേർന്നതല്ല.

ശബ്ദംകേട്ട് ചന്തു നോക്കുന്നു.

അകത്തേക്ക് ഔദ്ധത്യത്തോടെ നടന്നുവരുന്ന യുവാക്കൾ.

ചന്തു : ഉം?

ആരോമുണ്ണി : ഞങ്ങൾ ചന്തുച്ചേകവരുടെ ശിഷ്യത്വം സ്വീകരിക്കാൻ വന്നവരാണ്.

ചന്തു അവരെ വിലയിരുത്തുംപോലെ നോക്കുന്നു.

ചന്തു : ഇവിടെ പഠിപ്പില്ല, വേറെ പതിനേഴ് കളരികളിൽ ശിഷ്യന്മാരുണ്ട്. എവിടെനിന്നു വരുന്നു?

ആരോമുണ്ണിയും കണ്ണപ്പുണ്ണിയും സംശയിക്കുന്നു.

ആരോമുണ്ണി : കറുത്തേനാർ നാട്ടീന്ന്

ചന്തു : എനിക്കറിയാത്ത നാടല്ലല്ലോ. വീടേത് മക്കളേ?

കണ്ണപ്പുണ്ണി : പുത്തൂരംവീട്.

അതുവരത്തെ നിസ്സാരഭാവം മാറി പൊടുന്നനെ സ്തബ്ധനായ ചന്തു ആദ്യം തീക്ഷ്ണമായി നോക്കുന്നു. പിന്നെ സാവധാനം മന്ദഹസിക്കുന്നു.

ചന്തു : (ആലോചനയോടെ) പുത്തൂരംവീട്ടിൽ?

കണ്ണപ്പുണ്ണി : (ഔദ്ധത്യത്തോടെ) ഞാൻ ആരോമൽ ചേകവരുടെ മകൻ... കണ്ണപ്പുണ്ണി.

ചന്തു : (ക്രൂരമായ പരിഹാസത്തിൽ) അമ്മയുടെ പേരു പറയുന്നതാവും എളുപ്പം. ഗ്രഹനില ഒത്തുകണ്ടാൽ, സൗകര്യത്തിലടുത്തുകിട്ടിയ പെൺകിടാങ്ങൾക്ക് ആരോമലുടെ പുത്രയോഗത്തിന് ഭാഗ്യം തെളിഞ്ഞിരുന്നു. പലപ്പോഴും!

കണ്ണപ്പുണ്ണി: (ക്രുദ്ധനായി) വെള്ളയും കരിമ്പടവും വിരിച്ച് എന്റെച്ഛൻ വേട്ടുകൊണ്ടുവന്ന ഭാര്യ ഒരാളേയുള്ളു. എന്റമ്മ കുഞ്ചുണ്ണൂലി.

ചന്തു : ഓ... കുഞ്ചുണ്ണൂലിയുടെ മകൻ... മികവിൽ മികച്ചേരിയിലെ മകന് നിന്നെക്കാൾ അല്പം മൂപ്പും കൂടും... അവന്റെ പേര്?

കണ്ണപ്പുണ്ണി : (വിഷമത്തോടെ) ഉണ്ണിക്കണ്ണൻ.

ചന്തു : (ആരോമുണ്ണിയുടെ നേരെ തിരിഞ്ഞ്) നീയോ?

ആരോമുണ്ണി : മരുമകൻ... ആറ്റുംമണമ്മേൽ കുഞ്ഞിരാമൻ ചേകവന്റെ മകൻ.

ചന്തു : (ചിരിച്ച്) ഉണ്ണിയാർച്ചയുടെ മകനെന്ന് പറയുന്നതാവും എളുപ്പം. (പിന്നെ ശാന്തനായി) മക്കളേ, വലിയ കണ്ണപ്പൻ ചേകവരിൽനിന്ന് പഠിച്ചതിലേറെ ഒരു വിദ്യയും തരാൻ എനിയ്ക്കില്ല... നിങ്ങൾക്ക് മടങ്ങാം. വലിയചേകവരിപ്പോഴും...? (നിർത്തുന്നു)

കണ്ണപ്പുണ്ണി : (അയാളെ തുടരാനനുവദിക്കാതെ കർക്കശനായി) ബന്ധം പുതുക്കാൻ വന്നവരല്ല ഞങ്ങൾ?

ചന്തു : (അസ്വസ്ഥത മറച്ചുകൊണ്ട്) പിന്നെ?

അറിയില്ലേ എന്ന ഭാവത്തിൽ വെല്ലുവിളിയോടെ അവർ നോക്കുന്നു. അവർക്കിടയിൽ നീണ്ട നിശ്ശബ്ദത.

ആരോമുണ്ണി : അമ്മാവനെ ചതിച്ചുകൊന്നതിന് മൊഴി ചോദിക്കാൻ.

ചന്തു അസ്വസ്ഥതയോടെ നോക്കുന്നു. തെല്ലുനേരത്തെ നിശ്ശബ്ദത.

ആരോമുണ്ണി : ഒരുങ്ങിക്കോ ചന്തുച്ചേകവരേ...

ചന്തു അസ്വസ്ഥനാവുന്നു. വീടിന്റെ വാതിൽക്കൽ ഭയന്നു നിൽക്കുന്ന കുട്ടിമാണി. ഭയപ്പാടോടെ അടുക്കളമുറ്റത്ത് നിന്ന് നോക്കുന്ന ദാസിമാർ. അസ്വസ്ഥനായ ചന്തു. പരിഹസിച്ച് വീര്യംകെടുത്തി മടക്കി അയയ്ക്കാനൊരുങ്ങിക്കൊണ്ട്

ചന്തു : ഓ, അമ്മ യാത്രാമൊഴി ഒന്നും പറഞ്ഞില്ലേ?

ആരോമുണ്ണി ക്രുദ്ധനായി നോക്കിനിൽക്കുന്നു.

ചന്തു : അറുകൊല ചെയ്യാൻ മടിക്കാത്ത ചേകവരോട് തൊടുക്കുമ്പോൾ ഉപദേശമൊന്നും? ആരോമലുടെ തുണയ്ക്ക് പോകുമ്പോൾ എനിയ്ക്കും തന്നിരുന്നു ചില ഉപദേശങ്ങൾ; ഉണ്ണിയാർച്ച.

ആരോമുണ്ണി : (വികാരധീനനായി) ഉവ്വ്, നേരിട്ടു വെട്ടിമരിച്ചാൽ അത് വീട്ടേയ്ക്ക് മാനം തന്നെ എന്ന് പറഞ്ഞനുഗ്രഹിച്ചു, എന്റെ പെറ്റമ്മ.

ചന്തു : (നേർത്ത ചിരിയോടെ) അങ്ങിനെ പറയാൻ ഉണ്ണിയാർച്ച ഒരുത്തിയേ ഉള്ളൂ! ചുരികയേക്കാൾ മൂർച്ചയുണ്ട് എന്നും നിന്റെ അമ്മയുടെ നാവിന്.

നടന്നുകൊണ്ട് ചന്തു : വീരാളിപ്പട്ടു വിതാനത്തോടെ ആർത്തുവിളിച്ച് ശവമെടുപ്പിയ്ക്കുമെന്നും പറഞ്ഞുകാണും ഇല്ലേ?

ആരോമുണ്ണി തലതാഴ്ത്തി നിശ്ശബ്ദനാകുന്നു.

ചന്തു : (നെടുവീർപ്പോടെ) അതിലേറെയും പറയും. പാണന് പാട്ടു കെട്ടാൻ വേണ്ട വീരവചനങ്ങൾ എന്നും വരുമല്ലോ അവൾക്ക് നാവിൻതുമ്പത്ത്... (തിരിഞ്ഞുനിന്ന്) എല്ലാ പെണ്ണുങ്ങൾക്കും പകർത്തിപ്പറയാൻ പാകത്തിൽ നിന്റച്ഛനും കിട്ടിയല്ലോ ഒരു തിരുമൊഴി. പെണ്ണായ ഞാനും വിറയ്ക്കുന്നില്ല, ആണായ നിങ്ങൾ വിറയ്ക്കുന്നെന്തേ? പാവം കുഞ്ഞിരാമന്റെ കാലദോഷം!

ആരോമുണ്ണി : (ധിക്കാരത്തോടെ) അങ്കം കഴിഞ്ഞിട്ട് മതി ചന്ത്വമ്മാവാ, അപരാധംപറച്ചിൽ.

അറിയാതെ വായിൽനിന്നു വീണ വാക്ക്. അത് ചന്തുവിനെ അസ്വസ്ഥനാക്കി. അവർക്ക് പുറംതിരിഞ്ഞ് നിന്ന് ശബ്ദമില്ലാതെ ചുണ്ടുകൾ പിറുപിറുത്തു : "ചന്ത്വമ്മാവൻ"

അസ്വസ്ഥത, രോഷം, അകമേ ദുഃഖം. അയാൾ പെട്ടെന്ന് തിരിഞ്ഞ് സ്വരമുയർത്തി.

ചന്തു : ചതിയൻ ചന്തുവിന്റെ കൊടുംക്രൂരതകളെപ്പറ്റി നിങ്ങൾക്കെന്തറിയാം?

ആരോമുണ്ണി : (കനത്ത സ്വരത്തിൽ) ആവശ്യത്തിലേറെ.

ചന്തു : ഇരുമ്പാണി തട്ടി മുളയാണി വെച്ച് പൊൻകാരം കൊണ്ട് ചുരിക വിളക്കാൻ കൊല്ലന് പതിനാറ് പണം കൊടുത്തവൻ ചന്തു. (അടുത്തേക്ക് വന്നുകൊണ്ട് കുറെക്കൂടി സ്വരമുയർത്തി) മാറ്റം ചുരിക ചോദിച്ചപ്പോൾ മറന്നുപോയെന്ന് കളവുപറഞ്ഞവൻ ചന്തു.

അയാളുടെ രോഷം കണ്ട് ചെറുപ്പക്കാർ നടുങ്ങുന്നു.

: മടിയിൽ അങ്കത്തളർച്ചയോടെ കിടക്കുന്ന വീരന്റെ വയറ്റിൽ കുത്തുവിളക്കിന്റെ തണ്ടു താഴ്ത്തി മാറ്റാൻകൂട്ടത്തിലേക്ക് ചാടി രക്ഷപ്പെട്ടവൻ ചന്തു.

(ആക്രോശംപോലെ) കൊടും ചതികൾ! പിന്നെയന്തൊക്കെ പാടി നടക്കുന്നുണ്ട് പാണർ നിങ്ങളുടെ നാട്ടിൽ?

പരസ്പരം നോക്കാതെ നിൽക്കുന്ന ആരോമുണ്ണിയും കണ്ണപ്പുണ്ണിയും. ആരോമുണ്ണി സാവധാനം മുഖമുയർത്തി നോക്കുമ്പോൾ അവരെത്തന്നെ നോക്കി നിൽക്കുന്ന ചന്തു. അയാൾ ശാന്തത വരുത്തുന്നു. പ്രയാസപ്പെട്ട് ഒരു നെടുവീർപ്പോടെ തിരിഞ്ഞു നടക്കുന്നു.

: (നടക്കുമ്പോൾ) നിങ്ങൾ കേട്ടതൊക്കെ ശരിയാണ്. തെറ്റുമാണ്.

(വാതിൽക്കൽ നിൽക്കുന്ന കുട്ടിമാണിയെ കണ്ട് ചന്തു) വെള്ളവിലും ശർക്കരയും പഴവുമെടുക്ക്. ചെന്തെങ്ങിന്റെ ഇളനീരും വെട്ടിക്കൊടുക്ക്. കുട്ടികൾ വിശ്രമിക്കട്ടെ. എന്നിട്ട് മടങ്ങിപ്പോവട്ടെ. ഞാനങ്കത്തിനില്ല.

ധിക്കാരവും പരിഹാസവും കലർന്ന സ്വരത്തിൽ

ആരോമുണ്ണി : പതിനെട്ട് കളരിക്കാശാനായ പടക്കുറുപ്പിനും പേടി?

ചന്തു നെടുവീർപ്പിടുന്നു. അകത്ത് രോഷം ദുഃഖം. അത് ഭീരുത്വ മായി തെറ്റിദ്ധരിച്ച് ഭാണ്ഡത്തിൽ നിന്ന് ചോരക്കറ പുരണ്ട ചുരിക മുന്നിലേയ്ക്കെറിയുന്നു ആരോമുണ്ണി.

ആരോമുണ്ണി : കുത്തുവിളക്കല്ല ഞങ്ങളുടെ ആയുധം. ചേകവർക്ക് പറഞ്ഞ ചുരികയാണ്. മുത്തച്ഛൻ അനുഗ്രഹിച്ചു തന്ന അടവുകളു മുണ്ട്.

ആരോമുണ്ണി ശത്രുവന്ദനം നടത്തുന്നു. മുറിച്ചുരിക വിറച്ചുംകൊണ്ട് നിൽക്കുന്നു.

ചന്തു : പരിഭ്രാന്തിയോടെ പതുക്കെ പതുക്കെ അകത്തേക്ക് പോകു മ്പോൾ പിന്നിൽ ആരോമുണ്ണിയുടെ പരിഹാസം.

ആരോമുണ്ണി : (ഉറക്കെ) ഉറക്കത്തിൽ ചതിച്ചു കൊല്ലാനേ ചന്തുച്ചേ കവർക്ക് അറിയൂ എന്നുണ്ടോ?

ചന്തു പരിഭ്രാന്തിയോടെ നടക്കുന്നു. മുറിച്ചുരിക വിറയ്ക്കുന്നു.

**സീൻ – 7 – പകൽ**

അരിങ്ങോടരുടെ വീട്

നാലുകെട്ടിനകം

നാലുകെട്ടിന്റെ വാതിലടച്ച് വിവശനായി നിൽക്കുന്ന ചന്തു. ആരോ ടെന്നില്ലാതെ

: എന്നെ പരീക്ഷിച്ചത് മതിയായില്ലെ എന്റെ കുലദൈവങ്ങളെ.

അയാൾ നടന്ന് പരിക്ഷീണനായി ഇരിക്കുന്നു. അപ്പോൾ വിളറിയ മുഖവും വിവശതയുമായി കുട്ടിമാണി സമീപത്ത് എത്തുന്നു.

കുട്ടിമാണി : അവരൊന്നും കഴിച്ചില്ല. വിരുന്നുവന്നവരല്ലെന്ന് പറഞ്ഞു.

ചന്തു കേൾക്കുന്നു. പക്ഷേ പ്രതികരിക്കുന്നില്ല.

കുട്ടിമാണി : അവർ... പോകുന്നുമില്ല.

ചന്തു : (നിരാശയോടെ, ഒരാത്മഗതംപോലെ) പോകില്ല. രണ്ടി ലൊന്ന് തീരുമാനമാവാതെ അവർ പോവില്ല. അതാണ് ആ ചോര ത്തിളപ്പിന്റെ പാരമ്പര്യം. (പതുക്കെ പിറുപിറുപ്പുപോലെ) ഒരു മുറിച്ചു രികകൊണ്ട് ആനയെ മയക്കുന്ന അരിങ്ങോടരുടെ തലയറുത്ത ആരോമലുണ്ട് അവരുടെ മനസ്സിൽ....

(വേദനയോടെ) പോവില്ല...

മനസ്സിലാവാത്ത ഭാവത്തിൽ നില്ക്കുന്ന കുട്ടിമാണി.

അയാൾ ശാന്തത കൈവരുത്തി, നിറഞ്ഞ കണ്ണുകളുമായി നിൽക്കുന്ന കുട്ടിമാണിയോട്

: വാ!

അവൾ ചാരുപടിയുടെ ഒരറ്റത്തായി ആജ്ഞയനുസരിയ്ക്കാനെന്ന പോലെ നിൽക്കുന്നു.

അവളെത്തന്നെ, അന്നാദ്യമായി കാണുംപോലെ അയാൾ ചുഴിഞ്ഞു നോക്കുന്നു.

ചന്തു : നീയും എന്നെ വെറുക്കുന്നു. അല്ലെ കുട്ടിമാണീ?

അവൾ ദുഃഖത്തോടെ അയാളുടെ കാൽ തൊടാൻ ഭാവിച്ചപ്പോൾ.

ചന്തു : വേണ്ട, ഇരിയ്ക്ക്. നിനക്കെന്നും വെറുപ്പ്, അല്ലെങ്കിൽ ഭയം

കുട്ടിമാണി: (കരച്ചിലോടെ) അല്ല. എന്നും എന്നോട് ദയ കാണിച്ചി ട്ടേയുള്ളു.

ചന്തു : (ആലോചനയോടെ) ദയ... പതിനെട്ടുകൊല്ലം എന്നെ പരിച രിച്ച നിന്നോട് ദയ... സ്നേഹം തരാൻ കഴിയാത്തതിന് നീയും എന്നോട് പൊറുക്ക്!

അവൾ നിശ്ശബ്ദയാണ്. ഒരു തകർന്ന ദാമ്പത്യബന്ധത്തിന്റെ കയ്പ്പും നിരാശയുമൊക്കെ അവളുടെ നിശ്ശബ്ദതയിലുണ്ട്.

ചന്തു : നിനക്കും എന്നെ അറിയില്ല. ആർക്കും അറിയില്ല.

അവൾ വാക്കുകൾ കിട്ടാതെ അയാളെ നോക്കുന്നു. എന്തെങ്കിലും പറയണമെന്നുണ്ട്. നിഷേധിക്കണമെന്നുണ്ട്; ഒരു മാമൂലിന് വേണ്ടി യെങ്കിലും

ചന്തു : (അവളുടെ പതറിച്ച കണ്ട്) നിന്റെ തെറ്റല്ല. അറിയാൻ ഞാൻ അവസരം തന്നില്ല. ആരെങ്കിലുമൊരാൾ എന്നെ അറിഞ്ഞിരിക്കണം.

കുട്ടിമാണി ദൈന്യഭാവത്തിൽ.

ചന്തു : തള്ളയും തന്തയുമില്ലാത്ത എന്നെ അഞ്ചാം വയസ്സ് തൊട്ട് എടുത്തുവളർത്തി ആളാക്കിയ അമ്മാവനും അനുഗ്രഹിച്ചിരിക്കുന്നു; എന്റെ തലകൊയ്യാൻ.

അസ്വസ്ഥ നിമിഷങ്ങൾക്കുശേഷം (രോഷത്തോടെ, ദുഃഖത്തോടെ)

എല്ലാം മറന്നിരിക്കുമ്പോൾ ഓർമ്മകളുടെ ചിതൽ കുത്തിയ ഓല ക്കെട്ടുകളൊക്കെ പുറത്തിടാൻ, നാശം, ഇന്നീ ഇളമുറക്കാരെന്തിന് വന്നു...?

അയാൾ ഭൂതകാലം അയവിറക്കുംപോലെ...

ചന്തു : അനുഗ്രഹിച്ച് എന്റെ ഗുരു. എന്റെ വളർത്തച്ഛൻ... എന്റെ... എന്റെ...

**സീൻ – 8 – പകൽ**

എളന്തർ മഠം

പടിപ്പുര – മുറ്റം

ഭൂതകാലം.

കുട്ടിയായ ചന്തു. മുതിർന്നവർക്കിടയിൽ പരിഭ്രമിച്ചു നിൽക്കുന്ന എട്ടൊമ്പതു വയസ്സുകാരൻ.

എളന്തളർ മഠം. വാതിലടച്ച് പൂട്ടി കുഞ്ഞാമർ വലിയ ചേകവരെ താക്കോലേൽപ്പിക്കുന്നു. കുഞ്ഞാമർ ശിഷ്യനാണ്. 30 വയസ്സ്.

കണ്ണപ്പച്ചേകവരുടെ കൈപിടിച്ച് പരിഭ്രമിച്ച് നിൽക്കുന്ന കുട്ടി ഇപ്പോൾ കരയുമെന്ന മട്ടിൽ. ഒരു തോർത്ത് മാത്രമാണ് വേഷം. അരഞ്ഞാണച്ചരടിൽ കോർത്തിട്ട വെള്ളിയേലസ്സ്.

എതിരെ വന്ന നാട്ടുകാരൻ കുറുപ്പ് കണ്ണപ്പച്ചേകവരോട്

: പുലകുളിയും അടിയന്തിരങ്ങളും നടത്താൻ ചേകവർ തന്നെ വന്നിട്ടുണ്ടെന്നറിഞ്ഞു. നന്നായി.

കണ്ണപ്പച്ചേകവർ : വേറാരുമില്ലല്ലോ കുറുപ്പാളേ.

ആഗതൻ കുട്ടിയെ നോക്കുമ്പോൾ

കണ്ണപ്പച്ചേകവർ : ഇവനെ അങ്ങോട്ട് കൊണ്ടുപോവ്വാണ്.

നാട്ടുകാരിലൊരാൾ : പെങ്ങള് മരിച്ചപ്പോൾത്തന്നെ അവിടെ നിർത്താമെന്ന് ചേകവർ പറഞ്ഞതാണ്. അളിയൻ സമ്മതിയ്ക്കണ്ടെ?

കുറുപ്പ് : എല്ലാറ്റിനും പിടിവാശി. നിത്യച്ചെലവിന് കഷ്ടിയായിരുന്നു എന്നത് ശരി, എന്നുവെച്ച് മുപ്പത്തിരണ്ട് പണത്തിന് മലയനോട് തൊടുക്കണ്ട വല്ല കാര്യവുമുണ്ടായിരുന്നോ ഇയാൾക്ക്? മരിച്ചുപോയവരെ കുറ്റംപറയാൻ പാടില്ല. എന്നാലും.

കണ്ണപ്പച്ചേകവർ : ഉം... ഒക്കെ കഴിഞ്ഞില്ലേ. എളന്തളർ മഠത്തിലേയ്ക്ക് വാമാക്ഷിയെ കൊടുത്തപ്പഴേ പിഴച്ചു. ഇനി പറഞ്ഞിട്ടെന്താ! ഞങ്ങൾ നടക്കട്ടെ.

കണ്ണപ്പച്ചേകവരും കുഞ്ഞാമറും കുട്ടിയും നടക്കുന്നു. കുട്ടി മടിക്കുന്നു.

കണ്ണപ്പച്ചേകവർ : (ചന്തുവിനോട്) വാ... ഉം. നടക്ക്. വയ്യെങ്കിൽ എടുത്തോ കുഞ്ഞാമറേ.

കുട്ടി മടിക്കുമ്പോൾ കുഞ്ഞാമർ അവനെ എടുത്ത് കഴുത്തിൽ വെയ്ക്കുന്നു. അതവനിഷ്ടമായപോലെ. പുതിയ നാടും സ്ഥലവും കണ്ട് കുഞ്ഞാമറുടെ ചുമലിൽ സവാരിചെയ്യുന്ന ചന്തു.

(ശബ്ദരേഖ): പുത്തൂരം വീട്ടിലേക്ക്. കേളികേട്ട പുത്തൂരം വീട്ടിലേയ്ക്കാണ് യാത്ര. അമ്പാടിക്കോലോത്തെ മേനോൻ മാർക്കും പൊൻവാണിഭക്കാർ ചെട്ടികൾക്കും പണം പലിശയ്ക്ക് കൊടുത്തിരുന്ന പുത്തൂരം വീട്. പുത്തൂരം വീട്ടിലെ കുട്ടിക്കാലം ഓർമ്മിച്ച് അമ്മ കരയാറുണ്ട്. മരുന്നും കഷായവുംകൂടി വാങ്ങാൻ പണമില്ലാതെ എളന്തളർ മഠത്തിലേക്ക് നടതള്ളിയതിന് പിന്നെ അമ്മ ദൈവങ്ങളെ ശപിക്കും.

## സീൻ – 9 – പകൽ

പുത്തൂരംവീട്

പൂമുഖം – മുറ്റം

വലിയ കണ്ണപ്പൻ ചേകവരുടെ കൂടെ പുത്തൂരംവീടിന്റെ പടികടക്കുന്നു, കുട്ടിയായ ചന്തു. താനെത്തപ്പെട്ട അത്ഭുതലോകത്തെ അവൻ അമ്പരപ്പോടെ നോക്കിക്കാണുന്നു. വീടിന്റെ വിവിധ ദൃശ്യങ്ങൾ .

ചന്തുവിന്റെ ശബ്ദം: രണ്ടായിരത്തൊന്ന് പണം ആണ്ടിൽ നാടുവാഴി സമ്മാനം കൊടുക്കുന്ന പതിനാറു കളരി. രാജാവിന് വേണ്ട പടയാളികളെ തിരയാൻ ആദ്യം പടനായകർ വരുന്നത് പുത്തൂരം കളരിയിലാണെന്നും.

അവർ പൂമുഖത്ത്. മുലകുടി പ്രായത്തിലുള്ള ഒരാൺകുട്ടിയുമായി അകത്തുനിന്ന് പൂമുഖത്തേക്ക് വന്ന അമ്മയെ കണ്ടപ്പോൾ ചന്തു പരുങ്ങുന്നു. അമ്മ ചന്തുവിനെ അടുത്തേക്ക് നിർത്താൻ ശ്രമിക്കുമ്പോൾ അവൻ കരയുന്ന ഭാവത്തിൽ.

അവന്റെ തലയിൽ തടവി ഭാര്യയുടെ സമീപത്തേക്ക് നീക്കിക്കൊണ്ട്

കണ്ണപ്പച്ചേകവർ : ഇത് നിന്റെ വീടാണ്, ഇതമ്മായിയല്ലേ?

അയാൾ ഭാര്യയിൽനിന്നും കൈക്കുഞ്ഞായ ഉണ്ണിക്കണ്ണനെ വാങ്ങുന്നു.

കണ്ണപ്പച്ചേകവർ : ഇനി ഉണ്ണിക്കണ്ണാ നിന്നെ കളിപ്പിക്കാനും ഒരാളായി.

അപ്പോൾ അകത്തുനിന്ന് ഒരു ചെല്ലവും കൊണ്ടോടിവന്ന അവന്റെ പ്രായക്കാരനായ ആൺകുട്ടി. അത് പിടിച്ചുപറ്റാൻ കൂടെവന്ന അവനെക്കാൾ ഇളയ പെൺകുട്ടി.

അവൾ : എന്റെയാണ്. എന്റെയാണ്.

അവളും ആൺകുട്ടിയുംകൂടി ചെപ്പിനുവേണ്ടി പിടിവലികൂടുന്നു.

കണ്ണപ്പച്ചേകവർ : ആരോമലേ, അതാർച്ചയ്ക്കു കൊടുക്ക്

അതിലിടയ്ക്ക് ചെപ്പ് താഴെ വീണു... അതിൽനിന്ന് ആറേഴു സ്വർണ്ണ നാണയങ്ങൾ തെറിച്ചുവീണു.

ചന്തു നോക്കിനിൽക്കുന്നു.

ആരോമൽ : എനിക്ക് വിഷുവിന് കൈനീട്ടം തന്നതല്ലേ അച്ഛാ ഇത്?

കണ്ണപ്പച്ചേകവർ : ശരി. നിനക്ക് വേറെ തരാം. അവൾ കുറച്ചുനേരം കളിച്ചോട്ടെ.

അപ്പോഴാണ് കുട്ടികൾ അപരിചിതനായ കുട്ടിയെ കാണുന്നത്. ആരോമലും ആർച്ചയും അവനെ നോക്കുന്നു.

അമ്മായി : ആരോമലേ, നിന്റെ മച്ചുനനാണ്. ഞാൻ പറയാറില്ലേ?

ആരോമർക്ക് കഴുത്തിൽ സ്വർണ്ണമോതിരം, കാതിൽ കടുക്കൻ, കൈത്തണ്ടയിൽ കാപ്പ്, പട്ടുകോണം, പൊന്നരഞ്ഞാൺ.

ഉണ്ണിയാർച്ചയ്ക്കും ആ പ്രായത്തിലെ പെൺകുട്ടികൾക്കുള്ള എല്ലാ ആഭരണങ്ങളും. ആരോമൽ ഒരു വിചിത്രജീവിയെ കാണുന്നതു പോലെ അവനെ നോക്കുന്നു. ചന്തുവിന് ജാള്യത.

ചിതറിയ പൊൻപണം ചെപ്പിലാക്കുന്ന തിരക്കിൽ ഉണ്ണിയാർച്ച അവനെ നോക്കുന്നില്ല. അവനാകട്ടെ ആ കുട്ടിയെത്തന്നെ ശ്രദ്ധിക്കുന്നു. ആരോമൽ പുറത്തേയ്ക്കോടുന്നു. ഉണ്ണിയാർച്ച അകത്തേക്ക്. ചന്തു അവിടെത്തന്നെ സംശയിച്ച് നിൽക്കുന്നു.

കണ്ണപ്പച്ചേകവർ : (ഒറ്റപ്പെട്ട് നിൽക്കുന്ന ചന്തുവിനെ കണ്ട്) ആ, നീയും കുട്ടികളുടെ കൂടെപ്പോയി കളിച്ചോ... ഇത് നിന്റെ വീടുതന്നെയല്ലേ?

കുട്ടിയുടെ സംശയിക്കുന്ന നോട്ടം.

അമ്മ : അകത്തുവാ – തുണക്കാരൻ ഒരാൾകൂടിയുണ്ട് അകത്ത്.

(ചേകവരോട്) ആറ്റും മണമ്മേലെ കുഞ്ഞിരാമൻ

കണ്ണപ്പച്ചേകവർ : ദശമിക്ക് ആരോമലോടൊപ്പം അവനും തുടങ്ങിവെക്കണമെന്ന് പറഞ്ഞിരുന്നു.

(ചന്തുവിനോട്) എഴുത്തും പയറ്റും പഠിച്ച് നീയും കേമനാകണം.

(തലതടവി ഫലിതസ്വരത്തിൽ) വേണ്ടേ?

ചന്തു പതുക്കെ തലയാട്ടി അകത്തേയ്ക്ക്.

**സീൻ – 10 – പകൽ**

പുത്തൂരംവീട് – കളരി

കുട്ടികൾ.

കുഞ്ഞിരാമൻ, ചന്തു, ആരോമൽ, ഉണ്ണിയാർച്ച എന്നിവർക്ക് കണ്ണപ്പച്ചേകവർ പന്തീരാൻ പരിശീലിപ്പിക്കുന്നു.

പശ്ചാത്തലത്തിൽ മറ്റു ശിഷ്യന്മാർ, പല ഘട്ടങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം കൊടുക്കുന്നു.

ശാസ്ത്രീയമായ കളരിയഭ്യാസത്തിന്റെ വിവിധ ദൃശ്യങ്ങൾ. പശ്ചാത്തലത്തിൽ വായ്ത്താരികൾ.

ചന്തുവും കുഞ്ഞിരാമനും തമ്മിൽ പന്തീരാൻ പയറ്റുന്നു.

അതു കണ്ടുവന്ന ആരോമൽ വെല്ലുവിളിയോടെ ചന്തുവിനോട്.

ആരോമൽ: കുഞ്ഞിരാമൻ മാറ്. ഇനി എന്നോട് തൊടുക്ക് മച്ചുനാ.

പിന്നെ ചന്തു ആരോമലോടേറ്റുമുട്ടുന്നു. അമിതമായ ആത്മവിശ്വാസത്തോടെ ആരംഭിച്ച ആരോമലെ ചന്തു പന്തീരാൻ പയറ്റിൽ തേജോ

വധം ചെയ്യുന്നത്, കുഞ്ഞിരാമൻ, ഉണ്ണിയാർച്ച, കണ്ണപ്പച്ചേകവർ എന്നിവർ നോക്കിനില്ക്കുന്നു. പിന്നെ ശിഷ്യരും.

കണ്ണപ്പച്ചേകവർ അവരെ അകറ്റുന്നു.

കണ്ണപ്പച്ചേകവർ: (ആരോമലോട്) വാശി കയറിയപ്പോൾ നിനക്കു പിഴച്ചു.

(പിന്നെ ചന്തുവിനെ അഭിനന്ദനഭാവത്തിൽ ഒന്നു നോക്കുന്നു) ഉം, ഒറ്റയിൽ ഒമ്പതും ഒരുമാസംകൊണ്ട്. മിടുക്കൻ!

അകത്ത് അസൂയയും അമർഷവുമായി അത് പുറത്തുകാട്ടാതെ ആരോമൽ ചിരിക്കാൻ ശ്രമിക്കുന്നു.

ചന്തു അമ്മാവനെ തൊഴുന്നു.

### സീൻ – 11 – പകൽ

പുത്തൂരംവീട് – കുളം

വലിയ കുളത്തിൽ എണ്ണ പുരട്ടിയ ശരീരത്തിൽനിന്ന് മെഴുക്കിളക്കി കുളിക്കുകയാണ് ആരോമലും കുഞ്ഞിരാമനും.

കുളക്കടവിലെത്തിയ ചന്തു തന്റെ പേർകേട്ട് പെട്ടെന്ന് നിൽക്കുന്നു. കേൾക്കാതിരിക്കാൻ വയ്യാത്തത്ര അടുത്തായിപ്പോയി.

കുഞ്ഞിരാമൻ : അഷ്ടമിക്കാലത്തും ചന്തു ഇവിടെത്തന്നെ നിൽക്കണതെന്താ?

ആരോമൽ : അവിടെ ആഹാരത്തിനുകൂടി വഴിയില്ലാത്തതുകൊണ്ട് അച്ഛൻ ഇങ്ങോട്ടു കൊണ്ടുപോന്നതല്ലേ? അകത്തും പുറത്തും എത്ര നാള് വെറുതെ ആഹാരം കഴിച്ച് പോകുന്നു. നിന്നോട്ടെ.

ബാലനായ ചന്തുവിന്റെ ജാള്യത

### സീൻ – 12 – പകൽ

പുത്തൂരംവീട് – കളരി

കളരിയിൽ വിളക്കുകൾ കൊളുത്തി തൊഴുന്നു. ചന്തു നനഞ്ഞ തോർത്ത് തറ്റുടുത്തിട്ടുണ്ട്.

ശബ്ദം : "എന്നും ഞാൻ പ്രാർത്ഥിച്ചിരുന്നു. കാവിൽ ഭഗവതി പൊന്നമ്മേ, അങ്കക്കരിനാഗ ദൈവത്താരേ മലയനോട് തോറ്റു മരിച്ച ചേകവന്റെ മകന്റെ പേർ, നാടായ നാടു മുഴുവൻ വാഴ്ത്തുന്ന കാലം വരാൻ എനിക്ക് കർമബലം തരൂ... ആയുധബലം തരൂ."

### സീൻ – 13 – പകൽ

കാവിൽ നട

നാലഞ്ചു നാട്ടുപ്രമാണിമാർ, കണ്ണപ്പച്ചേകവർ, കുഞ്ഞിരാമന്റെ അച്ഛൻ, മികവിൽ മികച്ചേരി കാരണവർ.

അമ്മമാരുടെ കൂടെ പുതുതായി 'ഉടുത്തു' തുടങ്ങിയ എട്ടും പത്തും വയസ്സ് പ്രായമുള്ള പെൺകുട്ടികളുടെ നിര.

പൂജാരി അവർക്ക് തീർത്ഥവും പ്രസാദവും കൊടുക്കുന്നു.

ഒരുവശത്തായി നിൽക്കുന്നു ആൺകുട്ടികൾ. അവരെല്ലാം പട്ടുടുത്ത വരാണ്.

സാധാരണവേഷത്തിൽ നിൽക്കുന്ന ചന്തുവിന്റെ ജാള്യത.

ചന്തു ആൺകുട്ടികളുടെ സംഘത്തിന്റെ അടുത്തേയ്ക്ക് പോണോ എന്നു സംശയിച്ച് നിൽക്കുന്നു.

പെൺകുട്ടികളുടെ സംഘത്തിലേക്ക് അപ്പോൾ പ്രദക്ഷിണംവെച്ചു വന്ന ഉണ്ണിയാർച്ചയും അമ്മായിയും മറ്റൊരു പെൺകുട്ടിയും.

ആഘോഷത്തിൽ പങ്കെടുക്കാത്തപോലെ നില്ക്കുന്ന ഒരു പെൺകുട്ടി (7 വയസ്സ്) അവന്റെ അടുത്തേക്ക്. കൂടെ അമ്മയും.

അപ്പോൾ വന്ന കുഞ്ഞാമർ സ്ത്രീയോട്

: അല്ല... അമ്പാടിക്കാരും വന്നോ? കുഞ്ചുണ്ണൂലീടേം ഇക്കൂട്ടത്തിലാ വായിരുന്നല്ലോ.

സ്ത്രീ: (നേർത്ത പരിഭവത്തിൽ) തിരക്കുള്ളവർ ആദ്യം കഴിക്കട്ടെ.

(ചന്തുവിനെ കണ്ട്) നിന്നെ ഒഴിവാക്കിയിരിക്കയാണോ ചന്തു?

ചന്തു ജാള്യതയോടെ.

പശ്ചാത്തലത്തിൽ ഓരോരുത്തരെയായി നടയ്ക്കുനേരെ നിർത്തി.

ഒരാൺകുട്ടിയെക്കൊണ്ട് താലി കെട്ടിയ്ക്കുന്നു.

ആരോമൽ ഒരു പെൺകുട്ടിക്ക് താലി കെട്ടുന്നത് നോക്കി ജിജ്ഞാ സയൊതുക്കാനാവാതെ

പെൺകുട്ടി : ആ കുട്ടി ഏതാ അമ്മേ? (കുഞ്ഞുണ്ണൂലി)

സ്ത്രീ: തുമ്പോലാർച്ച മികവിൽ മികച്ചേരിയിലെ.

ചന്തു ശ്രദ്ധിക്കുന്നു.

ആൺകുട്ടികളുടെ സംഘത്തിൽ കുഞ്ഞിരാമൻ ഊഴം കാത്ത് നിൽക്കുന്നു.

തുമ്പോലാർച്ചയെക്കൊണ്ട് പൂജാരിക്ക് ദക്ഷിണയും ആരോമർക്ക് വെറ്റിലടയ്ക്കയും കൊടുപ്പിക്കുന്നു രക്ഷിതാക്കൾ.

(പഴയ കെട്ടുകല്ല്യാണത്തിന്റെ ലഘുവായ ചടങ്ങ്)

അടുത്തത്, നടയ്ക്കലേയ്ക്ക് നീക്കി നിർത്തുന്നത് ഉണ്ണിയാർച്ചയെ യാണ്. ഏഴു വയസ്സിലും അവൾ തിളങ്ങുന്നു.

പ്രതീക്ഷയോടെ നിൽക്കുന്ന കുഞ്ഞിരാമൻ.

കണ്ണപ്പച്ചേകവർ : എവിടെ അവൻ? ചന്തു!

കുഞ്ഞിരാമന്റെ നിരാശ.

കുഞ്ഞാമർ ചന്തുവിന് ഒരു പട്ടുമുണ്ട് കൊടുക്കുന്നു.

കുഞ്ഞാമർ : വേഗം മുണ്ട മാറ്റ്.

ചന്തുവിനെ നടയ്ക്കലേക്ക് കുഞ്ഞാമർ ആനയിക്കുന്നു.

ചന്തു മുതിർന്നവർ പറഞ്ഞതനുസരിച്ച് മഞ്ഞച്ചരടിൽ കോർത്ത ഒരു താലി ഉണ്ണിയാർച്ചയുടെ കഴുത്തിൽ കെട്ടുന്നു.

അമ്മാവനിൽനിന്ന് വാങ്ങിയ ദക്ഷിണ പൂജാരിക്ക്.

അമ്മയിൽനിന്ന് വാങ്ങിയ വെറ്റിലടയ്ക്ക, ഉണ്ണിയാർച്ച ചന്തുവിന് കൊടുക്കുന്നു.

(മിക്കവാറും മുതിരുമ്പോൾ വിവാഹത്തിൽതന്നെ എത്തിച്ചേരുന്ന ഒരു സാമൂഹ്യച്ചടങ്ങ്. കെട്ടുകല്ല്യാണത്തിന് നിൽക്കുമ്പോഴും ആ ധാരണ. ഇളംപ്രായക്കാരുടെ ഉള്ളിലും മധുരമായ ചില അസ്വാസ്ഥ്യ ങ്ങൾ ഉണർത്തിയിരിക്കാം)

കുഞ്ഞിരാമന്റെ അച്ഛൻ : കുഞ്ഞിരാമാ!

അയാൾ മറ്റൊരു പെൺകുട്ടിയെയാണ് അവനായി കരുതി വച്ചിരിക്കുന്നത്.

ചന്തു ഭക്തിപുരസ്സരം അമ്പലനടയ്ക്കൽ തൊഴുതു.

ശബ്ദരേഖ : ദൈവങ്ങൾ എന്റെ പ്രാർത്ഥന ചെവിക്കൊള്ളാൻ തുടങ്ങിയിരിക്കുന്നു. ഞാനുണ്ട് അടുത്ത് എന്ന് അമ്മാവനെ ഓർമ്മിപ്പിച്ചത് ഏതോ ഒരു മഹാശക്തിതന്നെ.

**സീൻ – 14 – പകൽ**

പുത്തൂരം വീട് – കളരി

കണ്ണപ്പച്ചേകവരും യുവാവായ ചന്തുവും തമ്മിൽ മറപിടിച്ച കുന്തപ്പയറ്റ് നടത്തുമ്പോൾ, ആരോമൽ ഉണ്ണിയാർച്ചയ്ക്ക് ഉറുമിയിൽ പരിശീലനം നൽകുന്നു.

കുഞ്ഞാമർ ഇളംമുറക്കാർക്ക് പരിശീലനം.

അകത്തേയ്ക്ക് വന്ന കുഞ്ഞിരാമൻ അത് നോക്കി നിൽക്കുന്നു. പരിശീലനം ഇടയ്ക്ക് നിർത്തി, ആരോമൽ (കുഞ്ഞിരാമനോട്)

: മണ്ഡലം കഴിഞ്ഞ് വരാമെന്ന് പറഞ്ഞ് പോയ ആൾ ഇപ്പോൾ എത്ര മാസമായി?

കുഞ്ഞിരാമൻ : കൊയിലോത്തുകാർ ചാർത്തിത്തന്നത് നല്ല തട്ടൊത്ത പറമ്പ്. ഒരു കളരിയുണ്ടാക്കി അമ്പത്തീരടി. ഇതിനെക്കാൾ കൊറച്ച് വലുത്.

കണ്ണപ്പച്ചേകവരുടെ ശബ്ദം

: തൊഴിലറിയുന്നവർക്ക് പന്തീരടി തന്നെ ധാരാളം.

കണ്ണപ്പച്ചേകവർ : (കുന്തപ്പയറ്റ് മതിയാക്കി അടുത്തേക്ക് വന്ന്) മെയ്യ് കണ്ണാവണം. ആയുധം മനസ്സാവണം. കളരി കെട്ടുന്ന തിരക്കിൽ പഠിച്ചതൊക്കെ തട്ടിൻപുറത്ത്, അല്ലെ കുഞ്ഞിരാമാ?

കുഞ്ഞിരാമന്റെ ജാള്യത.

ചന്തു, മറപിടിച്ച കുന്തപ്പയറ്റിൽ തനിയ്ക്കു പറ്റിയ പിഴവുകൾ തിരുത്താൻ സ്വയം നിന്ന് ശ്രമിക്കുന്നത് നോക്കിക്കൊണ്ട് മകനോട്

കണ്ണപ്പച്ചേകവർ : നോക്ക്... അവനെ നോക്ക്

ആരോമൽ : എന്താ വിശേഷം?

കണ്ണപ്പച്ചേകവർ : നിനക്കൊക്കെ ഇനിയും ആയുധം കൈയ്യിലൊരു ഏച്ചുകൂട്ടലാണ്... അവനത് മനസ്സിന്റേതാണ്. അത്രേയുള്ളു വ്യത്യാസം.

കാരണവർ നടക്കുന്നു. മറ്റിടങ്ങളിലെ പരിശീലനം നോക്കുവാൻ

ഉണ്ണിയാർച്ച ചന്തുവിന്റെ അടുത്തേക്ക്

കുഞ്ഞിരാമൻ : ആരോമലേ, കളരി ഇപ്പോൾ ആറായി. ചുവടു മാറ്റം കഴിഞ്ഞാൽ മൂന്നെണ്ണത്തിൽ താൻ പഠിപ്പിക്കാൻ തുടങ്ങിക്കോ... താനാണെന്നറിഞ്ഞാൽ തെക്കുനിന്നും വടക്കുനിന്നും കുട്ടികൾ വരും. ദേശപ്പണം മാത്രം മതി ഞങ്ങൾക്ക്. ദക്ഷിണ തനിയ്ക്ക് സ്വന്തം.

ചന്തു ഉണ്ണിയാർച്ചയ്ക്ക് ചുരികപ്പയറ്റിന്റെ പാഠങ്ങൾ തുടങ്ങുന്നത് കുഞ്ഞിരാമൻ നോക്കിനിൽക്കുന്നു.

കയ്യും നിലയും വ്യത്യാസപ്പെടുത്താൻവേണ്ടി പലപ്പോഴും ചന്തു അവളെ സ്പർശിക്കുന്നുണ്ട്. വേണമെന്ന് വെച്ചല്ല. അപ്പുറത്ത് കുഞ്ഞിരാമനും ആരോമലും തന്നെ ശ്രദ്ധിക്കുന്നുണ്ടെന്നറിയാം.

കുഞ്ഞിരാമൻ : അങ്കത്തിന് ഗുരുക്കൾക്ക് തുണപോകുന്നത് ചന്തു അല്ലേ?

ആരോമൽ : (താല്പര്യമില്ലാതെ) ചിലപ്പോൾ.

കുഞ്ഞിരാമൻ : പ്രധാന ശിഷ്യസ്ഥാനം ഇപ്പോൾ മരുമകനെ ഏല്പിച്ച് കഴിഞ്ഞോ?

ആരോമൽ : (അരിശത്തിൽ) ആരു പറഞ്ഞു?

കുഞ്ഞിരാമൻ : വാരിക്കോരി വാഴ്ത്തുമൊഴികൾ... അതും അര നല്ല വാക്കുപറയാത്ത നിന്റെ അച്ഛനിൽനിന്ന്!

പെങ്ങളും ചന്തുവും തമ്മിലുള്ള പരിശീലനം അയാൾ നോക്കി നിൽക്കുന്നു.

ആരോമൽ : ആരാണ് മുമ്പിലെന്ന് കാഴ്ചക്കാർ പറയട്ടെ. അഭ്യാസക്കാഴ്ച വരുന്നുണ്ടല്ലോ.

കുഞ്ഞിരാമൻ : (സ്വരം താഴ്ത്തി) ഒരു മത്സരപ്പയറ്റ്. ചന്തുവും നീയും. ജയിക്കുന്ന ആൾക്ക് ആയിരത്തൊന്ന് പണത്തൂക്കം നാഗ മാല എന്റെ വക. ഗുരുക്കളറിയണ്ട.

ചന്തു പരിശീലനത്തിനിടയ്ക്ക് അത് ശ്രദ്ധിക്കുന്നു.

**സീൻ – 15 – പകൽ**

പുത്തൂരം വീടിന്റെ പരിസരം

മാവിന്റെ ചില്ലയിൽ പന്ത്രണ്ടടി ഉയരത്തിൽ കെട്ടിയിട്ട ചുരയ്ക്കാ ത്തോടിൽ ചാടിച്ചവിട്ടി പരിശീലിയ്ക്കുകയാണ് ചന്തു. കയർ വലിച്ച്, വീണ്ടും ഉയർത്തി പരിശീലനം.

ദാസിമാരൊത്ത് പോവുന്ന ഉണ്ണിയാർച്ച, ദൂരെ ചന്തുവിന്റെ പരിശീ ലനം കണ്ട് അടുത്തേയ്ക്ക് വന്ന്

ഉണ്ണിയാർച്ച : എത്ര ചാടുമെന്ന് മറ്റാരും അറിയാതിരിയ്ക്കാനാണോ ഇവിടെ...?

ചന്തു : (നിർത്തി, അവളെ നോക്കി മന്ദഹസിച്ച്) കണ്ടാലും ഒന്നു മില്ല.

ഉണ്ണിയാർച്ച : ആളൊഴിഞ്ഞ സമയം നോക്കി കളരിയിൽ ഒറ്റയ്ക്കു പയറ്റുന്നതും എനിയ്ക്കറിയാം.

ചന്തു : (ചിരിച്ച്) എന്നും മൂന്ന് ചുവട് മുമ്പിലാണല്ലോ കുഞ്ഞാങ്ങ ള... മേലായം കയറണമെന്നില്ല, ഒപ്പമെങ്കിലും എത്തണ്ടേ?

ഉണ്ണിയാർച്ച : ഇപ്പോൾ തന്നെ മുമ്പിലാണ്. എനിയ്ക്കറിയാത്തതു പോലെ!

അവൾ വീട്ടുമുറ്റത്തേയ്ക്ക് പോകാൻ തുടങ്ങിയപ്പോൾ

ചന്തു : നിൽക്ക്!

അവൾ നില്ക്കുന്നു.

ചന്തു രണ്ടടി മുമ്പോട്ടു വെച്ച് അവളുടെ കഴുത്തിൽ നോക്കുന്നു. ആഭരണങ്ങൾക്കിടയിൽ ഒരു മഞ്ഞച്ചരടും താലിയും.

ചന്തു : (ചിരിച്ച്) അതവിടത്തന്നെ ഇല്ലേ എന്നു നോക്കിയാണ്. ഉം, ഇനി പൊയ്ക്കോ.

അവളും ചിരിച്ച്കൊണ്ട് അറിയാതെ, മാറത്തെ ബാല്യസ്മരണയായ ചരടും താലിയും തടവി നോക്കുന്നു.

കളരിയിലേയ്ക്ക് കടക്കുമ്പോൾ തിരിഞ്ഞ് നിന്ന് ചന്തു

: ചുവടു മാറ്റം കഴിയട്ടെ. നമുക്കിതിന്റെ ബലമൊന്നു കൂട്ടണം വേണ്ടേ?

ഉണ്ണിയാർച്ച ലജ്ജിക്കുന്നു.

കളരിയ്ക്കകത്തേക്ക് കടക്കാൻ തുടങ്ങിയ ചന്തു നിൽക്കുന്നു.

ചന്തു : പിന്നെ അഭ്യാസക്കാഴ്ച മത്സരപ്പയറ്റാക്കണമെന്ന് ആങ്ങള യ്ക്കൊരാൾ ഉപദേശം കൊടുത്തിട്ടുണ്ട്.

ഉണ്ണിയാർച്ച : ആര്?

ചന്തു : ആരായാലും, അതിന് ഞാനില്ലെന്ന് പറഞ്ഞേക്ക് നിന്റാങ്ങള യോട്. പേടിച്ചിട്ടല്ല. സ്ഥലവും സമയവും ഒത്തുവരുമ്പോൾ അതും ആവാം, ഇപ്പോഴല്ല.

ചന്തു നടക്കുമ്പോൾ ഉണ്ണിയാർച്ച ചിന്താമഗ്നയായി നിൽക്കുന്നു.

**സീൻ – 16 – പകൽ**

പുത്തൂരം വീട് – മുറ്റം

നാടുവാഴി പല്ലക്കിൽ വന്നിറങ്ങുന്നു. കാരണവരും നാട്ടു മുഖ്യസ്ഥ ന്മാരും ചേർന്നു സ്വീകരിക്കുന്നു.

വിശാലമായ മുറ്റത്ത് അഭ്യാസകാഴ്ചക്ക് ഒരുങ്ങി നിൽക്കുന്ന യുവാ ക്കൾ.

കളരിയിൽ നിന്ന് വലിയ നിലവിളക്കും പട്ടിട്ട പീഠവും, കുഞ്ഞാമറും മറ്റും ചേർന്ന് പൂമുഖത്തിന് താഴെ വെയ്ക്കുന്നു.

കുട്ടികളുടെ മുച്ചാൺ പ്രകടനം.

കുറെ മുതിർന്നവരുടെ പന്തീരാൻ.

കുഞ്ഞാമറും കുഞ്ഞിരാമനും തമ്മിൽ ഒരു പ്രദർശന മത്സരം.

ഇണകളായി ആയുധം കൊടുത്ത് മത്സരം നടത്തിക്കുന്നതും കണ്ണ പ്പച്ചേകവരാണ്.

കണ്ണപ്പച്ചേകവരും ചന്തുവും തമ്മിൽ.

ആരോമൽ നാടുവാഴിയെ വന്ദിച്ച് മുറ്റത്തേക്ക് വന്ന് അച്ഛന്റെ കല്പന കാത്തുനില്ക്കുന്നു.

നാടുവാഴിയോട് ദേശവാഴി അപ്പപ്പോൾ ഓരോരുത്തരെപ്പറ്റി പറഞ്ഞു കൊടുക്കുന്നു.

ആരോമലും ചന്തുവും തമ്മിൽ ചുരികപ്പയറ്റ് തുടങ്ങുന്നു.

പ്രതിയോഗികളുടെ വന്ദനമാണ് ആദ്യം.

പ്രദർശനമത്സരമായാരംഭിച്ച പയറ്റ്, ആരോമൽ ഒരങ്കത്തിന്റെ ആവേ ശത്തിലേയ്ക്ക് ഉയർത്തുന്നു.

തുല്യശക്തിയോടെ യുദ്ധം ചെയ്യുന്ന പ്രതിയോഗികൾ.

കാഴ്ചക്കാരിൽ പലരുടെയും പ്രതികരണങ്ങൾ

കുഞ്ഞിരാമന്റെ ഉത്കണ്ഠ

ഉണ്ണിയാർച്ചയുടെയും അടുത്തുനില്ക്കുന്ന യുവതി (കുഞ്ഞുണ്ണൂലി) യുടെയും താല്പര്യം.

ഉണ്ണിയാർച്ചയ്ക്ക് പിന്നെ പരിഭ്രമം.

പല അങ്കങ്ങളും കണ്ട നാടുവാഴി രസിക്കുന്നു.

അങ്കമുറകൾക്കുനുസരിച്ചല്ലോ മത്സരം മുന്നേറുന്നതെന്നു കണ്ട കണ്ണപ്പച്ചേകവർക്ക് പരിഭ്രമം.

അദ്ദേഹം അവരുടെ മദ്ധ്യത്തിലേക്ക് വന്ന് മാറ്റി നിർത്തുന്നു.

കണ്ണപ്പച്ചേകവർ : അത്രമതി. അങ്കമല്ല, അഭ്യാസക്കാഴ്ചയാണ്. (കുറച്ചുറക്കെ) ആരാ അതാദ്യം മറന്നത്?

ചന്തു നിശ്ശബ്ദനാണ്. അയാളുടെ തോളിൽ ചുരിക വലിഞ്ഞ് നേർത്ത ചുവന്ന രേഖ. അതിൽ ചോര പൊടിയാൻ തുടങ്ങുന്നു.

നാടുവാഴി അടുത്തിരിക്കുന്ന ദേശവാഴിയോട്

നാടുവാഴി : കെടാകെടയാണ്. അല്ലെ?

ദേശവാഴി : കൈകരുത്ത് മരുമകന് കൂടും.

നാടുവാഴി : (അപ്പോൾ അടുത്തേക്ക് വന്ന കണ്ണപ്പച്ചേകവരോട്) ഇപ്പോൾ പുത്തൂരം വീട്ടിൽ ചേകോന്മാർ മൂന്നായി.

അഭിനന്ദനം ഒരുക്കത്തോടെ സ്വീകരിക്കുന്നു, കണ്ണപ്പച്ചേകവർ.

വന്ദിയ്ക്കാൻ വന്ന ചന്തുവിനോട് –

നാടുവാഴി : ചുവട് കുറച്ചുകൂടി നന്നാവണം. വടിവുകൾ കുറച്ചു കൂടി ഭംഗിയാവാം. നന്നാവാൻ ഇനിയും സമയംണ്ട്.

ചന്തു നിശ്ശബ്ദം തലകുനിയ്ക്കുന്നു.

ആരോമൽ വന്ദിച്ചപ്പോൾ പൊള്ളച്ചിരിയോടെ –

നാടുവാഴി : അച്ഛനേക്കാൾ കേമനാവണം. മെയ്യഴകും മുഖശ്രീയും കണ്ട്നിന്നു പോയി. അടവ് മുഴുവൻ ശ്രദ്ധിച്ചില്ല.

ദേശവാഴി : അത് പുത്തൂരക്കാരുടെ പാരമ്പര്യമല്ലേ? ആണായാലും പെണ്ണായാലും അഴകിന് കുറവു വരില്ല!

നാടുവാഴി കയ്യിലെ പൊൻ മോതിരമൂരി ആരോമലുടെ കൈയ്യിലേയ്ക്കിടുന്നു.

അത് ഭക്തിപൂർവ്വം വാങ്ങുന്നു ആരോമൽ.

ചന്തു മരവിച്ച മനസ്സോടെ അത് നോക്കി നിൽക്കുന്നു.

അയാളെ ആശ്വസിപ്പിക്കാനെന്നോണം ഉണ്ണിയാർച്ച നോക്കി മന്ദഹസിക്കുന്നു.

**സീൻ – 17 – പകൽ**

പുത്തൂരം വീട്

കളരി

ആയുധങ്ങൾ തൊഴുതുവെയ്ക്കാൻ കളരിയ്ക്കകത്തേക്ക് വന്ന ചന്തു. ആരുമില്ലാത്ത സന്ദർഭമായതുകൊണ്ട് തോളിൽ ചുരിക തട്ടിയഭാഗം നോക്കിപ്പോവുന്നു.

പിന്നിലെത്തിയ ആരോമൽ (ചിരിച്ച്)

: മുറിഞ്ഞോ?

ചന്തു : (അരിശം ഉള്ളിലൊതുക്കി) ഉം, സാരമില്ല. മുറ മാറ്റിവെട്ടു മ്പോൾ പറഞ്ഞ് വെട്ടണം.അതാണ് നിയമം.

ആരോമൽ : (നിസ്സാരമായി) തടുക്കാനുമറിയണം.

ചന്തു : ഗുരുക്കളുടെ മകനായതുകൊണ്ട് കള്ളക്കോലാണെന്ന് ആരും പറഞ്ഞില്ല. അമ്മാവനെങ്കിലും കണ്ടിട്ടുണ്ടാവും.

ആരോമൽ : (ധിക്കാരത്തിൽ) ഞാൻ പറഞ്ഞുവെട്ടിയാലും തടു ക്കാനാവില്ല മച്ചുനാ.

ചന്തു : (വെല്ലുവിളിയോടെ) നോക്കണോ... മെയ്യഴകും മുഖശ്രീയും നോക്കിനില്ക്കാൻ ആളില്ലല്ലോ ഇപ്പോൾ വാ...

ആരോമൽ ക്രുദ്ധനാവുന്നു.

ചന്തു : ഉം. വാ...

ചന്തു വാൾ പുറത്തെടുക്കുന്നു. മത്സരപ്പയറ്റിനായി പ്രതിയോഗിയെ വന്ദിക്കുന്ന അടവിൽ.

ആരോമൽ ചുരികയുടെ പിടിയിൽ കൈവെച്ച് വെല്ലുവിളിയോടെ നോക്കുന്നു.

പ്രതിയോഗികളെപ്പോലെ അങ്കത്തിന് ഒരുങ്ങി നിൽക്കുന്ന അവരുടെ ക്രോധം തുടിക്കുന്ന കണ്ണുകൾ ഇടയുന്നു.

വലിയ ചേകവരുടെ ശബ്ദം

: ചന്തൂ...

വലിയ ചേകവർ നോക്കി നില്ക്കുന്നു

: അരുത്.

രണ്ടുപേരേയും നോക്കി

: ചുരിക താഴ്ത്ത് രണ്ടുപേരും. അങ്കംകൊണ്ടേ കലിയടങ്ങൂ എങ്കിൽ വാ. രണ്ടുപേരും. ബോധക്കേട് ഞാൻ തീർത്തുതരുന്നുണ്ട്.

ചന്തു ശാന്തനാവുന്നു. ഊരിയ ചുരിക കൊണ്ട് ഇടം കൈത്തണ്ട യിൽ ഒരുവരവരച്ച് (ചോര പൊടിയുന്നു) ചുരിക ഉറയിലിടുന്നു.

ആരോമൽ തിരികെ നടക്കുന്നു,

ഒരു നിമിഷം അമ്മാവനും മരുമകനും തമ്മിൽ നോക്കിനില്ക്കുന്നു.

കണ്ണപ്പച്ചേകവർ ആയുധങ്ങൾ തൊഴുതു വെയ്ക്കുന്നു.

ആലോചനയോടെ നോക്കിനില്ക്കുന്ന ചന്തുവെ ശ്രദ്ധിച്ച് ചേകവർ

: ഗ്രഹിതമുണ്ടെന്നു വരുത്തുവാൻ തമ്പുരാക്കന്മാർക്ക് എന്തെങ്കിലു മൊക്കെ പറയണമല്ലോ. കാര്യാക്കണ്ട.

ചന്തു നിശ്ശബ്ദം ശരിവെയ്ക്കുന്നു.

ചേകവർ : നന്നായി. ആരോമലേക്കാൾ തെളിഞ്ഞത് നീയാണ്. എനിയ്ക്ക് തൃപ്തിയായി.

കൃതജ്ഞത, ആശ്വാസം, ആത്മഹർഷം എല്ലാം കൂടി നിറഞ്ഞ കണ്ണുകളോടെ, കാൽക്കൽ മുട്ടുകുത്തി അവൻ വിതുമ്പിക്കൊണ്ട്

: അമ്മാവാ, എനിക്കത് മതി...! ഈ കേട്ടത് മതി.

ഗുരുവും അമ്മാവനുമായ അദ്ദേഹം അവന്റെ ശിരസ്സിൽ കൈവെച്ച നുഗ്രഹിക്കുന്നു.

ആരോമൽ അത് നോക്കി നിൽക്കുന്നു.

## 9(A).3 പാഠസംഗ്രഹം

വടക്കൻ പാട്ടുകഥകളിലെ വീരസാഹസികത്വം നിറഞ്ഞതും മനോഹരങ്ങളുമായ കഥാസന്ദർഭങ്ങൾ കോർത്തിണക്കിയുണ്ടാക്കിയ നിരവധി സിനിമകൾ മലയാളത്തിലുണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ എടുത്തു പറയാവുന്ന ഒരു സിനിമയത്രേ "ഒരു വടക്കൻ വീരഗാഥ." മലയാളികൾക്കു ചിരപരിചിതമായ വടക്കൻ പാട്ടിലെ ചന്തുവിന്റെ കഥ ഈ തിരക്കഥയിൽ പുതിയ അർത്ഥം കൈവരിക്കുന്നു. 'ചതിയൻ ചന്തു' എന്ന് അവമതിക്കപ്പെട്ട് വടക്കൻപാട്ടിലുടനീളം ഖേദം മൗനമാക്കി, ഒരു നീചജന്മം ജീവിച്ചുതീർക്കുന്ന ചന്തുവിന് എം.ടി. വാസുദേവൻനായരിലൂടെ ലഭിച്ച പുനർജന്മമാണ് ഈ തിരക്കഥ. അതുവരെയുണ്ടായിരുന്ന സങ്കല്പങ്ങളെയും വിശ്വാസങ്ങളെയും പാടേ മാറ്റി മറിക്കാൻ പര്യാപ്തമായതും വ്യത്യസ്തവുമായ ഒരു കാഴ്ചപ്പാടിലൂടെയാണ് ഈ സിനിമയ്ക്ക് എം.ടി. തിരക്കഥ രചിച്ചിരിക്കുന്നത്. 'വടക്കൻപാട്ടിലെ കഥാവഴികളിൽ മറഞ്ഞുകിടക്കുന്ന സത്യവും മൗനവും കണ്ടെത്തിയാണ് എം.ടി. ചന്തുവിനെ പുതിയ നായകമിത്താക്കി മാറ്റുന്നത്. തിരക്കഥയിൽ ഇത് മലയാളത്തിന്റെ ക്ലാസ്സിക്കാ'ണെന്നു പറയാം.

പുത്തൂരം വീട്ടിലെ ഇടനാഴി-നിലവറയിലാണ് കഥയുടെ ആരംഭം. ആരോമൽച്ചേകവരുടെ മരണശേഷം തുറക്കാത്ത നിലവറ. ആ നിലവറയിലാണ് അരിങ്ങോടരുടെ തലയറുത്ത മുറിച്ചുരികയും മറ്റും സൂക്ഷിച്ചിരിക്കുന്നത്. കണ്ണപ്പുണ്ണിയും ആരോമുണ്ണിയും നിലവറയിൽ കടന്ന് ആരോമൽച്ചേകവർ ഉപയോഗിച്ചിരുന്ന കച്ചയും മുറിച്ചുരികയും പരിശോധിക്കുന്നു. അവർ പരസ്പരം പഴയകഥകൾ-കേട്ടറിഞ്ഞത്-ഉണ്ണിയാർച്ച പറഞ്ഞുകൊടുത്തകഥകൾ-അയവിറക്കുന്നു. 'പഴയ ഒരു മൊഴി ചോദിക്കാൻ ഇപ്പോഴും ബാക്കി'- ഉണ്ണിയാർച്ചയുടെ നിർദ്ദേശപ്രകാരം അമ്മാവനെ കൊന്ന ചന്തുവിനോടു പകരം ചോദിക്കാൻ കച്ചകെട്ടിയിറങ്ങിയ ആ യുവയോദ്ധാക്കൾ മുത്തച്ഛനായ കണ്ണപ്പച്ചേകവരുടെ അനുഗ്രഹത്തിനും ആശീർവാദത്തിനുമായി എത്തുന്നു. കാര്യങ്ങൾ മനസ്സിലാക്കിയ കണ്ണപ്പച്ചേകവർ അവരെ നിരുത്സാഹപ്പെടുത്തുന്നു. ഇനിയും പുത്തൂരംവീട് കൊല്ലിനും കൊലയ്ക്കും പകരം ചോദിക്കലിനും മുതിരേണ്ടതുണ്ടോ? പക്ഷേ ഉണ്ണിയാർച്ചയുടെ ശപഥം-(എന്നു വേണമെങ്കിൽ

പറയാം)-അത് ഉണ്ണിയാർച്ച ചേകവരെ ഓർമ്മിപ്പിക്കുന്നു. യുവാക്കളുടെ ധൈര്യവും തന്റേടവും ചോരത്തിളപ്പും ആർച്ചയുടെ പിന്തുണയും കൂടിയായപ്പോൾ ചേകവർ സമ്മതം മൂളുന്നു. പക്ഷേ ചന്തുവിനെ തോല്പിക്കാനുള്ള പഠിപ്പും കഴിവും പേരക്കുട്ടികൾക്ക് ഇല്ലെന്ന് ചേകവർ മനസ്സിലാക്കുന്നു. ശിഷ്യരിലാർക്കും കിട്ടാത്ത ഒരടവ്-19-ാമത്തെ അടവ് ഇവർക്ക് പറഞ്ഞുകൊടുത്ത് അച്ഛൻ ഇവരെ അനുഗ്രഹിച്ചയയ്ക്കണമെന്ന് ഉണ്ണിയാർച്ച ആവശ്യപ്പെടുന്നു. 19-ാമത്തെ അടവ് മുത്തച്ഛൻ പേരക്കുട്ടികളെ പരിശീലിപ്പിക്കുന്നു. ഈ അടവിനുവേണ്ടി നടന്നവനാണ് ചന്തുവെന്ന് നീരസത്തോടെ, മകൻ നഷ്ടപ്പെട്ട ഒരു പിതാവിന്റെ വേദനയോടെയും ദുഃഖത്തോടെയും ചേകവർ സ്മരിക്കുന്നു.

അരിങ്ങോടരുടെവീട്. അരിങ്ങോടരുടെ ശിഷ്യനാണ് ഇപ്പോൾ ചന്തു. ചന്തുവിനെ കാണാനായി രണ്ടുയുവാക്കൾ എത്തുന്നു. 18 കളരിയിലെ ആശാനാണ് ചന്തു. പക്ഷേ ഇവിടെ പഠിപ്പില്ലെന്നും അവരെയും പഠിപ്പിക്കാൻ താല്പര്യമില്ലെന്നും പറയാൻ കുട്ടിമാണിയോട് ചന്തുനിർദ്ദേശിക്കുന്നു. യുവാക്കളുടെ നിർബന്ധം. ചന്തുവിനെ കണ്ടേതീരൂ. 'കാണാൻ ആളുകള് വരുമ്പോൾ വാതിലടച്ചിരിക്കുന്നത് ചേകവന്മാർക്ക് ചേർന്നതല്ല' എന്നു പറഞ്ഞ് യുവാക്കൾ അകത്തേയ്ക്കു കയറാൻ ശ്രമിക്കുന്നു. ആര്, എന്ത്, എവിടുന്ന്, എന്തിന്, മാതാപിതാക്കൾ ആര് എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ചോദിച്ച് കാര്യങ്ങൾ മനസ്സിലാക്കുന്ന ചന്തു. 'ഇവർ പഠിയ്ക്കാൻ വന്നവരല്ല; തന്നെ പഠിപ്പിയ്ക്കാൻ വന്നവരാണെന്ന് പറയുന്നു.' 'ബന്ധം പുതുക്കാൻ വന്നവരല്ല, അമ്മാവനെ കൊന്നതിന് പകരം ചോദിയ്ക്കാൻ വന്നവരാണ്. മുത്തച്ഛൻ വേണ്ടവിധത്തിൽ അനുഗ്രഹിച്ചിട്ടുണ്ട്. പോരാത്തതിന് പുതിയ അടവ് പഠിപ്പിച്ചുനല്കിയിട്ടുണ്ട്. ആയുധമെടുക്ക് ചന്തുച്ചേകവരേ' എന്ന യുവാക്കളുടെ അഭ്യർത്ഥന ചന്തുവിനെ പ്രകോപിതനാക്കുന്നു.

ചന്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? നിങ്ങൾ കേട്ട കഥകൾ പകുതി ശരിയും പകുതി തെറ്റുമാണ്. നാട്ടിൽ ചതിയൻ ചന്തുവിനെപ്പറ്റി പലകഥകളും പാണന്മാർ പാടി നടക്കുന്നുണ്ടെന്നറിയാം; ചന്തുവിന്റെ ക്രൂരതകൾ അത് ചന്തു തന്നെ പറയുന്നു. ഇതൊന്നുമല്ല സത്യം. സത്യം മനസ്സിലാക്കാൻ അമ്മാവനായ വളർത്തച്ഛൻ ശ്രമിച്ചില്ല. സ്നേഹിച്ചപെണ്ണും, ചങ്ങാതിയും ശ്രമിച്ചില്ല ചന്തുവിനെ ആരും മനസ്സിലാക്കിയില്ല. എല്ലാവരാലും വെറുക്കപ്പെട്ട്, ചതിയൻ ചന്തു എന്ന ഓമനപ്പേരും നല്കി ചന്തുവിനെ ഒറ്റപ്പെടുത്തി - പലപ്പോഴും പലരും-പലവട്ടം തോല്പിച്ചു. പിന്നെയും ചന്തുവിന്റെ ജീവിതം ബാക്കി. നിങ്ങൾ മടങ്ങിപ്പോകൂ. ചന്തുവിനെ തോല്പിക്കാൻ നിങ്ങൾക്കാവില്ല. അതിനു പഠിപ്പും മികവും നിങ്ങൾക്കായില്ല. മടങ്ങിപ്പോകൂ. അങ്കത്തിന് ഞാനില്ല എന്നു പറഞ്ഞു പിൻവാങ്ങുന്ന ചന്തു. "ഉറക്കത്തിൽ ചതിച്ചുകൊല്ലാനേ ചന്തുചേകവർക്ക് അറിയൂ എന്നുണ്ടോ" എന്ന ചോദ്യത്തിനു മുമ്പിൽ പരിഭ്രാന്തനാകുന്ന ചന്തു. എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുന്നു. നാലുകെട്ടടച്ച് അസ്വസ്ഥനായി നില്ക്കുന്ന ചന്തു. അമ്മാവനും ആർച്ചയും അനുഗ്രഹിച്ചുവിട്ടിരിക്കുന്നു!

യുവാക്കൾ അവിടം വിട്ട് പോയിട്ടില്ലെന്നും, അവർ വിരുന്നു വന്നവരല്ലെന്നും കുട്ടിമാണി ചന്തുവിനെ അറിയിക്കുന്നു. 'അവർ പോവില്ല; രണ്ടിലൊന്ന് അറിഞ്ഞേപോകൂ! അതാണ് ആ ചോരത്തിളപ്പിന്റെ പാരമ്പര്യം. മാത്രമല്ല മുറിച്ചുരിക ഇപ്പോഴും ഇരുന്ന് തിളയ്ക്കുന്നത് അവരറിയുന്നുണ്ട്.' ഒന്നും മനസ്സിലാകാതെ പകച്ചുനില്ക്കുന്ന കുട്ടിമാണി. കുട്ടിമാണിയും എന്നെവെറുത്തു തുടങ്ങിയോ? ചന്തുവിന്റെ ചോദ്യത്തിന് കുട്ടിമാണി മറുപടി നല്കുന്നുണ്ട്. ചന്തു തന്റെ ഭൂതകാലത്തിന്റെ-ബാല്യകാലത്തിന്റെ കഥ പറയുകയായി. ആരോരുമില്ലാതെ ഇളന്തളർ മഠത്തിൽ ഒറ്റപ്പെട്ടുപോയ തന്നെ അമ്മാവൻ പുത്തൂരംവീട്ടിലേക്ക് കൊണ്ടുവന്ന കഥ, പഠിപ്പിച്ച് മികവുറ്റവനായ ചേകവനാക്കിയകഥ. ആ വളർത്തച്ഛനായ അമ്മാവൻ ഇപ്പോൾ തന്റെ തല കൊയ്യാൻ പേരക്കുട്ടികളെ പുതിയ അടവ് പഠിപ്പിച്ച് അനുഗ്രഹിച്ച് വിട്ടിരിക്കുന്നു.

പിന്നീടുള്ളത് ഭൂതകാലം-കുട്ടികാലത്തെ ജീവിതാനുഭവങ്ങൾ ആരോമലും ചന്തുവും തമ്മിലുള്ള സൗന്ദര്യപ്പിണക്കങ്ങൾ- കുട്ടിക്കളി-ഇന്നവർ വളർന്ന് പക്വതയിലെത്തിയിരിക്കുന്നു. ചന്തുവിനോടുള്ള അസൂയ, അമർഷം-എപ്പോഴും ആരോമൽ പ്രകടിപ്പിക്കാറുണ്ട്. സന്ദർഭം കിട്ടുമ്പോഴെല്ലാം ചന്തുവിനെ ദ്രോഹിക്കുന്നതിനോ പരിഹസിക്കുന്നതിനോ തോല്പിക്കാനോ ആരോമൽ ശ്രമിക്കാറുണ്ട്. കണ്ണപ്പച്ചേകവരുടെ സ്നേഹവും അനുഗ്രഹവും എപ്പോഴും കൂടുതൽ കിട്ടിയിരുന്നത് മിടുക്കനായിരുന്ന ചന്തുവിനാണ്. ഇതിലല്പം അസൂയയും വെറുപ്പും ആരോമലിനുണ്ട്. രണ്ടുപേരും തമ്മിലുള്ള പന്തീരാൻപയറ്റ്-വാശി മൂത്ത് ശത്രുക്കൾ ഏറ്റുമുട്ടുന്നതുപോലെയായി. കണ്ണപ്പച്ചേകവർ ഇടപെട്ട് അവരെ പിന്തിരിപ്പിക്കുന്നു- തുടർന്ന് രണ്ടുപേരും തമ്മിലുള്ള പ്രദർശന മത്സരം- നാടുവാഴി, ദേശവാഴി എന്നിവരുടെ സാന്നിദ്ധ്യത്തിൽ- അവർ ചന്തുവിനെ പ്രകീർത്തിക്കുന്നു. (ഇവിടെ പാഠഭാഗം അവസാനിക്കുന്നു). 'ഒരു വടക്കൻവീരഗാഥ'യുടെ തിരക്കഥ പൂർണ്ണമായും മനസ്സിലാക്കാൻ ബാക്കി ഭാഗം നല്കുന്നു.

ഇളന്തളർ മഠത്തിലേയ്ക്ക് പോകുന്ന ചന്തു. അവിടെ പഴയ വീടുംമറ്റും പുതുക്കിപ്പണിയാൻ തീരുമാനിക്കുന്നു. ചന്ദനക്കട്ടിൽ പണിയാൻ മൂത്താശാരിയെ ഏല്പിക്കുന്നു. ഉണ്ണിയാർച്ചയുമായുള്ള വിവാഹം നടത്തുന്നതിനും തുടർന്ന് ഇളന്തളർ മഠത്തിൽ വസിക്കുന്നതിനും വേണ്ടി- ആഗ്രഹങ്ങൾ മനസ്സിൽ ഒതുക്കി ആ സന്ദർഭത്തിനുവേണ്ടി കാക്കുന്ന ചന്തു.

യാദൃച്ഛികമായി പുത്തൂരംവീട്ടിലെത്തുന്ന ചന്തുവിനെ സ്വീകരിക്കുന്ന വാർത്ത- ആർച്ചയും ആറ്റുംമണമ്മേൽ കുഞ്ഞിരാമനുമായുള്ള വിവാഹവാർത്തയാണ്- അസ്വസ്ഥചിത്തനാകുന്ന ചന്തു- ആരോമലാണ് എല്ലാം തീരുമാനിച്ചുറപ്പിച്ചത്- അമ്മാവനും, അമ്മായിയും ആർച്ചയും ഇതിൽ നിന്നെല്ലാം ഒഴിഞ്ഞുമാറുന്നു. ആരോമലിന്റെ വീറും വാശിയുമാണ് ഇത്തരം ഒരാലോചനയ്ക്ക് കൂട്ടുനില്ക്കേണ്ടി വന്നതെന്നും അമ്മാവൻ അറിയിക്കുന്നു. 'കുട്ടിക്കാലത്ത് കുളിച്ച് താലികെട്ടിയപെണ്ണാണ് ആർച്ചയെന്ന് ചന്തു ആരോമലിനെ അറിയി

ക്കുന്നു. അയാൾ ചന്തുവിനെ പരിഹസിക്കുന്നു. അതെല്ലാം മുതിർന്ന വരുടെ ഒരു വിനോദം. അല്ലാതെന്തു പറയാൻ-നേർ പെങ്ങൾ ഒരാ ളെയുള്ളൂ-നല്ലതുവരട്ടെ എന്നു കരുതി - കുഞ്ഞിരാമന്റെ ജാതകം ചേർന്നു- മാത്രമല്ല ഒറ്റത്തടി, ആവശ്യത്തിലേറെ സ്വത്തും പണവും-' ആരോമൽ പറഞ്ഞുനിർത്തുന്നു. അസ്വസ്ഥതയോടെ ചന്തു ഉണ്ണിയാർച്ചയെ കാണുന്നു. ആർച്ച തന്റെ നിസ്സഹായാവസ്ഥ അറിയിക്കുന്നു. എല്ലാം ആരോമലാങ്ങളയാണ് നിശ്ചയിച്ചതും ഉറപ്പി ച്ചതും- ചന്ത്വാങ്ങളെ ഓർക്കാഞ്ഞിട്ടല്ല- ചന്തു സ്ഥലം വിടുന്നു. ഒരു തോല്വി ഏറ്റുവാങ്ങിയവനെപ്പോലെ.

ഉണ്ണിയാർച്ചയുമായുള്ള വിവാഹം നടന്നില്ലെന്നറിഞ്ഞ നാട്ടുമുഖ്യ സ്ഥൻ കുറുപ്പ്-ഇളന്തളർ മഠത്തിലെത്തിയ ചന്തുവിനെ സമാധാനിപ്പി ക്കുന്നു. പറ്റിയ ഒരു പെൺകുട്ടിയെ നമുക്ക് കണ്ടെത്താമെന്ന് അറിയി ക്കുന്നു. അവർ ആലത്തൂരപ്പന്റെ വീട്ടിലെത്തുന്നു-കാര്യങ്ങൾ പറ ഞ്ഞുവന്നപ്പോഴാണ് പുത്തൂരംവീട്ടിൽ നിന്നും 12 ആളുകൾ ആല ത്തൂരപ്പന്റെ മകളെകാണാൻ വരുന്നുണ്ടെന്ന വിവരം ചന്തുവും കുറുപ്പും അറിയുന്നത്-അത് ആരോമലിനു വേണ്ടി-ഉറപ്പിച്ചമട്ടാണ് സംസാരം-മച്ചുനൻ നേരത്തെ വന്നത് നന്നായി എന്ന് ആലത്തൂര പ്പൻ-തുമ്പോലാർച്ചയുടെ ജാതകം ആരോമലിനുചേരില്ല. (പകിടപഠി ക്കാൻ പോയ സമയത്ത് തുമ്പോലാർച്ചയുമായി ആരോമലിനു ചിറ്റം ഉണ്ടായിരുന്നു. തുമ്പോലാർച്ച ഗർഭിണിയാവുകയും ചെയ്തു. ഇക്കാ ര്യമെല്ലാം ചന്തു പിന്നീടാണറിയുന്നത്. ചന്തുവിന്റെ അടുത്ത തോൽവിയാണ് ഇവിടെ കാണുന്നത്. അതിനും കാരണക്കാരൻ ചങ്ങാതി ആരോമൽ തന്നെ).

പുത്തൂരംവീട്ടിലെത്തുന്ന ചന്തുവിന് തുമ്പോലാർച്ചയെ ആലോചിച്ചു കൂടേ എന്ന് ഉണ്ണിയാർച്ച ചോദിക്കുന്നു. തുടർന്ന് ആറ്റുംമണമ്മേൽ തന്റെ ജീവിത പരാജയത്തെപ്പറ്റി പരാതിയും അറിയിക്കുന്നു. കുഞ്ഞിരാമൻ ആഴ്ചയിൽ രണ്ടുദിവസമേ വീട്ടിൽ വരാറുള്ളൂ. ബാക്കി സമയമെല്ലാം കളരിയിലാണ്. ഇളന്തളർ മഠത്തിൽ നിന്നും ആറ്റുംമണമ്മേലേക്ക് അധികം ദൂരമില്ലല്ലോ! പുഴ കടന്നാൽ ആറ്റുംമ ണമ്മേൽ ആയി. ഇടയ്ക്കിടെ ഒന്നു വന്നുകൂടേ. ചന്തുവിനുവേണ്ടി പിൻമുറ്റത്തേയ്ക്കുള്ള വാതിൽ തുറന്ന് ഞാൻ കാത്തിരിക്കും. ഉണ്ണി യാർച്ചയ്ക്ക് ഇപ്പോഴും ചന്തുവിനോട് കൂടുതൽ താല്പര്യം. പുഴ നീന്തി ആറ്റുമണമ്മേൽ എത്തുന്ന ചന്തു ആർച്ചയുടെ മുറിയിലെത്തു ന്നു. യാദൃച്ഛികമെന്നോണം കുഞ്ഞിരാമൻ എത്തുന്നു. സ്വന്തം തടിര ക്ഷിക്കാൻ, അവമാനിതയായ ആർച്ച ചന്തുവിനെ തള്ളിപ്പറയുന്നു. ആളുകളുടെ മുമ്പിൽ അവൾ നല്ലവളാകുന്നു. കോളാമ്പിയെടുത്തു ചന്തുവിന്റെ നേരെ എറിയുന്നു. അപമാനിതനായ ചന്തു സ്ഥലം വിടുന്നു. പുതിയൊരു പേരുമായി. നരാധമൻ. പെൺമോഹിച്ചന്തു! നിറകൊണ്ട പാതിരാനേരത്തു കുമരംപുഴ നീന്തിക്കടന്ന് ഭർത്താവി ല്ലാത്ത നേരം നോക്കി പതിവ്രതയുടെ അറയിൽ കടന്ന ചന്തു പിന്നെ ആരായിരിക്കണം!

ഉണിക്കോനാരും ഉണിച്ചന്ത്രോരും തമ്മിലുള്ള മൂപ്പിളപ്പതർക്കം. അങ്കം വെട്ടി സത്യം കണ്ടുപിടിക്കാൻ രണ്ടുപേരും തയ്യാറാകുന്നു.

അരിങ്ങോടരുടെ സഹായം അഭ്യർത്ഥിച്ച് ഉണിച്ചന്ത്രോർ എത്തുന്നു. ഒഴിവുകഴിവ് പറഞ്ഞു പിന്മാറാൻ അരിങ്ങോടർ ശ്രമിച്ചു. പകരം ചന്തുവിനെ അയയ്ക്കാം. നടന്നില്ല. അവസാനം അരിങ്ങോടർ അങ്കത്തിന് സമ്മതം അറിയിച്ചു. ഈ സമയത്ത് ഉണിക്കോനാർ കണ്ണപ്പച്ചേകവരെ അന്വേഷിച്ച് പുത്തൂരം വിട്ടിലെത്തുന്നു. പക്ഷേ പ്രായാധിക്യം കാരണം ക്ഷണം നിരസിച്ചു. പക്ഷേ ആരോമൽ അങ്കത്തിന് തയ്യാറാകുന്നു. അങ്കക്കിഴിയും മറ്റും കണക്കുപറഞ്ഞ് വാങ്ങുന്ന ആരോമൽ. കണ്ണപ്പച്ചേകവർ ചന്തുവിനെ പുത്തൂരം വീട്ടിലേക്ക് വിളിപ്പിക്കുന്നു. കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നു. ആരോമലിന് സഹായിയായി ചന്തു അങ്കത്തിന് പോകണമെന്നറിയിക്കുന്നു. ധർമ്മസങ്കടത്തിലായ ചന്തു. ഗുരുവിനെ തള്ളാൻ വയ്യ. അമ്മാവന്റെ വാക്കുകൾ ധിക്കരിക്കാനും വയ്യ. ഈ സമയം ഉണ്ണിയാർച്ച ആരോമലിന്റെ സഹായിയായി ചന്ത്വാങ്ങളതന്നെ പോകണമെന്നറിയിക്കുന്നു. ഉണ്ണിയാർച്ചയുടെ വാക്കുകളിൽ അധികം താല്പര്യമില്ലാതിരുന്ന ചന്തുവിനെ ആർച്ച തന്റെ വരുതിയിലെത്തിക്കുന്നു. 'ഈ അങ്കം ജയിച്ചുവന്നാൽ അന്നു മുതൽ ഈ ആർച്ച ചന്ത്വാങ്ങളയുടെ പെണ്ണായിരിക്കും സത്യം സത്യം സത്യം'- ഈ സത്യത്തിൽ വീഴുന്ന പെൺമോഹിയായ ചന്തു, തന്റെ കുട്ടിക്കാലത്തെ ഭാര്യയായ ആർച്ചയ്ക്ക് വാക്കു നല്കുന്നു. ഉത്സാഹഭരിതനായ ചന്തു. അരിങ്ങോടരുടെ അടുത്തെത്തുന്നു. കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തുന്നു. ആരോമലിന്റെ മാറ്റങ്കച്ചേകവർ താനാണെന്ന് ചന്തു അറിയിക്കുന്നു.

അരിങ്ങോടരും ആരോമലും തമ്മിലുള്ള അങ്കം നടക്കുന്നു. ഇടയ്ക്കെപ്പോഴോ ആരോമലിന്റെ ചുരിക മുറിഞ്ഞുവീഴുന്നു. ആയുധം എടുക്കാൻ സമയം ചോദിക്കുന്നു. മാറ്റച്ചുരിക കരുതിയിട്ടില്ല. മച്ചുനൻ ചന്തുവിന്റെ ചുരിക ആവശ്യപ്പെടുന്ന ആരോമൽ. ചന്തു നല്കുന്നില്ല. ഇതിനിടയിൽ മുറിച്ചുരിക എറിഞ്ഞ് അരിങ്ങോടരുടെ കഴുത്തറുക്കുന്നു. അരിങ്ങോടർ മരിച്ചുവീഴുന്നു.

മുറിച്ചുരികയെപ്പറ്റി വാഗ്വാദം. കൊല്ലപ്പണിയിൽ ചതിച്ചു. മുളയാണി വച്ച് ചുരിക തീർത്തു. ഇതെല്ലാം മനഃപുർവ്വം ചന്തു ചെയ്തതാണെന്ന വിശ്വാസത്തിലാണ് ആരോമൽ. രണ്ടുപേരും കയ്യാങ്കളിയിൽ വിളക്കിൽ തട്ടിവീഴുന്ന ആരോമലിന്റെ ദേഹത്തേയ്ക്ക് കുത്തുവിളക്കിന്റെ അഗ്രംതുളച്ചു കയറുന്നു. ചന്തു പരിഭ്രാന്തനാകുന്നു. ബഹളം കേട്ട് ഓടിയെത്തിയവരോട് ചന്തുചതിച്ചതാണെന്ന് ആരോമൽ വിളിച്ചുപറയുന്നു. ആരോമലിന്റെ മരണം. ആളുകൾ ചന്തുവിനെ വളയുന്നു. ചന്തു ഉണിച്ചന്ത്രോരുടെ കുതിരപ്പുറത്ത് കയറി കൊല്ലക്കുടിയിലേക്ക്. സത്യം തിരക്കിയെത്തിയ ചന്തുവിനെ കണ്ട് കൊല്ലപ്പണിക്കൻ ഭയക്കുന്നു. മകൾ സത്യം പറയുന്നു. അരിങ്ങോടരുടെ മകളാണ് ഇരുമ്പാണിയ്ക്കുപകരം മുളയാണിവയ്ക്കാൻ നിർദ്ദേശിച്ചതെന്ന് കേട്ട് ചന്തു അരിങ്ങോടരുടെ വീട്ടിൽ. അവിടെയെത്തിയ ചന്തുവിന് കാണാൻ കഴിഞ്ഞതു തൂങ്ങി നില്ക്കുന്ന കുഞ്ഞിയെ.

ആരോമലിന്റെ ശവത്തിന് ചുറ്റും ഇരുന്നു കരയുന്ന ബന്ധുക്കൾ. പുത്തൂരംവീട്ടിലെത്തുന്ന ചന്തു. നടന്നതെന്തെന്ന് അറിയിക്കാൻ ആർക്കും അതറിയണമെന്നില്ല. എല്ലാവരും വിശ്വസിച്ചുകഴിഞ്ഞു. ആരോമലിനെ കുത്തുവിളക്കു കൊണ്ട് കുത്തി കൊലപ്പെടുത്തിയെ

ന്ന്. ചതിയൻ ചന്തുവിനെ കാണാൻ താല്പര്യമില്ല. എന്റെ കൺവെട്ടത്തിനി കാണുകയുമരുത്. ആർച്ച ചന്തുവിനെ ആട്ടിയിറക്കി. 'ചതിയൻ ചന്തുവിനെ കാണാൻ ഇനി വരുന്നത് പിറക്കാൻ പോകുന്ന എന്റെ മകനായിരിക്കും. അമ്മാവനെ കൊന്ന ചതിയ്ക്ക് പകരം ചോദിക്കും എന്റെ മകൻ സത്യം' ചെയ്യുന്ന ഉണ്ണിയാർച്ച. സ്തബ്ധനായി നില്ക്കുന്ന ചന്തു.

അരിങ്ങോടരുടെ വീട്. കുട്ടിമാണിയെ ഒന്നുകൂടിനോക്കി ചന്തു എഴുന്നേല്ക്കുന്നു. ആരോമൽച്ചേകവരുടെ മകനും മരുമകനും ഭയമാവുന്നു-ഇതുവരെ അവർ പോയിട്ടില്ല. ചന്തുച്ചേകവർ ഭയപ്പെടുന്നത് സ്വന്തം ജീവനെ ഓർത്തിട്ടല്ല. ഈ കുട്ടികളുടെ ആയുസ്സ് താൻ കാരണം ഒടുങ്ങുമോ എന്നതാണ് ഭയത്തിന് കാരണം. കളരിയിൽ വിളക്ക് തെളിഞ്ഞു. ചന്തുവിനെ നേരിടുന്ന കുട്ടികൾ. പരാജയം ഏറ്റുവാങ്ങുന്ന കുട്ടികൾ. അങ്കം നിർത്തി ആയുധം താഴെ വയ്ക്കുന്ന ചന്തു. അങ്കം തീർന്നില്ലെന്നും, മുത്തച്ഛൻ കനിഞ്ഞനുഗ്രഹിച്ച അടവുകൾ ഇനിയും ബാക്കി ഉണ്ടെന്നും യുവാക്കൾ ചന്തുവിനെ അറിയിയ്ക്കുന്നു. ചന്തുവിനെ തോല്പിക്കാൻ നിങ്ങൾക്കാവില്ല. ജീവിതത്തിൽ പലരും പലവട്ടം ചന്തുവിനെ തോല്പിച്ചിട്ടുണ്ട്-അച്ഛൻ, ഗുരുനാഥൻ, പൊന്നിനും പണത്തിനുമൊപ്പിച്ച് സ്നേഹം തൂക്കിനോക്കിയപ്പോൾ മോഹിച്ച പെണ്ണും തോല്പിച്ചു-അവസാനം സത്യം വിശ്വസിക്കാത്ത ചങ്ങാതിയും തോല്പിച്ചു. തോൽവികളേറ്റുവാങ്ങാൻ ചന്തുവിന്റെ ജീവിതം പിന്നെയും ബാക്കി. മടങ്ങിപ്പോ! അങ്കമുറകൊണ്ടും ആയുധബലംകൊണ്ടും ചതിയൻ ചന്തുവിനെ തോല്പിക്കാൻ ആണായിപ്പിറന്നവരിൽ ആരുമില്ല. മടങ്ങിപ്പോ! "ആരോമരുടെ മകനും മരുമകനും നാണംകെട്ട് മടങ്ങാൻ വന്നവരല്ല. കൊല്ലുന്നെങ്കിൽ കൊല്ല്. നേരിട്ട് വെട്ടി മാനത്തോടെ മരിയ്ക്കാൻ ഒരുങ്ങിത്തന്നെയാണ് ഉണ്ണിയാർച്ചയുടെ മകൻ വന്നത്! ചന്തു സ്തബ്ധനാവുന്നു. അവരുടെ യുദ്ധസന്നദ്ധത കണ്ട് ചന്തു അസ്വസ്ഥനായി പുതിയൊരു ആയുധമെടുക്കാനെന്ന പോലെ ഗുരുത്തറയുടെ നേർക്ക്. അയാൾ പ്രാർത്ഥിച്ച് മറ്റൊരായുധമെടുക്കുകയാണെന്ന തോന്നലുണ്ടാക്കുന്നു അവരിൽ. അവരെ നോക്കി ചന്തു മന്ദഹസിക്കുന്നു. നിശ്ശബ്ദം ഗുരുത്തറയുടെ മുമ്പിൽ മുട്ടുകുത്തിയിരുന്നു പ്രാർത്ഥിക്കുന്നു. സാവധാനത്തിൽ ചുരികയെടുത്ത് തന്റെ വയറ്റിൽ കുത്തിയിറക്കുന്നു. എന്നിട്ട് ഇപ്രകാരം കുട്ടികളോട്:-" നിങ്ങൾ തോല്ക്കരുത്, മക്കളെ, തോല്ക്കരുത്. ചതിയൻ ചന്തുവിന്റെ ചരിതം ഇവിടെ കഴിയട്ടെ. പുത്തൂരം വീട്ടിന്റെ കളങ്കം മായ്ച്ച വീരൻ ആരോമുണ്ണിയുടെ ചരിതം ഇവിടെ തുടങ്ങട്ടെ. തന്റെ തലവെട്ടിയെടുത്ത് അമ്മയുടെ കാൽക്കൽ വെച്ച് വണങ്ങണം. നാടുവാഴിയിൽ നിന്ന് പട്ടും വളയും വാങ്ങണം. നിന്റെ പേരും പുകളും മാലോകർ വാഴ്ത്തട്ടെ. എനിക്ക് പിറക്കാതെ പോയ മകനാണ് നീ, ഉണ്ണീ! അവർ നിന്നെ വാഴ്ത്തട്ടെ. മുമ്പോട്ടാഞ്ഞ് ഗുരുത്തറയ്ക്കു മുമ്പിൽ വീഴുമ്പോൾ അയാൾ പതുക്കെ 'ഗുരുവെനമഃ!' എന്നു പറയുന്നു. സിനിമ ഇതോടെ അവസാനിക്കുന്നു.

വാമൊഴിയായി വാർന്നു വീണ ഈ നാടോടി സാഹിത്യത്തിന് അതിന്റേതായ ചാരുതകളുണ്ട്, പ്രാധാന്യമുണ്ട്, പ്രസക്തിയുണ്ട്. അവ

ചരിത്രരേഖകളല്ല. കാലാകാലം അവയിൽ ഗ്രാമീണ ഗായകരുടെ പ്രതിഭ മാറ്റം വരുത്തിയിട്ടുണ്ടാകാം; കൂട്ടിച്ചേർത്തിട്ടുമുണ്ടാകാം.

മച്ചുനൻ ചന്തു വടക്കൻപാട്ടുകളിൽ ഒരു ദുഷ്ടകഥാപാത്രമാണ്. വീരനായകനെ എല്ലാ ഗുണങ്ങളുടെയും ഇരിപ്പിടമായി കാണാനാണ് വടക്കൻപാട്ടുകാർക്ക് താല്പര്യം. അതുപോലെ എതിരാളിയ്ക്കു എല്ലാ ദുർഗുണങ്ങളുടെയും കറുത്തചായം വീണ്ടും വീണ്ടും തേയ്ക്കും. അത്തരം ഒരു കഥാപാത്രമാണ് വടക്കൻപാട്ടിലെ ചതിയൻ ചന്തു. തികച്ചും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിലാണ് എം.ടി. തിരക്കഥയിൽ ചന്തുവിനെ ചിത്രീകരിച്ചിരിക്കുന്നത്. ചന്തു അരിങ്ങോടരിൽ നിന്നും ആയുധവിദ്യപഠിച്ചതായി വടക്കൻ പാട്ടിലില്ല. പക്ഷേ തിരക്കഥയിൽ ചന്തു അരിങ്ങോടരുടെ ശിഷ്യനായി ചേർന്നു എന്ന് എം.ടി. സൂചിപ്പിക്കുന്നു. ഇതിന് അടിസ്ഥാനമില്ലെന്ന് പറഞ്ഞുകൂടാ. കാരണം അമ്മാവനെ കൊന്ന ചന്തുവിനോട് പകരം ചോദിക്കാൻ ആരോമുണ്ണി പുറപ്പെടുമ്പോൾ കണ്ണപ്പച്ചേകവർ ഉപദേശിക്കുന്നുണ്ട്.

> "വെറുതെ മരിപ്പിന് പോണ്ട നിങ്ങൾ
> അമ്മാവന് ശരിയെന്ന അടവുണ്ടല്ലോ
> അരിങ്ങോടർ തന്റെ ചതിയുണ്ടല്ലോ
> മേലായംകൊണ്ട് കുതിച്ചുചാടും
> കള്ളച്ചുതിയേറ്റം അരിങ്ങോടർക്ക്,
> ആ ചതിയൊക്കെ പഠിപ്പിച്ചിട്ടുണ്ട്."

ഒരു ദരിദ്ര കുടുംബത്തിലാണ് ചന്തു പിറന്നത്. ചേകവരിൽ തന്നെ പുത്തൂരം വീട്ടുകാരെപ്പോലെ മഹാധനികരും, ഇളന്തളർ മഠത്തെപ്പോലെ ദരിദ്രരുമുണ്ടായിരുന്നു. പെങ്ങൾ വാമാക്ഷിയെ ഇളന്തളർ മഠത്തിലേക്ക് കൊടുത്തതു തന്നെ തെറ്റായിപ്പോയി എന്ന് വലിയ കണ്ണപ്പച്ചേകവർ ദുഃഖിക്കുന്നുണ്ട്. ആദ്യം അമ്മമരിച്ചു. പിന്നെ ഒരങ്കത്തിൽ അച്ഛനും. അനാഥനായ ചന്തുവിനെ അമ്മാവൻ പുത്തൂരം വീട്ടിലേക്ക് കൊണ്ടുവന്നു, വളർത്തി. മകനും മരുമകനും ഒരുപോലെ അടവും തൊഴിലും പഠിച്ചു, പഠിപ്പിച്ചു. പലിശയ്ക്ക് പണം കടം കൊടുക്കുന്ന പ്രഭുത്വമുണ്ട് പുത്തൂരംവീടിന്. പാരമ്പര്യമായി കിട്ടിയ ധാരാളം സ്വത്തുക്കൾ. അവിടെ ഒരു ദരിദ്രകുടുംബത്തിൽ നിന്ന് വന്ന, പേരില്ലാത്ത ഒരു ചേകവന്റെ മകനായ ചന്തു, തറവാട്ടിലെ കുട്ടി അവജ്ഞയോടെ മാത്രമേ നോക്കൂ. ചന്തുവും ആരോമലും തമ്മിലുള്ള ഉൾപ്പോരുണ്ടാകുന്നത് സ്വാഭാവികം മാത്രം.

പരസ്പരം ഇഷ്ടപ്പെട്ട ഭാവി വധൂവരന്മാർ എന്ന സങ്കല്പത്തിൽ ബാല്യകാലത്ത് നടന്നവരാണ് ചന്തുവും ഉണ്ണിയാർച്ചയും. മുതിർന്നപ്പോൾ, ആങ്ങള നിർബ്ബന്ധിച്ചപ്പോൾ ആർച്ച പ്രേമം മറന്ന് ആറ്റുംമണമ്മേൽ കുഞ്ഞിരാമനെ വിവാഹം ചെയ്തു. ആയാൾക്ക് ധൈര്യം കുറവാണെന്നും ആണത്തം കഷ്ടിയാണെന്നും ഉണ്ണിയാർച്ച പിന്നെ ചന്തുവിനോട് പറയുന്നുണ്ട്.

തറവാട്ടുമഹിമയുടെയും സമ്പന്നതയുടെയും പരിവേഷമാണ് പരമപ്രധാന്യം കല്പിച്ച യുവാവായിരുന്നു ആരോമൽ. ആരോമൽ അങ്കക്കിഴി വെയ്പിക്കുന്ന രംഗം അത് വ്യക്തമാക്കുന്നു. പിണങ്ങിപ്പി

രിഞ്ഞു താമസിക്കുന്ന ചന്തുവിനെ വിളിച്ചുവരുത്തിയത് കാരണവർ കണ്ണപ്പച്ചേകവരാണ്. അയാളെ വിളിക്കുന്നതിനും ആരോമൽ അനുകൂലമല്ല; നേരിടാനും സഹായം ചോദിക്കാനും ജാള്യതയുണ്ട്.

ചന്തുവിന്റെ ജീവിതത്തിൽ ഉണ്ണിയാർച്ചയോടുണ്ടായിരുന്ന പ്രേമം തന്നെയായിരുന്നു തീക്ഷ്ണമായ വൈകാരികാനുഭവം. ഇടയ്ക്കെവിടെയോ പിന്നീട് ആരോമരുടെ ഭാര്യയായ കുഞ്ചുണ്ണൂലിയും ഒര സ്വാസ്ഥ്യമുണ്ടാക്കിയിട്ടുണ്ട്. ചന്തുവിന് കുടുംബബന്ധങ്ങളുടെ സാഹചര്യത്തിൽ ഉണ്ണിയാർച്ചയും കുഞ്ചുണ്ണൂലിയും കഴിഞ്ഞാൽ പിന്നെ കല്യാണക്കാര്യമാലോചിയ്ക്കാവുന്ന യുവതി മികവിൽ മികച്ചേരി തുമ്പോലാർച്ചയായിരുന്നു. അമ്മായിയുടെ ആങ്ങളയുടെ മകൾ അവിടെ ആരോമൽ ഒരു അവിഹിതബന്ധമായി കയറിപ്പറ്റി. പകിടകളി പഠിയ്ക്കാൻ പോയപ്പോൾ തുമ്പോലാർച്ചയുമായി ബന്ധം തുടങ്ങി, അവൾ ഗർഭിണിയായി. അങ്ങനെ ആ ബന്ധവും ചന്തുവിന് എതിരായി. ഉണ്ണിയാർച്ച എന്നും ചന്തുവിന്റെ മോഹവും ദൗർബല്യവുമായിരുന്നു. അല്ലെങ്കിൽ വിവാഹിതയായതിന് ശേഷവും അവൾ ക്ഷണിച്ചപ്പോൾ കുമരംപുഴ നീന്തി പോവില്ലല്ലോ. ഉണ്ണിയാർച്ചയുടെ സത്യം ചെയ്യലിൽ വീണ്ടും തളർന്ന ചന്തു തുണയ്ക്ക് പോകാൻ ഒരുങ്ങിയെങ്കിൽ, അങ്കം ജയിച്ചുവന്ന് ആർച്ചയെ വിവാഹം കഴിച്ച് ജീവിക്കണമെന്ന ആഗ്രഹത്തോടെ തന്നെയാവും.

അരിങ്ങോടർ മകളെയും മരുമകളെയും വിട്ട് മയക്കി ചന്തുവിനെ വീട്ടിനകത്ത് കയറ്റി, ഇരുമ്പാണിയ്ക്ക് പകരം മുളയാണി വെയ്പ്പിക്കാൻ പ്രേരിപ്പിച്ചു എന്നാണ് പാട്ടിൽ, ഇവിടെ എം.ടി. വ്യതിചലിച്ചു. ആ സൂത്രപ്പണിയിൽ ഒരു പെൺബുദ്ധിയുടെ 'ടച്ചാ'ണുള്ളത്. ഉണ്ണിയാർച്ച വീണ്ടും തന്റെ ജീവിതത്തിലേയ്ക്ക് തിരിച്ചുവരുന്നു. അതിന് ആരോമൽ അങ്കം ജയിക്കണം. കരുത്തനായ ഗുരു മരിയ്ക്കുന്നതും അയാൾക്കിഷ്ടമുള്ള കാര്യമല്ല. ഉണ്ണിയാർച്ചയെന്ന അഗ്നിയിലേയ്ക്ക് എന്നും ആകർഷികപ്പെട്ടവനായ ചന്തു ധർമ്മസങ്കടങ്ങളുടെ മധ്യത്തിൽ നില്ക്കെ, അരിങ്ങോടരുടെ മകൾ ചെയ്ത സൂത്രപ്പണിയാണ് ഇതെന്ന് വ്യാഖ്യാനിയ്ക്കാനാണ് എം.ടി. ശ്രമിച്ചിരിക്കുന്നത്.

ഈരഴി വാതിൽ അടച്ച ശേഷം അവിടെ ചിലത് നടന്നിട്ടുണ്ട്. മുറിഞ്ഞ ചുരികയെപ്പറ്റിയുള്ള ആരോപണവും മറുപടിയും എല്ലാം നടന്നിരിക്കണം. ഒരേറ്റുമുട്ടലും നടന്നിരിക്കാം. അതിൽ ആരോമലിന് മാരകമായി മുറിവേറ്റിരിയ്ക്കും. ഉണ്ണിയാർച്ചയുടെ വാഗ്ദാനം ഒരു തീക്ഷ്ണമായ വികാരമായി കൊണ്ടുനടക്കുന്ന സത്യവും ആ ഏറ്റുമുട്ടലിന് തന്റെ ന്യായമായി ചന്തുപറഞ്ഞിരിക്കണം. എന്നാലും ഏറ്റുമുട്ടൽ നടന്നിരിയ്ക്കാം. ഉണ്ണിയാർച്ചയുടെ വാഗ്ദാനമോർത്തു ആരോമലിന്റെ മരണം ചന്തു ആഗ്രഹിച്ചിരിക്കില്ല. പക്ഷേ, യാദൃച്ഛികമായി സംഭവിച്ചതാകാനാണ് സാദ്ധ്യത. അതാണ് സത്യവും.

ചന്തുവിന്റെ തലവെട്ടിവന്ന്, നാടുവാഴിയിൽ നിന്നും ദേശവാഴിയിൽ നിന്നുമൊക്കെ സമ്മാനം വാങ്ങി ചെറുപ്പക്കാർ എന്ന് പാട്ടിലുണ്ട്. അമ്മമാരും മുത്തച്ഛനും നാടുവാഴി ദേശവാഴികളുമൊക്കെ അവരെ വാഴ്ത്തിയിരിക്കും. ചന്തു അവർക്കതിനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തതായി സങ്കല്പിക്കാനാണ് എം.ടിയ്ക്ക് താല്പര്യം

തോന്നിയത്. ഒരുപാട് കയ്പുകൾ ചവച്ചിറക്കി എല്ലാവരിൽ നിന്നും അകന്നു കഴിയുന്ന അയാൾക്ക് അസ്തിത്വം ദാരുണമായ ഒരു പീഡനമാണ്. അതവസാനിപ്പിക്കാൻ പറ്റിയ ഒരു മുഹൂർത്തമാണ് തന്റെ മുമ്പിലെത്തിയത്. തനിയ്ക്ക് പിറക്കാതെ പോയ മക്കളാണ് വെല്ലുവിളിയുമായി മുമ്പിൽ. അവരെ തോല്പിച്ചതു കൊണ്ടോ കൊന്നതു കൊണ്ടോ തനിയ്ക്കിനി ഒന്നും നേടാനില്ല. വെട്ടിയെടുത്ത തന്റെ തലകണ്ട് ഉണ്ണിയാർച്ചയടക്കം പുളകം കൊള്ളുന്ന നിമിഷം അയാൾ രോഷത്തോടെ പകയോടെ മനസ്സിൽ കണ്ടിരിക്കും. ഇങ്ങനെ ചന്തു ചിന്തിച്ചുപോയാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല.

വടക്കൻപാട്ടുകൾ ചരിത്രരേഖകളല്ല. വ്യതിയാനങ്ങൾ തോന്നിപ്പിച്ച സന്ദർഭങ്ങളെന്തായിരുന്നു എന്നു വ്യക്തമാക്കുകയാണിവിടെ എം.ടി ചെയ്തത്. വടക്കൻപാട്ടുകൾ ഒരു കാലഘട്ടത്തിന്റെ ജനകീയ സാഹിത്യമാണ്. അതിലെ ഗ്രാമീണകല്പനകളും മാനുഷികഘടകങ്ങളും തന്നെയാണ് വ്യതിയാനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും പ്രചോദനം നല്കുന്നത്.

## 9(A).4 പദബോധനം

| | | |
|---|---|---|
| പടവ് | - | കോണിപ്പടി |
| നിലവറ | - | ആയുധങ്ങൾ സൂക്ഷിക്കുന്ന സ്ഥലം |
| കണ | - | പിടി (ചുരികയുടെ പിടിഭാഗം) |
| വന്ദിക്കുക | - | നമസ്കരിക്കുക |
| വിളക്കുക | - | കൂട്ടിച്ചേർക്കുക |
| ചാതുരി | - | സാമർത്ഥ്യം |
| അരിശം | - | ദേഷ്യം |
| അർത്ഥം | - | സമ്പത്ത് |
| പുളയ്ക്കുക | - | അഹങ്കരിക്കുക |
| മൊഴി ചോദിക്കുക | - | പകരം ചോദിക്കുക (പകരംവീട്ടുക) |
| രോഷം | - | ദേഷ്യം |
| പ്രദക്ഷിണം വക്കുക | - | വലം വക്കുക (ചുറ്റുക) |
| നാഗം | - | സർപ്പം |
| അങ്കം | - | കളരിപ്പയറ്റ് (യുദ്ധം) |
| അങ്കക്കലി | - | അങ്കം വെട്ടാനുള്ള ആവേശം |
| അങ്കക്കളരി | - | അങ്കം വെട്ടാനുള്ള കളരി (പയറ്റ് അഭ്യസിപ്പിക്കുന്ന സ്ഥലം) |
| അങ്കക്കിഴി | - | അങ്കത്തിനുപുറപ്പെടുമ്പോൾ അണിയുന്ന ഉടുത്തു കെട്ട്. |
| അങ്കത്തട്ട് | - | അങ്കം വെട്ടുന്നതിനുവേണ്ടി ഉയരത്തിൽ പലകകൊണ്ടു നിർമ്മിക്കുന്ന തട്ട് |
| ചേകവൻ | - | ഭടൻ, പോരാളി (യുദ്ധമുറയിൽ വിദഗ്ദ്ധൻ) |

| | | |
|---|---|---|
| അടവ് | - | മുറ, യുദ്ധസമ്പ്രദായം, (കളരിപ്പയറ്റിലുള്ള ഒരു പ്രയോഗരീതി) |
| തേജോവധം | - | പരിഹസിക്കുക (അവമാനിക്കുക) |
| മച്ചുനൻ | - | അളിയൻ (സഹോദരിയെ കല്യാണം കഴിച്ചവൻ/അമ്മാവന്റെ മകൻ) |
| മാമൂൽ | - | രീതി (പരമ്പരയായുള്ള ആചാരം), കീഴ്വഴക്കം |
| വാണിഭക്കാർ | - | കച്ചവടക്കാർ |
| നടതള്ളുക | - | ഉപേക്ഷിക്കുക |
| നാടുവാഴി | - | ഇടപ്രഭു (നാടിന്റെ ഭരണാധികാരി) (രാജാവ്) |

## 9(A).5 കുറിപ്പുകൾ

### 1. പ്രമേയം/ഇതിവൃത്തം

ഒരു കഥയിൽ അടിസ്ഥാനപരമായിട്ടുള്ള ആശയം എന്താണോ അതാണ് 'പ്രമേയം' അഥവാ 'തീം' (Theme). ഈ പ്രമേയമാണ് കഥയുടെ മൂലം. ഒരു കഥയിൽ തന്നെ ഒന്നിലധികം പ്രമേയങ്ങൾ കടന്നുവരാം. തിരക്കഥയെ സംബന്ധിച്ചിടത്തോളം അതിന്റെ മർമ്മ പ്രധാനമായ ഘടകമാണ് അതിലെ പ്രമേയങ്ങൾ. ഒരു കഥ എങ്ങനെ അവതരിപ്പിക്കുന്നുവോ അല്ലെങ്കിൽ അതിൽ എന്തെല്ലാം സംഭവിക്കുന്നുവോ അതാണ് 'ഇതിവൃത്തം'. കഥയുടെ സമഗ്രമായ സംഗ്രഹമെന്ന് ഇതിവൃത്തത്തെപ്പറ്റി സാമാന്യമായി പറയാം.

പ്രമേയവും ഇതിവൃത്തവും തമ്മിലുള്ള വ്യത്യാസം അവയുടെ സ്വഭാവത്തിൽത്തന്നെ ദൃശ്യമാണ്. ഇതിവൃത്തമില്ലാതെ തന്നെ ഒരു പ്രമേയം അവതരിപ്പിക്കാം. എന്നാൽ ഇതിവൃത്തത്തിൽ ഒന്നോ അതിലധികമോ പ്രമേയങ്ങൾ ഉൾച്ചേർന്നിരിക്കാം. ഒരു നല്ല ഇതിവൃത്തം കഥയിലെ പ്രമേയങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നു. കഥാപാത്രം. പശ്ചാത്തലം, ആവശ്യമെങ്കിൽ ഒന്നിലധികം കഥകൾ തുടങ്ങിയ അവതരണഘടകങ്ങളെ സമന്വയിപ്പിച്ചാണ് ഇതിവൃത്തം രൂപപ്പെടുന്നത്.

ഒരു കഥയിലവതരിപ്പിക്കുന്ന പ്രമേയമാണ്(ങ്ങളാണ്) അനുവാചകനിൽ ആകാംക്ഷയുണർത്തുന്നത്. പ്രമേയത്തിന്റെ കരുത്തെന്നു പറയുന്നത് കഥയിലവതരിപ്പിക്കുന്ന വൈകാരിക ഭാവങ്ങളോടുള്ള അതിന്റെ പരസ്പരബന്ധമാണ്. പ്രമേയത്തെ (ങ്ങളെ)അനുവാചകന്റേതാക്കി മാറ്റുവാനുള്ള അവതരണമാണ് (സംഭവങ്ങൾ) ഇതിവൃത്തമായിതീരുന്നത്. പ്രമേയം ഒരു സവിശേഷമായ ആശയവും ഇതിവൃത്തം അതിൽനിന്നും വിഭിന്നരീതികളിലൂടെ കഥകൾ സൃഷ്ടിക്കുന്ന മാർഗ്ഗവുമാണ്.

### 2. അനുകല്പനം (Adaptation)

ഒരു മാധ്യമത്തിൽനിന്നും മറ്റൊരുമാധ്യമത്തിലേക്ക് ആശയത്തെ (കൃതിയെ) പകർത്തുന്ന പ്രക്രിയയാണ് അനുകല്പനം അഥവാ

അനുരൂപീകരണം അഥവാ അനുവർത്തനം (Adaptation). ഒരു തിരക്കഥയുടെ രചനയ്ക്ക് ആവശ്യമായ വിഷയസ്വീകരണത്തിനായുള്ള ഏറ്റവും വിശ്വസനീയവും ലാഘവകരവുമായ മാർഗമാണ് അനുകല്പനം. നോവൽ, കഥ, നാടകം തുടങ്ങിയ സാഹിത്യകൃതികളാണ് തിരക്കഥയിലേക്കുള്ള അനുകല്പനത്തിനായി ഏറ്റവും വ്യാപകമായ തോതിൽ തിരഞ്ഞെടുക്കുന്നത്.

സാഹിത്യകൃതിയുടെ രൂപം (form) മാറ്റി, ഭാവം (content) മറ്റൊരു രൂപത്തിലേക്ക് – സിനിമയിലേക്ക് – പകരലാണ് അനുകല്പനം. 'അനുകല്പനം നൂറുശതമാനവും സംവിധായകന്റെ കലയാണ്. ചലച്ചിത്രശൈലി, മൂലകൃതിയിൽനിന്നല്ല, സംവിധായകനിൽ നിന്നുമാണ് രൂപപ്പെടുന്നതെന്നും ചലച്ചിത്രനിരൂപകനായ ചിദാനന്ദദാസ് ഗുപ്ത അഭിപ്രായപ്പെടുന്നു. ചലച്ചിത്രകാരൻ സാഹിത്യകൃതിയുടെ ഫോട്ടോഗ്രാഫ് എടുക്കുകയല്ല, അതിൽനിന്ന് സിനിമ നിർമ്മിക്കുകയാണ്. ചലച്ചിത്രകാരന്റെ സ്വാതന്ത്ര്യവും സൗന്ദര്യസങ്കല്പവും മുൻനിർത്തിയാണ് അദ്ദേഹം അനുകല്പനത്തിനുവേണ്ടി സംസാരിക്കുന്നത്. മികച്ച അനുകല്പനങ്ങൾ കഥയുടെ വാക്കുകൾക്കപ്പുറം ഭാവങ്ങൾ തേടിയവയാണെന്നും കഥയെ ചിത്രീകരിക്കലല്ല വ്യാഖ്യാനിക്കലാണ് ക്യാമറയുടെ ധർമ്മമെന്നും സിൻയാദ് വിശദീകരിക്കുന്നു.

### 3. വടക്കൻപാട്ടുകൾ

ദിക്കുകളെ ആസ്പദമാക്കി പാട്ടുകളെ 'വടക്കൻപാട്ട്' എന്നും 'തെക്കൻപാട്ട്' എന്നും രണ്ടായി തിരിക്കാം. 16–ാം നൂറ്റാണ്ടിന്റെ അന്ത്യപാദം വരെ ജീവിച്ചിരുന്ന എഴുത്തച്ഛന്റെ കാലത്തോ അതിനടുത്തോ ഉണ്ടായ ഒരു ഗാനസമുച്ചയമാണ് 'വടക്കൻപാട്ടുകൾ'. കേരളത്തിലെ ആയോധനചരിത്രത്തിന്റെ ഒരു സുവർണകാലത്തെയാണ് വടക്കൻപാട്ടുകൾ സൂചിപ്പിക്കുന്നത്. കേരളത്തിന്റെ സമ്പത്തായ കളരിപ്പയറ്റും യുദ്ധമുറകളും വളരെ തന്മയത്വത്തോടെ ഇതിൽ വർണിച്ചിട്ടുണ്ട്. വടക്കൻപാട്ടുകളെ സവിശേഷവത്കരിക്കുന്ന ഒരു പ്രധാന ഘടകം ഇതിലെ വർണനകളാണ്. എന്തിനെയും സന്ദർഭാനുസരണം വർണിക്കാനുള്ള മികവ് വടക്കൻപാട്ടിന്റെ പ്രത്യേകതയാണ്. സ്ത്രീപുരുഷന്മാരുടെ ശരീരസൗന്ദര്യവർണന, കച്ചകെട്ട്, കുളി, കുറി എന്നീ ദിനചര്യകളുടെ വർണന, ഊണിന്റെ വർണന, യാത്രാവർണന, വിളക്കിന്റെ വർണന, കോട്ടയുടെ വർണന, പ്രകൃതിവർണന തുടങ്ങി നിരവധി വർണനകൾകൊണ്ട് അലംകൃതമാണ് വടക്കൻപാട്ടുകൾ.

വടക്കൻകേരളത്തിലെ കടത്തനാട്, സമീപപ്രദേശങ്ങളായ കോലത്തിരിനാട്, വയനാട്, വടകര എന്നിവിടങ്ങളിലെ നാടൻപോരാളികളുടെ വീരചരിതങ്ങളുടെ അപദാനങ്ങളാണ് ഈ പാട്ടുകളിലെ പ്രതിപാദ്യം. തച്ചോളി മാണിക്കോത്ത് വീട്, പുത്തൂരംവീട് എന്നീ രണ്ടു കുടുംബങ്ങളിലെ അഭിമാനികളായ പുരുഷ-സ്ത്രീ കേസരികളുടെ ചരിത്രമാണ് വടക്കൻപാട്ടുകളിലെ പ്രതിപാദ്യം. അന്യാദൃശമായ ധൈര്യവും തന്റേടവും സാഹസികത്വവും തികഞ്ഞ ആ വീരശൂരപരാക്രമികളുടെ ചരിതങ്ങളടങ്ങിയ 'വടക്കൻപാട്ടുകൾ' വീരാദ്ഭുതരസങ്ങൾക്ക് ഉത്തമോദാഹരണമാണ്.

തച്ചോളി ഒതേനൻ, തച്ചോളി ചന്തു, പാലോട്ട്കോമൻ, ആരോമൽച്ചേകവർ, ആരോമലുണ്ണി, ഉണ്ണിയാർച്ച, അരിങ്ങോടർ, കണ്ണപ്പച്ചേകവർ, തുമ്പോലാർച്ച തുടങ്ങിയവരാണ് വടക്കൻപാട്ടുക ളിലെ പ്രധാനകഥാപാത്രങ്ങൾ. തച്ചോളികുടുംബത്തെക്കുറിച്ചുള്ള പാട്ടാണ് ധാരാളമായുള്ളത്. അവയെ പൊതുവെ 'തച്ചോളിപ്പാട്ടുകൾ' എന്നും പുത്തൂരംവീട്ടിനെക്കുറിച്ചുള്ള പാട്ടിനെ 'പുത്തൂരംപാട്ടുകൾ' എന്നും പറയുന്നു. അത്യന്തം അകൃത്രിമസുന്ദരങ്ങളായ കല്പന കൾകൊണ്ട് നിറഞ്ഞിരിക്കുന്ന വടക്കൻപാട്ടുകൾ സമകാലിക സാമൂ ഹികജീവിതത്തിന്റെ പ്രതിഫലനങ്ങളാണെന്ന് എടുത്തുപറയാം.

വടക്കൻപാട്ടുകഥകളിൽനിന്നും വീരസാഹസികവും മനോഹരങ്ങളു മായ കഥാസന്ദർഭങ്ങൾ കോർത്തിണക്കിയുണ്ടാക്കിയ നിരവധി സിനിമകൾ മലയാളത്തിലുണ്ടായിട്ടുണ്ട് (തച്ചോളിഒതേനൻ, പാലാട്ട്കോമൻ, ഉണ്ണിയാർച്ച, ആരോമലുണ്ണി, തുമ്പോലാർച്ച, കട ത്തനാട്ട്മാക്കം, തച്ചോളിചന്തു, തച്ചോളിമരുമകൻ ചന്തു, ഒരു വട ക്കൻ വീരഗാഥ മുതലായവ). വാമൊഴിരൂപംകൊണ്ട്, പാടിപ്പതിഞ്ഞ കൃതികളാണ് വടക്കൻപാട്ടുകൾ. തലമുറകളിൽനിന്ന് തലമുറകളി ലേക്ക് പകരുമ്പോൾ ഈ കൃതികളിൽ ഗായകരുടെ മനോധർമ്മം കൂട്ടലും കിഴിക്കലുമൊക്കെ നടത്തും. എന്നാലും വാമൊഴിയായി വാർന്നുവീണ നാടോടിസാഹിത്യത്തിന് അതിന്റേതായ ചാരുതകളു ണ്ട്; പ്രാധാന്യമുണ്ട്, പ്രസക്തിയുണ്ട്.

## 4. സാഹിത്യവും സിനിമയും

സാഹിത്യം വാക്കുകളുടെ കലയാണ്. സിനിമയുടെ വാക്കുകൾ ദൃശ്യങ്ങളാണ്. ചിത്രങ്ങളാണ് സിനിമയുടെ പദസഞ്ചയം. സിനിമ യെയും സാഹിത്യത്തെയും ഒന്നിപ്പിക്കുന്ന ഒരു ഘടകം ഇവ രണ്ടും കഥപറയുന്ന കലകളാണെന്നതാണ്. സാഹിത്യം വാക്കുകളിലൂടെ സാധിക്കുന്നത്, അനുവാചകന്റെ മനസ്സിൽ ബിംബ(image)ങ്ങളും ശബ്ദവിന്യാസങ്ങളും സൃഷ്ടിക്കലാണെങ്കിൽ ഈ രീതിയിൽ കഥപ റയുന്ന സിനിമ സാഹിത്യത്തോടടുക്കുന്നു. സാഹിത്യവും സിനി മയും തമ്മിലുള്ള പ്രധാന വ്യത്യാസം രണ്ടും ഉപയോഗിക്കുന്ന ഭാഷ യുടെ കാര്യത്തിലാണ്. സാഹിത്യം സംസാരഭാഷ ഉപയോഗിക്കു മ്പോൾ സിനിമ ദൃശ്യഭാഷയിൽ സംസാരിക്കുന്നു. സിനിമ, സ്വയമു ണ്ടാവുന്നില്ല. ബോധപൂർവമായ അധ്വാനം അതിനുപിറകിലുണ്ട്. ആഖ്യാനമാധ്യമമെന്ന നിലയിൽ, സാഹിത്യരൂപങ്ങളിൽ നോവലി നോടാണ് (നാടകത്തോടല്ല) സിനിമ അടുത്തുനിൽക്കുന്നതെന്ന് റോബർട്ട് റിച്ചാർഡ്സൺ, മാഗ്നി തുടങ്ങിയ നിരൂപകർ ചൂണ്ടിക്കാട്ടു ന്നു. ആധുനികനോവലിന്റെ ആഖ്യാനശൈലി സിനിമയുടേതാ ണെന്നും റോബർട്ട് റിച്ചാർഡ്സൺ നിരീക്ഷിക്കുന്നു. വിശാലമായ ഒരു മാസ് ഓഡിയൻസിനെ ലക്ഷ്യമിടുകയാണ് നോവലും സിനി മയും ചെയ്യുന്നതെന്ന് മാഗ്നി നിരീക്ഷിക്കുന്നു.

## 5. ഷൂട്ടിംഗ് സ്ക്രിപ്റ്റ് (Shooting Script)

ഇത് തിരക്കഥയുടെ മറ്റൊരു രൂപമാണ്. യഥാർത്ഥത്തിൽ ഷൂട്ടുചെ യ്യാൻ പോകുന്നതിനെ അടിസ്ഥാനമാക്കിയാണ് ഇത് തയ്യാറാക്കു

ന്നത്. സീനിന്റെ നമ്പർ, ക്യാമറയുടെ ആംഗിളുകൾ മുതലായവ ഇതിൽ പരാമർശിക്കും. ഉല്പന്നത്തിന്റെ ഒരു രേഖാചിത്രമാണ് തിര ക്കഥയെങ്കിൽ ഷൂട്ടിംഗ് സ്ക്രിപ്റ്റാവട്ടെ അതിന്റെ ദൃശ്യവല്ക്കരണ ത്തിനു സഹായിക്കുന്ന എല്ലാ ഘടകങ്ങളും അടങ്ങിയതാണ്. സംവി ധായകനും സഹസംവിധായകനും മറ്റ് ടെക്നീഷ്യന്മാരും എല്ലാം ഇതിൽ ഇടപെടുന്നു. തിരക്കഥയെ ആസ്പദമാക്കി തയ്യാറാക്കുന്ന ഷൂട്ടിംഗ് സ്ക്രിപ്റ്റ് സമഗ്രമായിരിക്കണം. ക്യാമറാ ആംഗിൾ, ഒരു സീനിൽ ഉൾപ്പെടേണ്ട അംശങ്ങൾ, കഥാപാത്രങ്ങളുടെ ചലനം, രംഗ വിധാനം, പശ്ചാത്തലം തുടങ്ങിയ വിവരങ്ങൾ ഇതിൽ സൂചിപ്പിക്ക ണം. പ്രതിപാദ്യത്തിന്റെ കല്പന, ഘടന, ദൃശ്യരൂപത്തിലുള്ള ആഖ്യാനം എന്നിവയും മൊത്തത്തിൽ കൈക്കൊള്ളേണ്ട ശൈലിയും താളവും നിശ്ചയിച്ചുകഴിയുമ്പോൾ ചിത്രത്തിന്റെ കട ലാസ്പണി പൂർത്തിയാകും.

## 6. ട്രാൻസ്ക്രിപ്റ്റ്സ്

ഷൂട്ടിംഗിനുശേഷം ഉപയോഗിക്കേണ്ടതാണ് ട്രാൻസ്ക്രിപ്റ്റ്സ്. സ്ക്രീനിൽ വരേണ്ട സംഭാഷണങ്ങൾ മാത്രം ഉൾപ്പെടുത്തിയിട്ടുള്ള ഒന്നാണ് ട്രാൻസ്ക്രിപ്റ്റ്സ്. തിരക്കഥയിൽനിന്ന് ട്രാൻസ്ക്രിപ്റ്റ്സ് വ്യത്യസ്തമാകുന്നു. അതിൽ സംഭവങ്ങൾ പലതും മാറ്റങ്ങളോടെ ക്രമപ്പെടുത്തിയിരിക്കും. ഈ രീതിയിൽ മാറ്റപ്പെട്ടവയാണ് നാം വായി ക്കാനെടുക്കുന്ന തിരക്കഥകൾ. മാത്രമല്ല, സംവിധായകന് പല പ്പോഴും ഇച്ഛാനുസരണം പല സംഭാഷണങ്ങളും സംഭവങ്ങളും മാറ്റു കയും പല സംഭാഷണങ്ങൾ കൂട്ടിച്ചേർക്കേണ്ടിവരികയും ചെയ്യും. അപ്പോൾ നാം ആദ്യം കണ്ടതല്ല യഥാർത്ഥ തിരക്കഥയെന്നു വരുന്നു.

## 7. എഡിറ്റിംഗ് (Editing) – ചിത്രസങ്കലനം/ ചിത്രസംയോജനം

സിനിമയുടെ ഏറ്റവും പ്രധാനപ്പെട്ട ക്രിയാംശമാണ് എഡിറ്റിംഗ്. ക്യാമറ പൂർത്തിയാക്കിയ ചിത്രങ്ങളെ എഡിറ്റിംഗ് സ്റ്റുഡിയോ വിൽവെച്ച് ക്രമപ്പെടുത്തിയെടുക്കുന്നതിനാണ് ചിത്രസങ്കലനം അഥവാ എഡിറ്റിംഗ് എന്നു പറയുന്നത്. ഈ ജോലി ചെയ്യുന്നയാ ളിനെ എഡിറ്റർ അഥവാ ചിത്രസംയോജകൻ എന്നും പറയും.

ഒരു സംഭവത്തിന്റെയോ കർമ്മത്തിന്റെയോ ഭാഗികാംശമായ ഒരു ദൃശ്യത്തിന്റെ ഷോട്ട് ആണ് സിനിമയുടെ അടിസ്ഥാനയൂണിറ്റ്. അവയെ ഇന്റർകട്ട് ചെയ്ത് ഭാവനാപൂർവം സംയോജിപ്പിച്ചാൽ എഡിറ്റിംഗിന്റെ ക്രിയാത്മകപങ്ക് വഹിക്കേണ്ടത് ദൃശ്യങ്ങളുടെ ഈ കൂട്ടിയോജിപ്പിക്കലിലാണ്.

ഷോട്ടുകളെയും സീക്വൻസുകളെയും സീനുകളെയും സമുചിത മായി കൂട്ടിയിണക്കി ചിത്രത്തിന്റെ ശൈലിയും ലക്ഷ്യവും മനസ്സിൽ വച്ചുകൊണ്ട്, നൈരന്തര്യം ദീക്ഷിച്ച് പൂർണചിത്രം പടുത്തു യർത്തേണ്ട ജോലി എഡിറ്ററിൽ നിക്ഷിപ്തമായിരിക്കുന്നു. ഷോർട്ട് കട്ടിംഗ്, ലോംഗ്കട്ടിംഗ്, ക്രോസ്കട്ടിംഗ്, ഇന്റർകട്ടിംഗ് എന്നിങ്ങനെ

പല രീതികളും എഡിറ്റിംഗിൽ ഉണ്ട്. അക്ഷരങ്ങൾ ചേർന്ന് പദങ്ങളും പദങ്ങൾ ചേർന്ന് അർത്ഥമുള്ള വാക്യങ്ങളും ഉണ്ടാകുന്നതു പോലെ എഡിറ്ററുടെ മേശപ്പുറത്താണ് ഒരു ചിത്രത്തിന്റെ ഭാഷ രൂപംകൊള്ളുന്നതും അതിന് അർത്ഥം സിദ്ധിക്കുന്നതും. എഡിറ്റിംഗും ശബ്ദലേഖനവും പൂർത്തിയാക്കി ചിത്രത്തിന്റെ മാരീഡ് പ്രിന്റ് എടുത്തുകഴിഞ്ഞാൽ ചിത്രം പ്രദർശനത്തിന് സജ്ജമായി.

സിനിമ അടിസ്ഥാനപരമായി ഒരു ദൃശ്യകലാരൂപമാണ്. ദൃശ്യരൂപങ്ങളിലൂടെയാണ് ഈ മാധ്യമം ആശയവിനിമയം നിർവഹിച്ചത്. ശബ്ദം അതിന്റെ അവിഭാജ്യഘടകമാണെങ്കിലും ദൃശ്യരൂപങ്ങളെ വ്യാഖ്യാനിക്കുകയാണ് അവയുടെ ധർമ്മം. അക്ഷരസംയുക്തമായ ഭാഷയിലൂടെയുള്ള ആശയവിനിമയമാണ് ഭൂരിപക്ഷം പ്രേക്ഷകർക്കും പരിചിതമായ മാധ്യമം. സിനിമ അർത്ഥനിവേദനം നടത്തുന്നത് വാക്കുകൾപോലെ നിയതാർത്ഥരൂപികളായ പ്രതീകങ്ങൾ വഴിക്കല്ല, പ്രേക്ഷകമനസ്സിലുണ്ടാവുന്ന വികാരനിഷ്ഠമായ അനുഭവത്തിലൂടെയാണ്. ശബ്ദങ്ങൾ ചിട്ടയായും ക്രമമായും നൈരന്തര്യത്തോടെ അവതരിപ്പിക്കുന്നതിനും എഡിറ്റിംഗ് വലിയൊരു പങ്കുവഹിക്കുന്നുണ്ട്. സന്ദർഭാനുസരണം ശബ്ദവിന്യാസം സിനിമയിൽ നടത്തേണ്ടതുണ്ട്. അക്കാര്യത്തിൽ എഡിറ്ററുടെ ശ്രദ്ധ പാളിയാൽ സിനിമ അമ്പേ പരാജയപ്പെടുകതന്നെ ചെയ്യും.

## 8. സംവിധായകൻ

സിനിമയുടെ സ്രഷ്ടാവാണ് സംവിധായകൻ. സംവിധാനം എന്നാൽ സാക്ഷാത്കാരമാണ്. സമഗ്രമായ പരിപൂർണതയാണ് അതുകൊണ്ട് ലക്ഷ്യമാക്കുന്നത്. സംവിധായകനുണ്ടാവുന്ന തീവ്രമായ അനുഭൂതിയുടെ പ്രകടരൂപമാണ് ഒരു ചലച്ചിത്രം. സർഗാത്മകമായ എല്ലാ തീരുമാനങ്ങളും അന്തിമമായി എടുക്കുന്നത് സംവിധായകനാണ്. തള്ളേണ്ടത് തള്ളാനും കൊള്ളേണ്ടത് കൊള്ളാനുമുള്ള അനുഭവപരിചയവും കലാത്മകതയും അദ്ദേഹത്തെ സഹായിക്കുന്നു. നാടകത്തിൽനിന്നാണ് 'സംവിധായകൻ' എന്ന പദത്തിന്റെ ഉത്ഭവം. 'വിധാനം' ചെയ്യുന്ന ആളെന്നത്രേ സംവിധായകൻ എന്ന പദത്തിന്റെ ശരിയായ അർത്ഥം. തിരക്കഥാകൃത്ത്, ഛായാഗ്രാഹകൻ, സംഗീതസംവിധായകൻ, എഡിറ്റർ, സൗണ്ട് റെക്കാർഡിസ്റ്റ് തുടങ്ങി മേക്കപ്പ്മാൻ വരെയുള്ള സാങ്കേതികവിദഗ്ദ്ധർ അമൂർത്തമായ ആ അനുഭൂതിക്ക് മൂർത്തവും കലാത്മകവുമായ രൂപം നല്കാൻ ക്രിയാത്മകമായ സഹായം സംവിധായകന് നല്കാറുണ്ട്.

## 9. ഷോട്ട് (Shot)

സിനിമയിലെ വളരെ പരിചിതമായ പദമാണിത്. ഒരു സംഭവത്തിന്റെയോ കർമ്മത്തിന്റെയോ ഭാഗികാംശമായ ഒരു ദൃശ്യത്തിന്റെ 'ഷോട്ട്' ആണ് സിനിമയുടെ അടിസ്ഥാനയൂണിറ്റ്. ക്യാമറ തടസ്സപ്പെടുത്താതെ ചലിക്കുന്ന ഫ്രെയിമിനെയാണ് ഷോട്ട് എന്നു പറയുന്നത്. ഓരോ ഷോട്ടിനും ശേഷം ഒരു 'കട്ട്' ഉണ്ടായിരിക്കും. ഇതിന്റെ ദൈർഘ്യം, ക്യാമറയുടെ ആംഗിൾ, ചലനങ്ങൾ മുതലായവ അടിസ്ഥാനമാക്കിയാണ് ഷോട്ടുകളെ തരംതിരിക്കുന്നത്.

### 10. സീൻ (രംഗം)

സീൻ എന്നാൽ രംഗം എന്നർത്ഥം. ഒരു രംഗത്തിൽ ധാരാളം ഷോട്ടുകൾ ഉണ്ടായിരിക്കും. അവയാകട്ടെ ഒരു പ്രത്യേകസംഭവവുമായി മാത്രം ബന്ധപ്പെട്ടവയും ആയിരിക്കും. ഒരു സംഭവവുമായി ബന്ധപ്പെട്ടതും ഒരേയൊരു വിശദാംശം മാത്രം ലഭ്യമാക്കുന്നതുമായ ദൃശ്യസഞ്ചയമാണ് സീൻ. അതായത് പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ചേർത്തുവയ്ക്കുന്ന ഷോട്ടുകളെയെല്ലാം ഉൾപ്പെടുത്തി ഒരു സീൻ എന്നു പറയുന്നു.

### 11. സീക്വൻസ് (Sequence)

സിനിമയിലെ വലിയ ഭാഗമാണിത്. ആഖ്യാനപരമായി ബന്ധപ്പെട്ടിരിക്കുന്ന സീനുകളുടെ ഒരു നിരയെയാണ് സീക്വൻസ് എന്നു പറയുന്നത്. ഒരു ആഖ്യാനവുമായി ബന്ധപ്പെട്ട് ക്രമമായി വരുന്ന ഓരോ സന്ദർഭങ്ങളും കൂട്ടിച്ചേർത്ത് വായിച്ചാൽ ഒരു സീക്വൻസ് എന്താണെന്നുവ്യക്തമാകും. പല സീനുകൾ ചേർന്നതും എന്നാൽ അവ തമ്മിലുള്ള പരസ്പരബന്ധം വ്യക്തമാക്കുന്നതുമാണ് സീക്വൻസ്. സീക്വൻസ് ഇടകലർന്നുവരുന്നതോടെ സിനിമ കഥയുടെ വ്യത്യസ്തമാനങ്ങളിലേക്ക് പരിവർത്തിക്കപ്പെടുന്നു.

## 9(A).6 ലേഖകപരിചയം

**എം.ടി.വാസുദേവൻ നായർ**

നാലുകെട്ടുകളുടെ കഥാകാരനായി മലയാളികളുടെ മനസ്സിൽ നിറഞ്ഞുനില്ക്കുന്ന മാടത്ത് തെക്കേപ്പാട്ട് (എം.ടി) വാസുദേവൻ നായർ 1933 ജൂലൈ 15 ന് പൊന്നാനി താലൂക്കിലെ കൂടല്ലൂർ ഗ്രാമത്തിൽ ജനിച്ചു. അച്ഛൻ ടി. നാരായണൻനായർ. അമ്മ അമ്മാളുഅമ്മ കുട്ടിക്കാലത്തു തന്നെ എഴുതിത്തുടങ്ങിയ എം.ടി.യുടെ ആദ്യകഥ- വിഷുവാഘോഷം 1948 ൽ പ്രസിദ്ധപ്പെടുത്തി. 1954-ൽ ലോകമലയാള കഥാമത്സരത്തിൽ സമ്മാനം നേടിയതോടെ സാഹിത്യരംഗത്ത് ശ്രദ്ധേയനായി. 1995-ലെ ജ്ഞാനപീഠപുരസ്കാരം, 2004ൽ പത്മഭൂഷൺ എന്നിവ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. അദ്ധ്യാപകൻ, പത്രാധിപർ, കഥാകൃത്ത്, നാടകകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സംവിധായകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ എം.ടിയ്ക്കായിട്ടുണ്ട്.

മലയാളസിനിമയെ തികച്ചും 'മലയാളസിനിമ'യെന്നു വിശേഷിക്കാവും വിധം കേരളീയമായൊരു ഭാവപരിസരത്തിലേക്കും ചലച്ചിത്രപരതയിലേക്കും നയിച്ച ആദ്യ തിരക്കഥാകൃത്താണ് എം.ടി. വാസുദേവൻനായർ. മലയാളസിനിമയുടെ വികാസചരിത്രത്തിൽ തിരക്കഥാകൃത്തായ എം.ടിയ്ക്കുള്ള സ്ഥാനം ഒരു നവോത്ഥാന നായകന്റേതാണ്. മലയാളത്തിലെ കഥാഖ്യാന സിനിമയെ കൃത്രിമമായ ഉള്ളടക്കങ്ങളിൽ നിന്നും അരോചകമായ നാടകസ്വാധീനതയിൽ നിന്നും മോചിപ്പിച്ചുവെന്നതാണ് എം.ടി എന്ന തിരക്കഥാകൃത്തിന്റെ മുഖ്യസംഭാവന. സാഹിത്യകാരനായ എം.ടി. യിലൂടെ മലയാളസിനിമയ്ക്കു ലഭിച്ചത് സാഹിത്യത്തിന്റെ അഥവാ 'കഥ'യുടെ

പിൻബലംമാത്രമല്ല; സിനിമാറ്റിക് എന്നുവിശേഷിപ്പിക്കാവുന്ന ഒരാഖ്യാന മാതൃക കൂടിയാണ്.

എം.ടിയ്ക്കു മുമ്പും ശ്രദ്ധേയരായ സാഹിത്യകാരന്മാരിൽ പലരുടെയും കഥകളും തിരക്കഥകളും മലയാളസിനിമ ഉപയോഗപ്പെടുത്തിയിരുന്നു. തകഴി, പൊൻകുന്നംവർക്കി, ഉറൂബ്, കേശവദേവ്, തോപ്പിൽഭാസി എന്നീ എഴുത്തുകാരുടെ വരവോടെയാണ് മലയാള സിനിമയിൽ കേരളീയതയെന്നു വിശേഷിപ്പിക്കാവുന്ന സവിശേഷത പ്രത്യക്ഷമായത്. പ്രാദേശിക സംസ്കാരത്തിന്റെയും സമകാലിക ജീവിതാനുഭവങ്ങളുടെയും അതിനാടകീയത നിറഞ്ഞ ആവിഷ്ക്കാരങ്ങളായിരുന്നു അക്കാലത്തെ ചിത്രങ്ങളെല്ലാം. വ്യക്തിയും കുടുംബവും സമൂഹവും സാധാരണ മനുഷ്യരും ഗ്രാമീണജീവിതവും വൈവിധ്യസമൃദ്ധമായ കേരളീയാനുഭവങ്ങളും ഒറ്റപ്പെട്ട മനുഷ്യരുടെ ആത്മസംഘർഷങ്ങളും നിസ്സഹായതയുമെല്ലാം പുതിയൊരു ഉൾക്കാഴ്ചയോടെ ആവിഷ്കൃതമായത് എം.ടി.യുടെ തിരക്കഥകളിലൂടെയാണ്. സർഗാത്മകശേഷിയും ചലച്ചിത്രഭാഷാപരിചയവുമില്ലാത്ത ജനപ്രിയസംവിധായകർക്കു കൂടി മികച്ച സംവിധായകരെന്ന ഖ്യാതിയുണ്ടാക്കിക്കൊടുക്കുവാൻ എം.ടി.യുടെ തിരക്കഥകൾ നിമിത്തമായി. ജനപ്രിയസിനിമയുടെ പതിവ് ഉള്ളടക്കങ്ങളെയും പരിചരണരീതികളെയും തിരസ്കരിച്ചുകൊണ്ട് ചലച്ചിത്രഭാഷയിൽ അശിക്ഷിതരായ പ്രേക്ഷകരോടുപോലും സംവദിക്കാനുതകുന്ന ഒരു ദൃശ്യകഥാഖ്യാനമാണ് എം.ടി.മറ്റുള്ളവർക്കുവേണ്ടി എഴുതിയ തിരക്കഥകളിൽ പരീക്ഷിച്ചത്. ഈ പരീക്ഷണമാണ് നമ്മുടെ മുഖ്യധാരാസിനിമയെ വെറും ബുദ്ധിശൂന്യമായ ഒരു വിനോദോപാധിയെന്ന നിലയിൽനിന്ന് ഒരു കലാവിഷ്കാരമായി മാറ്റിയെടുത്തത്.

തിരക്കഥാകൃത്തുമാത്രമല്ല എം.ടി. സംവിധായകൻ കൂടിയാണ്. തന്റെ തന്നെ തിരക്കഥകളിലൂടെ മലയാളികൾ അനുശീലിച്ച ചലച്ചിത്രഭാവുകത്വത്തെ അതിലംഘിക്കുന്നവയാണ് എം.ടി. സംവിധാനം ചെയ്ത ചിത്രങ്ങൾ. 'നിർമ്മാല്യം' മലയാളത്തിലെ എക്കാലത്തെയും മികച്ച ചലച്ചിത്ര രചനകളിലൊന്നായി ഭവിച്ചതിന്റെ കാരണവും അതുതന്നെ. തിരക്കഥാകൃത്തെന്ന നിലയിൽ മലയാളത്തിലെ മുഖ്യധാരാസിനിമയെ ആധുനികവത്ക്കിരിച്ച എം.ടിയുടെ സംവിധായകനെന്ന നിലയിലുള്ള സ്ഥാനവും സവിശേഷം തന്നെയാണ്. ജനപ്രിയ സിനിമാച്ചേരുവകളെയും ആർട്ട്സിനിമയുടെ അരോചകമായ ഗൗരവനാട്യങ്ങളെയും ഒരുപോലെ നിഷേധിക്കുന്ന ഒരു രചനാശൈലിയാണ് എം.ടി സംവിധാനം ചെയ്ത ചിത്രങ്ങൾക്കുള്ളത്.

എം.ടി നിരവധി തിരക്കഥകൾ രചിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലതുമാത്രം:- നിർമ്മാല്യം. ഒരു വടക്കൻ വീരഗാഥ, മുറപ്പെണ്ണ്, ഇരുട്ടിന്റെ ആത്മാവ്, കുട്ട്യേടത്തി, ഓപ്പോൾ, ഉത്തരം, വൈശാലി, വാരിക്കുഴി, കടവ്, ദേവലോകം, തീർത്ഥാടനം, വാനപ്രസ്ഥം, അസുരവിത്ത്, മഞ്ഞ്, പഞ്ചാഗ്നി, പരിണയം, ആരൂഢം, പെരുന്തച്ചൻ, ഋതുഭേദം, നഖക്ഷതങ്ങൾ, അക്ഷരങ്ങൾ, നീലത്താമര, ഓളവും തീരവും, ബന്ധനം, സുകൃതം, താഴ്വാരം, സദയം, അമൃതംഗമയ, തൃഷ്ണ, ആരണ്യകം എന്നിവ. കഥാരചന മാത്രം നിർവ്വഹിച്ച ചിത്ര

ങ്ങൾ, ഗാനരചന നിർവ്വഹിച്ച ചിത്രം, സംവിധാനം ചെയ്തചിത്ര ങ്ങൾ, സംവിധാനം ചെയ്ത ഹ്രസ്വചിത്രം എന്നു വേണ്ട എം.ടി യുടെ തൂലിക ചലിക്കാത്ത രംഗം ചുരുക്കം തന്നെയാണ്.

എം.ടിയുടെ ഏറ്റവും പ്രശസ്തമായ ഒരു തിരക്കഥയാണ് 'ഒരു വട ക്കൻ വീരഗാഥ'. ഇതിന്റെ രചനയുടെ പ്രമേയ വൈവിധ്യം എം.ടി യുടെ സങ്കല്പശേഷിയുടെ ആഴം വ്യക്തമാക്കുന്നു. സമകാലിക കേരളീയ ജീവിതത്തിൽ നിന്നായാലും മിത്തുകളിൽ നിന്നായാലും പുരാണങ്ങളിൽ നിന്നായാലും, മനുഷ്യാത്മാവിന്റെ നിത്യസംഘർഷ ങ്ങളെയാണ് ഈ എഴുത്തുകാരൻ ആവിഷ്ക്കരിക്കുന്നത്.

## 9(A).7 പുരോഗതി സ്വയം പരിശോധിക്കുക.

1. 'ഒരു വടക്കൻ വീരഗാഥ' എന്ന സിനിമ സംവിധാനം ചെയ്ത താര്?
2. ഈ ചിത്രത്തിൽ കുട്ടിമാണിയായി അഭിനയിച്ചതാര്?
3. കണ്ണപ്പച്ചേകവരുടെ വേഷത്തിൽ തിളങ്ങിയതാര്?
4. 'ഒരു വടക്കൻ വീരഗാഥ'യിലെ നായകവേഷം അഭിനയിച്ചതാര്?
5. ഉണ്ണിയാർച്ചയായി 'ഒരു വടക്കൻ വീരഗാഥ'യിൽ അഭിനയിച്ച താര്?

വിശദീകരിക്കുക

6. 'എന്റെ സത്യം അച്ഛൻ മറന്നിട്ടില്ലല്ലോ' - വക്താവാര്? സത്യം എന്തായിരുന്നു?
7. 'ഒരു വടക്കൻ വീരഗാഥ'യിൽ എം.ടി. വരുത്തിയ മാറ്റങ്ങൾ (വ്യ തിയാനങ്ങൾ) എന്തെല്ലാം?
8. 'ചുരികയേക്കാൾ മൂർച്ചയുണ്ട് എന്നും നിൻ്റമ്മയുടെ നാവിന്' - ആരുടെ വാക്കുകൾ? സന്ദർഭം വ്യക്തമാക്കുക.
9. 'ചതിയൻ ചന്തുവിന്റെ കൊടും ക്രൂരതകളെപ്പറ്റി നിങ്ങൾക്കെന്ത റിയാം' - ചന്തുതന്നെ പറയുന്ന ക്രൂരതകൾ എന്തെല്ലാം?
10. 'ഒരു മൊഴി ചോദിക്കാൻ ഇപ്പോഴും ബാക്കി കിടപ്പുണ്ടല്ലോ അച്ഛാ!' - വക്താവാര്? എന്തായിരുന്നു മൊഴി? സന്ദർഭം വിശദ മാക്കുക.
11. 'വാശികയറിയപ്പോൾ നിനക്കു പിഴച്ചു' - വക്താവാര്? സന്ദർഭം വ്യക്തമാക്കുക.
12. "ചുവടുമാറ്റം കഴിയട്ടെ. നമുക്കിതിന്റെ ബലമൊന്നു കൂട്ടണം. വേണ്ടേ!" - ആരുടെ വാക്കുകൾ? എന്തിന്റെ ബലം കൂട്ടുന്ന കാര്യമാണിവിടെ സൂചിപ്പിക്കുന്നത്.
13. തിരക്കഥ എന്നാലെന്ത്?
14. തിരക്കഥയുടെ സവിശേഷതകൾ എന്തെല്ലാം?
15. പ്രമേയം, ഇതിവൃത്തം ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?
16. ട്രീറ്റ്മെന്റ് എന്നാലെന്ത്?
17. ഷോട്ട്, സീക്വൻസ്, സീൻ ഇവ എന്തെന്നു വിശദമാക്കുക.

18. സിനിമയും സാഹിത്യവും എങ്ങനെ വ്യത്യസ്തമാകുന്നുവെന്ന് വ്യക്തമാക്കുക.

19. തിരക്കഥയ്ക്ക് ഒരു സാഹിത്യകൃതിയുടെ പദവി നല്കാമോ? എന്തുകൊണ്ട്?

20. 'ഉണ്ണിയാർച്ച എന്നും ചന്തുവിന്റെ മോഹവും ദൗർബല്യവുമായിരുന്നു' – 'ഒരു വടക്കൻവീരഗാഥ'യിൽനിന്നും തെളിവുകൾ കണ്ടെത്തി വിശദമാക്കുക.

21. 'ഒരു വടക്കൻ വീരഗാഥ'യിലൂടെ എം.ടി. നടത്തുന്ന വ്യാഖ്യാനമെന്ത്?

22. 'വടക്കൻപാട്ടുകൾ ഒരു കാലഘട്ടത്തിന്റെ ജനകീയ കാവ്യമാണ് അതിലെ ഗ്രാമീണ കല്പനകളും മാനുഷികഘടകങ്ങളും തന്നെയാണ് വ്യതിയാനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും പ്രചോദനം നൽകുന്നത്.' – 'ഒരു വടക്കൻ വീരഗാഥ' എന്ന തിരക്കഥയെ അടിസ്ഥാനമാക്കി പരിശോധിക്കുക.

23. "വടക്കൻ പാട്ടുകൾ ചരിത്രരേഖകളല്ല – വ്യാഖ്യാനങ്ങളെ ന്യായീകരിക്കാനുമല്ല എഴുതിയത്. വ്യതിയാനങ്ങൾ സ്വീകരിക്കാൻ തോന്നിപ്പിച്ച സന്ദർഭങ്ങളെ ന്തായിരുന്നു എന്നു സൂചിപ്പിക്കുകയാണിവിടെ ചെയ്യുന്നത്" – എം.ടി.യുടെ ഈ അഭിപ്രായം 'ഒരു വടക്കൻ വീരഗാഥ'യിൽ എത്രത്തോളം പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന് പരിശോധിക്കുക.

24. എഡിറ്റിംഗ് എന്നാലെന്ത്?

25. അനുകല്പനം എന്തെന്നു വിശദമാക്കുക.

26. തിരക്കഥാരചനയിൽ തിരക്കഥാകൃത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

27. തിരക്കഥയിൽ പ്രധാനമായും ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ ഏതെല്ലാം?

28. ഇതരസാഹിത്യകൃതികളിൽനിന്നും തിരക്കഥ വേറിട്ടുനിൽക്കുന്നതെങ്ങനെ?

29. സിനിമ സംവിധായകന്റെ കലയാണെന്ന് പറയുന്നതിന്റെ ന്യായീകരണമെന്ത്?

30. ഷൂട്ടിംഗ് സ്ക്രിപ്റ്റ് എന്നാലെന്ത്?

31. 'തിരക്കഥ സിനിമയുടെ ബ്ലൂപ്രിന്റാണ്' – ശരിയോ? വിശദമാക്കുക.

32. തിരക്കഥാകൃത്തെന്ന നിലയിൽ എം.ടി.യുടെ പ്രാധാന്യമെന്ത്?

33. മലയാളസിനിമയെ ആധുനികവത്കരിക്കാൻ എം.ടി ചെയ്ത സേവനങ്ങൾ വിലയിരുത്തുക?